





# STRUGGLE

## UNION CHRISTIAN COLLEGE - ALUVA

2005-06





FOR REFERENCE ONLY FOR REFERENCE ONLY

# STRUGGLE

## UNION CHRISTIAN COLLEGE
## ALUVA
## 2005 - 2006

FOR REFERENCE ONLY

## എഡിറ്റോറിയൽ ബോർഡ്

*പ്രിൻസിപ്പാൾ*

**ഡോ. വർഗ്ഗീസ് ജോൺ**

*സ്റ്റാഫ് അഡൈ്വസർ*

**ശ്രീ. കെ. പി. ഉണ്ണികൃഷ്ണൻ**

*സ്റ്റുഡന്റ് എഡിറ്റർ*

**രമേഷ് ആർ. മേനോൻ**

*സബ് എഡിറ്റേഴ്സ്*

**കെംലിറ്റ് പി. ഡി.**
**മിഥുൻ മോഹൻ**
**പ്രശാന്ത് ചന്ദ്രൻ**

*കമ്മിറ്റി അംഗങ്ങൾ*

**സ്റ്റെഫിൻ കെ. ആർ.**
**ശ്രീലാൽ ഒ. ബി.**
**നിബിൻ ജോസഫ്**
**വിമൽ വിൻസന്റ്**
**അജിത് ടി. എസ്.**
**ഷാലറ്റ് കെ. ജെ.**
**വബിൻ എം. ബി.**
**വരുൺ എച്ച്. ശിവറാം**
**നിഥിൻ കെ. ബി.**

*ഇലസ്ട്രേഷൻ*

**മിഥുൻ മോഹൻ**
**അലക്സ് സേവ്യർ**

*ഫോട്ടോസ്*

**ബിപിൻ**
**കളർസ്കേപ്സ്, പറവൂർ കവല**

*ഡി.ടി.പി.*

**ക്രിയേറ്റീവ് ഗ്രാഫിക്സ്, പറവൂർ**

*കമ്പ്യൂട്ടർ ഡിസൈനിങ്ങ്*

**സി. ആർ. മഞ്ജുനാഥ് മേനോൻ**
**ക്രിയേറ്റീവ് ഗ്രാഫിക്സ്, പറവൂർ**

*ലേ-ഔട്ട്*

**രമേഷ് ആർ. മേനോൻ**

*പ്രിന്റിംഗ്*

**എം.എസ്. ഓഫ്സെറ്റ് പ്രിന്റേഴ്സ്, പറവൂർ**



## STATEMENT OF OWNERSHIP


Statement of Ownership and other particulars :

| | | |
|---|---|---|
| Place of Publication | : | Aluva |
| Periodicity of Publication | : | Annually |
| Printer's Name | : | Dr. Varghese John |
| Nationality | : | Indian |
| Address | : | Principal<br>U.C. College, Aluva |
| Publishers Name | : | -do- |
| Editor's Name | : | Ramesh R. Menon |
| Nationality | : | Indian |
| Address | : | Editor<br>U.C. College, Aluva |
| Printed at | : | M.S. Offset Printers,<br>N. Paravur |

I, Varghese John hereby delcare that the publications given above are true to the best of my knowledge and belief.

Sd/-
Principal

# Editorial



**ജീ**വിതം പോരാട്ടങ്ങളുടെ ഒരു നൈരന്തര്യമാകുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. നിങ്ങളിപ്പോൾ വായിക്കുന്ന ഈ മാഗസിൻ പോലും, ഒരു വർഷം നീണ്ടുനിന്ന പോരാട്ടങ്ങളുടെ തുടർച്ചയാണ്. വിദ്യാഭ്യാസം വെറും അഭ്യാസമായി മാറിക്കൊണ്ടിരിക്കുന്ന നാളുകളിൽ, ആജ്ഞകളുടേയും, ഉത്തരവുകളുടേയും തടങ്കല്ലുകളിൽ സ്വാതന്ത്ര്യം മരിക്കുന്ന നാളുകളിൽ, നെഞ്ചിലിത്തിരി തീ ബാക്കിവച്ച്, നാം ഉയിർകാത്തുനിന്നതിന്റെ ബാക്കിയാണ് ഈ മാഗസിൻ.


ഇതിലെ ഓരോ താളുകളും, ഓരോ പോരാട്ടത്തിന്റെ കഥയാണ്. നിർഭയമായി, ഉയർന്ന ശിരസ്സോടെതന്നെ ഈ മാഗസിൻ പുറത്തിറക്കാൻ നാം നടത്തിയ പോരാട്ടത്തിന്റെ കഥ. ഒരു ഭരണവർഗ്ഗം മുഴുവനും, വിദ്യാർത്ഥി സമൂഹത്തിന്റെ ആത്മാവ് കവരാൻ ശ്രമിച്ചപ്പോൾ, നാം നടത്തിയ അതിജീവനങ്ങളുടെ കഥ. നിശ്ശബ്ദമാകാൻ വിസമ്മതിച്ചതിന്റെ കഥ. തോൽക്കാൻ മനസ്സില്ലെന്നുപറഞ്ഞ ഒരു ക്യാമ്പസ്സിന്റെ കഥ....

നിറഞ്ഞ പ്രതീക്ഷകളോടെ, ഉയർന്ന ശിരസ്സോടെ, തെളിഞ്ഞ മനസ്സോടെ സ്പന്ദിക്കുന്ന ഈ താളുകൾ നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നു.


സ്നേഹത്തോടെ,
രമേഷ്. ആർ. മേനോൻ

# Tribute to Fr. T. K. Elias

*Fr. T.K Elias, popularly known as Fr. Elias Thombra served as a member of the History faculty from 1975 to 1989. A beloved teacher and an admirable human being, Elias achan combined in himself a mature wisdom with wide experience of men and matters. His innate courtesy and graciousness added lustre to his multifaceted personality. He was equally acclaimed for his remarkable contributions to academics as well as to theology and religion. Elias achan passed away on 25th June 2005.*




*The college community, and the Department of History in particular, will ever remember Elias achan with deep gratitude, and continue to be inspired by his noble spirit.*



# ആദരാഞ്ജലികൾ



ബിജു



ഷിനു സത്യൻ



ഗിൽജോ സഖറിയ

സ്വപ്നങ്ങൾ കണ്ട്
പൂർത്തിയാകും മുൻപ്
നമ്മെ
വിട്ടുപിരിഞ്ഞവർക്ക്
മുന്നിൽ......

# Principal's Message



*Union Christian College has completed one more year of its long and significant history. As we document another year of accomplishments, opportunities and challenges, let us recall the social and cultural contexts in which we experienced all these. Let us also try to see how they have touched each of us ______ student, teacher and non-teaching staff.*

*What will we record, each one of us, about the accomplishments, opportunities and challenges we had during the past one year?*

*This college annual certainly cannot be a complete record of all our answers. But I hope it will be a true reflection of them all; and a true reminder of much more that can be thought, felt, and done.*

*I congratulate all who have taken pains for bringing out this magazine. And I give my best wishes.*

*Dr. Varghese John*

# ഉള്ളടക്കം

## അഭിമുഖം

സൈമൺ ബ്രിട്ടോ – മാഗസിൻ കമ്മിറ്റി നടത്തിയ അഭിമുഖത്തിൽനിന്ന്

## കവിത


1. പെണ്ണ് – അനു ഇഗ്നേഷ്യസ്
2. മിഥ്യ – അലക്സ് സേവ്യർ
3. തൂലിക – മിഥുൻ മോഹൻ
4. Lost – നോയൽ ഫിലിപ്പ്
5. ലെബനൻ – അയ്യപ്പപണിക്കർ (സമർപ്പണം)
6. സ്വപ്നവേട്ടക്കാരൻ – ജെയ്സിൽ ജേക്കബ്
7. Spy Glass – ശങ്കർ വി.
8. ഒന്നുമില്ല – ആമിനത്ത് നീതു സി. എ.
9. മൃത്യു – ശാരിക വിശ്വനാഥ്
10. കാലത്തിൻ മാറ്റൊലികൾ – ബിനിത എൻ.ബി.
11. മഴ – നീതു സി. ഡി.
12. കുരുക്ഷേത്രം – തോമസ് ജേക്കബ്
13. വേനൽമഴ – സോയ വൈ. എൻ.
14. ചിരി – ലിൻസി കെ. എ.
15. പ്രിയപ്പെട്ട മാർച്ച്... – സ്റ്റെഫിൻ കെ. ആർ.
16. ആമയും ഞാനും – തോമസ് ഫിവിൻ
17. രൂപാന്തരം – ദിവ്യ ശീവൊള്ളി
18. എന്റെ ഡിസംബർ – ലിജി എം. തങ്കച്ചൻ
19. സ്വപ്നങ്ങൾ – നീമ പി. എ.
20. നിരർത്ഥക പ്രണയം – രേഷ്മ സി. എച്ച്.
21. കാത്തിരിപ്പ് – ദീപ ജി.
22. മൃതിയും പ്രണയവും – ശാലിനി ശശി
23. ആത്മരോദനങ്ങൾ – രശ്മി ബാലചന്ദ്രൻ
24. മരിക്കാത്ത പുഴയ്ക്കായ് ഒരു കാത്തിരിപ്പ് – വബിൻ എം. ബി.
25. ഒടുക്കം ഇങ്ങനെയായിരുന്നു – സുരാജ് കെ. എസ്.
26. ആരും അത് കേൾക്കാതിരിക്കട്ടെ – ബോബി വർഗ്ഗീസ്
27. Journey Yet to be undertaken – Abbey Kuriakose

## കഥ


1. കമലയുടെ ചിന്തകൾ - പ്രിയ പി. നായർ
2. തുടക്കം - അരുൺ മാത്യു
3. ഇന്റർവ്യൂ - അഭിലാഷ് എം. എ.
4. അവൾ - ജോസ് കുര്യാക്കോസ്
5. താളം തെറ്റിയ ഗാനം - അഞ്ജു ജേക്കബ്
6. ശവമഞ്ചം - മെറിൻ രാജു
7. ഹസ്തരേഖ - ജെറിൻ ജോർജ്ജ്
8. ഇഷ്ടമാണ് പക്ഷേ - കെ. ഒ. ഇടിക്കുള (മുൻ അനദ്ധ്യാപകൻ)
9. ഒരു പ്രണയത്തിന്റെ ബാക്കി പത്രം - രാജീവ്കുമാർ കെ. കെ.
10. ഓർമ്മയിൽ ഒരു നിമിഷം - നീതു മുരളി


## ലേഖനം



1. ഉന്നത വിദ്യാഭ്യാസ ചിന്തകൾ - ഡോ. രാജൻ വറുഗ്ഗീസ് (ഇക്കണോമിക്സ് വിഭാഗം)
2. Beauty and the Beast.... - കെ. പി. ഉണ്ണികൃഷ്ണൻ (കെമിസ്ട്രി വിഭാഗം)
3. ഫിദൽ ഒരു ഇതിഹാസം - നിബിൻ ജോസഫ്
4. മാനവീക വിഷയങ്ങളും സാമൂഹ്യ വികസനവും - ആരമൻ ഇ. ആർ.
5. The Toxic Terror of E-waste - Centre for Environmental Studies
6. ഇന്ത്യയിലെ സ്ത്രീ സമൂഹവും.... - കെംലിറ്റ് പി. ഡി.
7. മഹാഗണി മുത്തശ്ശിയുടെ തണലിൽ - സിന്ധു അനിൽകുമാർ
8. വിദ്യാഭ്യാസത്തിന്റെ സാമൂഹ്യതലം - പ്രവീൺ കെ. വി.
9. Waiting to be stained.... - റീന ചെറിയാൻ
10. ചില വിദ്യാഭ്യാസ ചിന്തകൾ - പ്രദീപ് ജോസഫ്
11. അധീശവൽക്കരണത്തിന്റെ അടയാളങ്ങൾ - വിമൽ വിൻസന്റ്
12. ആധുനിക ലോകത്തിൽ വഴിതെറ്റുന്ന യുവതലമുറ - റിനോദ് റഹ്മാൻ
13. ദുരന്തനായകൻ - വിനീത് ഇ. വി.
14. A Glimpse into Reservation - ജീൻ പോൾ
15. മരിക്കുമോ ഈ ദുരന്തങ്ങൾ - ശ്രീലാൽ ഒ. ബി.
16. ഡാവിഞ്ചികോഡിന്റെ മൂല്യം - ഷാലറ്റ് കെ. ജെ.


## ഫീച്ചർ


1. വയനാട് : പുതുക്കപ്പെട്ട അറിവുകൾ
2. വിഷൻ യു. സി.
3. സിദ്ധ പ്രോജക്ട്

# പെണ്ണ്

ഇവൾ,
പഞ്ചവർക്കു ഭാര്യ.
പൂർവ്വജന്മത്തിൽ,
കാമിച്ച പുരുഷനെത്തന്നെ ലഭിക്കാൻ-
ചെയ്ത തപസ്സിൽ,
'ഭർത്താരം ദേഹി'ക്ക് എണ്ണം കൂടിപ്പോയതു
കൊണ്ട്
അഞ്ചുതാലി മാറിൽ പേറേണ്ടി വന്നവൾ.
എന്നിട്ടും,
പാർത്ഥനു വേണ്ടി മാത്രം
യാഗാഗ്നിയിൽ നിന്നുപിറന്നവൾ.
പൂത്ത കാലം തൊട്ടേ
മനസ്സിൽ പൂജിച്ച രൂപം
സ്വയംവര വേദിയിൽ കണ്ടപ്പോൾ,
മനസ്സു കുതികൊണ്ടതാണ്.
ബാണം ലക്ഷ്യം ഭേദിച്ചപ്പോൾ,
അതിരറ്റാഹ്ലാദിച്ചതാണ്.
പക്ഷേ,
പെണ്ണിന്റെ കണ്ണും വായും മൂടുന്ന സമൂഹം
അഞ്ചുപേർക്കു കൈപിടിച്ചു കൊടുത്തു.
ഒരു വർഷത്തെ കരാറിനിടയിൽ
ധർമ്മസുതന്റെ ഗൃഹത്തിലേക്കു-
കയറിപ്പോയതിന്റെ പേരിൽ
തീർത്ഥാടനത്തിനു പുറപ്പെട്ടപ്പോൾ,
മനസ്സു പിടഞ്ഞതാണ്.
പിന്നെ,
കൃഷ്ണ ഭഗിനിയെ കാമിച്ചു-
വരിച്ചുകൊണ്ടു വന്നപ്പോൾ,
തഴയപ്പെട്ടതാണ്.
ആഗ്രഹപൂർത്തികൾക്കു പിന്നീട്,
ഭീമന്റെ കാമത്തെ ആശ്രയിക്കേണ്ടി വന്നു.
കൗരവ സന്നിധിയിൽ
അപമാനിതയായപ്പോഴും
ഒരുവാക്കുരുവിട്ടില്ല.



പ്രതികാരത്തിനാശ്രയിക്കേണ്ടി വന്നതും
ഭീമന്റെ കാമത്തെത്തന്നെ.
പാണ്ഡവ കുലത്തിന്റെ ഭാവിക്കും
കൃഷ്ണ ഭഗിനിയുടെ പൗത്രൻ ഹേതുവായപ്പോൾ
കൃഷ്ണ ഭക്ത തഴയപ്പെട്ടു.
അപ്പോഴും മനസ്സിൽ പൂജിച്ചത്
പാർത്ഥനെ മാത്രം
ഒടുവിൽ,
സ്വർഗ്ഗോന്മുഖയാത്രയിൽ
ഇവളാദ്യം വീണു,
പാർത്ഥനെ സ്നേഹിച്ച കുറ്റത്തിന്.

**അനു ഇഗ്നേഷ്യസ്**
ഒന്നാംവർഷ എം.എ. മലയാളം

# കമലയുടെ ചിന്തകൾ

**പ്രിയ പി.നായർ**
രണ്ടാം വർഷ എം.എ. മലയാളം

**സാ**യാഹ്ന സൂര്യൻ മുറ്റത്തു തീർത്ത നിഴലിലേക്കുറ്റു നോക്കി കമല തിണ്ണയിലിരുന്നു. വെയിലാറിയെങ്കിലും വല്ലാത്തൊരു പുകച്ചിൽ ശരീരമാകെയുണ്ട്. ഒരു പക്ഷേ തിളച്ചുമറിയുന്ന മനസ്സിന്റെ ചൂട്ടുനീറ്റലാകാം, എങ്ങനെ വിഷമിക്കാതിരിക്കും താനൊരമ്മയല്ലേ.

ഈശ്വരാ! എന്റെ കുട്ടി ഇനിയും എത്തിയില്ലല്ലോ, കാലമല്ലാത്ത കാലമാണ്, ഇന്നത്തെ പത്രത്തിൽ വന്ന വാർത്തയും പടങ്ങളും മനസ്സിൽ നിന്ന് മാഞ്ഞിട്ടില്ല. എന്റെ മീനുമോൾടെ പ്രായമേ ആ കുട്ടിയ്ക്കുള്ളൂ. ഇല്ല, ഒന്നും ഒന്നും ആലോചിക്കുന്നില്ല. ആലോചിച്ചാൽ പിന്നെ മനഃസമാധാനം തനിക്കുണ്ടാകില്ല. അടുക്കളയിൽ നിന്നെന്തോ വീഴുന്ന ശബ്ദം കമലയെ ചിന്തകളിൽ നിന്നുണർത്തി. 'ആ കറുമ്പൻ പൂച്ചയാണ്, കണ്ണുതെറ്റിയാലവൻ കട്ടുതിന്നും' നിലത്താകെ പരന്നൊഴുകുന്ന പാലിന്റെ മുന്നിൽ നിൽക്കുമ്പോൾ വല്ലാത്തൊരു ചുവപ്പു നിറം അവിടമാകെ നിറയുന്നതായി അവൾക്കു തോന്നി. ആ നിറത്തിൽ താനും മുങ്ങിപ്പോകുന്നില്ലേ, കമല അറിയാതെ തന്നിലേയ്ക്കു നോക്കിപ്പോയി.

അടുക്കള തുടച്ചുകൊണ്ടിരുന്നപ്പോൾ കേട്ട കോളിംഗ് ബെൽ അവളെ ഉത്സാഹവതിയാക്കി. ഓടിയെത്തി കതകുതുറന്ന് പോസ്റ്റുമാനാണെന്നു കണ്ടപ്പോൾ മുഖം മങ്ങിപ്പോയി. കത്തുകൾ വാങ്ങി വാതിലടയ്ക്കുമ്പോൾ മറ്റൊരു ബെല്ലിനായി വെറുതെ കാതോർത്തു. ഇല്ല, കേൾക്കുന്നില്ല, മനസ്സ് നിറയെ മീനുവാണ്. ഈ ഹോസ്റ്റൽ പഠിത്തമൊന്നും വേണ്ടെന്നു പറഞ്ഞാൽ അച്ഛനും മോളും കേൾക്കില്ലല്ലോ. തന്റെ ആധിയും വേദനയും ആരറിയാൻ. ഇന്നു വൈകിട്ടോടെ അവളെത്തുമെന്നറിയിച്ചതാണ്. അച്ഛന് ഓഫീസ് ടൂറുള്ളതിനാൽ തനിച്ചെത്തിക്കോളാമെന്ന് അവൾ തന്നെയാണ് പറഞ്ഞതും. മുൻപും അവളങ്ങനെ എത്തിയിട്ടുണ്ടെങ്കിലും ഇന്നെന്തോ മനസ്സിനു വല്ലാത്തൊരാശങ്ക. അതിനു കാരണവുമുണ്ടല്ലോ. ഉച്ചമയക്കത്തിൽ താൻ കണ്ട സ്വപ്നം............ അതിനെക്കുറിച്ചാലോചിക്കാനേ വയ്യ. കരഞ്ഞുകൊണ്ടോടി വരുന്ന ഒരു പെൺകുട്ടി. മുഖം വ്യക്തമല്ലെങ്കിലും മീനുമോൾടെ പ്രായം തന്നെ. തന്നിലേയ്ക്കടുത്തുവന്ന് അവൾ 'രക്ഷിക്കണേ' എന്നു പറഞ്ഞ് തന്റെ കാലിൽ പിടിച്ച് കരഞ്ഞതുമെല്ലാം കൺമുന്നിൽ നടന്ന പോലെ ഇപ്പോഴും വ്യക്തം. തനിക്കെന്തെങ്കിലും ചെയ്യാനാകും മുൻപേ അവൾക്കു മേൽ വീണ ഭീദിതമായ ആ ചുവന്ന നിഴൽ ...... അതുകണ്ട് പിൻമാറാനേ തനിക്ക് കഴിഞ്ഞുള്ളു. തിരിഞ്ഞുനോക്കുമ്പോൾ അവളില്ല, ആ നിഴലിൽ അവളും അമർന്നു പോയിരിക്കുന്നു. പക്ഷേ ആ ദയനീയ നിലവിളി............. അതൊരിക്കൽ കൂടി കേട്ടിട്ടെന്ന പോലെ കമല ഞെട്ടിയുണർന്നു. വിയർപ്പിൽ മുങ്ങിയ അവൾ ഒരു ഗ്ലാസ്സ് വെള്ളം ഒറ്റ വലിക്കു കുടിച്ചു തീർത്തു. ആൾ സഞ്ചാരമില്ലാതെ ശൂന്യമായ വഴി. ഈയാം പാറ്റകൾ വിളക്കുകാലിനെ പൊതിഞ്ഞു തുടങ്ങി.

മീനു ഇത്ര വൈകുന്നതെന്താണാവോ, ഹോസ്റ്റലിലേയ്ക്കു വിളിച്ചപ്പോൾ പുറപ്പെട്ടന്നറിയിച്ചിട്ട് മണിക്കൂറെത്രയായി. തിരിച്ചു വന്ന് ക്ലോക്കിൽ നോക്കിയ അവൾക്ക് സമയ സൂചികളെ തിരിച്ചറിയാനായില്ല. ഒരുകൂട്ടം വണ്ടുകളുടെ മുരൾച്ചയാണ് തലയ്ക്കകത്ത്. മനസ്സു നിറയെ അനാവശ്യ ചിന്തകളാണ്. വരുന്ന വഴിക്കവൾക്കെന്തെങ്കിലും അപകടം പറ്റിയിരിക്കുമോ, ഏയ് അതാവില്ല. അവളിപ്പോൾ തന്നെ വരും. ടി.വി. ഓണാക്കി അതിനു മുന്നിലിരുന്ന് അവൾ കൂടുതൽ അസ്വസ്ഥയായി. പത്രത്തിൽ കണ്ട അതേ വാർത്തകൾ ഓരോ ചാനലും ചൂടാറാതെ വാർത്തയെത്തിക്കാൻ മത്സരിക്കുന്ന കാഴ്ച. വയ്യ, തനിക്കിതൊന്നും കാണാൻ വയ്യ. കണ്ണുകൾ ഇറുക്കെയടച്ച് കസേരയിലേയ്ക്ക് ചാഞ്ഞെങ്കിലും കമലയ്ക്ക് ഇരിപ്പുറച്ചില്ല. മുറിയിലൂടെ, മുറ്റത്തുകൂടെ അവൾ വിളറിപിടിച്ചു നടന്നു. ദൈവമേ ............ തന്റെ കുട്ടി ഇപ്പോൾ എവിടെയായിരിക്കും. തന്റെ കാലിൽ പിടിച്ചു കരഞ്ഞ ആ പെൺകുട്ടിയുടെ മുഖത്തിനിപ്പോൾ മീനുവിന്റെ മുഖച്ഛായയുണ്ട്. അറിയാതെയാണെങ്കിലും ആ ചിന്തയിൽ അവളാകെ വിറങ്ങലിച്ചു. അനങ്ങാൻ കഴിയുന്നില്ല. തല കറങ്ങുന്നതുപോലെ, കമല നിലത്തേയ്ക്കിരുന്നു പോയി.

മുഖത്ത് വെള്ളത്തുള്ളികൾ വീണപ്പോൾ കമല കണ്ണുകൾ തുറന്നു. മുന്നിൽ കാണുന്നതു മീനുമോളല്ലേ, അതോ സ്വപ്നമാണോ. സ്വപ്നവും യാഥാർത്ഥ്യവും തിരിച്ചറിയാനാകുന്നില്ലല്ലോ. "അമ്മയെന്താ ഇങ്ങനെ നോക്കുന്നത്, എന്തുപറ്റീ അമ്മേ". "മോളേ നീ........" കമലയ്ക്കു തൊണ്ടയിടറി. "വരുന്ന വഴിക്ക് ഒരു ട്രാഫിക് പ്രോബ്ലം, അതാ വൈകിയത്". മീനുവിനെ തന്നിലേയ്ക്കണച്ചു നിർത്തുമ്പോൾ കമല ദീർഘമായി നിശ്വസിച്ചു. ഇല്ല, ഒന്നുമില്ല, താൻ കണ്ടതും ആലോചിച്ചതുമെല്ലാം സ്വപ്നങ്ങളാണ്. അവയെ അവയുടെ വഴിക്കു വിടാം. അല്ലെങ്കിലും ഇതിലൊക്കെ തനിക്കെന്തു കാര്യം. താനെന്തിനു വെറുതെ ടെൻഷനടിച്ചു ബി.പി. കൂട്ടണം. മീനുമോളിപ്പോ തന്റെ അടുത്തുണ്ടല്ലോ. മുറിയിലേയ്ക്കു നടന്ന കമല ടി.വി. ഓഫ് ചെയ്തു. ഒപ്പം തന്റെ ചിന്തകൾക്കു ഫുൾസ്റ്റോപ്പും.

# സൈമൺ ബ്രിട്ടോ

## നിയമസഭയിലെ ആംഗ്ലോ ഇന്ത്യൻ പ്രതിനിധി സൈമൺ ബ്രിട്ടോയുമായി മാഗസിൻ കമ്മിറ്റി നടത്തിയ അഭിമുഖത്തിൽനിന്ന്.



**1983-ൽ താങ്കൾക്ക് നേരെയുണ്ടായ വധശ്രമത്തിനുശേഷം സുഹൃത്തുക്കൾ സഹായിക്കാനായി മുന്നോട്ടുവന്നിട്ടുണ്ടോ?**

സൗഹൃദങ്ങൾക്ക് വലിയ ഒരു കഴിവുണ്ട്. നമ്മുടെ സാമൂഹ്യബന്ധമെന്നതു പോലെ തന്നെ വ്യക്തിബന്ധങ്ങൾക്കും വലിയ കഴിവുണ്ട്. സൗഹൃദങ്ങൾ ഒരുപക്ഷേ നിലനിൽക്കുകയോ പലകാരണങ്ങളാലും വിട്ടുപിരിഞ്ഞു പോവുകയോ ചെയ്യാം. അതുപോലെ തന്നെ പുതിയ സുഹൃദ്ബന്ധങ്ങൾ ഉരുത്തിരിഞ്ഞു വരികയും ചെയ്യും.

**ഈയൊരവസ്ഥയിൽ സുഹൃത്തുക്കൾ താങ്കളെ വിട്ടിട്ടുപോകുന്ന അവസ്ഥയുണ്ടായിട്ടുണ്ടോ?**

അവർ പിൻമാറുന്നത് അവരുടെ ജീവിത സാഹചര്യങ്ങൾ കൊണ്ടാണ്. എനിക്കുതന്നെ എപ്പോഴും അവരുടെ കൂടെ ഇരിക്കാൻ സാധിക്കില്ലല്ലോ. പഠനം, ജോലി, കുടുംബം, രാഷ്ട്രം തുടങ്ങിയവ ഒരു സ്ട്രക്ചർ ആണ്. ഈ സ്ട്രക്ചർ അങ്ങനെ ഓടിക്കൊണ്ടിരിക്കും. ആ സ്ട്രക്ചറിന് അതിനെ ചുമന്നുകൊണ്ട് പോകാൻ കഴിയാത്ത അവസ്ഥയുമുണ്ട്. ഈ സാഹചര്യം വരുമ്പോഴാണ് റീഹാബിലിറ്റേഷൻ സെന്റർ, വൃദ്ധസദനം തുടങ്ങിയ അനുബന്ധ സ്ട്രക്ചറുകൾക്ക് ഏറെ പ്രാധാന്യം വരുന്നത്. പണ്ടാണെങ്കിൽ കുറെ വിദ്യാർ ത്ഥികൾ വീട്ടിൽ വരുമായിരുന്നു, താമസിക്കുമായിരുന്നു, പറമ്പിലെ പണികളും, വീട്ടിലെ പണികളും എല്ലാംകൂടി ഒരു ഉത്സവമായിരുന്നു. ഇന്നാണെങ്കിൽ ഇന്റേണൽ അസസ്മെന്റ് തുടങ്ങിയ കാരണങ്ങളാൽ വിദ്യാർത്ഥികൾക്ക് സാമൂഹിക പ്രതിബദ്ധത കുറഞ്ഞു. സമൂഹത്തോടുള്ള ഒരു കടപ്പാട് അവർക്ക് ഇല്ല. അവർ കൂടുതൽ സെൽഫിഷായി അവർക്ക് സമൂഹത്തോടുള്ള ഒരു കടപ്പാട് ഉണ്ടാകുമ്പോഴാണ് ഇങ്ങനെ ബുദ്ധിമുട്ടുന്നവരെ സഹായിക്കാൻ തയ്യാറാകുന്നത്.

**അതികഠിനമായ വേദനയിലും താങ്കൾ സുഹൃത്തുക്കൾക്ക് കത്തെഴുതുകയും അവരോട് സുഖാന്വേഷണങ്ങൾ നടത്തുകയും ചെയ്യാറുണ്ടെന്ന് കേട്ടിട്ടുണ്ട്. അന്നുണ്ടായിട്ടുള്ള മാനസികാവസ്ഥ എന്തായിരുന്നു ?**

വ്യക്തി ഒരിക്കലും മാറുന്നില്ല. ഓരോ സമയത്തും അവന് പ്രശ്നങ്ങളുണ്ടാകാം. അതിനെ നേരിടാൻ കഴിയാതെ വരുമ്പോഴാണ് തളർച്ചയുണ്ടാകുന്നത്. മറിച്ച് ധൈര്യത്തോടെ പ്രതിസന്ധികളെ നേരിടുമ്പോൾ അവന് ഒരു സാധാരണ ജീവിതം നയിക്കാൻ സാധിക്കും. അന്ന് ശരീരം മുഴുവൻ നീർക്കെട്ടും അനങ്ങാൻ പറ്റാത്ത അവസ്ഥയും ആയിരുന്നു. ഇന്നും സ്ഥിതി വ്യത്യസ്ഥമല്ല, എങ്കിലും പണ്ടുള്ളതിനേക്കാൾ ശരീരപീഢ കുറവാണ്. സമൂഹവുമായി ഇടപെടാൻ സാധിക്കുന്നുണ്ട്. പ്രസംഗിക്കാൻ കഴിയാറുണ്ട്. ഇതിനെല്ലാം അടിസ്ഥാനം മനഃശക്തിയും രാഷ്ട്രീയ ബന്ധവുമാണ്.

**ഇന്റേണൽ അസസ്മെന്റ് തുടങ്ങിയ അക്കാഡമിക് ഓറിയെന്റഡ് മാത്രമായിട്ടുള്ള ഒരവസ്ഥയിലേക്ക് കലാലയങ്ങൾ ഒതുങ്ങുന്ന സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. പഠിക്കാൻ വേണ്ടി മാത്രം വിദ്യാലയങ്ങളിൽ പോയാൽമതി എന്ന വാദം സമൂഹത്തിന് ഗുണം ചെയ്യുമോ ?**

വിദ്യാഭ്യാസം രാഷ്ട്രീയത്തിൽ നിന്നും വേർതിരിക്കാനാവില്ല. കാരണം, വിദ്യാഭ്യാസം ഒരു രാഷ്ട്രീയ പ്രക്രിയയാണ്. രാഷ്ട്രബോധമുള്ള വിദ്യാർത്ഥിയെ വാർത്തെടുക്കാൻ ഉതകുന്നതായിരിക്കണം വിദ്യാഭ്യാസം.

വിദ്യാർത്ഥികൾക്ക് രാഷ്ട്രീയ ബോധം വേണ്ടെങ്കിൽ അവർക്ക് കോളേജിൽ പോയി പഠിക്കേണ്ട ആവശ്യമില്ല. കോളേജ് എന്നു പറഞ്ഞാൽ ഒരു ചെറിയ

സമൂഹമാണ്. നാം ആ ചെറിയ സമൂഹത്തോട് എങ്ങിനെ പെരുമാറുന്നു എന്ന് തുടങ്ങി ആ രാഷ്ട്രീയ പ്രക്രിയ ആരംഭിക്കുകയാണ്. ഇപ്പോൾ പല കോളേജുകളിലും രാഷ്ട്രീയം നിരോധിക്കുകയാണെല്ലോ. വിദ്യാർത്ഥി രാഷ്ട്രീയ നിരോധനം വന്നപ്പോൾ യു.സി. കോളേജിൽ മാനേജ്മെന്റ് രാഷ്ട്രീയം നിരോധിക്കാൻ പറ്റില്ല എന്നു പറഞ്ഞു. അങ്ങനെ ഒരു എയ്ഡഡ് കോളേജ് പറയണമെങ്കിൽ അതിലെന്തോ കഴമ്പുണ്ടല്ലോ.

സെന്റ്. ആൽബർട്ട് കോളേജിൽ രാഷ്ട്രീയം നിരോധിച്ചു. എന്നിട്ട് അവിടെ എന്താണുണ്ടായത്? കുട്ടികളുടെ പഠന നിലവാരം മോശമായി. കലാകായിക രംഗങ്ങളിൽ അവരുടെ കഴിവ് കുറഞ്ഞു. ഇപ്പോൾ അവർ ഇതിന്റെ ആവശ്യകത മനസ്സിലാക്കി കാണണം.

നമ്മൾ ഒരു കലാലയത്തിൽ പഠിക്കുന്നതെന്തിനാണ്? പഠിക്കാനാണെങ്കിൽ പ്രൈവറ്റ് ആയിട്ട് വീട്ടിലിരുന്ന് പഠിച്ചാൽ പോരെ? നമ്മുടെ പഠനത്തോടൊപ്പം നമ്മുടെ ഇന്ററാക്ഷൻ കൂടണം. സമൂഹത്തോടുള്ള ഇടപെടൽ വർദ്ധിക്കണം. സമൂഹത്തോട് നാം എങ്ങിനെ പെരുമാറണം, എങ്ങിനെ പ്രതികരിക്കണം തുടങ്ങിയവ പഠിക്കുന്നത് കുടുംബത്തിൽ നിന്നു മാത്രമല്ല, കോളേജിൽ നിന്നുകൂടിയാണ്. അതിനു വേണ്ടിയാണ് കലാലയം. അല്ലാതെ രാഷ്ട്രീയം എന്നു പറയുന്നത് ജനങ്ങളിൽ നിന്നും മാറി നിൽക്കേണ്ട സംഗതിയല്ല. പ്രത്യേകിച്ച് ഇന്ത്യപോലുള്ള ജനാധിപത്യ രാഷ്ട്രത്തിൽ. സമൂഹത്തെ ജനാധിപത്യവൽക്കരിക്കണമെങ്കിൽ രാഷ്ട്രീയം വേണം. അതുകൊണ്ട് ജനങ്ങൾക്ക് രാഷ്ട്രീയം വേണ്ടാ എന്നു പറയുന്നത് യുക്തിഭദ്രമല്ല.

**എം.ജി. സർവ്വകലാശാലയുടെ സെനറ്റ് അംഗമായിരുന്നല്ലോ ? അവിടെ നടത്തിയ പ്രവർത്തനങ്ങൾ ?**

എം.ജി. യൂണിവേഴ്സിറ്റി സെനറ്റ് അംഗങ്ങൾക്ക് റക്കമെന്റ് റൈറ്റ് മാത്രമേയുള്ളൂ. വേറെ അവകാശങ്ങൾ ഒന്നുമില്ല. ജനാധിപത്യമൂല്യങ്ങൾ കുറഞ്ഞ ഒരു യൂണിവേഴ്സിറ്റിയാണ് നമ്മുടേത്. സെനറ്റ് അംഗങ്ങൾക്ക് അംഗം എന്ന നിലയ്ക്ക് കത്തുകൊടുത്ത് എന്തെങ്കിലും റക്കമെന്റ് ചെയ്യാൻ സാധിക്കുമായിരുന്നു. എന്റെ ചോദ്യങ്ങൾ, ഉത്തരങ്ങൾ എന്നിവ അവതരിപ്പിക്കുമായിരുന്നു. പലർക്കുമെതിരെ ഞാൻ ചോദ്യം ചെയ്തിട്ടുണ്ട്. വി.സി.ക്ക് പല കാര്യങ്ങളും സമ്മതിക്കേണ്ടി വന്നിട്ടുണ്ട്. അക്കാഡമിക് കൗൺസിലും ബോർഡ് ഓഫ് സ്റ്റഡീസും കൂടാറില്ല. ഓഫ് കാമ്പസിന് വ്യക്തമായ സിലബസ് ഇല്ല. അതിനുത്തരമായി പറഞ്ഞത് ഏതു കോഴ്സ് നടത്തുന്നുവോ അതിനപ്പോൾ തന്നെ സിലബസ് ഉണ്ടാക്കി കൊടുക്കും എന്നാണ്. ക്വാളിറ്റി ഇല്ല എന്നുള്ളത് ഇവിടെ വ്യക്തമായില്ലേ.

ഇപ്പോൾ ഒരു അദ്ധ്യാപകൻ 20 പേപ്പർ Value ചെയ്യുന്നതിനു പകരം 120 പേപ്പറാണ് വാല്യൂ ചെയ്യേണ്ടി വരുന്നത്. മാജിക് വല്ലതും ആണോ എന്ന് വി.സി.യോട് ചോദ്യം ചെയ്യുകയുണ്ടായി. ഇന്റേണൽ സിസ്റ്റത്തേയും, സെമസ്റ്റർ സംവിധാനത്തേയും എതിർത്തിരുന്നു.

നിബന്ധനകളില്ലാതെ NOC കൊടുക്കുന്നതിനേയും ചോദ്യം ചെയ്തു. ബോർഡ് ഓഫ് സ്റ്റഡീസിലുള്ള ഒരു കവിയുടെ 20 പുസ്തകങ്ങൾ പഠിക്കാൻ കൊടുക്കുക എന്നതിനെ ശക്തമായി എതിർത്തു.

**ഈയിടെയുണ്ടായ സ്വാശ്രയ മാനേജ്മെന്റ് പ്രശ്നത്തിൽ ന്യൂനപക്ഷ പദവി ആർക്കാണ് നൽകേണ്ടത് എന്ന വാദം ഉയർന്നിരുന്നല്ലോ. ശരിക്കും ആരാണ് ന്യൂനപക്ഷം ? അല്ലെങ്കിൽ ന്യൂനപക്ഷങ്ങളെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്ത് ?**

ഇന്ത്യയിൽ ഭൂരിപക്ഷം ഹിന്ദു സമൂഹമാണ്. ക്രിസ്ത്യൻ, മുസ്‌ലിം എന്നിവർ ന്യൂനപക്ഷമാണ്. എന്നാൽ ചില സ്ഥലങ്ങളിൽ മുസ്‌ലിംസും ക്രിസ്ത്യൻസും ഡൊമിനേറ്റ് ചെയ്യുന്നുണ്ട്. ഇത് കേരളത്തിന്റെ പ്രത്യേകതയാണ്. തമിഴ്നാട്ടിൽ ഒരു വിദ്വാൻ ദേവനാരായണൻ എന്ന ആൾ എൻജിനീയറിംഗ് കോളേജ് തുടങ്ങി. യേശുനാരായണൻ എന്നു പേരുമാറ്റി. എന്തിനാണെന്നോ? ന്യൂനപക്ഷം തുടങ്ങുന്ന കോളേജാണെന്ന് രേഖയുണ്ടാക്കാൻ. അപ്പോൾ ഉയർന്ന ഫീസ് ഈടാക്കാമല്ലോ. ന്യൂനപക്ഷങ്ങൾക്ക് അവകാശം കൊടുക്കുന്നത് സംരക്ഷണത്തിനു വേണ്ടിയാണ്. ഈ അവകാശം ഇപ്പോൾ കോഴ വാങ്ങിക്കാനുള്ള അവകാശമാണ്. ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക അവകാശങ്ങൾ ഉണ്ട്. അത് ശരിയായ രീതിയിൽ മുന്നോട്ടു കൊണ്ടു പോകണം. ന്യൂനപക്ഷം എന്നു പറയുന്നത് ഒരു മെത്രാനോ, മൊല്ലാക്കയോ അല്ല.

**അടിയന്തരാവസ്ഥ കാലത്ത് ബീഹാറിലായിരുന്നല്ലോ? ബീഹാറിലെ ജീവിതവും അവിടുത്തെ അനുഭവങ്ങളെയും പറ്റി വിശദീകരിക്കാമോ ?**

അടിയന്തിരാവസ്ഥ അനുഭവിച്ചവർക്കേ അതിന്റെ ആഴവും പരപ്പും അറിയുവാൻ സാധിക്കുകയുള്ളൂ. ഭയങ്കര നിശബ്ദതയായിരുന്നു. നാട്ടിലെ വാർത്തകൾ ഒന്നും അറിയാൻ കഴിയില്ല. ആരേയും പോലീസിന് അറസ്റ്റ് ചെയ്യാൻ അധികാരം കൊടുത്തിരുന്നു. അങ്ങിനെ 18 മാസം ഞാൻ ഒളിവിലിരുന്ന് പ്രവർത്തിച്ചു. അടിയന്തരാവസ്ഥ പ്രഖ്യാപിച്ച അന്ന് ഞാൻ ബന്ദ് നടത്തിയിട്ടുണ്ട്, പോലീസിന് മുഖാമുഖം നിന്ന് ഏറ്റുമുട്ടിയിട്ടുണ്ട്. ബീഹാറിൽ അടിയന്തരാവസ്ഥ കഴിഞ്ഞപ്പോൾ ഭയങ്കര സ്വാതന്ത്ര്യത്തിന്റെ അവസ്ഥയായിരുന്നു. അതിനേക്കാളേറെ അരാജകത്വവും. ഇത് ഞാൻ 'അഗ്രഗാമി'യിൽ വിശദീകരിച്ചിട്ടുണ്ട്.

ക്രിസ്ത്യൻ മിഷണറീസ്, എസ്.എൻ.ഡി.പി, എൻ.എസ്.എസ്. തുടങ്ങിയവർ പണ്ട് ചെയ്തതൊക്കെ സേവനങ്ങളായിരുന്നു. പലതും കൈനഷ്ടങ്ങളായിരുന്നു. പണ്ട് പല മിഷനറിമാരും സാമൂഹിക നന്മയ്ക്കും, ഉന്നമനത്തിനുമായിട്ട് വിദ്യാഭ്യാസ സേവനങ്ങൾ നൽകിയിരുന്നു. എന്നാൽ ഇന്ന് ലാഭങ്ങൾ കൊയ്യുന്നതിനായിട്ട് തുടങ്ങുന്ന കച്ചവട കേന്ദ്രങ്ങളാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ. ഇന്നിപ്പോൾ ട്രസ്റ്റുകളാണല്ലോ. ഈ ട്രസ്റ്റ് ഒരു സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലാകും. ഇവിടെ ന്യൂനപക്ഷത്തിലെ ന്യൂനവ്യക്തിയുടെ കയ്യിലേയ്ക്കാണ് അവകാശം പോകുന്നത്.

**ബിഹാറിൽ നിന്ന് താങ്കൾക്കു കിട്ടിയ ജീവിതാനുഭവങ്ങൾ ?**

ഏറ്റവും നിഷ്കളങ്കവും നിഷ്കപടവുമായ സ്നേഹം. വന്യമായ ഗ്രാമീണഭാവം, പറയുന്നത് ആത്മാർത്ഥമാണ്, ചതി കുറവാണ്, ഏറ്റുമുട്ടുന്നത് നേരിട്ടാണ്. ഇപ്പോൾ ബീഹാറിൽ കൂടുതൽ വൈലൻസ് വന്നിട്ടുണ്ട് എന്നല്ലാതെ വേറെ മാറ്റങ്ങളൊന്നും ബീഹാറിനു വന്നിട്ടില്ല.

**യു.സി കോളേജുമായുള്ള ബന്ധം?**

ചന്ദ്രചൂഡൻ, രഘു, പൗലോസ് എന്നീ സുഹൃത്തുക്കൾ ഉണ്ടായിരുന്നു. ഏറെ കുറച്ചെ ഞാൻ യു.സിയിൽ വന്നിട്ടുള്ളൂ. തോന്നയ്ക്കൽ സാറുമായിട്ട് സ്റ്റഡി സർക്കിളിൽ ഒരുമിച്ച് പ്രവർത്തിച്ചിട്ടുണ്ട്.

**ഇന്നത്തെ ക്യാമ്പസ് സമൂഹത്തെപ്പറ്റി താങ്കളുടെ അഭിപ്രായം എന്താണ് ?**

ഇന്നത്തെ ക്യാമ്പസ് 40% ക്യാമ്പസാണ്. ഇന്ന് പ്രീഡിഗ്രി ഇല്ലല്ലോ. പ്രീഡിഗ്രി കാലഘട്ടത്തിലാണ് വിദ്യാർത്ഥികൾ വിദ്യാർത്ഥി രാഷ്ട്രീയത്തിലേയ്ക്ക് പ്രധാനമായും പ്രവേശിക്കുന്നത്. ആ ഒരു പ്രായം എന്നു പറയുന്നത് യുവത്വത്തിന്റെ ആഘോഷ കാലമാണ്. ഈ കാലഘട്ടത്തിലാണ് അവനവന്റെ സ്ഥിതിയെക്കുറിച്ചും സമൂഹവുമായുള്ള തന്റെ ബന്ധത്തെക്കുറിച്ചും അവർ ബോധവാൻമാരാകുന്നത്. ഈ പ്രായത്തിൽ അവന്റെ ചിന്തകളും പ്രവൃത്തിയും നല്ലരീതിയിൽ പ്രയോഗിക്കാൻ വിദ്യാർത്ഥി രാഷ്ട്രീയ സംഘടനകൾ ഏറെ പ്രയോജനം ചെയ്യുന്നുണ്ട്. അങ്ങനെയില്ലാ എന്നു പറയുവാനുള്ള ഒരു സാധ്യതയും ഇവിടെ നിലനിൽക്കുന്നില്ല.

**താങ്കളുടെ സമയത്തുള്ള വിദ്യാർത്ഥി രാഷ്ട്രീയവും ഇന്നത്തേതും തമ്മിൽ എങ്ങിനെയാണ് വ്യത്യാസപ്പെടുന്നത് ?**

ഒരുപാട് വ്യത്യാസമുണ്ട്. വിദ്യാർത്ഥികളുടെ നിലപാട് വളരെ ശക്തമായിരുന്നു. അന്ന് രണ്ടും കൽപിച്ച് ഇറങ്ങുകയാണ്. വിദ്യാഭ്യാസം പോയാലും പുല്ലാണ് എന്ന രീതിയാണ്. വളരെ Committed ആയിരുന്നു അന്ന്. ജീവിതം എന്തിനോടും ഉള്ള Struggle ആയിട്ടാണ് കണക്കാക്കിയിട്ടുള്ളത്. കോളേജ് ലൈഫ് കഴിഞ്ഞാലും ഒരുത്തനും ക്യാമ്പസിൽനിന്ന് പോകാറില്ല. ജോലികിട്ടിയിട്ടും കോളേജിൽ വന്നിരിക്കുന്നവരുണ്ട്. കോളേജ് ലൈഫ് ഒരു സ്പിരിറ്റ് ആയിരുന്നു. ഞങ്ങൾ വീട്ടിൽ പോകുന്നത് രാത്രി വൈകിയാണ്. ആശയങ്ങളും അഭിപ്രായങ്ങളും രൂപപ്പെടുന്നത് ഈ നേരത്തുള്ള ചർച്ചകളിലൂടെയാണ്. എന്തും Suffer ചെയ്യാനുള്ള ഒരവസ്ഥയുണ്ടായിരുന്നു.

ഇന്ന് ഒരു വിദ്യാർത്ഥിയും ക്ലാസ്സ് കഴിഞ്ഞാൽ കോളേജിൽ നിൽക്കാറില്ല. ഒരുമിനിട്ടു കഴിഞ്ഞാൽ നേരെ വീട്ടിലേയ്ക്കു പോയി കമ്പ്യൂട്ടറിനു മുന്നിലോ ടി.വിക്കു മുന്നിലോ കുത്തിയിരിക്കും. അത്രയ്ക്കുള്ളു ഇന്നത്തെ കുട്ടികളുടെ Interaction, ഒതുങ്ങി കൂടുന്ന ഒരവസ്ഥ. 'സ്വാർത്ഥത' എന്ന അവസ്ഥ. ഇത് അവരുടെ മാത്രം കുറ്റമല്ല. ഇതിൽ ഒരു പങ്ക് അദ്ധ്യാപകരും മാതാപിതാക്കളും വഹിക്കുന്നുണ്ട്.

യു.സി. കോളേജിൽ തന്നെ ഷാജി, ബാലചന്ദ്രൻ ചുള്ളിക്കാട്, വേണു തുടങ്ങിയ കൂട്ടുകാർ എനിക്കുണ്ടായിരുന്നു. ഞങ്ങൾ എല്ലാവിധ സാംസ്കാരിക പരിപാടികളിലും, യൂണിവേഴ്സിറ്റി കലോത്സവങ്ങളിലും പങ്കെടുക്കുമായിരുന്നു. അത്രയും റിലേഷൻ ഉണ്ടായിരുന്നു അക്കാലത്ത്.

ഇന്നത്തെ യുവതലമുറ എന്നു പറയുന്നത് വിദ്യാഭ്യാസത്തെ വെറും പണം സമ്പാദിക്കുന്നതിനുള്ള ഒരു ഉപാധി മാത്രമായി കാണുന്നവരാണ്. അവരെ പറഞ്ഞിട്ട് കാര്യമില്ല. മാതാപിതാക്കൾ വച്ചുപുലർത്തുന്ന മിഥ്യാധാരണയും ഇതു തന്നെയാണ്.

**ഏതൊരു കോളേജിന്റേയും സമ്പത്താണല്ലോ അവിടുത്തെ അദ്ധ്യാപകർ. പണ്ടുണ്ടായ അദ്ധ്യാപന രീതികളും ഇന്നത്തെ അദ്ധ്യാപന രീതിയേയും കുറിച്ചുള്ള അഭിപ്രായം ?**

ഇന്ന് ലക്ഷങ്ങൾ കൊടുത്ത് കയറിപറ്റുന്ന അദ്ധ്യാപകരാണല്ലോ കൂടുതലും. നല്ല അദ്ധ്യാപകർ ഇല്ലെന്നല്ല ഞാൻ പറയുന്നത്. എന്നാലും പണ്ടുള്ള കാലത്തെ പോലുള്ള അദ്ധ്യാപക-വിദ്യാർത്ഥി ബന്ധം ഇന്നില്ല. ഞങ്ങൾ പഠിക്കുന്ന കാലത്ത്, അദ്ധ്യാപകരുമായി നല്ല ബന്ധങ്ങൾ കാത്തു സൂക്ഷിച്ചിരുന്നു. നല്ല ക്ലാസ്സുകളായിരുന്നു, അന്ന് അറിവു സമ്പാദിക്കണം എന്നായിരുന്നു ലക്ഷ്യം. ഇന്ന് പണം സമ്പാദിക്കണം എന്നുള്ളതാണ് ലക്ഷ്യം.

**ഐ.ടി. കോഴ്സുകൾ, എഞ്ചിനീയറിംഗ് കോഴ്സുകൾ തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾ ഇന്ന് പല കോളേജുകളും തുടങ്ങുന്നുണ്ടല്ലോ. മാനവിക വിഷയങ്ങൾ അടങ്ങുന്ന കോഴ്സുകൾക്ക് ഇവിടെ**

**പ്രാധാന്യം നഷ്ടപ്പെടുന്നുണ്ടോ?**

മാതാപിതാക്കളുടെ ഭാഗത്തുനിന്ന് അവനവന്റെ മക്കളെ ഡോക്ടറും എൻജിനീയറും ആക്കണം, അവൻ പണം സമ്പാദിച്ചിട്ട് ഞങ്ങളെ പോറ്റണം ഇതാണ് ചിന്താഗതി. എന്നാൽ ഇന്ന് ഫൈവ് സ്റ്റാർ ഓർഫനേജുകൾ നമുക്ക് കാണാൻ സാധിക്കും. പണം സമ്പാദിച്ച് മക്കൾ മക്കളുടെ വഴിക്ക് പോകും. അവസാനം മാതാപിതാക്കളെ കൊണ്ടുവന്ന് ഇത്തരം ഓർഫനേജുകളിൽ ആക്കുകയും ചെയ്യും.

അതുമാത്രമല്ല, ഈ ഐ.ടി. കോഴ്സുകൾ എത്രനാൾ നിലനിൽക്കും. ഇന്ന് പല വൻകിട കമ്പനികളും 30000വും, 50000ഉം വരെ ശമ്പളം കൊടുത്ത് ഐ.ടി പ്രൊഫഷണലുകളെ വിലക്കെടുക്കുന്നുണ്ട്. അവർ വിലക്കെടുക്കുന്നത് അവന്റെ ആരോഗ്യം കൂടിയാണ്. കമ്പ്യൂട്ടറിനു മുന്നിൽ എത്ര നേരം ഇരിക്കണമെന്നറിയാമോ? ഇവിടെ പണംമാത്രമാണ് പ്രധാനം. ആരോഗ്യം രണ്ടാമതോ മൂന്നാമതോ ആണ്.



**പ്രണയത്തെക്കുറിച്ച്.....?**

പ്രണയം സബ്ജക്ടീവ് ആണ്. അത് ഡിഫയിൻ ചെയ്യാൻ സാധിക്കില്ല. അത് ആത്മ നിഷ്ഠമായ ഘടകമാണ്. 6000-വർഷങ്ങ ൾക്കു മുൻപുള്ള ജ്ഞാൻ ഭൈരവിതന്ത്രത്തിൽ പറയുന്നുണ്ട് " It is not what, It is how it is" നിങ്ങൾക്ക് പ്രണയിച്ചാൽ മാത്രമേ പ്രണയം എന്തെന്ന് പറയാൻ സാധിക്കുകയുള്ളൂ. എന്റെ നോവലിൽ പ്രണയത്തെക്കുറിച്ച് വിലാപം പോലെ ഭവിക്കുന്നുണ്ട്. അതിന് നീളമെത്ര, ആഴമെത്ര, നിറമെത്ര എന്നൊക്കെ ചോദിക്കുന്നുണ്ട്. അത് ഒരു അനുഭവമാണ്, അത് ഒരു വസ്തുതയല്ല.

ഏതു തരം പ്രണയങ്ങളുമുണ്ട്. Lesbian, homosexual തുടങ്ങിയ പ്രണയങ്ങളുണ്ട്. അത് ആര് അനുഭവിക്കുന്നുവോ അവന്റെ അനുഭവമാണ്. അതിന് അഭൗമ തലങ്ങളൊന്നുമില്ല. അതിന് ലിമിറ്റേഷൻ ഉണ്ട്. പ്രണയത്തിന് രണ്ട് സഹചാരികളുണ്ട്. ഒന്ന് സ്നേഹം, രണ്ട് കാമം. ഇവ ഒന്നിക്കുന്നതാണ് പ്രണയം. അല്ലാതെ പ്രണയത്തിൽ ഇവ രണ്ടും മാറിനിൽക്കുന്നില്ല.

**നല്ലൊരു സംഗീതാസ്വാദകനാണെന്ന് കേട്ടിട്ടുണ്ട്. സംഗീതം വേദനകളിൽനിന്നും അകറ്റാൻ സഹായിച്ചിട്ടുണ്ടോ?**

സംഗീതം ആസ്വദിക്കാറുണ്ട്. സൂഫി സംഗീതമാണ് അവസാനമായി കേട്ടുകൊണ്ടിരിക്കുന്നത്. വടക്കെ ഇന്ത്യയിലായിരുന്നപ്പോൾ ഷഹനായി നേരിട്ട് കേൾക്കുവാൻ പോകും. മുംബൈയിൽ വച്ച് 3000-4000 ഗസലുകളുടെ കളക്ഷൻ ഉണ്ടായിരുന്നു. പണ്ഡിറ്റ് ജസ്‌രാജ് തുടങ്ങിയവരുടെ ക്ലാസിക്കൽസും ഇഷ്ടമായിരുന്നു.

നിങ്ങൾ പറയാറുണ്ട്, സംഗീതം മനോഹരമാണ്, പ്രണയം മനോഹരമാണ് എന്നൊക്കെ. ഇതിൽ എത്രപേർ ശരിക്കും ഇതൊക്കെ ആസ്വദിക്കുന്നുണ്ട്. വെറും പ്രഹസനങ്ങൾ മാത്രമായി മാറിക്കൊണ്ടിരിക്കുകയാണ് ഇതെല്ലാം. പല പുതിയ കവികളും വിവരിക്കാറുണ്ട് സൂര്യോദയം ഇങ്ങനെയാണ്, രാത്രി അങ്ങനെയാണ് എന്നൊക്കെ. ഇതിൽ എത്രപേർ ഇതൊക്കെ കണ്ടിട്ടുണ്ട് എന്നതാണ് ചോദ്യം.

**ജീവിതാനുഭവങ്ങളിൽ നിന്നും ഉൾക്കൊണ്ടത്?**

എനിക്ക് അപകടം നടന്ന ദിവസങ്ങളിൽ ഞാൻ ആശുപത്രിയിൽ കിടക്കുമ്പോൾ ഞാൻ എന്നോടു തന്നെ ചോദിച്ച് ഉത്തരം കണ്ടെത്തിയ ഒരു ചോദ്യമുണ്ടായിരുന്നു.- എനിക്ക് എന്തിന് ഇങ്ങനെ സംഭവിച്ചു? പക്ഷേ എന്തുകൊണ്ടെന്നറിയില്ല. സംഭവിച്ചു. ഇനിയിങ്ങനെ മുന്നോട്ടു പോവുക തന്നെ.

നമ്മൾ ഒരിക്കലും അന്ധവിശ്വാസങ്ങൾ വച്ചു പുലർത്തരുത്. നമുക്ക് എന്തു സംഭവിക്കുന്നുവോ, അതിനെ ഉൾക്കൊള്ളുവാനും താങ്ങാനുമുള്ള കരുത്തുണ്ടാകണം.

# ഉന്നത വിദ്യാഭ്യാസരംഗം:

## പൊതുആസ്തികളുടെ സ്വകാര്യവൽക്കരണം

ഡോ.രാജൻ വറുഗ്ഗീസ്
സാമ്പത്തിക ശാസ്ത്രവിഭാഗം

**കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗം കച്ചവടത്തിന്റെ പരിരംഭണത്തിൽ തകരുന്നു.**

**വി**ദ്യാഭ്യാസ രംഗത്ത് പൊതുമേഖലയും സ്വകാര്യമേഖലയും സംഘടിതമായ രീതിയിൽ പ്രവർത്തിക്കുന്ന സംസ്ഥാനമാണ് കേരളം. സ്ക്കൂൾ-കോളേജ് തലങ്ങളിൽ സ്വകാര്യമേഖലയുടെ ശക്തമായ സാന്നിദ്ധ്യം രംഗത്ത് സവിശേഷമായ സ്ഥിതി വിശേഷം തന്നെ സൃഷ്ടിച്ചിരിക്കുകയാണ്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും നിർണ്ണായക പങ്കുവഹിക്കുന്നത് നിലവിലുള്ള സർക്കാർ-എയ്ഡഡ് കോളേജുകളാണ്. ഇത്തരം സ്ഥാപനങ്ങൾ അതിന്റെ ഘടനയിലും പ്രവർത്തനത്തിലും ശ്രദ്ധേയമായ പരിവർത്തനത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന സമകാലീന കേരള സമൂഹം, എയ്ഡഡ് മേഖലയിലെ മാറ്റങ്ങൾ വേണ്ട രീതിയിൽ വിചിന്തനത്തിന് വിധേയമാക്കുന്നില്ല. പൊതുസമൂഹത്തിന്റെ ആസ്തികളാൽ കെട്ടിപ്പടുത്ത ഇത്തരം സ്ഥാപനങ്ങൾ സാമൂഹ്യനിയന്ത്രണത്തിന്റെ ഓരോ ചരടുകളും പൊട്ടിച്ചെറിഞ്ഞ് വിദ്യാഭ്യാസ വാണിജ്യവൽക്കരണത്തിന്റെ കേന്ദ്രസ്ഥാനങ്ങളായി മാറിയിരിക്കുന്നു.

### ഉന്നത വിദ്യാഭ്യാസത്തിന്റെ വികാസം

**1956** മുതൽ കേരളം പിന്തുടർന്നു വന്ന ലിബറൽ വിദ്യാഭ്യാസ നയത്തിന്റെ പരിണിത ഫലമായി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിലും വിദ്യാർത്ഥികളുടെ എൻറോൾമെന്റിലും കാര്യമായ വർദ്ധന ഉണ്ടായി. സംസ്ഥാന ആസൂത്രണ ബോർഡിന്റെ 2005 മാർച്ചിൽ പുറത്തിറക്കിയ കണക്കനുസരിച്ച് ഏഴുയൂണിവേഴ്സിറ്റികളും, 290 ആർട്സ് ആൻഡ് സയൻസ് കോളേജുകളും, 1.70 ലക്ഷം റഗുലർ വിദ്യാർത്ഥികളും അടങ്ങിയതാണ് കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗം. ഇതിൽ 38 സർക്കാർ കോളേജുകളും 148 സ്വകാര്യ എയ്ഡഡ് കോളേജുകളും 104 സ്വകാര്യ സ്വാശ്രയ കോളേജുകളും ഉൾപ്പെടുന്നു. (അടുത്ത കാലത്ത് മൂന്ന് എയ്ഡഡ് കോളേജുകളും ഇരുപതോളം സ്വാശ്രയ കോളേജുകളും ആരംഭിക്കാൻ സർക്കാർ അനുമതി നൽകി) എൺപത്തിമൂന്നോളം എൻജിനീയറിംഗ് കോളേജുകളും ഒൻപത് മെഡിക്കൽ കോളേജുകൾക്കും പുറമേയാണിത്. ഇത്തരം സ്ഥിതി വിവരക്കണക്കുകൾ പലപ്പോഴും കേരളത്തിലെ ഉന്നത വിദ്യാഭ്യാസ വികാസത്തെ സംബന്ധിച്ച് തെറ്റായ ധാരണകൾ പരത്താറുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് കടന്നുവരേണ്ട നിർദ്ദിഷ്ട പ്രായപരിധിയിലുള്ള (18-24) ഏതാണ്ട് 7.4 ശതമാനം വിദ്യാർത്ഥികൾ മാത്രമാണ് കേരളത്തിൽ ഈ രംഗത്ത് കടന്നു വരുന്നത്. വമ്പിച്ച വിദ്യാഭ്യാസനേട്ടങ്ങൾ കൈവരിച്ചുവെന്ന് അവകാശപ്പെടുന്ന കേരളം യഥാർത്ഥത്തിൽ ദേശീയശരാശരിയിൽ (ആറു ശതമാനം) അല്പം മുകളിൽ മാത്രമാണ്. ഇതു സംബന്ധിച്ചുള്ള പഠനങ്ങൾ ഒരു ചർച്ചയ്ക്കു തന്നെ തുടക്കം കുറിച്ചിരുന്നു. ഡോ.അശോക്മിത്രയുടെ നേതൃത്വത്തിൽ നടത്തിയ കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ കേരള വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ട് (1992), ഡോ. ജെ.ബി.ജി. തിലക് (NIEPA, New Delhi) കൊച്ചിയിലെ CSES ലൂടെ (2001) പുറത്തിറക്കിയ പഠനം, എസ്.എഫ്.ഐ. യുടെ ഡോ. പ്രഭാത് പട്നായിക്ക് കമ്മിറ്റി റിപ്പോർട്ട് എന്നിവ കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗത്തെ എൻറോൾമെന്റ് സംബന്ധിച്ച സത്യവും മിഥ്യയും പുറത്തു കൊണ്ടുവന്ന പഠനങ്ങളാണ്.

പ്രാഥമിക-ദ്വിതീയ വിദ്യാഭ്യാസ മേഖലകളിലെ നേട്ടങ്ങളുമായി പൊരുത്തപ്പെടാത്ത ഒരു ഉന്നത വിദ്യാഭ്യാസ 'വളർച്ച'യാണ് കേരളത്തിൽ നിലനിൽക്കുന്നത്.

## കോളേജ് വിദ്യാഭ്യാസ മേഖല

കേരളത്തിലെ വിദ്യാഭ്യാസ മേഖലയ്ക്ക് താഴെ പറയുന്ന സവിശേഷതകളുണ്ട്.

1. സർക്കാർ കോളേജുകളുടെ പരിമിതമായ സാന്നിദ്ധ്യം. ആകെ കോളേജുകളുടെ 14 ശതമാനം മാത്രമാണ് സർക്കാർ കോളേജുകൾ (ആകെ 290ൽ സർക്കാർ കോളേജുകൾ 38 മാത്രം.)

2. സ്വകാര്യ മേഖലയുടെ ആധിപത്യം. 86 ശതമാനം കോളേജുകളും സ്വകാര്യമേഖലയിലാണ്. സർക്കാരും പൊതുസമൂഹവും വളർത്തിയെടുത്ത് നിലനിർത്തുന്ന 148 സ്വകാര്യ-എയ്ഡഡ് കോളേജുകൾ ഈ മേഖലയുടെ സവിശേഷതയാണ്.

3. സ്വകാര്യ സ്വാശ്രയ മേഖലയുടെ വളർച്ച. ഏതാണ്ട് 104 സ്വകാര്യ സ്വാശ്രയ കോളേജുകൾ ആർട്സ് ആന്റ് സയൻസ് വിഭാഗത്തിൽ നിലവിൽ വന്നു കഴിഞ്ഞു.

4. സർക്കാർ സ്വാശ്രയമേഖലയുടെ ആവിർഭാവം. സ്വാശ്രയ മേഖലയുടെ വളർച്ച കേരളത്തിൽ പൊതുമേഖലയുടെ സഹായത്തോടു കൂടിയായിരുന്നു. കേരള സർക്കാരും യൂണിവേഴ്സിറ്റികളും ഈ രംഗത്ത് പുത്തൻ പരീക്ഷണങ്ങൾ തുടങ്ങിയത് സ്വകാര്യ സ്വാശ്രയ മേഖലയ്ക്ക് ആവേശം പകർന്നുവെന്നതാണ് യാഥാർത്ഥ്യം. ഇത് കൂടുതലും പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തായിരുന്നു. വിദ്യാഭ്യാസ രംഗത്ത് നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ നിയമപരവും ധാർമ്മികവുമായ ബാദ്ധ്യതയുള്ള റെഗുലേറ്ററി ഏജൻസികൾ തന്നെ ഈ രംഗത്ത് മുന്നിട്ടിറങ്ങിയത് കേരളത്തിലെ സ്വകാര്യ സ്വാശ്രയമേഖലയ്ക്ക് സ്വതന്ത്രവിഹാരത്തിന് കളമൊരുക്കി.

5. എയ്ഡഡ് കോളേജുകളിലെ സ്വാശ്രയ കോഴ്സുകളുടേയും ഓഫ് ക്യാമ്പസ് പഠന കേന്ദ്രങ്ങളുടേയും വളർച്ച: സ്വകാര്യ എയ്ഡഡ് കോളേജുകളിലെ സ്വാശ്രയ-ഓഫ് ക്യാമ്പസ് കോഴ്സുകളുടെ വ്യാപനം കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഒരു പുതിയ സാഹചര്യം സൃഷ്ടിച്ചിരിക്കുകയാണ്. സർക്കാർ കോളേജുകളിൽ അനുവദിച്ച സ്വാശ്രയ കോഴ്സുകൾ ആ മേഖലയിലെ അദ്ധ്യാപകരുടെ എതിർപ്പിനെ തുടർന്ന് ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. കേരള യൂണിവേഴ്സിറ്റിയുടെ പിരിച്ചുവിടപ്പെട്ട സിൻഡിക്കേറ്റിന്റെ ശക്തമായ ഇടപെടൽ മൂലം ആ മേഖലയിലെ കോളേജുകളിൽ ഈ നയം നടപ്പിലാക്കാൻ കഴിഞ്ഞില്ല. എന്നാൽ എം.ജി. യൂണിവേഴ്സിറ്റിയുടെയും കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടേയും അധികാര പരിധിയിൽ വരുന്ന എയിഡഡ് കോളേജുകൾ ഇന്ന് സ്വാശ്രയ കോഴ്സുകളുടേയും കേരളത്തിന് അകത്തും പുറത്തുമുള്ള യൂണിവേഴ്സിറ്റികളുടെ ഓഫ് ക്യാമ്പസ് കോഴ്സുകളുടെ വിപണന കേന്ദ്രങ്ങളാണ്. ഇത് മിക്കവാറും എല്ലാംതന്നെ യൂണിവേഴ്സിറ്റി അഫിലിയേഷൻ വ്യവസ്ഥകളുടെ തുറന്ന ലംഘനത്തിലൂടെയാണ് വളർന്നു വരുന്നത്. അതിലുപരി, പൊതു ആസ്തികളാൽരൂപം കൊണ്ടിട്ടുള്ള എയിഡഡ് കോളേജുകൾ ഒരു സാമൂഹ്യ ഉടമ്പടിയുടെ ലംഘനം കൂടി നടത്തുകയാണ്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഈ നൂതന പ്രവണത ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. സ്വകാര്യ എയിഡഡ് കോളേജുകളുടെ വളർച്ചയിലെ ചില ഘട്ടങ്ങൾ പരിശോധിച്ചാൽ ഇത് കൂടുതൽ വ്യക്തമാകും.

## സ്വകാര്യ എയ്ഡഡ് കോളേജുകളുടെ വളർച്ച

കേരളത്തിലെ സ്വകാര്യ എയ്ഡഡ് കോളേജുകൾ വിഭവസമാഹരണത്തിന്റെ കാര്യത്തിൽ പല പരീക്ഷണങ്ങൾക്കും ഇടയാക്കി. ഇതു സംബന്ധിച്ച് പ്രസിദ്ധീകരിച്ച കണക്കുകളുടെ അഭാവം ഒരു പ്രശ്നം തന്നെയാണ്.

കോളേജുകളുടെ സ്ഥാപനുവായി ബന്ധപ്പെട്ട ആരംഭ മൂലധന ചെലവ് ഭൂമിയുടേയും കെട്ടിടങ്ങളുടേയും കാര്യത്തിൽ ഉണ്ടാകുന്ന ചെലവുകളാണ്. കോളേജുകൾക്ക് ആവശ്യമായ സ്ഥലം സമ്പാദിച്ചത് പ്രധാനമായും മൂന്നു വിധത്തിലായിരുന്നു.

(എ) സർക്കാർ ദാനമായി നൽകിയവ

(ബി) സ്വകാര്യ വ്യക്തികൾ നൽകിയ സംഭാവന.

(സി) പൊതുജനങ്ങളും കോളേജ് സ്ഥാപിക്കാൻ മുന്നോട്ടു വന്ന സമുദായങ്ങളും നൽകിയ പണം ഉപയോഗിച്ച് മാനേജുമെന്റുകൾ വാങ്ങിയവ.

തിരുവിതാംകൂർ ഭരണാധികാരിയായിരുന്ന റാണിഗൗരിപാർവ്വതിഭായി 1817 ൽ നടത്തിയ ചരിത്ര പ്രസിദ്ധമായ പ്രഖ്യാപനത്തിലൂടെയാണ്, പ്രജകൾക്ക് സൗജന്യ വിദ്യാഭ്യാസം നൽകാനുള്ള കടമ ഔദ്യോഗികമായി ഭരണകൂടം ഏറ്റെടുക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ മാറിമാറി വരുന്ന ഭരണകൂടങ്ങൾ സർക്കാർ സ്കൂളുകളും കോളേജുകളും സ്ഥാപിച്ചു നടത്തുക മാത്രമല്ല, സർക്കാരിന്റെ ധർമ്മം ഏറ്റെടുത്തു നടപ്പാക്കാൻ തയ്യാറായി വന്ന സ്വകാര്യവ്യക്തികളേയും പ്രസ്ഥാനങ്ങളേയും അകമഴിഞ്ഞു സഹായിക്കുകയുണ്ടായി. കേരളത്തിലെ ആദ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ കോട്ടയത്തെ സി.എം.എസ്. കോളേജ് 1813-ൽ മീനച്ചിലാറിന്റെ തീരത്ത് തിരുവിതാംകൂർ മഹാറാണി ലക്ഷ്മീഭായി സൗജന്യമായി നൽകിയ 16 ഏക്കർ സ്ഥലത്താണ് ആരംഭിച്ചത്. ഇതിനു പുറമേ കെട്ടിടം പണിയുന്നതിനു വേണ്ടി 500 രൂപയും ആവശ്യമുള്ളത്ര തടിയും റാണിതന്നെ നൽകി. കോളേജിന്റെ സുഗമമായ പ്രവർത്തനത്തിനു വേണ്ടി 1819 ൽ 21,000 രൂപ റാണി ഗൗരി പാർവ്വതിഭായി സർക്കാർ ഖജനാവിൽ നിന്നും നൽകി. അതേവർഷം തന്നെ കൊല്ലത്തിനടുത്ത് 2000 ഏക്കറോളമുള്ള മൺറോ തുരുത്ത് കോളേജിന് കൈമാറി. ആവർത്തന ചെലവുകൾക്കു വേണ്ടിയുള്ള പണം ഈ ഭൂമിയിൽ നിന്നാണ് കോളേജിനു ലഭിച്ചുകൊണ്ടിരുന്നത്. മതപഠനം നടത്തുന്നതിനു വേണ്ടി ആരംഭിച്ച പഴയ സെമിനാരിയാണ് പിന്നീട്, മതേതര ആധുനിക വിദ്യാഭ്യാസം നൽകണമെന്ന വ്യവസ്ഥയിൽ, സർക്കാരിൽ നിന്ന് കൂടുതൽ ധനസഹായം സ്വീകരിച്ചുകൊണ്ട് സി.എം.എസ് കോളേജായി രൂപാന്തരം പ്രാപിച്ചത്. ഇതുപോലെ എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ചൂണ്ടിക്കാണിക്കാം. 1921 ൽ തിരുവിതാംകൂർ മഹാരാജാവ് ദാനമായി നൽകിയ 18 ഏക്കർ സ്ഥലത്തു നിന്നിരുന്ന തിരുവിതാംകൂറിലെ പ്രഥമ കോടതി സമുച്ചയത്തിലാണ് ആലുവായിലെ യു.സി. കോളേജ് ആരംഭിക്കുന്നത്. 1948 ൽ തിരുവനന്തപുരത്ത് സ്ഥാപിക്കപ്പെട്ട എം.ജി. കോളേജിനാകട്ടെ നഗരത്തിന്റെ ഹൃദയഭാഗത്ത് 48 ഏക്കർ സ്ഥലമാണ് സർക്കാർ സൗജന്യമായി നൽകിയത്. അതേവർഷം തന്നെ കൊല്ലത്ത് എസ്.എൻ.കോളേജ് ആരംഭിച്ചതാകട്ടെ, സർക്കാർ വകയായ 30 ഏക്കറോളം വിസ്താരമുള്ള കന്റോൺമെന്റ് മൈതാനത്താണ്. ഉത്തരകേരളത്തിലും ഇതിനു സമാനമായ രീതിയിലാണു കോളേജുകൾ സ്ഥാപിക്കപ്പെട്ടത്. 1965 ൽ ധർമ്മിഷ്ഠനായ വി.എസ്. ശിവരാമകൃഷ്ണ അയ്യർ നൽകിയ 50000/- രൂപ ഉപയോഗിച്ചാണ്, പയ്യന്നൂർ കോളേജിനു വേണ്ടി 157 ഏക്കർ വിസ്താരമുള്ള സ്ഥലം വാങ്ങിയത്. അതുപോലെ പി. എം. തിരുമുൽപ്പാട് സംഭാവനയായി നൽകിയ സ്ഥലത്താണ് മഞ്ചേരിയിലെ എൻ.എസ്.എസ്. കോളേജ് സ്ഥാപിക്കപ്പെട്ടത്. 1940 കളിൽ എൻ.എസ്.എസ്. ആരംഭിച്ച മൂന്നു കോളേജുകൾക്കു വേണ്ടി (തിരുവനന്തപുരം, ചങ്ങനാശ്ശേരി, പന്തളം) കാർഷിക ഉൽപ്പന്നപിരിവിലൂടെ ഏതാണ്ട് 6.5 ലക്ഷം രൂപയാണ് നായർ സർവ്വീസ് സൊസൈറ്റി സമുദായാംഗങ്ങളിൽ നിന്ന് പിരിച്ചെടുത്തത്. 1964 ൽ സംസ്ഥാന ഗവൺമെന്റ് ദാനമായി നൽകിയ 26 ഏക്കർ സ്ഥലത്ത് ശാസ്താംകോട്ട ദേവസ്വം ബോർഡ് കോളേജ് ആരംഭിച്ചു. ചേളന്നൂർ ശ്രീനാരായണ വിദ്യാഭ്യാസ സമിതി സംഭാവനയായി നൽകിയ 67 ഏക്കർ സ്ഥലത്ത് ചേളന്നൂർ എസ്.എൻ. കോളേജ് കോഴിക്കോട്ട് സ്ഥാപിക്കപ്പെട്ടു.

വിഭവസമാഹരണത്തിന്റെ കാര്യത്തിൽ ക്രൈസ്തവ മാനേജുമെന്റുകൾ വിവിധ തട്ടുകളിലായിരുന്നു. തൃശ്ശൂർ, പാലാ, ചങ്ങനാശ്ശേരി തുടങ്ങിയ സമ്പന്ന കത്തോലിക്ക രൂപതകൾ തനതായ സാമ്പത്തിക സ്രോതസ്സുകൾ ഉപയോഗിച്ച് കോളേജുകൾ ആരംഭിച്ചു. എന്നാൽ മറ്റ് കത്തോലിക്കാ രൂപതകൾക്കും കത്തോലിക്കേതര വിഭാഗങ്ങൾക്കും ഈ രംഗത്ത് വിഭവങ്ങൾ കണ്ടെത്താൻ ഏറെ ക്ലേശിക്കേണ്ടിവന്നു. വാർഷിക പെരുന്നാൾ സമയത്ത് വിശ്വാസികൾ കൈയയച്ച് സഹായിച്ചതിന്റെ ഫലമായി ലഭിച്ച പണം കൊണ്ടും ചില ഇടവക പള്ളികൾ കോളേജുകൾ ആരംഭിച്ച ചരിത്രവുമുണ്ട് ഇവിടെ. അരുവിത്തുറ, എടത്വാ, മണർകാട് പള്ളികളിലെ നേർച്ച പണം യഥാക്രമം അരുവിത്തുറ സെന്റ് ജോർജ് കോളേജ്, എടത്വാ സെന്റ് അലോഷ്യസ് കോളേജ്, മണർകാട് സെന്റ് മേരീസ് കോളേജ് എന്നിവയുടെ സ്ഥാപനത്തിനും വളർച്ചയ്ക്കും ഇടയാക്കി. 1952 ൽ ഗുരുവായൂർ ക്ഷേത്രത്തിൽ നിന്നും ലഭിച്ച 5 ലക്ഷം രൂപയുടെ സഹായ ധനമാണ് കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജിന്റെ വളർച്ചയ്ക്ക് കരുത്ത് പകർന്നത്. 1944-47 കാലഘട്ടത്തിൽ നിലവിൽ വന്ന എസ്.എച്ച്. കോളേജ് തേവര (1944), സെന്റ് ആൽബർട്ട്സ് കോളേജ്, എറണാകുളം

(1949) എന്നിവയും വിവിധ സമുദായങ്ങളുടെ പ്രയത്നത്താലും സമൂഹത്തിന്റെ പൊതുആസ്തിയിലും കെട്ടിപ്പൊക്കിയവയാണ്. 1960 കളിൽ മുസ്ലിം വിദ്യാഭ്യാസ സൊസൈറ്റി (എം.ഇ.എസ്.), മമ്പാട് (1965), മണ്ണാർകാട് (1967), വെമ്പല്ലൂർ (1968), പൊന്നാനി (1968) എന്നീ സ്ഥലങ്ങളിലാരംഭിച്ച എം.ഇ.എസ്. കോളേജുകൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് മുസ്ലിം സമുദായത്തിന്റെ രംഗപ്രവേശനത്തിനു തുടക്കം കുറിച്ചു. സാമൂഹ്യ ലക്ഷ്യം ലാക്കാക്കി സമൂഹത്തിൽ ഉയർന്നു വന്ന പൊതു സ്ഥാപനങ്ങളായിരുന്നു ഇവയെല്ലാം.

## ആവർത്തന ചെലവ്

**1962** വരെ കോളേജുകൾ അദ്ധ്യാപകരുടേയും മറ്റും ശമ്പളത്തിനുള്ള ചെലവുകൾക്കാവശ്യമായ തുക വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കിയിരുന്നു. ഈ കാലഘട്ടത്തിൽ കേരളത്തിൽ 36 സ്വകാര്യ ആർട്സ് ആന്റ് സയൻസ് കോളേജുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. 1962 മുതൽ 1972 വരെ ഉള്ള കാലം ഗ്രാന്റ്-ഇൻ-എയിഡ് കാലഘട്ടമായിരുന്നു. സർക്കാർ ഒരു നിശ്ചിത സാംഖ്യ മതേതര വിദ്യാഭ്യാസം നിലനിർത്താനും പരിപോഷിപ്പിക്കാനും നൽകിയിരുന്ന സംവിധാനമാണ് ഗ്രാന്റ്- ഇൻ-എയിഡ് എന്ന പേരിൽ 1962 ഏപ്രിൽ ഒന്നുമുതൽ നിലവിൽ വന്നത്. അദ്ധ്യാപകരുടെ ശമ്പളം, കെട്ടിടങ്ങളുടെ മെയിന്റനൻസ്, ലൈബ്രറി-ലബോറട്ടറി ആവശ്യം എന്നിങ്ങനെ മൂന്നു തരം ഗ്രാന്റുകളാണ് സർക്കാർ നൽകിയിരുന്നത്. അദ്ധ്യാപകരും മാനേജുമെന്റും തമ്മിലുള്ള ഏറ്റുമുട്ടലുകൾക്ക് പരിഹാരം കണ്ടെത്താൻ ഈ സംവിധാനത്തിനു കഴിഞ്ഞില്ല. സ്വകാര്യ കോളേജ് ഫീസ് ഏകീകരണം (സർക്കാർ-സ്വകാര്യ കോളേജുകൾ തമ്മിലുള്ളതും) ആവശ്യപ്പെട്ട് അദ്ധ്യാപകർ പ്രക്ഷോഭ രംഗത്തു വന്നു. ഏതാണ്ട് മൂന്നു മാസം നീണ്ടു നിന്ന സമരത്തിന്റെ അവസാനം സംസ്ഥാന സർക്കാരും മാനേജുമെന്റുകളും ഡയറക്ട് പേയ്മെന്റ് എഗ്രിമെന്റിൽ എത്തിച്ചേരുകയുണ്ടായി. ഇതോടുകൂടി അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടേയും ശമ്പളവും ലൈബ്രറി, ലബോറട്ടറി, മെയിന്റനൻസ് ചെലവുകളും മറ്റും സർക്കാർ നൽകി തുടങ്ങി. വിദ്യാർത്ഥി പ്രവേശനത്തിന്റെ എൺപതു ശതമാനത്തോളം മെറിറ്റിന്റെ അടിസ്ഥാനത്തിൽ കൊണ്ടുവരുന്നതും ഈ ഡയറക്ട് പേയ്മെന്റ് എഗ്രിമെന്റിലെ വ്യവസ്ഥകളാണ്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് വിവിധ വിഭാഗം സാധാരണക്കാരെ എത്തിക്കുന്നതിൽ ചരിത്രപരമായ പങ്കുവഹിച്ചത് ഈ നിയമനടപടിയാണ്. പൊതുസമൂഹത്തിന്റെ ധനസഹായം നൽകി, സാമൂഹ്യ നിയന്ത്രണത്തിന്റെ ചട്ടക്കൂട്ടിൽ സ്വകാര്യ മാനേജുമെന്റുകളെ നിലനിർത്തിയെന്നതാണ് ഈ നിയമത്തിന്റെ ഏറ്റവും വലിയ സവിശേഷത. തുടർന്നുണ്ടായിട്ടുള്ള യൂണിവേഴ്സിറ്റി നിയമങ്ങൾ സാമൂഹ്യ നീതിയെ വിദ്യാഭ്യാസ രംഗത്തെ ഗുണമേൻമാ സങ്കൽപ്പങ്ങളുമായി കൂട്ടിയിണക്കുവാൻ ശ്രമിച്ചു. കേന്ദ്രഫണ്ടിംഗ് ഏജൻസികളായ യു.ജി.സി, ഐ.സി.എസ്.എസ്.ആർ, അദ്ധ്യാപകരിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നും സമാഹരിച്ച സംഭാവന, സർക്കാരും പൊതുസമൂഹവും ദാനമായി നൽകിയവ, ഇവയെല്ലാംകൂടിയാകുമ്പോൾ കേരളത്തിലെ സ്വകാര്യ എയിഡഡ് കോളേജുകളുടെ മൂലധന അടിത്തറ ഭദ്രമാകുന്നു. പേരിന് ഇവ സ്വകാര്യമെങ്കിലും കേരളത്തിലെ എയിഡഡ് കോളേജുകൾ പൊതുസമൂഹത്തിന്റെ മൂലധന അടിത്തറയിൽ കെട്ടിപ്പൊക്കിയവയാണ്. ഈ പൊതു ആസ്തികളുടെ നിശബ്ദമായ സ്വകാര്യവത്ക്കരണമാണ് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ സമകാലിക ശ്രദ്ധയാകർഷിക്കേണ്ട ഏറ്റവും വലിയ വെല്ലുവിളി.

## പൊതു ആസ്തികൾ

ഉന്നത വിദ്യാഭ്യാസ രംഗത്തെ മുതൽമുടക്കിനെ ബാദ്ധ്യതയായി ചിത്രീകരിക്കുന്ന കേരള സർക്കാരിന്റെ ധവളപത്രത്തിൽ (ജൂൺ 2001) ഈ രംഗത്തെ സർക്കാരിന്റെ സഹായം പടിപടിയായി കുറച്ചുകൊണ്ടു വരുന്നതിനുള്ള നിർദ്ദേശങ്ങളാണ് സമർപ്പിച്ചിരിക്കുന്നത്. ഉന്നത വിദ്യാഭ്യാസത്തിന്റെ സ്വകാര്യവൽക്കരണം ഉറപ്പാക്കുന്ന താഴെകൊടുത്തിരിക്കുന്ന നിർദ്ദേശങ്ങളാണ് ധവളപത്രത്തിൽ അടങ്ങിയിരിക്കുന്നത്.

(എ) വിദ്യാർത്ഥികളുടെ ഫീസ് വർദ്ധിപ്പിക്കുക.

(ബി) പുതിയ എയിഡഡ്/ സർക്കാർ കോളേജുകൾ അനുവദിക്കാതിരിക്കുക.

(സി) പുതിയ കോഴ്സുകളും ബാച്ചുകളും സ്വാശ്രയ സമ്പ്രദായത്തിൽ മാത്രം ആരംഭിക്കുക.

(ഡി) പുതിയ സ്വാശ്രയ കോളേജുകൾ ആരംഭിക്കുക.

(ഇ) അടിസ്ഥാന സൗകര്യങ്ങളും സാമ്പത്തിക ഭദ്രതയുമുള്ള കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുക.

പ്രീഡിഗ്രി പുനഃസംഘാടനത്തിന്റെ ഫലമായി കോലേജുകളിൽ അധികം വന്നിട്ടുള്ള ഭൗതിക-മാനവ വിഭവങ്ങളെ അധിക സാമ്പത്തിക ബാദ്ധ്യത കൂടാതെ ഈ രംഗത്തെ വികസനം നടപ്പാക്കാനുള്ള അവസരമായി കാണുന്നതിനു പകരം സാമൂഹ്യനീതിയധിഷ്ഠിതമായ ഉന്നത വിദ്യാഭ്യാസത്തെ അട്ടിമറിക്കാനുള്ള ആദ്യ ചുവടുവയ്പാണ് ധവളപത്രത്തിലൂടെ പുറത്തു വന്നത്.

## യൂണിവേഴ്സിറ്റികളുടെ കമ്പോളവത്ക്കരണം

സർക്കാരിന്റെ നയവ്യതിയാനങ്ങളും ഇംഗിതങ്ങളും മനസ്സിലാക്കി, നിക്ഷിപ്ത താൽപര്യങ്ങളുടെ നടത്തിപ്പുകാരായി പ്രവർത്തിക്കാനും കേരളത്തിൽ ചില യൂണിവേഴ്സിറ്റി അധികൃതർ മുന്നോട്ടു വന്നു. എയിഡഡ് അഫിലിയേറ്റിംഗ് സമ്പ്രദായത്തിനു പുറത്തുനിന്നും നേരിടേണ്ടി വന്ന ഭീഷണികളെ ശക്തമായി ചെറുക്കുന്നതിനു പകരം തങ്ങൾ സംരക്ഷിക്കാൻ ബാദ്ധ്യസ്ഥരായ സമ്പ്രദായത്തെ, അക്രമികൾക്കു തുണയേകുന്ന വിധത്തിൽ ഉള്ളിൽ നിന്നും തകർക്കാനാണ് ഇക്കൂട്ടർ ശ്രമിച്ചത്. തങ്ങളുടെ അധികാര മേഖലയ്ക്കപ്പുറത്തേയ്ക്ക് കച്ചവട അടിസ്ഥാനത്തിൽ വിദ്യാഭ്യാസം വ്യാപിപ്പിക്കുന്നതിന് ഇവർ വ്യഗ്രത കാട്ടുകയാണ്. യു.ജി.സി. യുടെ വിലക്കുകൾ ലംഘിച്ചുകൊണ്ട് സ്വകാര്യ ഏജൻസികളുമായി ലാഭം പങ്കുവച്ച് ഓഫ് കാമ്പസ് അക്കാദമിക് സെന്ററുകൾ വിദേശത്തും സ്വദേശത്തും നടത്തുന്ന എം.ജി.യൂണിവേഴ്സിറ്റിയെ ആഗോള സേവന ഉടമ്പടി വ്യവസ്ഥകൾ കാലേക്കൂട്ടി നടപ്പിലാക്കിയ ഉന്നത വിദ്യാഭ്യാസകേന്ദ്രം എന്നു വേണമെങ്കിൽ വിശേഷിപ്പിക്കാം. വിദൂര വിദ്യാഭ്യാസം തേടുന്ന അസംഘടിതരായ വിദ്യാർത്ഥികളെ കറവപ്പശുക്കളാക്കി സാമ്പത്തികമായി ചൂഷണം ചെയ്യുക എന്നത് ഏറ്റക്കുറവുകളോടെ എല്ലാ യൂണിവേഴ്സിറ്റികളും ഏതാണ്ട് നടപ്പിലാക്കി കഴിഞ്ഞു. ഇത്തരം ശ്രമങ്ങൾ യൂണിവേഴ്സിറ്റിയുടെ വിശ്വാസ്യതയും ധാർമ്മികാടിത്തറയും തകർക്കുമെന്നു മാത്രമല്ല, സാമൂഹിക നീതിയിലധിഷ്ഠിതമായ ഗുണമേൻമയുള്ള വിദ്യാഭ്യാസത്തിന്റെ സാർവ്വത്രീകരണം അസാദ്ധ്യമാക്കിക്കൊടുക്കുകയും ചെയ്യും. സർക്കാർ ധനസഹായം വെട്ടിക്കുറയ്ക്കുന്നതിന്റെ മറവിൽ സ്വാശ്രയ കോഴ്സുകളുടെ നടത്തിപ്പുകാരായി മുന്നോട്ടുവന്ന യൂണിവേഴ്സിറ്റികളും എയിഡഡ് കോളേജുകളുടെ പൊതു ആസ്തികളുപയോഗിച്ച് ഇതിന് കളമൊരുക്കിക്കൊടുത്ത സ്വകാര്യ മാനേജ്മെന്റുകളും ഈ രംഗത്തെ നിയന്ത്രിക്കാനുള്ള ധാർമ്മികവും പലപ്പോഴും നിയമപരവുമായ അടിത്തറ കളഞ്ഞുകുളിച്ചു. സർവ്വകലാശാലാ ഭരണസമിതിയിലേയ്ക്ക് ഐ.റ്റി/ബി.റ്റി വിദഗ്ദ്ധരെ നോമിനേറ്റ് ചെയ്തതും തിരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികളെ പിരിച്ചുവിട്ട് നോമിനേറ്റഡ് സിൻഡിക്കേറ്റുകൾ രൂപീകരിച്ചതും ഉന്നത വിദ്യാഭ്യാസ രംഗത്ത്, വിശേഷിച്ച്, പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തും കമ്പോള ശക്തികൾക്ക് പൂർണ്ണ ആധിപത്യം സ്ഥാപിക്കാൻ അവസരം നൽകി.

## എയിഡഡ് കോളേജുകളിലെ
## അൺ എയിഡഡ് കോഴ്സുകൾ

സ്വകാര്യ എയിഡഡ് കോളേജുകളിൽ അൺ എയിഡഡ് കോഴ്സുകൾ ഉളവാക്കുന്ന സ്ഥിതി വിശേഷം കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് വേണ്ടരീതിയിൽ അപഗ്രഥനത്തിനു വിധേയമായിട്ടില്ല. സർക്കാർ കോളേജുകളിൽ ആരംഭിക്കാൻ തീരുമാനിച്ച അൺ എയിഡഡ് കോഴ്സുകൾ ശക്തമായ അദ്ധ്യാപക ചെറുത്തുനിൽപ്പിന്റെ ഫലമായി തുടങ്ങാൻ കഴിഞ്ഞിട്ടില്ല. എന്നാൽ സ്വകാര്യ എയിഡഡ് കോളേജുകളിൽ എല്ലാ എതിർപ്പുകളേയും അവഗണിച്ചുകൊണ്ട് ഇത്തരം കോഴ്സുകൾ ശക്തിപ്പെട്ടിരിക്കുകയാണ്. ഇതിന്റെ ഫലമായി എയിഡഡ് കോളേജ് വിദ്യാഭ്യാസ രംഗം അതിന്റെ ചരിത്രത്തിലെ നിലനിൽപ്പിന്റെ ഏറ്റവും വലിയ വെല്ലുവിളി നേരിടുകയാണ്. നിലവിലുള്ള പല എയിഡഡ് കോഴ്സുകളും സ്വാശ്രയാടിസ്ഥാനത്തിൽ നടത്തുവാൻ മാനേജുമെന്റുകൾക്ക് സൗകര്യം ചെയ്തു കൊടുക്കുന്നതാണ്സർക്കാരിന്റെ ഈ രംഗത്തെ നയം. പൊതു സമൂഹത്തിന്റെ ആസ്തികളിൽ കെട്ടിപ്പൊക്കിയ എയിഡഡ് കോളേജുകളാണ് കേരളത്തിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും അടിത്തറപാകിയത്. പരിമിതികൾ ഉണ്ടെങ്കിൽപോലും വിദ്യാർത്ഥി പ്രവേശനത്തിനും അദ്ധ്യാപക നിയമനത്തിലും സാമൂഹിക നിയന്ത്രണത്തിന്റെയും യോഗ്യതയുടെയും മാനദണ്ഡങ്ങൾ പ്രാവർത്തികമാക്കാൻ സർക്കാർ-യൂണിവേഴ്സിറ്റി നിയമങ്ങൾ നിലനിൽക്കുന്ന മേഖലയാണിത്. എന്നാൽ അൺ എയ്ഡഡ് കോഴ്സുകളുടെ വ്യാപനം ഇത്തരം സാമൂഹ്യനിയന്ത്രണങ്ങളും ചട്ട

ങ്ങളും നിഷ്ഫലമാക്കി. പൊതു ആസ്തികൾ സ്വകാര്യ മാനേജുമെന്റുകൾക്കും സാമുദായിക ഗ്രൂപ്പു കൾക്കും കച്ചവട താൽപ്പര്യം മുൻനിർത്തി യഥേഷ്ടം വിനിയോഗിക്കുവാൻ അവസരം ലഭിച്ചിരിക്കുന്നു.

## ഓഫ് കാമ്പസ് പഠന കേന്ദ്രങ്ങളുടെ വളർച്ച

കേരളത്തിലെ എയിഡഡ് കോളേജുകൾ ഇന്ന് കേരളത്തിനകത്തും പുറത്തുമുള്ള വിവിധ സർവ്വകലാശാലയുടേയും മറ്റും ഓഫ് കാമ്പസ് പഠനകേന്ദ്രങ്ങളാണ്. സർവ്വകലാശാലകൾ സാമൂഹിക ഉത്തരവാദിത്തം നിറവേറ്റുന്നതിന്റെ ഭാഗമായി വിഭാവനം ചെയ്തിരുന്ന വിദൂര പഠന സമ്പ്രദായത്തിന്റെ മറവിലാണ് കച്ചവടാടിസ്ഥാനത്തിൽ ഈ കേന്ദ്രങ്ങൾ അഫിലിയേറ്റഡ് കോളേജുകളിൽ പ്രവർത്തിക്കുന്നത്. ഇങ്ങനെയുണ്ടാകുന്ന വരുമാനം യൂണിവേഴ്സിറ്റികളും അഫിലിയേറ്റഡ് കോളേജുകളും കച്ചവടാടിസ്ഥാനത്തിൽ തന്നെ വീതം വയ്ക്കുന്നു. യൂണിവേഴ്സിറ്റികളിലെ ഭരണ സംവിധാനം എയിഡഡ് കോഴ്സുകളുമായി ബന്ധപ്പെട്ട കാര്യങ്ങളേക്കാൾ വളരെ കാര്യക്ഷമമായി ഇത്തരം കോഴ്സുകളുടെ പ്രശ്നപരിഹാരത്തിനായി കിണഞ്ഞു പരിശ്രമിക്കുന്നു. ടീച്ചിംഗ്-ലേണിംഗ് പ്രക്രിയകളിൽ യൂണിവേഴ്സിറ്റികൾക്ക് യാതൊരു വിധ പങ്കുമില്ലെന്നതാണ് ഇതിന്റെ നടത്തിപ്പിലെ ഏറ്റവും വലിയ അപാകത. എയിഡഡ് മേഖലയ്ക്കായി പൊതുസമൂഹം സൃഷ്ടിച്ചെടുത്ത പശ്ചാത്തല സൗകര്യങ്ങൾ റഗുലർ വിദ്യാർത്ഥികൾക്ക് നിഷേധിച്ചുകൊണ്ടാണ് മാനേജുമെന്റുകൾ ഇവ നടത്തുന്നത്. സർക്കാർ ഖജനാവിൽ നിന്നും ശമ്പളം പറ്റുന്ന യു.ജി.സി./ഗസറ്റഡ് അദ്ധ്യാപകരെ വരെ ഇവിടെ മാനേജ്മെന്റുകൾ സൗകര്യപൂർവ്വം നിയോഗിക്കാറുണ്ട്. നഗരപ്രദേശങ്ങളിലെ കോളേജുകളിൽ ഇത്തരം ഉന്നത വിദ്യാഭ്യാസ വിപണി പൊതുആസ്തികൾ ഉപയോഗിച്ച് സ്വകാര്യ മാനേജ്മെന്റുകൾ പരിപോഷിപ്പിക്കുകയാണ്. നരേന്ദ്രൻ കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുന്ന സമുദായത്തിന്റെ കീഴിലുള്ള എയിഡഡ് സ്ഥാപനങ്ങൾക്ക്, പിന്നോക്കക്കാർക്ക് എത്തിപ്പെടാൻ സാദ്ധ്യതയില്ലാത്ത വിദേശയൂണിവേഴ്സിറ്റികളുടെ/ഓഫ് കാമ്പസ് കോഴ്സുകളോടാണ് പ്രിയം. ഇതിനായി യു.ജി.സിയും സംസ്ഥാന സർക്കാരും വിദ്യാഭ്യാസ താൽപര്യങ്ങൾ മുൻനിർത്തി നിശ്ചയിച്ച കോളേജുകളുടെ പ്രവൃത്തിസമയം തന്നെ എറണാകുളം കേന്ദ്രമായുള്ള ചില സ്വകാര്യ മാനേജ്മെന്റുകൾ അട്ടിമറിച്ചിരിക്കുകയാണ്. ഉച്ചയ്ക്കു ശേഷമുള്ള സമയം എയിഡഡ് കോളേജുകൾ സ്വാശ്രയ-ഓഫ് കാമ്പസ് കോഴ്സുകൾക്കായി പൂർണ്ണമായും മാറ്റിവയ്ക്കുകയെന്നതാണ് ഈ സമയമാറ്റത്തിന്റെ പൊരുൾ. എയിഡഡ് മേഖല തകർക്കാൻ സർക്കാരിനേക്കാൾ വ്യഗ്രത കാണിക്കുന്ന ഇവർ സ്വന്തം സമുദായം തങ്ങളെ ഭാരമേൽപ്പിച്ച ദൗത്യത്തെ തന്നെയാണ് നിരാകരിക്കുന്നത്. ബൈബിൾ വചനങ്ങളേക്കാൾ കൂടുതൽ ഇക്കൂട്ടർ ഇപ്പോൾ ഉരുവിടുന്നത് കോടതിവിധികളാണ്.

## നാക്കി-ന്റെ പ്രവർത്തനം

സർവ്വകലാശാലകൾക്കും കോളേജുകൾക്കും ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡുകളും നക്ഷത്രപദവികളും നൽകുന്ന ഏജൻസിയാണ് നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (N.A.A.C). നാക്കിന്റെ പ്രവർത്തന ഫലമായി കേരളത്തിലെ യൂണിവേഴ്സിറ്റികളും അഫിലിയേറ്റഡ് കോളേജുകളും മേന്മയുടെ പുതിയ മോഹവലയത്തിൽ പെട്ടിരിക്കുകയാണ്. ചില മാനേജ്മെന്റുകളും സർക്കാരും ഇതുമായി ബന്ധപ്പെട്ട് കോളേജുകളിൽ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിന് ചില നീക്കങ്ങൾ നടത്തിയിട്ടുണ്ട്. ഗുണമേന്മയെ സംബന്ധിച്ച ചില തെറ്റായ ധാരണകൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രതിഷ്ഠിക്കാൻ നാക്കിന് ചുരുങ്ങിയ കാലംകൊണ്ട് സാധിച്ചു. കോളേജുകൾ സന്ദർശിക്കുമ്പോൾ ഇവർ ചോദിക്കുന്ന പ്രധാന ചോദ്യം വിവിധ വകുപ്പുകൾ സ്വന്തമായി എത്ര കോഴ്സുകൾ നടത്തുന്നു, എത്ര വിഭവം ഇതിലൂടെ സമാഹരിച്ചു എന്നാണ്. കാമ്പസിലെ കച്ചവട പ്രവണതകളോട് കേരളത്തിലെ അക്കാദമിക സമൂഹത്തിനുണ്ടായിരുന്ന എതിർപ്പിന്റെ മുനയൊടിക്കുവാൻ നാക്കിന്റെ പ്രവർത്തനത്തിന് കഴിഞ്ഞു. ഇത് കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യത്തിനുള്ള ചവിട്ടുപടിയായാണ് കേരളത്തിലെ സ്വകാര്യ എയിഡഡ് മാനേജ്മെന്റുകൾ കരുതുന്നത്. സെന്റർ ഓഫ് എക്സലൻസ്/ ഓട്ടോണമസ് പദവികൾ നേടുന്നതിന് ഇത്തരം ഏജൻസികളുടെ സർട്ടിഫിക്കറ്റുകൾ ഉപകരിക്കുമെന്ന് ഇവർ ന്യായമായും വിശ്വസിക്കുന്നു.

ആഗോളവൽക്കരണ കാലത്തെ വികസന സൂത്രവാക്യങ്ങളിലൊന്നാണ് ബി.ഒ.റ്റി. (Build Operate Transfer). സ്വകാര്യ സംരംഭകർ നിർമ്മിച്ച് പ്രവർത്തിപ്പിച്ച് ലാഭമെടുത്തതിനു ശേഷം പൊതുസമൂഹത്തിനു തിരിച്ചു നൽകുന്ന സമ്പ്രദായമാണിത്. എന്നാലിന്ന് ഉന്നത വിദ്യാഭ്യാസ രംഗത്ത് കാണുന്നത് ബി.ഒ.റ്റി. യുടെ വിപരീതപ്രവർത്തനമാണ് (Reverse BOT). പൊതുസമൂഹത്തിന്റെ ആസ്തികളിൽ പടുത്തുയർത്തിയിട്ടുള്ള എയിഡഡ് കോളേജുകൾ യൂണിവേഴ്സിറ്റി-സർക്കാർ നിയമങ്ങൾ സൃഷ്ടിച്ച് സാമൂഹ്യനിയന്ത്രണ വിധേയമായ പ്രവർത്തനഘട്ടത്തിന് അറുതി വരുത്തിയിരിക്കുന്നു. ഈ പൊതു ആസ്തികൾ സ്വകാര്യമാനേജുമെന്റുകൾ യാതൊരുവിധ നിയന്ത്രണത്തിനും വിധേയമാകാതെ കച്ചവട അടിസ്ഥാനത്തിൽ കൈകാര്യം ചെയ്യാൻ സാധിക്കുന്ന ഘട്ടമെത്തിയിരിക്കുന്നു. ഇത് വിദ്യാഭ്യാസം ഉൾപ്പെടുന്ന സാമൂഹ്യ മേഖലയിലെ ഡിസ് ഇൻവെസ്റ്റ്മെന്റ് (Social Sector Disinvestment) തന്നെയാണ്. കേന്ദ്രസർക്കാർ ഡിസ് ഇൻവെസ്റ്റ്മെന്റ് മന്ത്രാലയത്തിന്റെ പ്രവർത്തനം മന്ദീഭവിപ്പിച്ചുവെങ്കിലും, കേരളത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഡിസ് ഇൻവെസ്റ്റ്മെന്റിന് ആക്കം കൂട്ടുന്ന നടപടികളാണ് അതേ രാഷ്ട്രീയ നേതൃത്വം തുടരുന്നത്. ഏറ്റവും അവസാനമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താൻ പാട്ടവ്യവസ്ഥയിൽ നൽകിയിരുന്ന സർക്കാർ ഭൂമി സ്വകാര്യ വിദ്യാഭ്യാസ ഏജൻസികൾക്ക് പതിച്ചു നൽകാൻ സർക്കാർ എടുത്ത തീരുമാനം പൊതു ആസ്തികളുടെ സ്വകാര്യവത്ക്കരണത്തിന് ആക്കം കൂട്ടും. ഉന്നത വിദ്യാഭ്യാസ രംഗത്തെ ഇത്തരം സ്വകാര്യവൽക്കരണ നടപടികൾക്കെതിരെയുള്ള അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും ചെറുത്തുനിൽപ്പുകളെ മുളയിലെ നുള്ളുക എന്നതാണ് ഇതിന്റെ ലക്ഷ്യം. അടുത്തയിടെ ഉണ്ടായിട്ടുള്ള, സുപ്രീംകോടതി വിധികൾ സ്വാശ്രയ വിദ്യാഭ്യാസ മേഖലയ്ക്ക് കൂടുതൽ കരുത്ത് പകരുന്നതാണ്. എയിഡഡ് മേഖലയ്ക്ക് നിയന്ത്രണങ്ങൾ ആകാം എന്നും കോടതി സൂചിപ്പിക്കുന്നുണ്ട്. സമൂഹത്തിന്റെ പൊതുസ്വത്തായ സർക്കാർ-എയിഡഡ് കോളേജുകളിൽ കൂടി മാത്രമേ നിലവിലുള്ള സാഹചര്യത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യനീതിയുടെ പ്രകാശം പരത്തുവാൻ കഴിയൂ. ഇത്തരം സ്ഥാപനങ്ങളുടെ സാമൂഹ്യ നിയന്ത്രണത്തിൽ അധിഷ്ഠിതമായ വളർച്ചയ്ക്കും രണ്ടാം തലമുറ പരിഷ്ക്കാരങ്ങൾക്കുമുള്ള പ്രായോഗിക സമീപനവും കർമ്മ പദ്ധതികളും തയ്യാറാക്കേണ്ടിയിരിക്കുന്നു.

---

കവിത

# മിഥ്യ




**മൗ**നമരച്ചുവട്ടിൽ
എന്റെ പ്രണയം ഉറങ്ങാൻ കിടക്കുന്നു.
പ്രണയം വലിയൊരു മിഥ്യയാണ്
ജീവിതം കഴിഞ്ഞാൽ
ഏറ്റവും റിയലിസ്റ്റിക്കായ രണ്ടാമത്തെ മിഥ്യ.
എങ്കിലും നാമെല്ലാം ബുദ്ധൻമാരല്ലല്ലോ
അതിനാൽ
ജീവിതത്തിന്റെ മുറിയിൽ
ഒരു മൂലയിൽ
പ്രണയത്തിന്റെ ചരട്വലിച്ചടിക്കുക.
എന്നിട്ട് നമ്മെതന്നെ അതിലുണങ്ങാനിടുക
ജലാംശമെല്ലാം പോയി
വരണ്ട, ഉണങ്ങിയ ഒരു വസ്ത്രം മാത്രമായ്
നാം തീരും വരെ..............
അപ്പോൾ ആരോ വരുകയും
നമ്മെ ഇസ്തിരിയിടാൻ കൊണ്ടുപോവുകയും ചെയ്യും
ചുളിവുകളില്ലാതെ നാം തേച്ചുമിനുക്കപ്പെടും
അതെ, തേച്ചുമിനുക്കിയ വസ്ത്രങ്ങൾ..............

**അലക്സ് സേവിയർ**
ഒന്നാംവർഷ എം.എ. സൈക്കോളജി

# തൂലിക

**മിഥുൻ മോഹൻ**
ഒന്നാംവർഷ എം. എ. മലയാളം



ഇപ്പോൾ മഴയാണ്,
ഇനി വെയിലാകും
പിന്നെ തണുപ്പാകും
പാതിമയക്കത്തിൽ
എന്റെ വിരലുകൾക്കിടയിൽ
അത്....... സംസാരിച്ചു തുടങ്ങി

ഞാൻ തൂലിക,
മരണമില്ലാത്തവൻ
എന്റെ മനസ്സിന്
വെള്ളത്തിന്റെ ആകൃതിയാണ്

യുഗങ്ങൾക്കു മുൻപ്
നീ നിന്റെ ചിന്തകളെ,
എന്നിലൂടെ സൃഷ്ടിച്ചു
ഈ പ്രപഞ്ചത്തെ
നീ എന്നിലൂടെ
പുനർ രചിച്ചു
ഞാൻ തൂലിക
മരണമില്ലാത്തവൻ
നിന്റെ ചിന്തകളിൽ
ഞാൻ ശക്തനാണ്
അശ്വമേധ കുതിരയാണ്
പാറകളിൽ ഓലകളിൽ
പിന്നെ വെളുത്ത കടലാസുകളിൽ
ഞാൻ ധീരനായി പോരാടി
എന്റെ വേഗതയെ
എന്റെ കരുത്തിനെ
എതിർത്തു നിൽക്കുവാൻ
കാലമേ നീ ദുർബലൻ

ഞാൻ തൂലിക
മരണമില്ലാത്തവൻ
ചിന്തകൾ ചിഹ്നങ്ങൾ
ചിത്രങ്ങൾ അക്ഷരങ്ങൾ
വാക്കുകൾ വാചകങ്ങൾ
വളരുന്ന ഭാഷാവൃക്ഷം
നീ എന്നിലൂടെ
വിപ്ലവത്തിന്റെ വഴിയിലൂടെ
പ്രണയാർദ്ര നിമിഷങ്ങളിലൂടെ
അറിവിന്റെ പുത്തൻ ലോകങ്ങളിലൂടെ

അങ്ങിനെ അനേകം
യുദ്ധഭൂമികളിൽ സഖാവേ,
നിന്റെ തേരാളി ഞാൻ.
ഞാൻ തൂലിക
മരണമില്ലാത്തവൻ
എന്റെ മാർഗ്ഗം
അറിവിന്റെ മാർഗ്ഗം
ചരിത്രം സാക്ഷി
എന്നെ പടവാളാക്കിയവർ
മരണമില്ലാത്തവർ
നീയും നിന്റെ മക്കളും
ചിന്തകളാൽ എനിക്ക്
പുതുജീവൻ നൽകുമ്പോൾ
ഞാൻ തൂലിക
മരണമില്ലാത്തവൻ
അനന്തരം:
മഴതോർന്നു
വെയിൽ മുളച്ചു തുടങ്ങിയിരിക്കുന്നു..........

"വസിഷ്ഠന്റെ വെള്ളത്താടി പോലെ വെളുത്ത കാലം ഇനി വരില്ലെന്നറിയുക. പോയകാലം പോയതാണെന്നറിയുക. കരയാതിരിക്കുക.......... ഈ മരച്ചോട്ടിൽ നിന്നും മാറിപ്പോവുക".

(കെ. ജി. എസ്/ അയോദ്ധ്യ)

**അരുൺ മാത്യു**
മൂന്നാംവർഷ മലയാള ബിരുദം

## തുടക്കം......

ബസ്സിറങ്ങിയപ്പോൾ ആദ്യം കണ്ടത് ഇരുമ്പു ഗെയ്റ്റാണ്. വിക്ടോറിയൻ മാതൃകയിൽ തലയുയർത്തി നിൽക്കുന്ന കവാടം.

"യൂണിയൻ ക്രിസ്ത്യൻ കോളേജ്"!!

മുൻ നിരയിലെ മഹാഗണി മരങ്ങളിൽ ഒന്നിന്റെ ചുവട്ടിലിരുന്ന് അപേക്ഷാഫോറം പൂരിപ്പിച്ചു തന്ന ഏഴാംവർഷ വിദ്യാർത്ഥി.

സത്യത്തിൽ പ്രീഡിഗ്രിയായിരുന്നു ക്യാമ്പസിന്റെ ജീവൻ. ഞാൻ വേദനയോടെ മരത്തിന്റെ മാറിൽ ചാരിയിരുന്നു. പിന്നെ ഞാൻ നടന്ന വഴികളിലെല്ലാം ചെറുതും വലുതുമായ ഒട്ടേറെ മഹാഗണി മരങ്ങളെ കണ്ടു.

എല്ലാറ്റിന്റേയും മാറിൽ നിറയെ ആണികൾ!

ഒരെണ്ണം വലിച്ചൂരിയെടുത്താലോ................? വേണ്ട. ഈ ക്യാമ്പസിനെ നെഞ്ചോട് ചേർത്തു വച്ച് ജീവിച്ച ഏതെങ്കിലും ഒരുവന്റെ ആത്മാവിനെ ആവാഹിച്ച് നെറ്റികൊണ്ട് അടിച്ച് തറച്ചിട്ടുണ്ടാകാം അതിൽ. ആ ആത്മാവ് എന്നിലേയ്ക്ക് സന്നിവേശം ചെയ്താലോ?

## യൂസീയൻ..........

കടും നീലനിറത്തിലുള്ള ഐഡന്റിറ്റി കാർഡിനുള്ളിൽ എഴുതി ചേർത്ത എന്റെ പേരിലേയ്ക്ക് നോക്കി മാവിൻ ചുവട്ടിലിരിക്കുമ്പോൾ മനസ്സിൽ ആഘോഷങ്ങളുടെ ഒരു മഴക്കാലമായിരുന്നു.

യൂസീയൻ........യൂസീയൻ എന്ന് ആരും കേൾക്കാതെ, പതിയെ ആവർത്തിക്കുമ്പോൾ അച്ഛൻ ഓർമ്മിപ്പിച്ചു.

"ഗാന്ധി നട്ട മാവാണ്"

പിന്നെ ഗേയ്റ്റ് കടന്നു വരുമ്പോൾ മുന്നിൽ പുഞ്ചിരിയോടെ, മുണ്ടുടുത്ത് ഒരുപാടുപേരുണ്ടായിരുന്നു. അവർ കൽക്കണ്ടം തന്നു. ചന്ദനം തൊടുവിച്ചു. ഞങ്ങൾക്കു മീതെ ബാനർ വാചകം,

"അറിവിന്റെ മഹാഗണി തണലിലേയ്ക്ക് പുത്തൻ കൂട്ടുകാർക്ക് സ്വാഗതം".

കാലം എത്ര പെട്ടന്നാണ് കടന്നു പോയത്....................ഒരു തണുത്ത കാറ്റുപോലെ.......... തഴുകിയിറങ്ങി........... പെട്ടെന്ന് .................. വളരെ പെട്ടെന്ന്.............

സീസിയിലെ കാറ്റുകൊണ്ട് (അത് സ്കിന്നർ ഹോസ്റ്റലിൽ നിന്നും വരുന്ന കാറ്റാണെന്ന് വിശ്വസിക്കാനാണ് ഞങ്ങൾ ആൺകുട്ടികൾക്കിഷ്ടം) അവളോടൊപ്പം ഇരുന്ന ആദ്യ സായാഹ്നത്തിൽ,

വർഗ്ഗീസിന്റെ ശബ്ദം,

"ഹോസ്റ്റലിലേയ്ക്കു വരുന്നോ......? ശെമ്മാച്ചനില്ല". മെസ്ഹോളിനു മുകളിലെ ടെറസ്സിലിരുന്നാൽ നിലാവിൽ മുങ്ങി നിൽക്കുന്ന ക്യാമ്പസ് കാണാം.

"അടരുവാൻ വയ്യ നിൻ ഹൃദയത്തിൽ നിന്നെനി-
ക്കേതു സ്വർഗ്ഗം വിളിച്ചാലും"..............

ഹോക്കി കോർട്ടിനരികിലെ നിലാവു വീണ വഴി ത്താരയിലൂടെ രണ്ടാമത്തെ മുന്തിരിച്ചാറുവാങ്ങാൻ പോയവരെ നോക്കി നിൽക്കുമ്പോൾ പിന്നിലൊരുവൻ തറയിൽ മുഖം ചേർത്ത് നിലവിളിക്കുന്നതു കേട്ടു.

"ഡിഗ്രി അഞ്ചു വർഷമാക്കടാ.......... പ്ലീസ് ഡിഗ്രി അഞ്ച് വർഷമെങ്കിലുമാക്കെടാ"..........

ബോധം കെടും വരെ അവൻ അതാവർത്തിച്ചു കൊണ്ടേയിരുന്നു.



**ഓർമ്മകൾ........**

ആ വഴി ചീത്തയാണെന്നാണ് എല്ലാവരും പറഞ്ഞു കേട്ടത്. അവിടെ മുഴുവൻ ശവക്കല്ലറകളാണത്രേ. അതിനുള്ളിൽ നിന്നും ജീവനുള്ളവർ നിങ്ങളെ തുണിയുരിഞ്ഞ് കാണിക്കുമെന്നു വരെ കേട്ടു. നീണ്ട ചരൽ പാതയിലൂടെ റബ്ബർകാടുകളെ പിന്നിട്ട് ഇരുമ്പു ഗെയ്റ്റിനരികിലെത്തുമ്പോൾ അവൾ കണ്ണിൽ നോക്കി പറഞ്ഞു.

"മരണം വരെയും ഞാൻ ഈ ജീവിതം ഓർത്തിരിക്കും". മേലെ, വൈദ്യുതശ്മശാനത്തിൽ നിന്നുയർന്ന പുക.

ശവം കത്തുന്ന മണം

അവളെ ബസ്സ് കയറ്റിവിട്ട്, അതിരുകൾ തകർന്ന പഴയ സിമന്റ് ബോർഡ് ചൂണ്ടിക്കാട്ടിയ വഴിയിലൂടെ തിരിച്ചു നടക്കുമ്പോൾ വീണ്ടും ആ ഗന്ധം ഇരച്ചുകയറി.

മൂക്കുപൊത്തിയില്ല.

ആ വഴി ചീത്തയാണെന്നു പറഞ്ഞവരെയോർത്തു ചിരിച്ചു.

**സമരം**

സെയ്ൻ റസ്റ്റോറന്റിന്റെ സിഗരറ്റ് മണക്കുന്ന ഉള്ളറയിലേയ്ക്ക് വെള്ളക്കടലാസുമായി ധൃതിയിൽ..... ജീൻസ് മാറി മുണ്ടുടുക്കുമ്പോൾ പുകച്ചുരുളുകൾക്കിടയിൽ നിന്നും ചോദ്യമുയരുന്നു.

"ഇന്ന് സ്ട്രൈക്കുണ്ടോ"......

എതിർ ചേരിക്കാരനോടുള്ള മറുപടിയിൽ സഹായാഭ്യർത്ഥനയും.

"ഉണ്ട്............ നിങ്ങൾക്കെതിരെ സ്ഥിരം വിളിക്കാറുള്ള നാല് മുദ്രാവാക്യം പറ".

പ്രിൻസിപ്പലിന്റെ ടെയിൽസിട്ട മുറിയിലേയ്ക്ക് ആവേശത്തോടെ കേറിച്ചെന്ന നാളുകൾ.

പതിവു ചോദ്യോത്തരങ്ങൾ.

ചുമരിലെ ക്ലോക്കിൽ ധൃതിയിൽ ചലിക്കുന്ന സമയ സൂചി. പത്തേമുക്കാലിന് മുൻപ് UP2-ൽ എത്താമെന്ന് ഉറപ്പു പറഞ്ഞതാണ്.

മാവിൻ ചുവട്ടിൽ അക്ഷമരായ അണികൾ.

ഹാഫ് ഡോർ വലിച്ചു തുറന്ന് പുറത്തെത്തും മുൻപേ കച്ചേരി മാളിക വിറകൊള്ളുന്നു.

"സ്ട്രൈക്ക് ഓൺ...............സ്ട്രൈക്ക് ഓൺ"

## പതിനാലാമത്തെ കാറ്റ്

യൂസി- കുന്നിൻ പുറത്തെ പ്രാചീനമായ ക്യാംപസ്. ആരോ പറഞ്ഞു കേട്ടതാണ്.

അവിടുത്തെ കാറ്റിൽ ആരുടേയോ ചിതാഭസ്മം ഒഴുകി നടക്കുന്നുണ്ടത്രേ.

രാത്രി ശ്രദ്ധിച്ചാൽ അവയുടെ ഗന്ധം അനുഭവിക്കാം. ഒടുവിൽ രാവിന്റെ പതിനാലാമത്തെ കാറ്റു വീശുമ്പോൾ അവയോരോന്നും ഓരോ മഞ്ഞുതുള്ളികളായി യൂസിയെ പുൽകി ഉറങ്ങുമത്രേ!

സത്യമാണോ.....? രാത്രി കാവൽക്കാരന്റെ കണ്ണുകളിൽ ഉറക്കച്ചടവ് കണ്ടെത്താഞ്ഞതിനാൽ ചോദിക്കാൻ തുനിഞ്ഞില്ല. കാത്തിരുന്നു........

പെയിന്റിംഗ് എക്സിബിഷന്റെ തലേന്ന് രാത്രി, പറ്റിയ പേർ തിരഞ്ഞ് മഹാഗണിതത്തിനു താഴെ, പുൽത്തകിടിയിൽ ഒരു കൊച്ചു യൂണിയൻ മീറ്റിംഗ്.

മേലെ ഒരായിരം നക്ഷത്രങ്ങൾ. അപ്പുറത്ത് V.M.H.ൽ ചിതറിക്കിടക്കുന്ന പെയിന്റിംഗുകൾക്കിടയിൽ നിന്ന് ഷിനു വിളിച്ചു പറഞ്ഞു.

"നിനവ്"........

അൽപ്പമകലെ സീസിയിലെ മരങ്ങൾക്കിടയിലൂടെ നിലാവ് പെയ്തിറങ്ങുന്നുണ്ടായിരുന്നു.

ആരമൻ നക്ഷത്രങ്ങളെ നോക്കി പേരാവർത്തിച്ചു.

ഞാൻ ചിതാഭസ്മത്തിന്റെ ഗന്ധമുള്ള മഞ്ഞുതുള്ളി

കൾക്കായി കാത്തിരുന്നു. സുരാജ് ഉറങ്ങി തുടങ്ങിയിരുന്നു

## സൗഹൃദം.....

പ്രാർത്ഥനയുടെ അന്തരീക്ഷമുള്ള കലാലയം. കുന്തിരിക്കത്തിന്റെ സുഗന്ധമുള്ള അൾത്താരകളിൽ നിറയെ സൗഹൃദത്തിന്റെ വിശുദ്ധിയുടെ മഞ്ഞപ്പൂക്കൾ.

"നീയവളുടെ വിരൽ കണ്ടോ".....?

ഞാനവളുടെ വിരലുകളിലേയ്ക്കു നോക്കി. വലതു കയ്യിലെ നടുവിരൽ പോളൻ വന്ന പോലെ വെളുത്തിരിക്കുന്നു.

അസൈൻമെന്റ് എല്ലാം എഴുതി ഡിപ്പാർട്ടുമെന്റിൽ വച്ചിട്ടുണ്ട്. സാന്ദ്രമായ ശബ്ദം.

സ്വന്തം ചൂണ്ടുവിരൽ കൊണ്ട് ദശരഥന്റെ ജീവനെ കാത്ത കൈകേയിയായിരുന്നു മനസ്സിലപ്പോൾ.

"നിനക്കെന്താണ് വേണ്ടത്".......?

ആ നിമിഷത്തിന്റെ ഉച്ചസ്ഥായിയിൽ അവൾ ചോദിക്കുന്നതെന്തും നൽകാൻ ഞാൻ തയ്യാറായിരുന്നു.

"നീ കേരളാ കൾച്ചറിന് എന്നേക്കാളധികം മാർക്കു വാങ്ങണം". രണ്ടാഴ്ച നീണ്ട മൗനത്തിനു ശേഷം അന്നത്തെ ദിനാന്ത്യക്കുറിപ്പിൽ ഞാൻ അവളെ കുറിച്ച് മാത്രമെഴുതി.

ആ സൗഹൃദത്തിനു മുന്നിൽ ഞാൻ ഭൂമിയോളം താഴുന്നു. മണൽത്തരിയോളം ചെറുതാകുന്നു.

## കിളിക്കൂടുകളുള്ള ഒരു മരം

സ്കിന്നർ ഹോസ്റ്റലിലേയ്ക്കുള്ള വഴിയരികിലെ മരങ്ങളിൽ നിറയെ കിളിക്കൂടുകളാണ്. അവിടെനിന്നാണ് മ്യൂസ് ടീച്ചറോട് സാധാരണ സംസാരിക്കാറ്.

"കൊതിയാകും നിങ്ങൾ സംസാരിക്കണ കാണുമ്പോ". രണ്ടാം വർഷ ബിരുദ വിദ്യാർത്ഥിനിയുടെ വാക്യം നിറയെ കൗതുകം. അവൾ പല വട്ടം അതാവർത്തിച്ചിട്ടുള്ളതാണ്.

ഇപ്പോൾ കൊതിയാകുന്നു. വീണ്ടുമൊരിക്കൽ കൂടി കിളിക്കൊഞ്ചലുകൾ കേട്ട് ആ മരച്ചുവട്ടിൽ വെറുതെ നിന്ന് വർത്തമാനം പറയാൻ................

## ദശദിന ക്യാമ്പ്....

അവസാന രാത്രി, ജൂനിയേഴ്സിന്റെ കവിളിലൂടെ ഒലിച്ചിറങ്ങുന്ന കണ്ണീരിൽ വിരഹത്തിന്റെ അഗ്നിനാളം. ചടുലതാളങ്ങളുള്ള ഏതോ തമിഴ് ഗാനത്തിനൊപ്പം ചുവടുകൾ വയ്ക്കുമ്പോൾ കാതിൽ ആരോ പറഞ്ഞു.

"ഇനിയൊരിക്കലും എൻ.എസ്.എസ്സിൽ നമുക്കൊരു രാത്രിയില്ലെടാ"............

ഞാൻ ചുവടുകൾക്ക് വേഗത കൂട്ടി.

ഒടുക്കം കഥകൾ പറഞ്ഞ് പറഞ്ഞ് ഉറക്കത്തിലേയ്ക്ക് വഴുതി വീഴുമ്പോൾ ആരോ പാടുന്നതു കേട്ടു. ഞങ്ങൾ പഠിപ്പിച്ച പാട്ട്

"പാൽക്കടലിൻ ഓളങ്ങളെ തള്ളിനീക്കി നീ വരുമ്പോൾ

സമ്മാനമായ് ഞാൻ നിനക്കൊരു വെള്ളാമ്പൽ പൂവുതരാം"

പിറ്റേന്നുയർന്ന സൂര്യൻ ഞങ്ങളെ പരേതാത്മാക്കൾ എന്നു കളിയാക്കി വിളിച്ചു.

ഇനിയെന്നെങ്കിലും ..........

ഏതെങ്കിലും ഒരു നാട്ടിലെ ഹൈസ്ക്കൂളിൽ, ഒരു പഴയ ഡെസ്ക്കിന് ചുറ്റുമിരുന്ന്............

മനസ്സ് നിറഞ്ഞ് ആ പാട്ട് വീണ്ടുമൊരിക്കൽ കൂടി പാടാൻ..................

രാത്രി ഉറങ്ങുന്നവന്റെ മുഖത്ത് പേസ്റ്റ് തേയ്ക്കാൻ............

ടൈം കീപ്പർ വിളിച്ചുണർത്തും വരെ കിടന്നുറങ്ങാൻ...........

എല്ലാറ്റിനും ..............

എല്ലാറ്റിനും വേണ്ടി ഒരു രാത്രിയെങ്കിലും ...............

## തുടർച്ച...

ചാപ്പലിനരികിലെ പേരറിയാ മരത്തിലെ പൂക്കൾ മുഴുവൻ കൊഴിഞ്ഞു വീണിരിക്കുന്നു.

ആളൊഴിഞ്ഞ ഹോസ്റ്റൽ മുറികളിൽ നിറയെ നിലാവ്.

എല്ലാം ഒരു സ്വപ്നമായിരുന്നിരിക്കും.

സീസിക്കുമേൽ പറന്നിറങ്ങിയ മഴ.

ഒരുമിച്ചു കുടപിടിച്ചു നടന്ന സൗഹൃദങ്ങൾ

ലേഡീസ് ഹോസ്റ്റലിനു മുന്നിൽ ഇലക്ഷൻ പോസ്റ്റർ ഒട്ടിച്ച രാത്രികൾ,

അർത്ഥമറിയാതെ വിളിച്ച മുദ്രാവാക്യങ്ങൾ....

കാന്റീൻ- പരിപ്പുവട.

ഗുഡ്സ് വണ്ടി പോലെ നീളുന്ന പറ്റുബുക്ക്.

നിറയെ ആണികളുള്ള മഹാഗണി.

എല്ലാം ........ എല്ലാം ഒരു സ്വപ്നമായിരുന്നിരിക്കണം.

പടിയിറങ്ങുമ്പോൾ കാമുകിയുടെ വിതുമ്പലുകൾ പോലെ ആരുടെയൊക്കയോ തേങ്ങൽ......... മറക്കരുതേ എന്ന്.

വാക്കുകൾ മൗനത്തിന് വഴിമാറുന്നു.

നീണ്ട നിശബ്ദത-ഇരുണ്ട വിലാപം.

തണുത്തുറഞ്ഞ മൗനത്തിനു മീതെ മാമയുടെ ഹോണടി ശബ്ദം.

'പോം....പോം'

കയറ്റം കയറിയൊരു ബസ്സു വരുന്നു. ആനവണ്ടി. നിറയെ തിരക്കാണ്. ചവിട്ടുപടിയിൽ തൂങ്ങിവേണം പോകാൻ. സാരമില്ല. ഇനി നിന്നിട്ടെന്തിന്... പോകാം

**ആരോടും ഒന്നും പറയാതെ....**

**ആരോടും ഒന്നും പറയാതെ.....**

**ഒന്നും പറയാതെ......**

**ഒന്നും പറയാതെ.......**

# Lost

**Noel Philip**
**IIIrd B.A. Psychology**



**W**hile in confinement, I'm lost
In thought, of lovers and paradise
Of things beyond and beneath
While in and around the presence
Of my cherished, I'm wondering
Thinking of you, in an entirely
Different world, a place
Of riches, of love,
And eternal elation
A where sorrow and grief
Are unheard of, An Eden
Unlike the beginning, with just
The two of us, clustered
In heavenly charms
Of mystical love

I yonder see the clear blue skies
And to! gaze at
Those majestic blue mountains,
With grassy terrains, scattered
With wild horses grazing ......
Where we'd lie and roll in swarms
Of our innocent love.
I can hear, alongside
The sensational songs of dirking birds,
Your lamentation, standing
Beside the rock,
Where cupid knit our net
With hands widened, to embrace
The love of your youth
I hear your whispers
As you recite the tale of how much
You've longed for me,
Waiting in patience, with earnest prayers.
By taking my hand
You draw near, reaching out
In excitement, we confide
In each other..........
At the shoreline, making way
As the sun disappears
Being swallowed by raging
While waters
As long as time moves
We've secure in a cocoon,
We've floating on clouds
But yet on ground,
In the temple, robed
As angels of the light,
At the 'I do' ceremony
Declaring with immense mirth
And laughter, joy and pride,
In one mind and soul,
'Till death do us part!'

# ലെബനൻ

*(1982ൽ അയ്യപ്പപ്പണിക്കർ എഴുതിയ ലെബനൻ എന്ന കവിതയിൽനിന്ന്)*



ആധുനിക മലയാള
കവിതയുടെ പിതാവായ
ശ്രീ. അയ്യപ്പപണിക്കർക്ക്
ആദരാഞ്ജലികൾ

ദേവദാരുമരങ്ങൾക്കിടയിൽ ചുടുകാറ്റുവീശുന്ന ലെബനൻ
നീ ഞങ്ങൾക്ക് മാപ്പുതരികയില്ല.
നാത്സികളിൽനിന്ന് ഞങ്ങൾക്കു കിട്ടിയ പീഡനം
ഞങ്ങൾ നിനക്കും തരുന്നു.
ചരിത്രം ചതിച്ചവർ നമ്മൾ രണ്ടുകൂട്ടരും: ഒരേരക്തം.
മണലാരിണ്യങ്ങളിൽ വറ്റിപ്പോയ കാരുണ്യം
ഡമാസ്കസിൽനിന്ന് വീശുന്ന വാർത്തകളിൽ ശവഗന്ധം
പനിനീർപ്പൂക്കൾ പടക്കളത്തിലെ ചോരയായി മാറിയിരിക്കുന്നു.
നൂറ്റാണ്ടുകളുടെ ഇതിഹാസം വഞ്ചിച്ചടിപ്പെടുത്തിയ പാലസ്തീൻ
മനുഷ്യരക്തത്തിന്റെ വില.
"അവർ ചെയ്യുന്നതെന്തെന്ന് അവർക്കറിയാം പ്രഭോ,
അവർക്ക് മാപ്പുകൊടുക്കരുതേ"
എന്നു പറഞ്ഞുപോകുന്ന മുഹൂർത്തങ്ങൾ
മാറാലപിടിച്ച ഭൂപടങ്ങളിൽ
മനുഷ്യമാംസപ്പശ ഒട്ടിപ്പിടിക്കുന്നു.
കിടപ്പാടം നഷ്ടപ്പെട്ടവർ-
വിശ്വാസം വിളർത്തുപോയവർ-ശരി പക്ഷേ,
വിടവുകളുടെ തലമുറയിൽ വന്നടിഞ്ഞ ഭാഗ്യംകെട്ടവർ
എന്ന് അവരെ വിളിക്കരുതേ!
ലെബനൻ
ദേവദാരുമരങ്ങൾക്കിടയിൽ ഉഷ്ണനിശ്വാസം ഉണർത്തുന്ന
ലെബനൻ
നിന്റെ നിസ്സഹായതയിൽ നിന്റെ നേർക്ക്
അസ്ത്രം തൊടുത്ത ഞങ്ങൾക്ക്
നീ മാപ്പുതരരുതേ!
നിരാധാരമാക്കിത്തീർത്ത മനുഷ്യക്കഥ
അതിന്റെ ദുരന്തവേദി പിളരുമ്പോൾ
ഞങ്ങളുടെ മൗനം കണ്ടു നീ തളരരുതേ!

നീയറിയുന്നോ
വായനക്കാരാ
നീറുമനസ്സുകളിൽ
നിറയും
വ്യഥകൾ....




# ഇന്റർവ്യൂ.....

**അഭിലാഷ് എം.എ.**
മൂന്നാം വർഷ ഇക്കണോമിക്സ് ബിരുദം



മഴ ശക്തമാവുകയാണ്, മടക്കിപ്പിടിച്ച ഫയലുകളുമായി ഒരു പെൺകുട്ടി വരാന്തയിലേക്കു കയറി വന്നു. വസ്ത്രങ്ങൾ മഴ നനഞ്ഞ് കുതിർന്നിരുന്നു. സാരിത്തലപ്പുകൊണ്ട് മുഖം മറച്ച് ഭിത്തിയുടെ ഓരവും ചാരി അവൾ നിന്നു......... ഹൊ എന്തൊരു കാറ്റ്!. മുറ്റത്തു മഴവെള്ളം കുത്തിയൊലിച്ചു പൊയ്ക്കൊണ്ടിരുന്നു. അവയിൽ നീർക്കുമിളകൾ തീർക്കുന്ന അമൂർത്ത ചിത്രങ്ങളും നോക്കി നിൽക്കുകയാണവൾ. ഇത്രനേരമായിട്ടും അയാളെ കണ്ടില്ലെന്നഭാവം. കരയാൻ പോകുന്ന കൊച്ചുകുട്ടിയുടെ മുഖമാണവൾക്ക്. കണ്ണുകളിൽ പടർന്നു കിടക്കുന്ന ശോകച്ഛായ.

ജോലികിട്ടുമ്പോൾ തിരികെ തന്നേക്കണം. തുച്ഛമായ ചില്ലറത്തുട്ടുകൾ കയ്യിൽ തന്നിട്ട് ഉഷ പറഞ്ഞത് അയാൾ ഓർത്തു. അവൾക്കും ഇതേ പ്രായം വരും. ഇതേ കണ്ണുകൾ, ഇതേ നിറം വ്യക്തമായ ഒരുത്തരം നല്കുവാൻ കഴിയാതെ നിൽക്കുമ്പോളാണ് അമ്മ വന്നത്.

നേരത്തെ പെയ്ക്കോളൂ മോനേ. അമ്മയോട് യാത്ര പറഞ്ഞിറങ്ങുമ്പോൾ മനസ്സ് വളരെ അസ്വസ്ഥമായിരുന്നു. വൃദ്ധനായ അച്ഛൻ, ഉഷ, രാധിക, കുടുംബം, പ്രാരാബ്ധങ്ങളുടെ ഒരു വലിയ പുകമറ അയാളെ വലയം ചെയ്തു കഴിഞ്ഞിരുന്നു.

അമ്മയ്ക്ക് ഒരു നേര്യത്, കൂടപ്പിറപ്പുകൾക്ക് ഓരോ രക്ഷാ സങ്കേതം, അച്ഛന് ഒരു കട്ടിൽ, ഇതെല്ലാം അയാളുടെ സ്വപ്നങ്ങളായിരുന്നു. കാറ്റ് പെൺകുട്ടിയുടെ വസ്ത്രങ്ങൾ പിടിച്ച് വലിക്കുന്നു. തീരെ മുഷിഞ്ഞ് നിറം മങ്ങിയ ഒരു സാരിയാണ്

നിമിഷങ്ങൾ അവർക്കു മുൻപിൽ കൂടി കടന്നുപൊയ്ക്കൊണ്ടിരുന്നു. വാതിലിനു പിന്നിൽ അറ്റൻഡറുടെ മുഖം പ്രത്യക്ഷപ്പെട്ടു. ആരാണ്................? അയാൾ പെൺകുട്ടിയുടെ പേര് വിളിച്ചു. ഭവ്യതയോടെ അവൾ അറ്റൻഡറെ അനുഗമിച്ചു. മുറിയുടെ വാതിൽ അയാൾക്കു മുന്നിൽ വീണ്ടും അടയ്ക്കപ്പെട്ടു. മഴ കനക്കുവാൻ തുടങ്ങി, അതോടെ വരാന്ത പൂർവ്വാധികം ഇരുണ്ടു. മിന്നൽപിണരുകൾ അയാളെ തൊട്ടു കടന്നുപോയി.

ഒരേയൊരു ഒഴിവാണിത്, തസ്തികയിലേക്കുള്ള ഇന്റർ വ്യൂവിന് വന്നിരിക്കുന്നത് താനും അവ ളും മാത്രം! അയാൾക്ക് അത്ഭുതം തോന്നാതിരുന്നില്ല. ഇരുവരും സ്വയം നിശ്ചയിച്ചു കാണും ഇത് തങ്ങൾക്ക് കിട്ടില്ല എന്ന്, അടുത്തത് തന്റെ ഊഴം, ആത്മവിശ്വാസത്തോടെ അയാളൊന്ന് ദീർഘ നിശ്വാസം ചെയ്തു.

പൊടുന്നനെ ഒരു തേങ്ങൽ, ആ പെൺകുട്ടി കരയുകയാണോ? അയാൾ ചെവിയോർത്തു നിന്നു. അതേ അവൾ ദീനമായി വിലപിക്കുകയാണ്. എന്തുപറ്റി അവൾക്ക്! അയാൾ അസ്വസ്ഥനായി, അടച്ചിട്ടിരുന്ന ജനലുകളിൽ ഒന്നെങ്കിലും തുറക്കാൻ ശ്രമിച്ചു നോക്കി. പക്ഷേ അവയുടെ കനത്ത പാളികൾ അയാളുടെ മുന്നിൽ അടഞ്ഞു തന്നെ കിടന്നു. മഴയുടെ ശക്തി ഏറി വന്നു. അതിനു മേലെ അവളുടെ ആർത്തനാദവും.

അയാൾക്ക് പിന്നീടൊന്നും ആലോചിക്കാനുണ്ടായിരുന്നില്ല. തകർത്തു പെയ്യുന്ന മഴയെ വകവയ്ക്കാതെ അയാൾ ഇറങ്ങി നടന്നു. മഴവെള്ളം തിങ്ങിയ വഴിച്ചാലുകൾ അയാളുടെ നിസ്സംഗതയ്ക്കു വഴിമാറിക്കൊടുത്തു. എങ്കിലും ആത്മരക്ഷയ്ക്കായി കേഴുന്ന ഒരു പെൺകുട്ടിയുടെ നിസ്സഹായത നിറഞ്ഞ ശബ്ദം അയാളുടെ ചെവിയിൽ മുഴങ്ങുന്നുണ്ടായിരുന്നു................

# സ്വപ്നവേട്ടക്കാരൻ

**ജെയ്സിൽ ജേക്കബ്**
രണ്ടാം വർഷ എം.എ. സൈക്കോളജി

I

നമ്മളൊരുമിച്ച്
ഒരു കമ്പിളിക്കടിയിൽ
ആലിംഗനത്തിലമർന്ന്
സ്വകാര്യം പങ്കുവെച്ച്
അത്യഗാധമായ ആഴത്തിൽ
നമ്മളൊന്നാണെന്ന്
ഒരിക്കൽ കൂടി പറയുന്നു.

II



കരവലയത്താൽ ഞെരിച്ചമർത്തി
നീ എന്റേതായോയെന്ന് ചോദ്യം;
സ്വയം ഒന്നു നോക്കിയിട്ട്
നീണ്ട മൗനക്കുരുക്കിലേയ്ക്ക്
അവൾ ആഴ്ന്നിറങ്ങി.

III

നഷ്ടപ്പെട്ടതെല്ലാം
തിരിച്ചു തരണമെന്ന്
പറഞ്ഞവളോട്;
എനിക്കൊന്നിനും
ധൈര്യമില്ലെന്ന്
ആത്മഗതം.

IV

വെളുപ്പാൻ കാലത്ത്
ഒന്നുമുരിയാടാതെ
അവൾ അവളുടേതെന്നും
ഞാൻ എന്റേതെന്നും
പറഞ്ഞ വഴികളിൽ
യാത്രയായി.

V

സ്വപ്നവേട്ടക്കാരൻ
ഓർമ്മയുടെ വാൾകുത്തി മരിച്ചതായി
ആരൊക്കെയോ പറയുന്നുണ്ടായിരുന്നു.

(മുതലവേട്ടക്കാരൻ എന്നറിയപ്പെട്ടിരുന്ന സ്റ്റീവ് ഇർവിനോട് കടപ്പാട്)

# അവൾ

**ജോസ് കുര്യാക്കോസ്**
ഒന്നാംവർഷ ഇംഗ്ലീഷ് ബിരുദം

**എ**ന്റെ ജീവിതത്തിന്റെ ആദ്യ ദിനങ്ങൾ അവൾ എന്നോടൊപ്പം ഉണ്ടായിരുന്നു. പക്ഷേ അവളുടെ പ്രാധാന്യം ഞാൻ അറിഞ്ഞിരുന്നില്ല. പ്രായം ഏറും തോറും അവൾ എന്നോടു കൂടുതൽ അടുത്തു. ഒരു വ്യാഴവട്ടക്കാലത്തിന്റെ അസുലഭ മുഹൂർത്തമാകുന്ന നീലക്കുറിഞ്ഞി പൂക്കളെപ്പോലെ പരന്നു കിടക്കുന്ന സ്വപ്നങ്ങൾ അവൾ എനിക്കു തന്നു. അവളെ ഞാൻ അടുത്തറിയാൻ തുടങ്ങിയതുമുതൽ ഞാൻ അവളുമായി കടുത്ത പ്രണയത്തിലായി. അവൾ എന്നോടൊപ്പമുള്ള നിമിഷങ്ങളിലെല്ലാം ഈ ലോകം എന്താണെന്നു ഞാൻ മറന്നുപോയി. അവളുമായുള്ള എന്റെ പ്രണയ സല്ലാപം സമയ പരിധി ലംഘിച്ചപ്പോൾ ചുവരിലെ ഘടികാരവും മേശപ്പുറത്തെ മൊബൈൽ ഫോണും എനിക്കു ശല്യമായി തോന്നി. എന്റെ നിരാശയിലും തളർച്ചയിലും അവൾ എന്നെ പ്രണയിച്ചു. എല്ലാം മറന്ന് അവളുടെ ലോകത്തേയ്ക്കു സഞ്ചരിക്കുവാൻ ഞാൻ വെമ്പൽ കൊണ്ടു.

പിന്നെ പ്രശ്നങ്ങളുടെ തുടക്കമായിരുന്നു. എന്റെ മാതാപിതാക്കൾ അവളുമായുള്ള എന്റെ അടുപ്പത്തെ കുറിച്ചറിഞ്ഞു. അവളിൽ നിന്ന് അകലുവാൻ ...... അവർ എന്നോടു പറഞ്ഞു. പക്ഷേ അവരുടെ വാക്കുകൾ ഞാൻ കാര്യമായ് എടുത്തില്ല. കാരണം ഞാൻ അവളെ അത്രയേറെ പ്രണയിച്ചിരുന്നു. പരീക്ഷയ്ക്കു വേണ്ടി പഠിക്കുവാൻ പുസ്തകം എടുത്തു മുൻപിൽ വയ്ക്കുമ്പോൾ അവളെ കുറിച്ചുള്ള ചിന്തകൾ എന്നെ ഉലച്ചു. ഞാൻ അവളുടെ ലോകത്താണെന്നു എന്റെ അച്ഛനമ്മമാർ കണ്ടെത്തിയപ്പോൾ പ്രശ്നങ്ങൾ വീണ്ടും തലപൊക്കി. ചൂടുള്ള വേനൽ കാറ്റിന്റെ ചൂളം വിളികൾ തെങ്ങിൻ തലപ്പുകളിൽ നിന്നും ഒരു മുഴക്കമായ് ഇറങ്ങി വന്ന ആ ദിവസങ്ങളിൽ ഞാൻ അവളെ മറക്കാൻ ശ്രമിച്ചു. എന്റെ ഭാവിയെ കരുതി ഞാൻ അവളെ ഉപേക്ഷിക്കണമെന്ന അവരുടെ നിർബന്ധത്തിനു ഞാൻ വഴങ്ങുകയായിരുന്നു.

പിന്നീട് അവളുടെ സ്നേഹത്തിന്റെ വില ഞാൻ മനസ്സിലാക്കിയ ദിവസങ്ങളായിരുന്നു. എന്റെ പരീക്ഷകളെല്ലാം കഴിഞ്ഞ് ചരിത്രക്ലാസ്സിൽ ഞാൻ ഇരിക്കുമ്പോൾ അവൾ വീണ്ടും എന്നെ തേടി വരുന്നതായി എനിക്കു തോന്നി. പഴയ ആലസ്യത്തിലേയ്ക്കു ഞാൻ പിച്ചവയ്ക്കവേ ആ സത്യം ഞാൻ മനസ്സിലാക്കി. എന്റെ സുഹൃത്തിനെ തേടി അവൾ പോവുകയാണ്. പക്ഷെ ഞാൻ വിട്ടുകൊടുക്കാൻ തയ്യാറായിരുന്നില്ല. എന്റെ ഹൃദയമാകുന്ന കോവിലിൽ അവളെ ചിരപ്രതിഷ്ഠയാക്കാൻ ഞാൻ തീരുമാനിച്ചുറച്ചു. എനിക്കൊരു ആവേശമായിരുന്നു അവൾ. പക്ഷെ അവൾ എന്റെ ചെവിയിൽ മന്ത്രിച്ചു. **"എന്നെ എന്നേക്കുമായി സ്വീകരിച്ചാൽ നിനക്കു എല്ലാം ഉപേക്ഷിച്ച് ഒരു യാത്ര പോകേണ്ടി വരും. ആ ദീർഘ യാത്രയിൽ പുഷ്പചക്രങ്ങൾ നിനക്കു അകമ്പടി സേവിക്കും."**

മൗനം ചില അനർഘ നിമിഷങ്ങളിൽ ഉന്നതമായ സാഹിത്യഭാഷയേക്കാളും പ്രഗത്ഭമായ വാഗ്ധോരണിയേക്കാളും വാചാലമാണ്. അത്തരത്തിലുള്ള ഒരു മൗനത്തിനുടമയായിരുന്നു അവൾ. അവൾക്കു ഒരാളുടെ കൂടെ മാത്രം നിൽക്കുവാൻ കഴിയില്ല. ആവശ്യമുള്ളിടത്തെല്ലാം അവൾക്കു ഓടിയെത്തേണ്ടിയിരിക്കുന്നു. നിറങ്ങൾ കൊണ്ടും വേഗത കൊണ്ടും ഈ ലോകമെന്നെ അമ്പരിപ്പിച്ചപ്പോൾ സാന്ത്വനമായി നിന്ന അവൾ, എന്റേതു മാത്രമായിരുന്നില്ല എന്നറിഞ്ഞപ്പോൾ എനിക്കു ദുഃഖം തോന്നി. എന്നിലെ സ്വാർത്ഥത എന്നെ നിരാശപ്പെടുത്തി. അപ്പോൾ എന്റെ സുഹൃത്തുമായി അവൾ പ്രണയ സല്ലാപത്തിലായിരുന്നു; അവൻ ഉറങ്ങുകയായിരുന്നു.



എനിക്കറിയാം നിങ്ങൾ ഓരോരുത്തരും അവളെ ആത്മാർത്ഥമായി പ്രണയിക്കുന്നുണ്ട്. നിങ്ങൾ ഇനിയും മനസ്സിലാക്കിയില്ലേ? **വിരസമായ ക്ലാസ്സ് മുറികളിൽ നിങ്ങളെ തേടിയെത്തുന്ന ഉറക്കമാകുന്നു "അവൾ".**

# BEAUTY AND THE BEAST
## The whats and whys of COSMETICS

**K. P. Unnikrishnan**
**Department of Chemistry.**

*The fourth World Conference on Breast Cancer held in June 2004 saw 650 delegates from sixty countries including cancer survivors. NGOs and environmental groups who came together to draw attention to the links between cosmetics and breast cancer. It has been established beyond doubt that one-third of all cosmetic products contain one or more ingredients such as coal tar, formaldehyde and lead acetate, all potentially linked to cancer.*

Cosmetic companies play on notions of femininity and nationalism to win the hearts of women. Fashion and beauty magazines, advertisements and stage shows catalyse this activity. Women are constantly and consistently bombarded with beauty images through pervasive ads that gradually become part of their aspirations. Cosmetic manufactures and marketers laugh their way to the bank. A popular 'face cream' has an estimated 60 million consumers within the Indian subcontinent and exports to 34 countries in Southeast and Central Asia as well as the Middle East. The real 'face' of this cream was an unveiled when a Delhi base college student filed a suit against the product in the consumer court. "I used the fairness cream for the period mentioned on the package. Instead of becoming fair, I developed serious skin problems!" complained Chandini Senguptha. Beauty seems to be skin deep as more and more consumers find their favourite cosmetic products to be the storehouse of harmful chemicals and toxic substances. Words and phrases such as 'new', 'with active ingredients', 'vitamin rich' etc are often used by manufactures to hide the dangerous chemical concoctions the products contain.

The worst-case scenario is one where the consumer is not aware of the evils of the products unless something drastic happens. The consumer -women or men- of cosmetics and skin care products must be aware of the harmful effects of the ingredients in the products. Generally the consumers are lured by the colourful ads and in many cases by the 'herbal' tag. The Drugs and Cosmetics Act (1940) underlines that cosmetics must comply with standards prescribed by the statue. Legal measures are delineated so as to control the manufacture, import and sale of cosmetics. As per the act, false claims cannot made on the package of the cosmetics about its transformative capacities. Surely, if these were implemented seriously and stringently most cosmetic manufactures in India would face criminal charges for misleading consumers. It is the responsibility of the state drug licensing authority to issue licenses to all pharmaceutical and cosmetic manufactures. The Bureau of Indian Standards approves all drugs and cosmetics adhering to the Act. The market, however has relegated all these authorities to the background in its stride to the heights. Mrs. Jaya Gupta, Indore a retired government employee, lodged a complaint with a lipstick company saying that the lipstick caused eruptions all over her lips. All the company did was to send a representative to her house who bought her silence with a free gift hamper full of cosmetic products!! Happy?

After trapping one half of the global population, marketers have decided to hypnotize the other half of the market, the males. Mass media has already announced the entry of metro sexual male, one who dons moisturizers, under eye serums and facials. A new television ad shows a guy creeping into a girl's dressing room to steal cosmetics! The marketers work incessantly to dish out new products and product extension for women as well as men.

Indiscriminate product innovation has led to a large number of cosmetic products flooding the Indian market. The global cosmetics sales figures skyrocketed in 2003-04 to 200 billion dollars. Markets in the developing countries have seen an upward trend generated by the improving economic conditions. A sizable share of sales in Indian cosmetic market is shown to take place in Kerala, one of the smallest states in India. Long live literacy!!

The various chemicals involved in cosmetics products and their impact on our health can be summarized as follows.

| PRODUCT | PRINCIPAL CHEMICAL AGENTS | IMPACT OF HEALTH |
|---|---|---|
| Deodorant/ perfume | Aluminium, propylene glycol | Breast cancer in women |
| | Butylated hydroxytolune | Kidney & liver damage<br>Allergies, dermatitis |
| Tooth paste | Fluoride | Carcinogen |
| | Sorbitol | Intestinal cramping |
| | Saccharine | Bladder Cancer |
| | Silicates | Enamel damage |
| Sunscreen | Pottassium hydroxide | Eye damage |
| | Oxybenzone | Skin cancer |
| Lipstick/eye shadow | Coal tar derivatives | Carcinogen |
| Hair care products | Lead acetate | Hormone disruption |
| | Sudan I | Carcinogen |
| | 4, Methyl-m-phenylenediamine | Carcinogen |
| Hair dye | Silver nitrate | Carcinogen |
| Lotions & Moisturizers | Liquid paraffin | Carcinogen |
| | Limonene | Asthma, Tumours |
| Foundations/facial cleansers | Nitrosamines | Carcinogen |
| | Formaldehyde | Carcinogen |
| | Propyl paraben | Carcinogen |

However, the growing awareness among the masses and increasing pressure on global brands to reveal the real ingredients used in their products is heartening . Unless the notion of beauty created by marketers undergone a change, little can be done about limiting the use of beauty products. Crores spent on advertisements ensure that they never go out of fashion. Lip service is often paid to inquiries about health hazards associated with these products. So long as 'fair' means 'white complexioned' to us, any effort to educate the public will be futile. After all it is the costumer to decide.

# ഷിനു : ഓർമ്മകൾക്ക് മരണമില്ല

*I love walking in the rain*
*because nobody can see me crying......*

*-Charlie Chaplin*



**ജെയ്സിൽ ജേക്കബ്**
രണ്ടാം വർഷ എം.എ. സൈക്കോളജി

**നി**ന്നോടൊപ്പം നടന്നുപോയ വഴികളിൽ ഓർമ്മകൾ തളംകെട്ടുകയാണ്. നിന്റെ കയ്യൊപ്പു പതിഞ്ഞ കോളേജ് മാഗസിനുകൾ, നിന്റെ വിയർപ്പിൽ നിന്ന് ഉയിർക്കൊണ്ട ലിറ്റിൽ മാഗസിൻ, ജീവിതം മണക്കുന്ന നിന്റെ കവിതകൾ, യാഥാർത്ഥ്യത്തിന്റെ നിറമുള്ള നിന്റെ ചിത്രങ്ങൾ....... ഇവിടെ നീ അവശേഷിപ്പിച്ചതെല്ലാം ഞങ്ങൾ ഹൃദയത്തോടു ചേർക്കുന്നു; കുന്നുകയറി വരുന്ന ആ പഴയ ബൈക്കിന്റെ വേദനയുള്ള അലർച്ച, അസംഭവ്യങ്ങളെന്ന് ഞങ്ങൾ കളിയാക്കിപറഞ്ഞ നിന്റെ സ്വപ്നങ്ങൾ, കളിയും കാര്യവും നിറഞ്ഞ നമ്മുടെ ദിനരാത്രങ്ങൾ ..............

❖ ❖ ❖ ❖

ഞങ്ങൾക്കു മുമ്പിൽ വാക്കിന്റേയും വരകളുടേയും അഞ്ചുവർഷക്കാലം നീണ്ട മഴ പെയ്തു തീരുകയാണ്. വഴിയവസാനിക്കുന്നുവെന്ന് അറിഞ്ഞതുകൊണ്ടാവണം അവൻ കവിതകളിൽ ജീവിതം കുത്തിനിറച്ചത്. ആംബുലൻസിന്റെ മുന്നിൽ നിന്ന് ഫോട്ടോയെടുത്ത് അവൻ മരണത്തോട് സംസാരിക്കുകയായിരുന്നിരിക്കണം. മരണശേഷം മഹത്തരമാക്കപ്പെട്ടുന്നവരെക്കുറിച്ച് ഒരവധൂതനെപ്പോലെ പലവട്ടം അവൻ ഓർമ്മപ്പെടുത്തിയിരുന്നു. മരണം കാത്തുകിടന്ന അവസാന നിമിഷങ്ങളിൽ പോലും വേദനയുടെ ആഴങ്ങളിൽ നിന്ന് ജീവിതത്തിലേയ്ക്കുള്ള ദൂരം അവൻ കണക്കുകൂട്ടിയിരിക്കണം.

ഒരു മാഗസിനിൽ അവനറിയാതെ വന്ന അവന്റെ രോഗവിവരത്തെക്കുറിച്ച് മറ്റാരും അറിയാതിരിക്കാൻ ലൈബ്രറിയിൽ നിന്ന് അതെടുത്തു മാറ്റിയത് സഹതാപത്തിന്റെ കണ്ണുകളെ ആട്ടിപ്പായിക്കാനായിരുന്നു; അവന് മനുഷ്യനെപ്പോലെ ജീവിക്കണമായിരുന്നു.

ക്യാൻസറിന്റെ അസഹനീയമായ വേദന തിന്നുമ്പോഴും അവൻ ഞങ്ങൾക്കുവേണ്ടി ഉച്ചത്തിൽ കവിതകൾ ചൊല്ലുമായിരുന്നു. ഞങ്ങൾക്കു വേണ്ടി ചിത്രങ്ങൾ വരയ്ക്കുമായിരുന്നു. 'കോമാളിക്കോലങ്ങൾ' എന്ന കവിതയിൽ അവനിങ്ങനെ കോറിയിട്ടു;


നമുക്കു പിരിയാം
ഓർമ്മകൾ ശാപത്തിൻ
തീമഴകളാക്കി
അന്യമായ മനസ്സിനെ
സൂചിമുനയിൽ തറച്ച്
കിനാവുകൾ രാത്രിവണ്ടിക്കു നൽകി
നമുക്കു പിരിയാം........

❖ ❖ ❖ ❖

പൊലിഞ്ഞുപോയ നക്ഷത്രത്തെ നോക്കി നീയുണ്ടായിരുന്നെങ്കിലെന്ന് ഞങ്ങൾ വിലപിക്കുന്നില്ല. എങ്കിലും ഷിനു, നീയുണ്ടായിരുന്നെങ്കിൽ നിശ്ശബ്ദമാക്കപ്പെട്ട ഒരാൾക്കൂട്ടത്തിനിടയിൽ നിന്ന് അവർക്കുവേണ്ടി നമുക്കുച്ചത്തിൽ കവിത ചൊല്ലാമായിരുന്നു; നിറമില്ലാത്ത പെൻസിൽ കൊണ്ട് നീ വരയ്ക്കുന്ന ചിത്രങ്ങളിൽ തെളിയുന്ന ഞങ്ങളുടെ നിഴൽ കാണാമായിരുന്നു.....

ഷിനു സത്യൻ മാഗസിനുവേണ്ടി എഴുതിയ കവിതകൾ

# കടലെടുക്കുന്ന കണ്ണുകൾ



കടലിനും കണ്ണിനുമിടയിൽ
ഒരു ഒറ്റക്കാലൻ കണ്ണട
കാഴ്ച കണ്ടു നടക്കവേ.............
സമ്മതങ്ങളിൽ വിശ്വാസമില്ലാത്ത
ഒരു കുരുടൻ-കടലിലെ
നേർവര തിരഞ്ഞുനിന്നു.
ഇവിടെ,
കടലിനും കണ്ണിനുമിടയിൽ ഒരു വിടവുണ്ട്
കണ്ണീരും പ്രണയവും പോലെ.
അസ്ഥി കരിഞ്ഞ മണ്ണിൽ
വേരൂന്നിയ കാലത്തിന്റെ-
മഹാസാക്ഷിയായ തിമിരംകൊണ്ട്
വിടവുകൾ നികത്തപ്പെടും...........
കടൽ കറുത്തു...............
കാൽ വലിച്ച്, കണ്ണു വലിച്ച് മടങ്ങവേ
ആരോ തീർത്ത മണൽ പ്രതിമ
കടലിനെ നോക്കി നിന്നു.
കടലെടുക്കാൻ സമയമുണ്ടിനിയും...

# മനസ്സുറങ്ങുമ്പോൾ

മനസ്സുറങ്ങുമ്പോൾ
സമയം,
പെന്റുലത്തിനടിയിലൂടെ
ഓർമ്മകളുടെ കുരുക്കിട്ട്
നിവർന്ന് കിടന്നു.
ആരോ പറഞ്ഞ കഥയിലെ
മൗനങ്ങൾക്ക് ചിതകൊളുത്തുന്ന
ഘടികാരത്തിന് മാപ്പു പറഞ്ഞിട്ട്
കാലം വിതറിയ
രക്തപുഷ്പങ്ങൾ വാരിയെടുത്ത്
നിസംഗതയിൽ തളച്ചിട്ട വിമ്മിട്ടങ്ങൾ
കണ്ണീർ വാർത്തുണർന്നിരിക്കുന്നു.....
മനസ്സുറങ്ങുമ്പോൾ
പറഞ്ഞുമടുത്ത വാക്കുകൾ
ഉരുവിടാതെ...... വീണ്ടും
ഒരു പ്രണയദിനം
ചിന്നിയ ചോരക്കറകളിൽ
മുഷിഞ്ഞ റോസയുടെ ദളങ്ങൾ
സൂക്ഷിച്ച് വച്ച് ഉറങ്ങുന്ന മനസ്സ്
കാത്തിരിക്കട്ടെ.
ഇനിയും ഒരു പ്രണയദിനം വരും
അന്ന്, നരകയറിയ വിമ്മിട്ടങ്ങൾ
കാത്ത് വെച്ച പൂക്കൾ കരിഞ്ഞുണങ്ങും
മനസ്സുറങ്ങുമ്പോൾ അതും
വെറും കിനാവായ് മാറും.

# ഉൾവിളിയുടെ ഉന്മാദ രാത്രികൾക്ക്

കാലം
മുറിവുകൾ വീഴ്ത്തിയ
നെഞ്ചിൽ
ആദ്യം
ഒറ്റപ്പെട്ടവനായ്
കുറിച്ചിട്ട വാക്കുകൾ
തകർന്ന കോർണിയ
വിടർന്ന പൂവുകൾ
പിന്നെ
കുറെ
റിയലിസ്റ്റിക്ക്
മഴചിത്രങ്ങൾ.

# അനന്തരം



അനന്തരം
ഒരു വിറയൽ
ഒടിഞ്ഞ ക്രൂശിനപ്പുറം
നിറമില്ലാത്ത നിഴൽ!
കറുത്ത കണ്ണിൽ
പകൽ വെളിച്ചത്തിന്റെ പൂക്കൾ
ചോര ചുവപ്പിന്റെ കയ്പു തിന്നു
ഓർക്കാപ്പുറത്തടർന്നു
കണ്ണീർ
ഇരുളിൽ ചിതറിവീഴുന്ന
നനഞ്ഞു കനത്ത
മണൽത്തരികളിലിഴഞ്ഞുപോയ
പടു ജീവൻ
മുറിപ്പാടുമായി ഒടിഞ്ഞ
ക്രൂശിൽ തറയ്ക്കപ്പെട്ടു
ഒരു കാറ്റ്...........
നിനക്കിനി പൂർണ്ണത.

കഥ

# താളം തെറ്റിയ ഗാനം

**അഞ്ജു ജേക്കബ്**
രണ്ടാംവർഷ ഇംഗ്ലീഷ് ബിരുദം

**സമയം 5.30 am**

"അങ്ങനെ നമ്മുടെ ഒരിതൾ കൂടി പൊഴിയുകയാണ്. ഭൂമിയിൽ പോയി നന്മകൾ മാത്രം ചെയ്തു തിരിച്ചു വരാൻ നിനക്കു കഴിയട്ടെ എന്നൊരാശംസ മാത്രം"; മിന്നുന്ന വെള്ളിച്ചിറകുകൾ വിരിച്ച തുമ്പികളിൽ ഒരുവൻ പറഞ്ഞു.

"എത്ര രസകരമായിരുന്നു ഇവിടെ, ഈ ശാന്തതയിലാണ് ജീവിതത്തിന്റെ ആദിയും അന്തവും പൂർണ്ണതയും എന്നത് എത്ര വാസ്തവം". പറന്നകലുന്നതിനു മുൻപായ് കൊച്ചുതുമ്പി സഹവാസികളോടായ് പറഞ്ഞു.

ഇത് മയ്യഴിപ്പുഴയുടെ സ്വന്തം വെള്ളിയാങ്കൽ; ഭൂമിയിൽ പിറവിയെടുക്കും മുൻപ് ആത്മാക്കൾ തുമ്പികളായ് പാറിനടക്കുന്ന കണ്ണീർത്തുള്ളി പോലുള്ള സ്ഥലം. അവിടെനിന്നു മനുഷ്യജന്മത്തിനായ് ഒരു കൊച്ചു തുമ്പിയെ ഭൂമിയിലേക്കിതാ യാത്രയാക്കുന്ന മറ്റു വെള്ളാരംതുമ്പികൾ. കൊച്ചുതുമ്പി വെള്ളിച്ചിറകുകൾ വിരിച്ച് പറന്നകലുന്നു. ഒരു മണിനാദം അന്തരീക്ഷത്തെ മുഖരിതമാക്കി. "മണിമുഴക്കിയാണോ ഇവിടെ തുമ്പികളെ യാത്ര അയക്കാറ്"? അവൾ സ്വയം ചോദിച്ചു.

ഇമകൾ ചിമ്മി ഞെട്ടിയെഴുന്നേറ്റപ്പോൾ, തന്റെ മുമ്പിൽ ഉറഞ്ഞുതുള്ളുന്ന ഒരു വെളിച്ചപ്പാടിനെയാണവൾ കണ്ടത്. " Its too late Miss.Saraswathi Krshnan, Rising bell അടിച്ചു കഴിഞ്ഞിട്ടു പത്തുമിനിട്ടു കഴിഞ്ഞു. ഈ ഹോസ്റ്റലിന് ചില 'Rules and regulations' ഉണ്ട്, അതനുസരിച്ചു പോയാൽ തനിക്കു കൊള്ളാം". വാർഡന്റെ മാറിമറയുന്ന മുഖഭാവങ്ങൾ അവളെ സ്തംഭിതയാക്കി. ഇന്നത്തെ കണി കെങ്കേമം തന്നെയെന്നു പിറുപിറുത്തുകൊണ്ട് അവൾ പതുക്കെ എഴുന്നേറ്റ് പുതപ്പു മടക്കി.

**സമയം - 8.30 am**

"മാന്യമഹാജനങ്ങളുടെ ശ്രദ്ധയ്ക്ക് ഇതാ പതിനെട്ടാം നൂറ്റാണ്ടിലെ ഒരു സ്വപ്ന നായിക നടന്നു നീങ്ങുന്നു. അതിനാൽ തമ്പുരാട്ടിക്കായ് ജനങ്ങൾ വഴിമാറിക്കൊടുക്കണമെന്ന് വിളംബരം ചെയ്തുകൊള്ളുന്നു".

സീനിയേഴ്സിന്റെ ആർത്തലച്ച കളിയാക്കലുകൾക്കിടയിൽ കെണിയിലകപ്പെട്ട മാൻകിടാവിനെ പോലെ, തന്റെ പച്ച പട്ടുപാവാടയിൽ കൈകൾ മുറുക്കിപിടിച്ചവൾ നമ്രമുഖിയായ് നടന്നു.

എന്തു ചെയ്യാം ലിപ്സ്റ്റിക്കിന്റേയും, റൂഷിന്റേയും മായാലോകം അവൾക്ക് അപരിചിതമായിരുന്നു.

**സമയം - 10.30 am**

ക്ലാസ്സ്മുറിയിൽ ടീച്ചർ എന്തൊക്കെയോ വിചിത്ര ഭാഷയിൽ സംസാരിക്കുന്നതായ് തോന്നി. തൊട്ടടുത്തുള്ള ജാലകങ്ങൾക്കപ്പുറത്ത് കാറ്റിൽ തത്തിക്കളിക്കുന്ന അപ്പൂപ്പൻതാടികൾ അവളെ ഭൂതകാലത്തിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയി.

ഗ്രാമത്തിലെ കറുകപ്പുല്ലുകൾ നിറഞ്ഞ വരമ്പും, പച്ചപുതച്ച പാടങ്ങളും, തന്റെ ഓലപ്പുരയും, കുന്നിൻപുറത്തെ വലിയ പള്ളിക്കൂടവും ഒക്കെ ജീവൻവെച്ചതായി തോന്നി. റാന്തൽ വിളക്കിന്റെ കീഴിൽ ഇരുന്നു പഠിച്ചു പന്ത്രണ്ടാം ക്ലാസ്സിൽ ഒന്നാം റാങ്കു നേടിയപ്പോൾ, പട്ടിണികിടന്നിട്ടായാലും മകളെ ഉപരിപഠനത്തിനായ് പട്ടണത്തിലുള്ള വലിയ കോളേജിൽ ചേർക്കണമെന്ന് അച്ഛൻ അതിയായി ആഗ്രഹിച്ചു. തന്റെ ചങ്ങാതികൾക്കൊപ്പം അടുത്ത ഗ്രാമത്തിലെ കോളേജിൽ പഠിക്കാം എന്ന ആഗ്രഹം തന്റെ ഭാസുരമായ ഭാവിക്കു വേണ്ടിയും, വീട്ടുകാർക്കു വേണ്ടിയും അവൾ മാറ്റിവെച്ചു. നഗരകലാലയത്തിൽ തന്നെ പോയി പഠിക്കാൻ അവസാനം തീരുമാനിച്ചു. അവളുടെ ഏക ആശ്വാസം തന്റെ അയൽക്കാരനും സഹപാഠിയുമായിരുന്ന വൈശാഖനും തന്റെയൊപ്പം ഇതേകോളേജിൽ വന്നു ചേർന്നിട്ടുണ്ട് എന്നുള്ളതായിരുന്നു. നാടും, സഹോദരങ്ങളും, ഉറ്റ സുഹൃത്തുക്കളുമെല്ലാം ഓർമ്മക്കുളിരായി മനസ്സിൽ നിറഞ്ഞു.

ഒരു നേർത്ത സംഗീതം കേട്ടാണ് അവൾ ഭൂതകാലത്തിന്റെ വലകളിൽ നിന്നും പുറത്തു വന്നത്. അത് കേട്ട ഭാഗത്തേയ്ക്ക് അവൾ തിരിഞ്ഞുനോക്കി. "I miz u da...... Pls Km 2 Canteen at 12.pm" "Nokia യുടെപുതിയ handset-ා, latest model എങ്ങനെയുണ്ട്?". ചറപറാന്ന് sms അയക്കുന്ന സഹപാഠി. അവൾ മിഴിച്ചിരുന്നുപോയി.

**സമയം - 10.55 pm**

ഹോസ്റ്റൽ മുറിക്കുള്ളിലെ പെൺസദസ്സുകളുടെ സല്ലാപങ്ങൾക്കും കൂട്ടച്ചിരികൾക്കുമിടയിൽ ദരിദ്ര ഗ്രാമീണ ബാലികയായ അവൾ ഒരു പരിഹാസ കഥാപാത്രമായിരുന്നു.

"Saraswathi Krishnan" 'ഹൊ എനിക്കായിരുന്നു

ഈ നീണ്ടപേരെങ്കിൽ ഞാൻ തൂങ്ങി ചത്തേനേ!' Bhaimi Sanjeev-ന്റെ വക കമന്റ്. കൂട്ടത്തിലെ ഒരു most modern girl നെ തന്നെ റൂംമേറ്റായി കിട്ടിയതിൽ അവൾ സ്വയം പരിതപിച്ചു. 'Saraswathi Krishnan എന്ന തന്റെ പേരും തന്നെപ്പോലെ തന്നെ വളരെ പഴഞ്ചനാ. അതുകൊണ്ട് ഞാൻ വെട്ടിച്ചുരുക്കി തന്നെ Sathvy Krishna എന്നു വിളിക്കാം എന്താ, പേരിലെങ്കിലും താൻ അല്പം modern ആവട്ടെന്നേ'!!


തിരിച്ചൊന്നും പ്രതീക്ഷിക്കാതെ ഭൈമി 'CD-walkman' നുമായി കട്ടിലിലേയ്ക്കു ചരിഞ്ഞു.

അപകർഷതാ ബോധത്താൽ രാത്രിയുടെ യാമങ്ങളിൽ തുറന്നിട്ട ജാലകങ്ങളിലൂടെ നക്ഷത്രകുഞ്ഞുങ്ങളെ എണ്ണിനോക്കാനാവാതെ അവളുടെ അഞ്ജനമെഴുതിയ നയനങ്ങൾ ആർദ്രമായിക്കൊണ്ടിരുന്നു. അകലെനിന്ന് ഒരു വൃശ്ചികമഴ ആർത്തിരമ്പി വന്നു. ഇരമ്പുന്ന മഴയും ഒരു പിടി ഓർമ്മകളും, സരസ്വതിയ്ക്ക് ഏറെ ഇഷ്ടമുള്ള ഒന്നായിരുന്നു.

**February 14th - Valentine's Day**

**കമിതാക്കളുടെ ദിനം**

കാമ്പസ്സിൽ ആകെ ചുവന്ന റോസ മയം.



ഹൃദയാകൃതിയിലുള്ള കടും വർണ്ണ ബലൂണുകൾ എങ്ങും ഉയർന്നു നിൽക്കുന്നു. ഇപ്പോൾ പല നിറങ്ങൾക്കും വിവിധ അർത്ഥങ്ങളാണല്ലോ ഉള്ളത്.

**മഞ്ഞ - Friendship**

**പച്ച - Rejected**

എന്നു വേണ്ട 'കാലത്തിന്റെയോരോ മാറ്റങ്ങളേ'!

"Excuse me, Sathvy Krishnaയല്ലേ? ഒരു Application സമർപ്പിച്ചോട്ടെ? A simple contract for 3 years"

അവളുടെ മുഖത്തെ അന്ധാളിപ്പ് കണ്ട് കോലൻ മുടിയും പാച്ച് വർക്ക് ജീൻസും ധരിച്ച പയ്യൻസ് "ഭയപ്പെടേണ്ട, മൂന്നു വർഷം നമുക്കു പ്രണയിക്കാം, പിന്നീട് Good Friends - ആയി പിരിയാം എന്താ ok യാണോ"?.

ഒന്നു തിരിഞ്ഞുനോക്കുക കൂടി ചെയ്യാതെ അവൾ ക്രിക്കറ്റ് കോർട്ട് ലക്ഷ്യമാക്കി നടന്നു. അവിടെ അവളുടെ റൂം മേയ്റ്റ് ഭൈമി വിഷണ്ണയായി മൊബൈലിലെ റിംഗ്ടോണുകൾ കേട്ട് ഇരിക്കുകയായിരുന്നു. എന്റെ കൂടെ ഒരിടം വരെ വരുമോ. മസ്കാര കൺപീലികൾ താഴ്ത്തി അവൾ ചോദിച്ചു. ഇടുങ്ങിയ ക്യാബിന്റെ യുള്ളിൽ അവൾക്ക് ശ്വാസം മുട്ടുന്നതു പോലെ തോന്നി. ഒരു ടൈപ്പിസ്റ്റിന്റെ ന്റെ ആവേശത്തോടുകൂടി അവളുടെ തഴക്കം വന്ന പോളിഷ് ഇട്ട വിരലുകൾ കീബോർഡിൽ ഓടിക്കളിച്ചു. 'ഹൊ എന്താണെന്നറിയില്ല ഇന്നുച്ചയ്ക്ക് സിനിമ കാണുവാൻ വേണ്ടി ക്ലാസ്സ് കട്ടുചെയ്യേണ്ടി വന്നു. വൈകിട്ട് അവന് Good Bye പറയാൻ സാധിക്കാത്തതു കാരണം ഒന്നു mail ചെയ്തേക്കാമെന്നു കരുതി. രാത്രിയിൽ ചാറ്റിങ്ങ് ഒരു പതിവാ അവന്. ഇൻബോക്സ് അപ്പോൾ ചെക്ക് ചെയ്തുകൊള്ളും'. Good Night....... Sweet Dreams....... LUV.......U.....Always... അക്ഷരങ്ങൾ തെളിഞ്ഞു വന്നുകൊണ്ടിരുന്നു.

കോളേജിന്റെ നീണ്ട ഇടവഴികളിൽ പ്രകൃതി ഭംഗി ആസ്വദിക്കുന്നതു പോലെ കുറെ ചെറുപ്പക്കാർ മാനത്തേക്കും, പിന്നീട് വിദൂരതയിലേക്കും കണ്ണും നട്ടിരിക്കുന്നു. അവരുടെ ഇരുപ്പ് കണ്ടപ്പോൾ ഈ ഐ.ടി യുഗത്തിലും ചങ്ങമ്പുഴയും, ഇടപ്പള്ളിയും ഒക്കെ ജീവിച്ചിരിക്കുന്നുണ്ടോ എന്നവൾ ചിന്തിച്ചുപോയി. അപ്പോഴാണവൾ ശ്രദ്ധിച്ചത്, അവർ ഇടയ്ക്കിടെ വെള്ളപ്പൊടികൾ വായിലിടുന്നുണ്ടായിരുന്നു. സിറിഞ്ചുകളിൽ എന്തൊക്കയോ നിറയ്ക്കുന്നുണ്ടായിരുന്നു. "യൗവ്വനത്തിനൊരു ചരമഗീതം", അവൾ അറിയാതെ പറഞ്ഞുപോയി.

അവൾക്ക് ഈ നശിച്ച ലോകം വിട്ട് മറ്റൊരു ലോകത്തേയ്ക്ക് ഓടുവാൻ തോന്നി. വല്ലപ്പോഴും അല്പം ആശ്വാസം അവൾക്ക് നൽകിയിരുന്നത് വൈശാഖനുമായി ഗ്രാമീണ ജീവിതാനുഭവങ്ങൾ പങ്കിടുന്ന വേളകളായിരുന്നു. അവസാനം അക്ഷരങ്ങളുടെ ലോകം ലക്ഷ്യമാക്കി അവൾ ലൈബ്രറിയിൽ ചെന്നിരുന്നു. മുകുന്ദന്റെ 'മയ്യഴിപ്പുഴയുടെ തീരങ്ങളിൽ' എടുത്തു തുറന്നു പിടിച്ചു. തൊട്ടടുത്ത് നീലചിത്രങ്ങൾ നിറഞ്ഞ അശ്ലീല പുസ്തകങ്ങളിലെ കമർപ്പ് ചുവയ്ക്കുന്ന കമന്റുകൾ; ശ്രദ്ധ കേന്ദ്രീകരിക്കാനാവാതെ ലൈബ്രറിയിൽ നിന്നിറങ്ങി ചാപ്പൽ ലക്ഷ്യമാക്കി അവൾ നടന്നു.

ഒഴിഞ്ഞ മരുഭൂമി പോലെ ചാപ്പൽ. തിരക്കുപിടിച്ച ഇന്നത്തെ ജീവിതത്തിൽ കംപ്യൂട്ടറും യന്ത്രങ്ങളും കാര്യങ്ങൾ നിയന്ത്രിക്കുമ്പോൾ പിന്നെ ദൈവത്തിനെന്തു സ്ഥാനം.

പെട്ടെന്ന് ചാപ്പലിന്റെ പുറകിൽ തനിക്കു പരിചിതമായ ഒരു ശബ്ദം കേട്ട് ആ ബഹളത്തിലേയ്ക്ക് അവ

ളുടെ കാൽപാദങ്ങൾ നീങ്ങി. ആ കാഴ്ച വളരെ അപ്രതീക്ഷിതമായിരുന്നു. തന്റെ എല്ലാ ദുഃഖങ്ങൾക്കുമിടയിൽ അല്പം താങ്ങും ആശ്വാസവുമായിരുന്ന തന്റെ പ്രിയ സുഹൃത്ത് വൈശാഖൻ മറ്റ് കുട്ടികൾക്കൊപ്പമിരുന്ന് എന്തൊക്കയോ പുകച്ചു രസിക്കുന്നു.

അവളെ കണ്ടപ്പോൾ നടുക്കത്തോടെയവൻ "ഞാൻ.......ഞാൻ കൂടെയൊന്നു കൂടിയെന്നേയുള്ളു, അവർ എന്നേയും നിർബന്ധിച്ചപ്പോൾ"........

കൽപ്രതിമയായ് പോയ അവൾ പെട്ടെന്ന് മുതുമുത്തശ്ശൻ ചാപ്പലിന്റെ ഭിത്തിയിൽ ഇളം കൈകൾ തല്ലി തേങ്ങിക്കരഞ്ഞു. താഴെ മണ്ണിൽ വിടർന്നു നിന്നിരുന്ന ലില്ലിപ്പൂക്കളുടെ മേൽ തകർന്നുടഞ്ഞ കരിവളകൾക്കൊപ്പം അടർന്നു വീണ നിണത്തുള്ളികൾ അവയുടെ പിങ്ക് ഇതളുകളെ കടും ചുവപ്പാക്കി മാറ്റി.

"മടുത്തു, എല്ലാം........ എല്ലാത്തിനേയും................ എല്ലാവരേയും ...........ഞാൻ പോകുകയാണ്, എനിക്കെന്നെ തന്നെ നഷ്ടപ്പെടും മുൻപ് "!!!

പോകരുതെന്നു പറയുന്ന നീട്ടി പിടിച്ച അവന്റെ കൈത്തലങ്ങൾക്കകലെ കൺവെട്ടത്തിൽ നിന്നവൾ നടന്നു നീങ്ങി.

ഒരു പക്ഷേ വർണ്ണ ചിരാതുകൾ തേടിയാവാം, അല്ലെങ്കിൽ പിന്നെ മുകുന്ദന്റെ വെള്ളിയാങ്കല്ലിലെ തുമ്പികളുടെ അടുത്തേയ്ക്ക്..............

ഒരു നിഴൽപ്പാടുപോലെ അവൾ മറഞ്ഞകന്നു.


*With best compliments from :*



# Alapatt Shoes

**BRANTED FOOT WEAR SHOP**

NEAR MINI CIVIL STATION, MAIN ROAD
**N. PARAVUR**, Tel : 0484 - 2443154
E-mail : ALAPATTSILVER_LEATHER@YAHOO.COM

***Major Credit Cards Accepted***

*With best compliments from :*

# THEKKINEDATH JOY VESSELS

**WHOLESALE & RETAILERS**

Opp: PARAVUR MARKET, CONVENT ROAD
**N. PARAVUR - 683513**
PH: 0484 - 3090896, (R) 2442410



# ഫിദൽ എന്ന ഇതിഹാസം

**നിബിൻ ജോസഫ്**
രണ്ടാം വർഷ ഇക്കണോമിക്സ് ബിരുദം

**ഏ**കദേശം മൂന്നു ദശകങ്ങൾക്കു ശേഷം ക്യൂബയുടെ ഭരണ സാരഥ്യം ഇതാദ്യമായി ഫിദൽ കാസ്ട്രോയുടെ കയ്യിൽ നിന്ന് താല്ക്കാലികമായെങ്കിലും നീങ്ങിയത് കാസ്ട്രോ വിരുദ്ധരായ ഭരണകൂടങ്ങൾക്കും മാധ്യമങ്ങൾക്കും ചരിത്ര മുഹൂർത്തമായി. ഒരു ഉദര ശസ്ത്രക്രിയക്കു വേണ്ടി പോകേണ്ടി വന്നപ്പോഴാണ് കാസ്ട്രോ സഹോദരൻ റൗളിനെ ഇക്കഴിഞ്ഞ ജൂലൈ 31 ന് ഭരണമേൽപ്പിച്ചത്. കാസ്ട്രോയുടെ ആരോഗ്യത്തെപ്പറ്റി സി.ഐ.എ ഉൾപ്പെടെയുള്ള നിക്ഷിപ്ത താൽപര്യക്കാർ കഥകളും കെട്ടുകഥകളും ചമയ്ക്കാൻ തുടങ്ങിയിട്ട് കാലമേറെയായി. സാമ്രാജ്യത്തിന്റെ വൻശക്തിക്ക് പിഴുതുകളയാൻ പറ്റാതെ, ഒരു പുൽനാമ്പ് പോലെ വേരുറച്ച്, പച്ചിച്ച്, വന്മരങ്ങളെ വെന്ന് അവരുടെ പിന്നാമ്പുറത്തു തന്നെ നിൽക്കുകയായിരുന്നല്ലോ ക്യൂബ. ഒളിച്ചും ഒളിക്കാതെയും കാസ്ട്രോയെ ഇളക്കാൻ അമേരിക്ക ഇക്കാലമത്രയും ശ്രമിച്ചു, പരാജയപ്പെട്ടു. ആകെ 638 തവണ സി.ഐ.എ കാസ്ട്രോയെ വക വരുത്താൻ ശ്രമിച്ചിട്ടുണ്ടെന്നാണ് കണക്കുകൾ. പ്രായാധിക്യമോ രോഗമോ കൊണ്ടെങ്കിലും കാസ്ട്രോയ്ക്ക് തുടരാനാവാതെ വന്നാൽ ക്യൂബയുടെമേൽ പിടിമുറുക്കുവാൻ അവസരം കൈവന്നേക്കുമെന്ന പ്രതീക്ഷയാണ് അവരെ ജീവിപ്പിക്കുന്നതെന്ന് തോന്നും.

എന്നാൽ കാസ്ട്രോ ഇന്ന് ഒരു വ്യക്തി അല്ലതന്നെ. അതുകൊണ്ടു തന്നെ ശാരീരികമായ രോഗപീഡകളോ മരണം പോലുമോ കാസ്ട്രോയെ ബാധിക്കുകയില്ല. ലോകത്തെമ്പാടുമുള്ള സാമ്രാജ്യത്വ വിരുദ്ധ കോർപ്പറേറ്റ് വിരുദ്ധ, ചൂഷണ വിരുദ്ധ മനുഷ്യ സത്തയുടെ പ്രതീകത്തിനെ കാസ്ട്രോ എന്നു വിളിക്കുമ്പോൾ ഒരു ചാരസംഘടനയ്ക്കോ രോഗത്തിനോ മരണത്തിനു പോലുമോ തൊടാനാവാത്ത സാംഗത്യം അതിനു കൈവരുന്നു.

ഫിദൽ അലെയാന്ദ്രോ കാസ്ട്രോ റൂസ് 1926 ആഗസ്റ്റ് 13 നാണ് ജനിച്ചത്. മഹാനായ അലക്സാണ്ടറിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ഫിദൽ പിൽക്കാലത്ത് തന്റെ പേരിനൊപ്പം അലെയാന്ദ്രോ കൂട്ടിച്ചേർക്കുകയായിരുന്നുവത്രേ. കഠിനാധ്വാനിയായ കരിമ്പുകർഷകൻ ഏഞ്ചൽ കാസ്ട്രോ ആർഗിസിന്റേയും വീട്ടുജോലി ചെയ്തിരുന്ന ലീന റൂസ് ഗോൺസാലെസിന്റേയും മൂന്നാമത്തെ മകൻ. റൗൽ കൂടാതെ റാമോൻ എന്നൊരു സഹോദരനും മൂന്നു സഹോദരിമാരും ഫിദലിനുണ്ട്. ഹവാനയിലെ ഒരു ജെസ്യൂട്ട് സ്ക്കൂളിലാണ് പഠനം പൂർത്തിയാക്കിയത്. പിന്നീട് ഹവാന യൂണിവേഴ്സിറ്റിയുടെ ലോ സ്ക്കൂളിൽ പഠിച്ചു.

ക്യാമ്പസ് രാഷ്ട്രീയത്തിൽ നിന്നാണ് ഫിദൽ എന്ന വിപ്ലവകാരിയുടെ തുടക്കം എന്നു പറയാം. ഭരണകൂടത്തിനെതിരെ, സാമൂഹിക നീതിയ്ക്കു വേണ്ടി പൊരുതിയ, പാർത്തിഡോ, ഓർത്തഡോക്ദസാസ് എന്ന സംഘടനയിൽ കാസ്ട്രോയും ചേർന്നു. കൊളംബിയയിൽ ലാറ്റിനമേരിക്കൻ വിദ്യാർത്ഥികളുടെ സമ്മേളനത്തിൽ പങ്കെടുക്കാൻ പോയപ്പോൾ അവിടെ സാക്ഷ്യം വഹിക്കേണ്ടി വന്ന വിദ്യാർത്ഥി സമരങ്ങളും രാഷ്ട്രീയ കൊലപാതകവുമൊക്കെ ജനമുന്നേറ്റങ്ങളുടെ ആദ്യപാഠങ്ങൾ ഫിദലിനെ പഠിപ്പിച്ചു കാണണം. ക്യൂബയിൽ മടങ്ങിയെത്തിയ ഫിദൽ ദരിദ്രർക്കും അശരണർക്കും വേണ്ടി കേസുകൾ വാദിച്ചതിനൊപ്പം തന്നെ ജനറൽ ബത്തിസ്തയുടെ ഭരണകൂടത്തിനും അമേരിക്കൻ സ്വാധീനത്തിനുമെതിരെ ക്യൂബയുടെ ദേശീയ വികാരം വളർത്തിക്കൊണ്ടു വരുന്നതിൽ ബദ്ധശ്രദ്ധമായി. ജനവിധി അട്ടിമറിച്ച് ഭരണത്തിൽ പിടിമുറുക്കിയ

ബത്തിസ്തയെ നീക്കാൻ വിപ്ലവംകൊണ്ടേ കഴിയൂ എന്ന് ഫിദലിനു ബോധ്യമായി. വക്കീൽ പണി ഉപേക്ഷിച്ച് റൗലിനൊപ്പം ഫിദൽ ബത്തിസ്തക്കെതിരെ നീങ്ങി. 53 ജൂലൈ 26ന് മൊൻകാഡാ ബാരക്കുകൾ ആക്രമിച്ചത് അങ്ങനെയാണ്. പക്ഷേ, ആ ശ്രമം പാളി. കാസ്ട്രോയും അനുയായികളും സാൻട്രിയാ ഗോയ്ക്കു സമീപമുള്ള സിയറാ മെയ്സ്ട്രാ പർവ്വതങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തനം തുടർന്നു. ഇതിനിടെ പിടികൂടപ്പെട്ടുവെങ്കിലും രണ്ടു വർഷത്തെ ജയിൽ ശിക്ഷയ്ക്കു ശേഷം പുറത്തു വന്നു. മെക്സിക്കോയിലേയ്ക്കു കടന്ന കാസ്ട്രോ മറ്റ് വിപ്ലവകാരികളെ സംഘടിപ്പിച്ച് ജൂലൈ 26 ന് പ്രസ്ഥാനം ഉണ്ടാക്കി. ഏണസ്റ്റോ ചെ ഗുവേരയെ കണ്ടതും അവിടെ വച്ച്. ഗറില്ലാ യുദ്ധത്തിന്റെ സാധ്യതകൾ അവർക്കു മുന്നിൽ വിരിഞ്ഞു വരികയായിരുന്നു. 1956 നവംബറിലാണ് കാസ്ട്രോയും കൂട്ടാളികളും ക്യൂബയിലേയ്ക്കു മടങ്ങിയത്. ഗ്രാൻമ എന്ന വിഖ്യാതമായ പായക്കപ്പലിലെ മടക്കം. അവർ 82 പേരെ ഉണ്ടായിരുന്നുള്ളൂ. ബത്തിസ്തയുടെ സൈന്യവുമായി നടന്ന ഏറ്റുമുട്ടലുകളിൽ നിരവധി പേർ കൊല്ലപ്പെട്ടു. അന്ത്യമ വിജയം അവരുടേതായിരുന്നു. ഗറില്ലാ യുദ്ധമുറയുടെ ചരിത്രത്തിലെ ആദ്യ വിജയം. 59 ജനുവരി 1 നാണ് ബത്തിസ്ത ക്യൂബ വിട്ട് ഓടിപ്പോയി. പുതിയ ഗവൺമെന്റിൽ ആദ്യം സൈന്യങ്ങളുടെ കമാന്റർ ഇൻ ചീഫ് ആയിരുന്ന കാസ്ട്രോ 59 ഫെബ്രുവരിയിലാണ് ക്യൂബൻ പ്രധാനമന്ത്രിയായത്.

അമേരിക്കൻ പ്രസിഡന്റ് ഐസനോവറും പിന്നീട് കെന്നഡിയുമെല്ലാം പുതിയ ക്യൂബയെ അട്ടിമറിക്കാനുള്ള ശ്രമങ്ങളിൽ ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ പങ്കാളികളായപ്പോൾ, ക്രൂഷ് ചേവ് തുടങ്ങിയുള്ള സോവിയറ്റ് നേതാക്കൾ സ്വാഭാവികമായും കാസ്ട്രോയ്ക്ക് പിൻതുണ നൽകിക്കൊണ്ടിരുന്നു. ശീതയുദ്ധത്തിന്റെ കാലത്ത് അമേരിക്കക്കെതിരെ സോവിയറ്റ് യൂണിയൻ ക്യൂബയിൽ മിസൈലുകൾ സ്ഥാപിച്ചത് വൻ സംഘർഷാവസ്ഥയുണ്ടാക്കി. ക്യൂബയെ ആക്രമിക്കുകയില്ല എന്ന് അമേരിക്ക നൽകിയ ഉറപ്പിന്മേലാണ് ഇത് ഒഴിവാക്കാൻ 62 ൽ നികിത ക്രൂഷ് ചേവ് തയ്യാറായത്. സി.ഐ.എ പരിശീലനം നൽകിയ 1400ഓളം വിമത ക്യൂബക്കാർ നടത്തിയ ബേ ഓഫ് പിഗ്സ് ആക്രമണം, ക്യൂബക്കു മേൽ അമേരിക്ക ഏർപ്പെടുത്തിയ കടുത്ത സാമ്പത്തിക ഉപരോധം, സ്ഫോടക വസ്തു അടങ്ങിയ ചുരുട്ടും രോഗാണുക്കൾ അടങ്ങിയ ഡൈവിങ് സ്യൂട്ടും കൊണ്ട് സിഐഎ നടത്തിയ വധശ്രമങ്ങൾ...... ഇവയൊക്കെ ക്യൂബയും കാസ്ട്രോയും അതിജീവിക്കുക തന്നെ ചെയ്തു.

91 ൽ സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്കു ശേഷം ലോകത്ത് അവശേഷിച്ച കമ്മ്യൂണിസ്റ്റ് തുരുത്തുകളിൽ പ്രധാനപ്പെട്ട സ്ഥാനത്ത് ക്യൂബ നിലകൊണ്ടത് കാസ്ട്രോയുടെ വ്യക്തി വൈശിഷ്ട്യം കൊണ്ടായിരുന്നു. വ്യക്തി പൂജയ്ക്ക് എതിരായിരുന്നു കാസ്ട്രോ എങ്കിലും യഥാർത്ഥത്തിൽ ജീവിക്കുന്ന ഇതിഹാസമായി മാറിയ കാസ്ട്രോക്കൊപ്പം ക്യൂബൻ ജനത ഇതുവരെ നോക്കാൻ തയ്യാറായിട്ടില്ല എന്നതാണ് സത്യം. പക്ഷേ, ചെറുത്തുനിൽപ്പിന്റെ ഒരു ഒസ്യത്ത് കാസ്ട്രോ ക്യൂബക്കാർക്ക് നീക്കിവെച്ചിട്ടുണ്ട്. ക്യൂബയ്ക്കു മാത്രമല്ല വെനസ്വേലയ്ക്കും ബൊളീവിയയ്ക്കും മറ്റു ലാറ്റിനമേരിക്കൻ രാജ്യങ്ങൾക്കും ഒപ്പം ലോകമെമ്പാടുമുള്ള ദരിദ്രരും ചൂഷിതരുമായ ജനവിഭാഗങ്ങൾക്കും.

# SPY GLASS



*Isn't that, what all of us wish for*
*A spy glass into time*
*A device to see for ourselves*
*Backing forth in time*
*To revisit memories sweet and sour,*
*To stride forth into future;*
*A preposition frightening, unforetold*
*To see for oneself,*
*Wonders that were, and wonders to come*
*To seek an answer*
*To what one was, what one shall be*
*Wasn't that the original question.*

**Sankar V.**
**IIIrd B.A. Psychology**

# UNION CABINET - 2005-2006




**Jaisil Jacob**
(Chairman)



**Jyothi Ann Mathew**
(Vice Chairman)



**Suraj K. S.**
(Gen. Secretary)




**Arun Mathew**
(Arts Club Secretary)



**Ramesh R. Menon**
(Magazine Editor)



**Atman E. R.**
(U.U.C.)




**Anoop M. A.**
(U.U.C.)

# UNION REPRESENTATIVES



Meril B. Paul
(Lady Rep.)



Mythreyi K. I.
(Lady Rep.)




Nidhin K. B.
(Ist D.C. Rep.)



Sai Deepak
(2nd D.C. Rep.)



Sujith K. Shaji
(3rd D.C. Rep.)



Mithun Mohan
(Ist P.G. Rep.)



Jeemon Abraham
(2nd P.G. Rep.)


# UNION NOMINEES



Sarath Babu (Gen. Captian)




**V. P. Markose**
(Union Advisor)



**Alex Xavier** (Debate Club Secretary)



**Sanal Dev** (Planning Forum)



**K. S. Narayanan**
(Arts Advisor)



**Rakesh A. R.** (Canteen Secretary)



**Thomas Philip** (Cine Club Secretary)



**Aparna S.** (Quiz Club Secretary)



**Sumesh Sivan** (SC/ST Rep.)



# ഒന്നുമില്ല!

**ആമിനത്ത് നിതു. സി. എ**
ഒന്നാംവർഷ മലയാള ബിരുദം

എവിടെയും എനിക്കൊരു പിടിയുണ്ട്
ട്രാൻസ്പോർട്ടു ബസ്സിന്റെ ഡോറിലെ കമ്പിയിൽ.
എനിക്കൊരു പിടിയുണ്ട്..............
രാഷ്ട്രീയക്കാരന്റെ കോപ്രായകോലായിലും
എനിക്കൊരു പിടിയുണ്ട്........
പോക്കറ്റടിക്കാരന്റെ പോക്കറ്റിലും ........
എനിക്കൊരു പിടിയുണ്ട്...............
രാത്രിയുടെ അന്ത്യയാമങ്ങളിൽ മദ്യപിച്ചെത്തുന്ന-
എനിക്ക്, ഭാര്യയുടെ മുടിക്കുത്തിലും
ഒരുപിടിയുണ്ട്.......
ജീവിതത്തിന്റെ ഇടനാഴിയിൽ
എനിക്കൊരു പിടിയില്ല...............
സ്നേഹത്തിന്റെ ലോലതന്ത്രികളിൽ
എനിക്കൊരു പിടിയില്ല..................
എന്നിൽ ഗദ്ഗദങ്ങൾ ഉണ്ടാകാറുണ്ട്
എവിടെനിന്നെന്ന് എനിയ്ക്കൊരു-
പിടിയില്ല............
സ്നേഹം ഉടലെടുക്കുന്നത്
എവിടെനിന്നെന്ന്,
എനിക്കൊരു പിടിയില്ല.
ഒരുപിടിയിലും ഒന്നുമില്ലെന്ന്,
മനസ്സിലാക്കിയപ്പോൾ...........
എൻ മനം ഒരുമരക്കൊമ്പിൽ
പിടിയില്ലാതെ ആടാൻ പിടയ്ക്കുന്നു.

ആശംസകളോടെ....

## ദോഹ ജെന്റ്സ് ബ്യൂട്ടി കെയർ

**വ്യാപാരഭവൻ ബിൽഡിങ്ങ്, എൻ. പറവൂർ**

**ഫോൺ : 9349256269**

**മോഡേൺ ഹെയർ ഡ്രസ്സിംഗ്, ഹെന്ന, ഹെയർ ഡൈ, സ്ട്രൈറ്റനിംഗ്**
**ബ്ലീച്ചിംഗ്, കളറിങ്ങ്, ഫേഷ്യൽ, ഇലക്ട്രോണിക്സ് മസാജ്**
**കൂടാതെ മുഖത്തെ പുള്ളികളും കറുത്ത പാടുകളും മാറ്റിക്കൊടുക്കുന്നു.**

# കോളേജ് യൂണിയൻ റിപ്പോർട്ട് - 2005-06

ഒരു വർഷക്കാലം നീണ്ട സമരത്തിനൊടുവിലാണ് ജനാധിപത്യപരമായി പ്രതിനിധികളെ തെരഞ്ഞെടുക്കാനുള്ള അവകാശം നമ്മൾ നേടിയെടുത്തത്. അവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോൾ ശക്തമായ പ്രതിരോധ നിര തീർത്ത് സമരം ചെയ്യാനുള്ള വിദ്യാർത്ഥി സമൂഹത്തിന്റെ ഇച്ഛാശക്തി ഇവിടെ വെളിവാക്കപ്പെടുന്നു. വിദ്യാഭ്യാസ പ്രക്രിയ എന്നത് രാഷ്ട്രീയ പ്രവർത്തനം തന്നെയാണെന്ന് നമ്മൾ തിരിച്ചറിഞ്ഞു. കാലം തെറ്റി പെയ്ത മഴപോലെയായിരുന്നു 2005-06 വർഷത്തെ കോളേജ് യൂണിയൻ; എങ്കിലും ചുരുങ്ങിയ കാലയളവിനുള്ളിൽ വൈവിധ്യമുള്ള പരിപാടികൾ സംഘടിപ്പിച്ചുകൊണ്ട് വിദ്യാർത്ഥി സമൂഹത്തിന്റെ കഴിവുകൾ പരമാവധി പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കാൻ കോളേജ് യൂണിയന് കഴിഞ്ഞിട്ടുണ്ട്. തെരഞ്ഞെടുക്കാനുള്ള അവകാശം സമരം ചെയ്ത് നേടിയെടുത്ത യു.സി.കോളേജിലെ വിദ്യാർത്ഥി സമൂഹത്തിന് മുമ്പിൽ 2005-06 വർഷത്തെ കോളേജ് യൂണിയൻ റിപ്പോർട്ട് സമർപ്പിക്കുന്നു.

## കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ്

കലാലയ തെരഞ്ഞെടുപ്പുകൾ അക്രമാസക്തമാണ് എന്ന അരാഷ്ട്രീയവാദികളുടെ പ്രചരണത്തെ നിശ്ശബ്ദമാക്കിക്കൊണ്ട് 2005 ഡിസംബർ 9-ാം തീയതി യു.സി.കോളേജിൽ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പു നടന്നു. തികച്ചും സമാധാനപരമായ തെരഞ്ഞെടുപ്പിൽ 14 യൂണിയൻ മെമ്പർമാരെ തെരഞ്ഞെടുത്തു.

**ചെയർമാൻ**

ജെയ്സിൽ ജേക്കബ് - II MA സൈക്കോളജി

**വൈസ്ചെയർപേഴ്സൺ**

ജ്യോതി ആൻ മാത്യു - IIIBA സൈക്കോളജി

**ജനറൽ സെക്രട്ടറി**

സുരാജ് K.S - III BA ഇക്കണോമിക്സ്

**യു.യു.സി മാർ**

ആത്മൻ E.R. - III BSc കെമിസ്ട്രി

അനൂപ് M.A. - III BA മലയാളം

**ആർട്സ് ക്ലബ്ബ് സെക്രട്ടറി**

അരുൺ മാത്യു - III BA മലയാളം

**മാഗസിൻ എഡിറ്റർ**

രമേഷ് R മേനോൻ - II BA ഇക്കണോമിക്സ്

**വിദ്യാർത്ഥിനി പ്രതിനിധികൾ**

മൈത്രേയി K.I - II.BSc കെമിസ്ട്രി

മെറിൽ ബി. പോൾ - I B.A. ഇംഗ്ലീഷ്

**ഒന്നാം വർഷ ഡിഗ്രി പ്രതിനിധി**

നിധിൻ K.B. - I BA ഹിസ്റ്ററി

**രണ്ടാം വർഷ ഡിഗ്രി പ്രതിനിധി**

സായി ദീപക് - II BSc ഫിസിക്സ്

**മൂന്നാം വർഷ ഡിഗ്രി പ്രതിനിധി**

സുജിത് K. ഷാജി - III BSc ഫിസിക്സ്

**ഒന്നാംവർഷ പി.ജി. പ്രതിനിധി**

മിഥുൻ മോഹൻ - I MA മലയാളം

**രണ്ടാംവർഷ പി.ജി.പ്രതിനിധി**

ജീമോൻ എബ്രഹാം - II MA ഹിസ്റ്ററി

## കോളേജ് യൂണിയൻ മെമ്പർമാരുടെ സത്യപ്രതിജ്ഞ

ജനുവരി 3-ാം തീയതി VMA ഹാളിൽവച്ച് നടന്ന ലളിതമായ ചടങ്ങിൽ കോളേജ് യൂണിയൻ മെമ്പർമാർ സത്യപ്രതിജ്ഞ ചെയ്തു. പ്രിൻസിപ്പാൾ ഡോ. വർഗ്ഗീസ് ജോൺ കോളേജ് യൂണിയൻ മെമ്പർമാർക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു.

## വോയ്സ് ഓഫ് യു.സി

കോളേജ് യൂണിയൻ ഉദ്ഘാടനത്തിന് മുന്നോടിയായി ജനുവരി 4, 5 തീയതികളിൽ വോയ്സ് ഓഫ് യു.സി. സെലക്ഷൻ നടന്നു. നൂറോളം പേർ പങ്കെടുത്ത പരിപാടിയിൽ നിന്ന് കോളേജിലെ മികച്ച ഗായകൻമാരെയും ഗായികമാരേയും തെരഞ്ഞെടുത്തു.

## കോളേജ് യൂണിയൻ ഉദ്ഘാടനം

2006 ജനുവരി 13ന് കോളേജ് യൂണിയൻ ഉദ്ഘാടനവും ആർട്സ് ക്ലബ്ബ് ഉദ്ഘാടനവും നടന്നു. പ്രശസ്ത കവിയും സാംസ്കാരിക രാഷ്ട്രീയ പ്രവർത്തകനുമായ ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ കോളേജ് യൂണിയൻ ഉദ്ഘാടനവും പ്രശസ്ത സിനിമാ സംവിധായകൻ വിനയൻ ആർട്സ് ക്ലബ്ബ് ഉദ്ഘാടനവും സിനിക്ലബ്ബ് ഉദ്ഘാടനവും നിർവ്വഹിച്ചു. യൂണിയൻ ചെയർമാൻ ജെയ്സിൽ ജേക്കബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജനറൽ സെക്രട്ടറി സുരാജ് കെ.എസ്. സ്വാഗതവും ആർട്സ് ക്ലബ്ബ് സെക്രട്ടറി അരുൺ മാത്യു നന്ദിയും പറഞ്ഞു. ചടങ്ങിൽ പ്രിൻസിപ്പാൾ ഡോ. വർഗ്ഗീസ് ജോൺ, സ്റ്റാഫ് അഡ്വൈസർ ശ്രീ. വി.പി. മാർക്കോസ്, യു.യു.സിമാരായ ആത്മൻ E.R, അനൂപ് M.A എന്നിവർ ആശംസകളർപ്പിച്ചു. ഉച്ചയ്ക്കുശേഷം വോയ്സ് ഓഫ് യു.സിയുടെ ഗാനമേള ഉണ്ടായിരുന്നു.

## നാട്ടരങ്ങ്

ജനുവരി 16-ാം തീയതി ഉച്ചയ്ക്ക് 12.30 ന് സി.സി.യിൽ വച്ച് നടന്ന **'തുടി'**കലാസംഘത്തിന്റെ നാട്ടറിവ് പാട്ടുകൾ വളരെയേറെ ശ്രദ്ധയാകർഷിച്ചു. സി.സി.യെ കുരുത്തോലയും തോരണങ്ങളും കൊണ്ട് കാവിന്റെ അന്തരീക്ഷത്തിലേയ്ക്ക് മാറ്റിയാണ് നാട്ടരങ്ങ് നടത്തിയത്.

## അദാലത്ത്

യു.സി.കോളേജിന്റെ ചരിത്രത്തിലെ പുതിയൊരനുഭവമായിരുന്നു VMA ഹാളിൽ വച്ച് ജനുവരി 20-ാം തീയതി നടത്തിയ 'അദാലത്ത്' എന്ന തുറന്ന ചർച്ച. വിദ്യാർത്ഥികളുടെ പരാതികളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് കോളേജിന് സമർപ്പിച്ച ഈ പരിപാടിയിൽ നിരവധി വിദ്യാർത്ഥികൾ സജീവമായി പങ്കെടുത്തു. കോളേജിന്റെയും കോളേജ് യൂണിയന്റേയും പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യാനുള്ള തുറന്ന വേദിയായി അദാലത്ത് മാറി.

## 'നിനവ്' 06

കോളേജിലെ വിദ്യാർത്ഥികളുടെ ചിത്രങ്ങൾ VMA ഹാളിൽവച്ച് മൂന്നു ദിവസങ്ങളിലായി പ്രദർശിപ്പിക്കുകയുണ്ടായി. നിരവധി വിദ്യാർത്ഥികളുടേതായി നൂറോളം ചിത്രങ്ങൾ പ്രദർശിപ്പിക്കാനുള്ള അവസരം 'നിനവ്' 06 ഒരുക്കിക്കൊടുത്തു.

## ഏകദിന മാധ്യമ ശില്പശാല

ജനുവരി 25-ാം തീയതി ടി.ബി.നൈനാൻ ഹാളിൽ വച്ച് മാധ്യമരംഗത്തോടു താല്പര്യമുള്ള വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് കോളേജ് യൂണിയൻ ഏകദിന മാധ്യമ ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. ദേശാഭിമാനി റസിഡന്റ് എഡിറ്റർ പി. രാജീവ് ശില്പശാല ഉദ്ഘാടനം ചെയ്ത് ക്ലാസ്സെടുത്തു. കൈരളി ടി.വി.യിലെ സബ് എഡിറ്റർ കെ.ബി. വേണു, മലയാള മനോരമയിലെ ചീഫ് സബ്എഡിറ്റർ ഹരികൃഷ്ണൻ, നീത മേരി ജെയിംസ് എന്നിവർ വിവിധ ക്ലാസ്സുകൾ എടുത്തു. കോളേജ് മാഗസിൻ എഡിറ്റർ രമേഷ് ആർ. മേനോൻ ആശംസകൾ നേർന്നു. ശിൽപശാലയിൽ നൂറോളം വിദ്യാർത്ഥികൾ പങ്കെടുത്തു.

## 'യവനിക' - നാടകോത്സവം

ജനുവരി 30ന് 'യവനിക'-06 എന്ന പേരിൽ സംഘടിപ്പിച്ച നാടകോത്സവത്തിൽ അവതരിപ്പിക്കപ്പെട്ട നാടകങ്ങളിൽ "വിശക്കുന്നവന്റെ കയ്യൊപ്പ്" എന്ന നാടകം ഒന്നാം സ്ഥാനം കരസ്ഥമാക്കി. അഭിലാഷ് എം.എ. മികച്ച നടനായും, നന്ദിനി രാജ മികച്ച നടിയായും തെരഞ്ഞെടുക്കപ്പെട്ടു.

## 'മൊണ്ടാഷ്'-ഫിലിംഫെസ്റ്റ്

'മൊണ്ടാഷ്' എന്ന പേരിൽ നടത്തിയ ഫിലിം ഫെസ്റ്റിവെലിൽ കഥാവശേഷൻ, മോട്ടോർ സൈക്കിൾ ഡയറി, സർവ്വകലാശാല എന്നീ സിനിമകൾ പ്രദർശിപ്പിക്കപ്പെട്ടു.

## ക്വിസ് ക്ലബ്ബ്, ഡിബേറ്റ് ക്ലബ്ബ് പ്രവർത്തനങ്ങൾ

ഈ വർഷത്തെ ക്വിസ് ക്ലബ്ബിന്റേയും ഡിബേറ്റ് ക്ലബ്ബിന്റേയും മത്സരങ്ങൾ ജനുവരി 30,31 തീയതികളിലായി നടത്തപ്പെട്ടു.

## 'അരങ്ങ്' 2006-ആർട്‌സ് ഫെസ്റ്റിവെൽ

ഫെബ്രുവരി 1, 2 തീയതികളിലായി അരങ്ങ്-06 എന്ന പേരിൽ ആർട്സ് ഫെസ്റ്റിവെൽ സംഘടിപ്പിക്കുകയുണ്ടായി. V.M.A. ഹാൾ, N.R, PJ എന്നീ വേദികളിലായി അറുപതിലേറെ മത്സര വിഭാഗങ്ങളിലായി അഞ്ഞൂറിലേറെ വിദ്യാർത്ഥികൾ പങ്കെടുത്തു. അഭിലാഷ് എം.എ, ചിത്ര.എൻ.ദാസ് എന്നിവരാണ് ഏറ്റവും അധികം പോയിന്റുകൾ നേടിയത്.

## വിദ്യാഭ്യാസ സമ്മേളനവും യാത്രയയപ്പും

വിദ്യാഭ്യാസ രംഗത്തെ സമകാലീന പ്രവണതകളെ കുറിച്ച് കൊച്ചിൻ യൂണിവേഴ്സിറ്റി മുൻ രജിസ്ട്രാർ ഡോ.കെ.വി. കുഞ്ഞികൃഷ്ണൻ പ്രഭാഷണം നടത്തി. ഈ ചടങ്ങിൽ വച്ച് ഈവർഷം കോളേജിൽ നിന്നും വിരമിക്കുന്ന അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാർക്ക് യാത്രയയപ്പും നൽകപ്പെട്ടു. കോളേജിൽ നിന്നു വിരമിക്കുന്നവർക്ക് വിദ്യാർത്ഥികൾ ഒന്നടങ്കം യാത്രയയപ്പു നൽകുന്നത് ഇനിയുള്ള വർഷങ്ങളിലും അനുകരണീയമാക്കാവുന്ന ഒന്നാണ്.

## 'ഓർമ്മപ്പടവുകൾ' - ഷോർട്ട്ഫിലിം ചിത്രീകരണം

കോളേജിന്റെ ചരിത്രത്തിൽ ആദ്യമായി ഓർമ്മപ്പടവുകൾ എന്ന പേരിൽ പൂർവ്വവിദ്യാർത്ഥികളുടെ സഹകരണത്തോടെ ഒരു ഷോർട്ട്ഫിലിം ചിത്രീകരിക്കുകയുണ്ടായി. യൂണിയൻ ഉദ്ഘാടനത്തോടനുബന്ധിച്ച് ആരംഭിച്ച ചിത്രീകരണ പ്രവർത്തനങ്ങൾ കോളേജിന്റെ ചരിത്രത്തിലെ ഒരു നാഴികക്കല്ലായി മാറി.

## 'വിഷൻ യു.സി'

ഫെബ്രുവരി 9-ാം തീയതി മിത്രപുരം ഹാളിൽ വച്ച് നടന്ന 'വിഷൻ യു.സി'. എന്ന പരിപാടി 2005-06 കോളേജ് യൂണിയന്റെ ഏറ്റവും ശ്രദ്ധയാകർഷിച്ച പരിപാടിയായി മാറി. മഹത്തായ പാരമ്പര്യവും ആദർശശുദ്ധിയും സത്യസന്ധതയും ആത്മാർത്ഥതയും കൈമുതലായുള്ള നമ്മുടെ കോളേജ് വിദ്യാഭ്യാസ കച്ചവട

ത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് പോകാതെ എങ്ങനെ നില നിർത്താം എന്നതിനെക്കുറിച്ച് യൂസിയൻ സമൂഹം ഒരുമി ച്ചിരുന്ന് ചർച്ചചെയ്ത അപൂർവ്വ നിമിഷങ്ങളായിരുന്നു വിഷൻ യൂസിയുടേത്. നിരവധി അദ്ധ്യാപകർ, മുൻ അദ്ധ്യാപകർ, പ്രിൻസിപ്പാൾ, അദ്ധ്യാപകേതര ജീവന ക്കാർ, മാനേജ്മെന്റ് പ്രതിനിധികൾ, വിദ്യാർത്ഥികൾ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. ഈ ചർച്ചയിൽ നിന്ന് ക്രോഡീകരിച്ച നിർദ്ദേശങ്ങൾ ഒരു റിപ്പോർട്ടായി കോളേ ജിന് സമർപ്പിച്ചു.

## കോളേജ് ദിനാഘോഷങ്ങൾ

2006 ഫെബ്രുവരി 17-ാം തിയതി കോളേജ് ദിനാ ഘോഷങ്ങൾ നടത്തി. പ്രശസ്ത സിനിമാതാരം ജയ സൂര്യ മുഖ്യാതിഥി ആയിരുന്നു. യൂണിയൻ ചെയർമാൻ ജെയ്സിൽ ജേക്കബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആതമൻ E.R സ്വാഗതവും അരുൺ മാത്യു നന്ദിയും പറഞ്ഞു. പ്രിൻസിപ്പാൾ ഡോ. വർഗീസ് ജോൺ കോളേജിന്റെ പ്രവർത്തനറിപ്പോർട്ട് അവതരി പ്പിക്കുകയും ജനറൽ സെക്രട്ടറി സുരാജ് കെ.എസ്. കോളേജ് യൂണിയൻ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. ചടങ്ങിൽ അനൂപ് എം.എ, ജ്യോതി ആൻ മാത്യു എന്നിവർ ആശംസകളർപ്പിച്ചുകൊണ്ട് സംസാ രിച്ചു. ഈ വേദിയിൽ വച്ച് മികച്ച വിജയങ്ങൾ നേടിയ വർക്ക് മുഖ്യാതിഥി സമ്മാനങ്ങൾ നൽകി അനുമോദി ക്കുകയുണ്ടായി. ഉച്ചയ്ക്കുശേഷം വോയ്സ് ഓഫ് യൂ.സി യുടെ ഗാനമേളയും ഉണ്ടായിരുന്നു.

ജനുവരി 13ന് ഉദ്ഘാടനം ചെയ്യപ്പെട്ട കോളേജ് യൂണിയൻ പ്രവർത്തനങ്ങൾ ഫെബ്രുവരി 17ന് കോളേജ് ദിനാഘോഷങ്ങളോടെ അവസാനിച്ചു. ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ ഇത്രയും വിപുലമായ പരിപാടി കൾ സംഘടിപ്പിക്കാൻ കഴിഞ്ഞത് ഒരുപാടുപേരുടെ അകമഴിഞ്ഞ സഹായസഹകരണങ്ങൾ കൊണ്ടാണ്. പ്രിൻസിപ്പാൾ ഡോ. വർഗീസ് ജോൺ, യൂണിയൻ സ്റ്റാഫ് അഡ്വൈസർ ശ്രീ.വി.പി.മാർക്കോസ്, ആർട്സ് ക്ലബ്ബ് അഡ്വൈസർ ശ്രീ.കെ.എസ്. നാരായണൻ, മറ്റ് അദ്ധ്യാപകർ, അദ്ധ്യാപകേതര ജീവനക്കാർ, വിദ്യാർത്ഥി സുഹൃത്തുക്കൾ തുടങ്ങിയവർ കോളേജ് യൂണിയൻ പ്രവർത്തനങ്ങളുടെ വിജയത്തിന് അകമഴിഞ്ഞ് സഹാ യിച്ചവരാണ്.

യൂണിയൻ പ്രവർത്തനങ്ങളിൽ ഒരുപാട് പോരാ യ്മകൾ കണ്ടേക്കാം. എന്നാൽ ഈ ചുരുങ്ങിയ കാല യളവിനുള്ളിലും ഭാവിയിലേയ്ക്കുള്ള ഒരു ചെറുതിരി നാളമെങ്കിലും തെളിയിച്ചുവയ്ക്കാൻ 2005-06 വർഷത്തെ കോളേജ് യൂണിയന് കഴിഞ്ഞുവെന്നാണ് ഞങ്ങൾ വിശ്വ സിക്കുന്നത്. പിന്നിട്ട പാതയിൽ സഹായിച്ച എല്ലാ കര ങ്ങൾക്കും നന്ദി അർപ്പിച്ചുകൊണ്ട് 2005-06 വർഷ ത്തെ കോളേജ് യൂണിയൻ റിപ്പോർട്ട് യൂസിയൻ സമൂഹത്തിന് മുമ്പിൽ സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

**സുരാജ് കെ. എസ്.**
ജനറൽ സെക്രട്ടറി

---

# മൃത്യു......

**ശാരിക വിശ്വനാഥ്**
രണ്ടാം വർഷ എം.എ. മലയാളം



ഉറക്കമുണർന്ന നേരം
തൊട്ടരികിൽ മൃത്യു മയങ്ങുന്നു.
ശബ്ദമുണ്ടാക്കാതെ മെല്ലെയാ-
ശയ്യവിട്ടകലുവാനൊരുങ്ങവേ
അറിയാതെയെൻ ദൃഷ്ടിയാ-
കൺകളിൽ പതിക്കുന്നു.
ആ കൺപോളകളിൽ
ഏതോ സ്വപ്നത്തിൻ നിഴലാട്ടം
പാതിമയക്കത്തിലെ അപൂർണ്ണസ്വപ്നങ്ങൾ
ജീവനു നശ്വരതയേകുന്ന ശക്തിക്കും സ്വപ്നമോ?
ആ സ്വപ്നത്തിൻ വർണ്ണമേതായിരിക്കാം?
ചുവപ്പോ കറുപ്പോ?
അതോ വെള്ളത്തിൻ നിറമോ?
വർണ്ണമേതുമാകട്ടെ...........
അതേതെന്നറിയുവാനൊരുനാളെനിക്കാവും...
പക്ഷേ....................
അന്നെന്റെയറിവുനിനക്കേകുവാൻ മാത്രം
കഴിയില്ലെനിക്ക്....

# കാലത്തിൻ മാറ്റൊലികൾ



**ബിനിത. എൻ.ബി**
രണ്ടാംവർഷ ഇംഗ്ലീഷ് ബിരുദം

**അ**ങ്കണത്തിൻ തൈമാവിലിരുന്ന് ഒരു
ചെല്ലക്കിളി പാറിപ്പറന്നുപോയ്
കാലത്തിൻ മാറ്റൊലികൾ
രാഷ്ട്രീയത്തിൻ മുദ്രാവാക്യങ്ങൾ
മണിവീണമീട്ടുമിണപ്രാവുകൾക്കെല്ലാം
മധുരരസം തുളുമ്പുന്നൊരീ ദിനത്തിൽ,
ഉയരുന്ന ആർത്തനാദങ്ങൾ,
ഇണപ്രാവുകൾക്കു നീരസമായ്,
നിളതൻ താളത്തിലലിഞ്ഞു ചേർന്നൊരന്തരീക്ഷത്തിലും
അലിഞ്ഞമരുന്ന രാഷ്ട്രീയ മുദ്രാവാക്യങ്ങൾ,
വിദ്യതൻ മണിച്ചെപ്പുതുറന്നുതന്നൊരാ-
രമവിദ്യാലയവും അലിഞ്ഞു പോയിതാ-
നീണ്ട നിരതൻ നാദത്തിൻ ഗാംഭീര്യത്തിൽ
മരങ്ങളും പുൽത്തകിടുകളും ഒരുമിച്ചു പാടി-
യൊരു സുന്ദര സുരഭില വാക്യത്തിൻ സാരം
മാറ്റുവിൻ ചട്ടങ്ങളെ നിങ്ങൾ മാറ്റി മറിച്ചൊരു ജീവിതത്തെ
മാതൃരാജ്യത്തിന്റെ ഭാഗമായ നിൻ-
ലീലാവിലാസങ്ങൾ ആടിത്തളർന്നൊരീ ദിനത്തിൽ
ചോരതൻ മണം നിറയുന്നൊരന്തരീക്ഷവും
കാക്കിക്കുള്ളിലമരുന്ന ജീവനും
സമരത്തിൻ വാക്യങ്ങൾ ഉയരുന്ന നേരത്തും
മർമ്മങ്ങൾ പൊട്ടിത്തകരുന്നു നിമിനേരം
മനുഷ്യ ചിന്തകൾ വിളയുന്ന നേരത്ത്
മർത്ത്യന്റെ രൂപം മറക്കുന്ന കാക്കിയും
ധീരനേതാവിൻ കഴുത്തിലണിഞ്ഞ മാലതൻ ഗന്ധം
നിമിനേരം ചോരമണമായ് ഉയരുന്നതും
ഘനത്തിൽ ലയിച്ചുചേർന്ന നാദങ്ങൾ നിമിനേരം ശ്മശാന
മൂകമാകുന്നു
കാലത്തിൻ കോലങ്ങൾ ആടിയുലയുമ്പോൾ
മനുജനും ഈ കോലം ആടിത്തളരുമ്പോൾ
മനസ്സിന്റെ ബന്ധനം തട്ടിയുടയുന്നു.
എല്ലാം കലിയുഗത്തിൻ നടനങ്ങൾ
എല്ലാം കാലത്തിൻ മാറ്റൊലികൾ
മാറുന്ന കാലത്തിൻ മാറ്റൊലികൾ

# മാനവിക വിഷയങ്ങളും സാമൂഹ്യ വികസനവും

**ആത്മൻ ഇ. ആർ.**
മൂന്നാംവർഷ കെമിസ്ട്രി ബിരുദം

**സാ**മൂഹ്യ വികസനത്തിന്റെ ശരിയായ ശക്തികേന്ദ്രം സമ്പത്തോ മൂലധനമോ അല്ല, മാനവവിഭവശേഷിയാണ് എന്ന തിരിച്ചറിവ് നമ്മുടെ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. മുതലാളിത്ത വികസനപ്രക്രിയയുടെ സവിശേഷതകളിൽ നിന്നുതന്നെയാണ് ഈ തിരിച്ചറിവ് വളർന്നത്. ഇന്നത് വികസിത രാജ്യങ്ങളിൽ മാത്രമല്ല വികസ്വര രാജ്യങ്ങളിലേയും വിശ്വാസ പ്രമാണമായി തീർന്നിരിക്കുന്നു. അതുകൊണ്ട് മാനവ വിഭവശേഷി വർദ്ധനയിൽ ഊന്നിക്കൊണ്ടുള്ള സാമ്പത്തിക വികസന പദ്ധതികളാണ് പൊതുവേ എല്ലാ രാജ്യങ്ങളും നടപ്പാക്കാൻ ശ്രമിക്കുന്നത്. എന്നാൽ ഇതിന് പരസ്പരം ബന്ധപ്പെട്ടു കിടക്കുന്ന രണ്ട് കർമ്മ മുഖങ്ങളുണ്ട്. ശാസ്ത്ര സാങ്കേതിക രംഗങ്ങളിലുണ്ടായിട്ടുള്ള വിപ്ലവാത്മകമായ നേട്ടങ്ങളെ സ്വായത്തമാക്കുകയും പരിപോഷിപ്പിക്കുകയും ചെയ്തുകൊണ്ടുള്ള ശക്തി സംഭരണമാണ് ഒന്ന്. മറ്റേതാകട്ടെ, ദാരിദ്ര്യം, നിരക്ഷരത, സാമ്പത്തികവും സാമൂഹികവുമായ ചൂഷണങ്ങൾ ഇവയിൽ നിന്നും വിമുക്തി നേടിക്കൊണ്ടുള്ള ശക്തിയാർജിക്കലാണ്. ഈ രണ്ടു രീതിയിൽ നോക്കുമ്പോഴും സാമൂഹ്യ വികസന പ്രക്രിയയിൽ കേന്ദ്രീയസ്ഥാനമാണ് വിദ്യാഭ്യാസത്തിനുള്ളതെന്നു കാണാം. വിദ്യയിലൂടെ ശക്തിയാർജിക്കുക എന്ന സന്ദേശം വലിയ സാമൂഹ്യ മാറ്റങ്ങൾക്ക് വഴിതെളിച്ചിട്ടുള്ള നമ്മുടെ നാട്ടിൽ ഇപ്പറയുന്നതിൽ പുതുമയൊന്നുമില്ല. വികസന നിഘണ്ടുവിൽ വിദ്യാഭ്യാസമെന്ന പദം തന്നെ മാനവവിഭവശേഷി വികസനത്തിന്റെ പര്യായമായി മാറിയിരിക്കുന്നത് തികച്ചും സ്വാഭാവികം തന്നെ.



ശാസ്ത്ര-സാങ്കേതികരംഗങ്ങളിലെ കുതിച്ചുചാട്ടങ്ങളുടെ കാലഘട്ടമാണ് നമ്മുടേത്. മുതലാളിത്ത വികസനക്രമത്തിൽ ഈ കുതിച്ചു ചാട്ടങ്ങൾ പലപ്പോഴും മാനവിക മൂല്യങ്ങളെ തിരസ്ക്കരിച്ചുകൊണ്ടു മുന്നേറുന്നു. മാർക്കറ്റിന്റെ മൂല്യങ്ങൾക്കാണവിടെ പ്രാബല്യം. ആഗോളവത്ക്കരണത്തിന്റെ അനുഭവം ഇക്കാര്യം കൂടുതൽ വ്യക്തമായി കാണിച്ചു തരുന്നു. ഇതിൽ നിന്നു വ്യത്യസ്തമാണ് വികസനം സംബന്ധിച്ച ജനകീയ പരിപ്രേക്ഷ്യം. അത് ശാസ്ത്ര-സാങ്കേതിക നേട്ടങ്ങളുടെ വളർച്ചയെ പൂർണ്ണമായും ഉൾക്കൊള്ളുന്നു. എന്നാൽ ഈ വളർച്ച സാമാന്യ ജനങ്ങളുടെ പുരോഗതിക്ക് സഹായകമാകണമെന്നും സാമൂഹികനീതി ഉറപ്പുവരുത്താനും മാനവികമൂല്യങ്ങൾ ഊട്ടിയുറപ്പിക്കാനും ഉപകരിക്കണമെന്നും അത് നിഷ്ക്കർഷിക്കുന്നു. ശാസ്ത്രത്തോടുള്ള സമീപനത്തിലും വികസനം സംബന്ധിച്ച കാഴ്ചപ്പാടിലും ഈ വിരുദ്ധചേരികൾ ശക്തമായി നിലകൊള്ളുന്നതായി നമുക്കു കാണാം.

വിവരസാങ്കേതികവിദ്യ തുറന്നു തന്ന അനന്തരമായ സാധ്യതകൾ ഇന്ന് വികസനത്തിന്റെ ഉള്ളടക്കവും സ്വഭാവവും നിർണ്ണയിക്കുന്ന ഏറ്റവും വലിയ ശക്തിയായി തീർന്നിരിക്കുന്നു. വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കവും സ്വഭാവവും നിർണ്ണയിക്കുന്ന ഏറ്റവും വലിയ ഘടകവും ഇന്ന് വിവരസാങ്കേതിക വിദ്യ തന്നെയെന്ന് അതിശയോക്തി കൂടാതെ പറയാവുന്നതാണ്. കഴിഞ്ഞ നൂറ്റാണ്ട് ഫിസിക്സിന്റേയും മാത്തമാറ്റിക്സിന്റേയും നൂറ്റാണ്ടായി വിശേഷിപ്പിക്കപ്പെടാറുണ്ട്. ഈ രണ്ട് ശാസ്ത്രമേഖലകളിലുണ്ടായ വിസ്മയകരമായ നേട്ടങ്ങളാണ് ഇലക്ട്രോണിക്സിന്റേയും കമ്പ്യൂട്ടർ സയൻസിന്റേയും വളർച്ചയ്ക്ക് വഴിതെളിച്ചത്. ശാസ്ത്ര-സാങ്കേതിക മേഖലയിലെ വിപ്ലവകരമായ ഈ മുന്നേറ്റങ്ങൾ ഇന്ന് നമ്മുടെ വിദ്യാഭ്യാസത്തിന്റെ - പ്രത്യേകിച്ച് സർവ്വകലാശാലാതലത്തിലുള്ള വിദ്യാഭ്യാസത്തിന്റെ - സമസ്ത മേഖലകളേയും മാറ്റി മറിച്ചിരിക്കുന്നു. പുതിയ നൂറ്റാണ്ടിലാകട്ടെ ജൈവശാസ്ത്രങ്ങൾ കൂടുതൽ കൂടുതൽ ശക്തിയാർജിച്ച് വളർന്നുകൊണ്ടിരിക്കുകയാണ്. ബയോടെക്നോളജി നമ്മുടെ സർവ്വകലാശാലാ പഠന-ഗവേഷണ രംഗങ്ങളിൽ ഏറ്റവും ശ്രദ്ധേയമായ വിഷയമായി വളർന്നിരിക്കുന്നു. എന്നു മാത്രമല്ല, ജനങ്ങളുടെ നിത്യജീവിതത്തിന്റെ വിവിധ മേഖലകളിലെ വികസന പ്രവർത്തനങ്ങൾക്ക് ഏറ്റവും അധികം സംഭാവന

നൽകാൻ കഴിയുന്ന ശാസ്ത്രശാഖയാണ് ബയോടെക്നോളജി എന്നും വ്യക്തമായി കഴിഞ്ഞിരിക്കുന്നു. ഇരുപത്തിയൊന്നാം നൂറ്റാണ്ട് ജൈവശാസ്ത്രങ്ങളുടെ നൂറ്റാണ്ടായിരിക്കും എന്ന് പലരും വിശേഷിപ്പിക്കുന്നത് ഈ പശ്ചാത്തലത്തിലാണ്. സ്വാഭാവികമായും നമ്മുടെ സർവ്വകലാശാലകളിലെ പാഠ്യപദ്ധതികളിൽ ഏറ്റവും പ്രാമുഖ്യമുള്ള വിഷയങ്ങളായി ഇൻഫർമേഷൻ ടെക്നോളജിയും മറ്റും ഇന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്നു.

സാങ്കേതിക വിദ്യയിലെ വിപ്ലവകരമായ ഈ മാറ്റങ്ങൾ ഉൽപാദന പ്രക്രിയകളേയും സാമ്പത്തിക രംഗത്തെ വ്യവഹാരങ്ങളേയുമെല്ലാം അടിമുടി മാറ്റിതീർക്കുന്നതായി കാണാം. ഇത്തരം മാറ്റങ്ങളുടെ ഫലമായി, ഇന്നലെ വരെ നിലവിലില്ലാതിരുന്ന പുതിയ മേഖലകളിൽ വമ്പിച്ച തൊഴിൽ സാധ്യതകളും നൂതന തൊഴിൽ സംരംഭങ്ങളും ഉയർന്നു വന്നതോടെ, പുതിയ തലമുറക്കാരായ വിദ്യാർത്ഥികൾ സ്വാഭാവികമായും ആകർഷകമായ പുതിയ മേച്ചിൽ സ്ഥലങ്ങളിൽ എത്തിച്ചേരാൻ ശ്രമിക്കുന്നു. ഇന്ത്യയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് വർഷത്തിൽ 100000ലധികം ഐ.ടി. പ്രൊഫഷണലുകൾ ഇന്നു യോഗ്യത നേടി പുറത്തു വരുന്നുണ്ടെന്നാണ് കണക്ക്. താമസിയാതെ ഇത് ഇരട്ടിയായി വർദ്ധിക്കുമെന്നും തീർച്ചയാണ്. ഇന്ത്യയ്ക്കകത്തും പുറത്തും സോഫ്ട്‌വെയർ - ഹാർഡ്‌വെയർ മേഖലകളിലുള്ള വമ്പിച്ച ജോലിസാധ്യതകളാണ് ഇതിനു കാരണം. ഇതിനുതകുന്ന രീതിയിൽ സർവ്വകലാശാല വിദ്യാഭ്യാസരംഗമാകെ ഇന്നു മാറിക്കൊണ്ടിരിക്കുന്നു. വിജ്ഞാനത്തിന്റെ സമ്പാദനം, ഉൽപാദനം എന്നീ സർവകലാശാലകളുടെ അടിസ്ഥാന കർമ്മമേഖലകളിലാകെ വിവരസാങ്കേതികവിദ്യ ഒഴിച്ചുകൂടാനാവാത്ത സ്വാധീനശക്തിയായിരിക്കുകയാണ്. സാധാരണ ക്ലാസ്റൂം പ്രവർത്തനങ്ങൾ തൊട്ട് ഏറ്റവും ഉയർന്ന ഗവേഷണപ്രവർത്തനങ്ങൾ വരെ എല്ലാറ്റിനും ഒഴിച്ചുകൂടാനാവാത്ത സങ്കേതമായി വിവരസാങ്കേതികവിദ്യ മാറിയിട്ടുണ്ട്. അതിനാൽ സർവ്വകലാശാലകളിലെ കോഴ്സുകൾ, കരിക്കുലം, ഇൻഫ്രാസ്ട്രക്ച്ചർ, ഭരണരംഗം, പരീക്ഷകൾ ഇവയൊക്കെതന്നെ പുതിയ സാങ്കേതിക വിദ്യയുടെ പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഇവയൊക്കെതന്നെ പുതിയ സാങ്കേതിക വിദ്യയുടെ പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വലിയ മാറ്റങ്ങൾക്ക് വിധേയമായിരിക്കുന്നു. ഡിജിറ്റൽ ലൈബ്രറികൾ, ഡിപ്പാർട്ടുമെന്റുകളുടേയും ലൈബ്രറികളുടേയും നെറ്റ്‌വർക്കിങ്ങ് തുടങ്ങിയ ആധുനികവൽക്കരണ പരിപാടികൾ എത്രയും വേഗതയിൽ ചെയ്തു തീർക്കാനുള്ള തിരക്കിലാണ് സർവ്വകലാശാലകൾ. സർവകലാശാലകളെ വ്യാവസായിക മേഖലയുമായി ബന്ധിപ്പിക്കുവാനുള്ള പരിപാടികളും ഇതോടൊപ്പം കൂടുതൽ ശക്തി പ്രാപിച്ചു വരുന്നു.

ഈ സ്ഥിതിഗതികളുടെയൊക്കെ ഭാഗമായി പുതിയ വൈരുദ്ധ്യങ്ങളും പുറത്തു വന്നിട്ടുണ്ട്. വിവരസാങ്കേതിക വിദ്യയുടെ കുത്തകമാതൃകകളും ശക്തികേന്ദ്രങ്ങളും ഒരുഭാഗത്ത് ആഗോളവ്യാപകമായി ആധിപത്യം ഉറപ്പാക്കാൻ ശ്രമിക്കുന്നു. മറുഭാഗത്ത് ഇവയ്ക്കെതിരായ കൂടുതൽ ജനകീയാഭിമുഖ്യമുള്ള ബദൽ മാതൃകകളും ശക്തികേന്ദ്രങ്ങളും വളരുകയും ചെയ്യുന്നു. മൈക്രോസോഫ്ടിന്റെ ആഗോള ആധിപത്യവും സമാന്തരമായി ഓപ്പൺ സോഫ്ട്‌വെയർ തുടങ്ങിയ സംരംഭങ്ങളുടെ വളർച്ചയും ഇതാണ് കാണിക്കുന്നതെന്ന് പറയാം. വിദ്യാഭ്യാസരംഗത്ത് ഇതിന് മറ്റൊരു രൂപമാണ്. ആഗോളാടിസ്ഥാനത്തിൽ നോക്കുമ്പോൾ, അമേരിക്ക പോലുള്ള ധനിക രാഷ്ട്രങ്ങൾ ഈ മേഖലയിലുള്ള ആധിപത്യമുപയോഗിച്ച് ഒരു അന്തർദേശീയ ഉന്നത വിദ്യാഭ്യാസ ബിസിനസ് തന്നെ ആരംഭിക്കുകയും, ഇന്ത്യയടക്കമുള്ള വികസ്വരരാജ്യങ്ങളിലെ ഗവൺമെന്റുകൾ സർവകലാശാലാ വിദ്യാഭ്യാസത്തിന് പണം മുടക്കുന്നതിൽ നിന്നും മിക്കവാറും പിൻമാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, ഈ അന്തർദേശീയ ബിസിനസ് തഴച്ചുകൊഴുക്കുകയും ചെയ്യുന്നു. അതേസമയം നമ്മുടെ യാതൊരാസൂത്രണവും കൂടാതെ സ്വാശ്രയസ്ഥാപനങ്ങൾ വളർന്നു വരികയും സമ്പന്നരുടെ ശക്തികേന്ദ്രങ്ങളായി വിവരസാങ്കേതിക വിദ്യാഭ്യാസമേഖല മാറിത്തീരുകയും ചെയ്യുന്നു. പണത്തിന്റെ ആധിപത്യവും ഗുണനിലവാരത്തിലെ പിന്നോട്ടടിയും വിവരസാങ്കേതിക വിദ്യാഭ്യാസരംഗത്ത് ശാപമായി തീർന്നിരിക്കുന്നു. സർവകലാശാലകളും ഗവൺമെന്റ് ഏജൻസികളും അടക്കമുള്ള പൊതുമേഖലയുടെ സജീവപങ്കാളിത്തവും സ്വകാര്യമേഖലയുടെ ആസൂത്രിതവും സാമൂഹ്യനിയന്ത്രണ വിധേയവുമായ സാന്നിധ്യവും ഉറപ്പുവരുത്തിക്കൊണ്ടു മാത്രമെ ഈ രംഗത്തെ നമ്മുടെ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാനാകൂ. എന്തായാലും ഒരുകാര്യം വ്യക്തമാണ്. സാങ്കേതികവിദ്യാമേഖലയിലെ നേട്ടങ്ങൾ സ്വാംശീകരിച്ചുകൊണ്ടും സൃഷ്ടിപരമായി പ്രയോജനപ്പെടുത്തിക്കൊണ്ടും മാത്രമേ സർവ്വകലാശാലകൾക്ക് പുരോഗമിക്കാനാകൂ. ആഗോളവത്ക്കരണത്തിന്റെ ദൂഷ്യവശങ്ങൾക്കെതിരായ ചെറുത്തുനിൽപ്പിനും വിവരസാങ്കേതികവിദ്യ പൂർണ്ണമായും സ്വായത്തമാക്കുക അത്യന്താപേക്ഷിതമാണ്.

മാറിയ സാഹചര്യങ്ങളിൽ, സർവകലാശാലാരംഗത്ത് ഒട്ടേറെ പുതിയ സാധ്യതകൾ വളർന്നതോടൊപ്പം തന്നെ, പുതിയ ആശങ്കകളും ഭയങ്ങളും രൂപമെടുത്തിട്ടുണ്ട്. മിടുക്കരായ വിദ്യാർത്ഥികളുടെ ഒഴുക്ക് പുതിയ സാങ്കേതികവിദ്യാമേഖലകളിലേയ്ക്ക് തിരിഞ്ഞതിന്റെ ഫലമായി, കോളേജുകളിൽ നിലവിലുള്ള പരമ്പരാഗത കോഴ്സുകൾക്കും പഠനപദ്ധതികൾക്കും എന്തു സംഭവിക്കുമെന്ന ചോദ്യം പൊതുവായി ഉയരുന്നു. ഭാഷ,

സാഹിത്യം, ചരിത്രം, ദർശനം എന്നിവയടക്കമുള്ള മാനവിക വിഷയങ്ങൾ കടുത്ത പ്രതിസന്ധി നേരിടുന്നതായ ഭയമുണ്ട്. ധൈഷണികമായി ഉന്നത നിലവാരം പുലർത്തുന്ന വിദ്യാർത്ഥികൾക്ക് ഈ മേഖല അനാകർഷകമായി മാറിയത് അതിന്റെ ആത്യന്തികമായ ഗുണനിലവാരത്തെ നശിപ്പിക്കുമെന്നും ഗവേഷണപ്രവർത്തനങ്ങളുടെ നിലവാരം ഇനിയും താഴുമെന്നും ഇത് സർവകലാശാലകളുടെ ഭാവിയ്ക്ക് ആപത്കരമാണെന്നുമുള്ള ചിന്ത വളർന്നിരിക്കുന്നു. ഈ പ്രതിസന്ധി ഇതേ കാരണങ്ങളാൽ പരമ്പരാഗത എൻജിനീയറിംഗ് - കാർഷിക - നിയമ പഠനമേഖലകളിലും പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളതായി ആധികാരികമായ പല പ്രബന്ധങ്ങളിലും ചൂണ്ടിക്കാണിക്കപ്പെടുന്നു. മൗലികവും സൈദ്ധാന്തികവുമായ പഠനങ്ങളെ തിരസ്കരിച്ചുകൊണ്ട് പ്രായോഗിക മേഖലകൾക്ക് അമിതപ്രാധാന്യം നൽകുന്നത് ഉന്നത വിദ്യാഭ്യാസരംഗത്ത് ദൂരവ്യാപകമായ ദുഷ്ഫലങ്ങൾ സൃഷ്ടിക്കുമെന്നും വളരെപ്പേർ കരുതുന്നു.

ഈ ആശങ്കകളെ കുറച്ചുകണ്ടിട്ട് കാര്യമില്ല. എന്നാൽ അവയ്ക്കുള്ള പരിഹാരം കൂടുതൽ കരുതലോടെ കണ്ടെത്തേണ്ടതുണ്ട്. വിവരസാങ്കേതികവിദ്യയുടെയും ബയോടെക്നോളജി തുടങ്ങിയ മേഖലകളുടെയും വർദ്ധിച്ചു വരുന്ന പ്രസക്തിയും പ്രാധാന്യവും അവഗണിച്ചുകൊണ്ട് ഇതിന് പരിഹാരം തേടാനാവില്ല. ഇന്നത്തെ സാഹചര്യങ്ങളിൽ ചെയ്യാൻ സാധിക്കുന്നത്, സാങ്കേതിക വിദ്യകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തിക്കൊണ്ട്, സാമൂഹ്യവികസനത്തിന് ഏറ്റവും പ്രയോജനകരമായ രീതിയിൽ മാനവിക പഠന-ഗവേഷണ പദ്ധതികൾ പുനഃസംഘടിപ്പിക്കാനാവശ്യമായ ഒരു കർമ്മ പദ്ധതിക്ക് രൂപം കൊടുക്കുകയാണ്. അങ്ങനെയൊരു പദ്ധതിയുടെ പൊതുസ്വഭാവത്തെ കുറിച്ച് ചില സൂചനകൾ നൽകാൻ മാത്രമാണ് ഇവിടെ ഒരുമ്പെടുന്നത്.

ഒന്നാമതായി, സർവകലാശാലാമേഖലയിൽ ബിരുദ-ബിരുദാനന്തര തലങ്ങളിൽ നിലവിലുള്ള മാനവിക പാഠ്യ പദ്ധതികളും സിലബസും ഏറ്റവും ആധുനികവും വികസനോന്മുഖവുമായി ഉടച്ചുവാർക്കേണ്ടതുണ്ട്. ഈ ദിശയിൽ കുറെയേറെ പ്രവർത്തനങ്ങൾ ഇന്ന് നമ്മുടെ സർവ്വകലാശാലകൾ നടത്തുന്നുണ്ട് എന്ന കാര്യം ഇവിടെ വിസ്മരിക്കുന്നില്ല. എന്നാൽ ലക്ഷ്യബോധത്തോടെയുള്ള കൂടുതൽ തീവ്രമായ യത്നം ഇനിയും വേണ്ടിയിരിക്കുന്നു. ഓരോരോ വിജ്ഞാനശാഖയിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഏറ്റവും നവീനമായ ചിന്താധാരകളേയും പദ്ധതികളേയും ഉൾക്കൊള്ളിച്ചുകൊണ്ട് ഈ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ഇത്തരം ശ്രമങ്ങളിൽ ദേശീയവും അന്തർദേശീയവുമായ വൈദഗ്ധ്യമുള്ള വ്യക്തികളെ കണ്ടെത്തി അവരുടെ ഉപദേശം തേടാൻ ശ്രമിക്കണം. പരീക്ഷണാത്മകമായ പാഠ്യപദ്ധതികൾ ആവിഷ്ക്കരിച്ച് മുന്നോട്ടു പോകുന്ന മുൻപന്തിയിലുള്ള സർവ്വകലാശാലകളുടെ അനുഭവങ്ങൾ ഉൾക്കൊള്ളാനും ശ്രമിക്കേണ്ടിയിരിക്കുന്നു. പുതുതായ പാഠ്യപദ്ധതികൾക്ക് ചില അടിസ്ഥാന സ്വഭാവങ്ങൾ ഉണ്ടാകണമെന്ന നിഷ്കർഷ ആവശ്യമാണ്: 1) വിഷയത്തിലുള്ള ഏറ്റവും പുതിയ ചിന്താപദ്ധതികളും ചലനങ്ങളും ഉൾക്കൊള്ളണം. 2) ചുറ്റുപാടുകളുടെ യാഥാർഥ്യങ്ങളുമായി ജൈവബന്ധം പുലർത്തുന്നതാകണം. 3) മാറിവരുന്ന ഉൽപ്പാദന പ്രക്രിയകളുടെ പുതിയ ആവശ്യങ്ങൾ കണക്കിലെടുത്തുള്ളതും സാമൂഹ്യ പുരോഗതിയെ സഹായിക്കുന്നതുമാകണം. ഇത്തരത്തിൽ അർത്ഥപൂർണ്ണമായ പാഠ്യപദ്ധതി പരിഷ്കാരം നടപ്പിലാകണമെങ്കിൽ, അതിനുള്ള കാലിബർ സർവകലാശാലകളുടെ അക്കാദമിക് സമിതികൾക്കുണ്ടാകണം. അക്കാദമിക് സമിതികളുടെ നിയമനത്തിന് ഇന്നുള്ള മാനദണ്ഡങ്ങൾ പരിശോധിച്ച് ശാസ്ത്രീയമായി പുനഃനിർണ്ണയം നടത്തേണ്ടതുണ്ട്. വ്യക്തമായ കാഴ്ചപ്പാടും പ്രതിബദ്ധതയും ഇല്ലാതെയാണ് പരിഷ്ക്കാരങ്ങൾക്ക് രൂപം കൊടുക്കുന്നതെങ്കിൽ, അവ വെറും ഏച്ചുകെട്ടലുകളായി ചുരുങ്ങും. സമിതികൾക്ക് ആവശ്യമായ സൗകര്യങ്ങളും സാഹചര്യങ്ങളും ഒരുക്കുവാൻ സർവ്വകലാശാലയുടെ ഭരണനേതൃത്വത്തിന് കഴിയണം. എന്തായാലും ഒരു കാര്യം സമ്മതിച്ചേ തീരൂ. പാഠ്യപദ്ധതികളുടേയും സിലബസിന്റേയും മാതൃകാപരമായ ഉടച്ചുവാർക്കൽ ഇനിയും നടക്കേണ്ടതായാണിരിക്കുന്നത്. ഏതാനും പേരുടെ കമ്മിറ്റികൾ ചേർന്ന് തീരുമാനിക്കുന്ന മാറ്റങ്ങൾ എന്നതിലുപരി, അധ്യാപകസമൂഹത്തെ ആകമാനം ഈ യത്നത്തിൽ പങ്കാളികളാക്കേണ്ടതുണ്ട്. പുതിയപരിഷ്കാരങ്ങളിൽ കാര്യക്ഷമമായി പങ്കെടുക്കുവാൻ കഴിയുമാറ് എല്ലാ അധ്യാപകരേയും തയ്യാറാക്കാൻ നിരന്തരമായ ഫാക്കൽടി വർക്ഷോപ്പുകൾ സംഘടിപ്പിക്കുകയും വേണം.

നിലവിലുള്ള അദ്ധ്യാപന സമ്പ്രദായങ്ങളിൽ, മാറിയ പരിതഃസ്ഥിതികൾക്കനുസൃതമായ മാറ്റം വരുത്തി, പുതിയ അധ്യാപന മാതൃകകൾ സൃഷ്ടിക്കുക എന്നതാണ് രണ്ടാമത്തെ പ്രധാനകാര്യം. രാവിലെ പത്തുമുതൽ വൈകിട്ട് നാലുവരെ നടക്കുന്ന ലക്ചറുകളുടെ സമ്പ്രദായം കാലോചിതമായി പരിഷ്കരിക്കേണ്ടിയിരിക്കുന്നു. അധ്യാപകൻ ആക്ടറും വിദ്യാർത്ഥി കാഴ്ചക്കാരനും എന്ന പതിവിനു പകരം, വിദ്യാർത്ഥിയുടെ പൂർണ്ണപങ്കാളിത്തവും കേന്ദ്രീയ റോളും ഉറപ്പുവരുത്തുന്ന രീതിയിൽ അധ്യയനക്രമം മാറേണ്ടതുണ്ട്. ഇന്നത്തെ സമ്പ്രദായമാകട്ടെ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വെറും വർക്ക് ലോഡിന്റേയും ശനിയാഴ്ചയുടെ സ്റ്റാറ്റസിന്റേയും പ്രശ്നമാണ്. അധ്യാപകരെ സംബന്ധിച്ചിടത്തോളം ജോലിസുരക്ഷതയുടെ പ്രശ്നവും. വിദ്യാർത്ഥികൾക്കാകട്ടെ പലപ്പോഴും വിരസവും യാന്ത്രികവുമായ ലക്ചറുകളുടേയും. വിവരസാങ്കേതികവിദ്യയുടെ വളർച്ചയോടെ ഇന്റർനെറ്റ് സൗക

രൃങ്ങളും മറ്റും വികസിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, അധ്യാപകന്റെ ക്ലാസ്സ്മുറിയുടെ റോൾ സംബന്ധിച്ച പുനർനിർവ്വചനവും വേണ്ടിവന്നിരിക്കുന്നു. എല്ലാം അധ്യാപകനിൽ നിന്നും വിദ്യാർത്ഥി കേട്ടുപഠിക്കുക എന്ന രീതി കൂടുതൽ അപ്രസക്തമായിക്കൊണ്ടിരിക്കുന്നു. എന്നാൽ മുൻകൂട്ടികൊടുത്ത പ്രോഗ്രാമനുസരിച്ച് ഒരു അധ്യാപകൻ ഏതെങ്കിലും വിഷയത്തിൽ നടത്തുന്ന പ്രഭാഷണം, ആ വിഷയം സംബന്ധിച്ച് ആഗോളാടിസ്ഥാനത്തിൽ ലഭ്യമാകുന്ന എല്ലാ അറിവുകളും ഉൾക്കൊള്ളിച്ചുകൊണ്ട് തികഞ്ഞ ഉൾക്കാഴ്ചയോടുള്ളതാകുമെങ്കിൽ, വിദ്യാർത്ഥികൾക്ക് അത് ആകർഷകമാവുകയും ഫലപ്രദമായൊരു അക്കാദമിക് എക്സർസൈസ് ആയി അത് പരിഗണിക്കപ്പെടുകയും ചെയ്യും. ഈ വിധത്തിൽ അധ്യാപകസമ്പ്രദായത്തിന് പുതിയ ജീവനും അർത്ഥവും നൽകാൻ പര്യാപ്തമായ മാറ്റങ്ങൾ ഉണ്ടാകേണ്ടതാണ്.

മൂന്നാമത്തെ പ്രധാനകാര്യം, ഇന്നുള്ള വിവരണാത്മക പഠനശൈലിയുടെ സ്ഥാനത്ത്, അന്വേഷണോന്മുഖമായ പഠനശൈലി എല്ലാ മാനവികവിഷയങ്ങളിലും വളർത്തിയെടുക്കുക എന്നതാണ്. വിദ്യാർത്ഥികളെ സർഗാത്മകമായി ചിന്തിക്കുവാൻ തീരെ പ്രേരിപ്പിക്കുന്നതല്ല ഇന്നത്തെ സമ്പ്രദായം. ഒട്ടേറെ കാര്യങ്ങൾ പഠിച്ച്, ഓർമ്മിച്ച്, പരീക്ഷയെഴുതി ജയിക്കുക എന്നതാണ് ഈ രീതിയുടെ പൊതുസ്വഭാവം. ചോദ്യങ്ങൾ ചോദിക്കുവാനോ, സാമ്പ്രദായികരീതികളിൽ നിന്ന് മാറി ചിന്തിക്കുവാനോ, ചുറ്റുമുള്ള ഭൗതികലോകത്തിലെ ഒടുങ്ങാത്ത സമസ്യകളിലേയ്ക്ക് ശ്രദ്ധതിരിച്ച് ഉത്തരങ്ങൾ തേടുവാനോ ഒന്നും ഈ പഠനരീതി വിദ്യാർത്ഥിയെ തയ്യാറാക്കുന്നില്ല. തുടർ പരീക്ഷാസമ്പ്രദായം, സെമസ്റ്റർസിസ്റ്റം, ചോയിസ് ബേസ്ഡ് ക്രെഡിറ്റ് സമ്പ്രദായം എന്നിങ്ങനെ നമ്മുടെ സർവ്വകലാശാലകൾ ഇപ്പോൾ പരീക്ഷിക്കുന്ന പദ്ധതികൾ തീർച്ചയായും ഈ ദിശയിലേയ്ക്കുള്ള പടിപടിയായ മാറ്റത്തെയാണ് സൂചിപ്പിക്കുന്നത്. ഇവയൊക്കെ യാന്ത്രികമായ പരീക്ഷണങ്ങളായി മാറാതിരിക്കാൻ ശ്രദ്ധിക്കേണ്ട ചുമതല അധ്യാപക സമൂഹത്തിനുണ്ട്. സാമൂഹ്യശാസ്ത്രങ്ങളടങ്ങുന്ന മാനവിക വിഷയങ്ങളെല്ലാം സമൂഹത്തിന്റെ ജൈവപ്രശ്നങ്ങളാണ് കൈകാര്യംചെയ്യുന്നത്. അന്വേഷണവിധേയമാകേണ്ട പ്രശ്നങ്ങൾ നമ്മുടെ പരിസരങ്ങളിൽ തന്നെയുണ്ട്. അത്തരം പ്രശ്നങ്ങളോട് തനിമയോടെ പ്രതികരിക്കാൻ വിദ്യാർത്ഥിക്ക് ഉത്തേജനം നൽകാൻ കഴിയുമാറ് നമ്മുടെ പാഠ്യക്രമം മാറ്റിതീർക്കണം. അതിന് ആവശ്യമായ വിധത്തിൽ പരീക്ഷാസമ്പ്രദായവും മാറേണ്ടതുണ്ട്.

വിഷയാന്തരപഠനങ്ങൾ വളർത്തിയെടുക്കുക എന്നതാണ് ഏറ്റവും പ്രധാനമായ മറ്റൊരു കാര്യം. ഒരു പ്രത്യേകവിഷയത്തിന്റേതായ മതിലുകൾക്ക് ഇന്നത്തെ വൈജ്ഞാനികസംസ്കാരത്തിൽ യാതൊരു പ്രസക്തിയുമില്ല. രണ്ടു വിഷയങ്ങൾ തമ്മിലുള്ള പരസ്പരബന്ധത്തിന്റെ പ്രശ്നം മാത്രമല്ല ഇത്. വിദ്യാഭ്യാസം അന്വേഷണോന്മുഖമായി തീരുമ്പോൾ, വിഷയങ്ങളുടെ അതിരുകൾ ഭേദിച്ച് എത്രയോ വിഷയങ്ങളിൽ വ്യാപരിച്ചു കിടക്കുന്ന പഠനസമ്പ്രദായമായി അത് മാറുന്നു. ഉദാഹരണത്തിന് ഒരു സമൂഹത്തിന്റെ ആരോഗ്യസംബന്ധമായ പഠനം വിഭാവനം ചെയ്യുന്ന കോഴ്സിൽ സ്വാഭാവികമായും ജനസംഖ്യാപഠനം, സാമ്പത്തികശാസ്ത്രം, മെഡിക്കൽ സയൻസ്, സ്റ്റാറ്റിസ്റ്റിക്സ്, സോഷ്യോളജി, തുടങ്ങിയ വിവിധവിഷയങ്ങൾ ബന്ധപ്പെട്ടു പഠിക്കേണ്ടിയിരിക്കുന്നു. ഇന്റർഡിസിപ്ലിനറിയോ, അല്ലെങ്കിൽ മൾട്ടിഡിസ്പ്ലിനറിയെ ഒക്കെയായി നമ്മുടെ പഠനസമ്പ്രദായങ്ങളും പദ്ധതികളും മാറ്റിതീർക്കുകയും അതിനനുയോജ്യമായ തൊഴിൽസംസ്കാരം സർവകലാശാലകളിൽ വളർത്തിയെടുക്കുകയും ചെയ്യേണ്ടതുണ്ട്.പ്രത്യേകിച്ചും ഹ്യൂമാനിറ്റീസ് പഠനങ്ങളുടെ മേഖലയിൽ ഇതൊരു അടിയന്തിര അജണ്ടയായി മാറേണ്ടതാണ്.

ഗവേഷണമേഖല കൂടുതൽ കർമോന്മുഖവും പ്രതിജ്ഞാബദ്ധവുമാക്കിത്തീർക്കുക എന്നതും ഈ കർമപരിപാടിയുടെ പ്രമുഖഭാഗമാകേണ്ടതുണ്ട്.ഹ്യൂമാനിറ്റിസ് ഗവേഷണങ്ങളുടെ ന്യൂനതകളായി പൊതുവെ ചൂണ്ടികാണിക്കപ്പെടുന്നത് അവരുടെ ദിശാബോധമില്ലായ്മയും സാമൂഹ്യപ്രസക്തിയുടെ കുറവും ഉപരിപ്ലവസ്വഭാവവും ഒക്കെയാണ്. ഗവേഷണപ്രശ്നങ്ങൾ തെരഞ്ഞെടുക്കുന്ന കാര്യത്തിൽപോലും ഈ കുറവുകൾ കാണാം. ചുറ്റുമുള്ള എൻവയൺമെന്റിൽ തന്നെയുണ്ട് ഗവേഷണത്തിന് വിഷയീഭവിക്കേണ്ട പ്രശ്നങ്ങൾ. ഈ പ്രശ്നങ്ങളെ ആസ്പദമാക്കിയുള്ള അന്വേഷണങ്ങൾ ചിലപ്പോൾ സൈദ്ധാന്തികതലത്തിലോ, അല്ലെങ്കിൽ പ്രയോഗതലത്തിലോ ഉള്ള പുതിയ ഉൾക്കാഴ്ചകളിലേയ്ക്കും നിഗമനങ്ങളിലേയ്ക്കും നയിച്ചുവെന്നു വരും. എന്തായാലും തികഞ്ഞ സത്യസന്ധത പുലർത്തുന്ന ഗവേഷണപ്രവർത്തനങ്ങൾ തീസിസുകളുടെ രൂപത്തിലായാലും പ്രോജക്ടുകളുടെ രൂപത്തിലായാലും ഉണ്ടാകണം. പ്രകൃതിവിഭവങ്ങളുടെ സമ്പന്നതയും ചരിത്ര പാരമ്പര്യത്തിന്റെ അനിതരസാധാരണമായ സവിശേഷതകളും സങ്കീർണ്ണമായ സാമൂഹ്യമാറ്റങ്ങളുടെ അനുഭവങ്ങളും ഭാഷാ-സാഹിത്യ-ദാർശനിക രംഗങ്ങളിലെ അപൂർവമായ പാരമ്പര്യങ്ങളുമൊത്തുചേരുന്ന കേരളം പോലെയൊരു സമൂഹത്തിൽ കാര്യമാത്രപ്രസക്തമായ ഗവേഷണങ്ങൾക്ക് നിദാനമാകേണ്ട പ്രശ്നങ്ങളുടെ സഞ്ചയം തന്നെയുണ്ട്. അവയെ ഗൗരവമായി സമീപിക്കാൻ സർവകലാശാലാതല ഗവേഷണത്തിന് കഴിഞ്ഞാൽ മാത്രമേ സമൂഹമധ്യത്തിൽ അതിന് അംഗീകാരം നേടാനാവൂ. ഐസിഎസ്എസ്ആർ, ഐസിഎച്ച്ആർ തുടങ്ങിയ ദേശീയഗവേഷണസ്ഥാപനങ്ങൾ പോലും രോഗാതുര

മായി മാറുമ്പോൾ സമൂഹം ഈ ഗവേഷണങ്ങളെ സംശയത്തോടെ വീക്ഷിച്ചാൽ അത്ഭുതത്തിനവകാശമില്ല.

ചുരുക്കത്തിൽ വിവരസാങ്കേതികവിദ്യ തുടങ്ങിയ നവീന മേഖലകളുടെ വളർച്ചയോടുകൂടി സർവകലാശാലാ തലത്തിൽ അപ്രധാനതയിലേയ്ക്കു തള്ളപ്പെട്ടിരിക്കുന്നു എന്ന് കരുതപ്പെടുന്ന മാനവികവിഷയങ്ങൾക്ക് ഒരു നവചൈതന്യം നൽകാൻ, ആ വിഷയങ്ങളുടെ പഠന-ഗവേഷണ മേഖല കൂടുതൽ പ്രസക്തവും ആകർഷകവുമാക്കാനുള്ള ഒരു കർമ്മപദ്ധതിയാണ് ഇന്ന് ആവശ്യം. ആ പദ്ധതിയുടെ അനിവാര്യമായ ചില വശങ്ങളെ കുറിച്ചാണ് മുകളിൽ ചർച്ചചെയ്തിരിക്കുന്നത്. ഈ വിഷയങ്ങളുടെ അധ്യാപനപ്രക്രിയ കൂടുതൽ ഫലപ്രദമാക്കുവാൻ വിവരസാങ്കേതികവിദ്യ നൽകുന്ന സാധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. പാഠ്യപദ്ധതികൾ സമൂലം പരിഷ്കരിക്കുക, അധ്യാപനത്തിന് കൂടുതൽ ഫലപ്രദമായ മാതൃകകൾ കണ്ടെത്തുക, അന്വേഷണബുദ്ധിയും മൗലികചിന്തയും വളർത്തുക, ഇന്റർഡിസിപ്ലിനറി സമീപനവും ലക്ഷ്യബോധമുള്ള ഗവേഷണവും പരിപോഷിപ്പിക്കുക - അങ്ങനെ സർവകലാശാലാ തലത്തിൽ ഹ്യുമാനിറ്റീസ് പഠനം കൂടുതൽ സാർത്ഥകമാക്കാനുള്ള കഠിനശ്രമമാണ് ഇന്നു വേണ്ടത്.

---



കവിത

# മഴ

**നീതു C.D**
ഒന്നാം വർഷം മലയാള ബിരുദം

മഴ തകർത്തു പെയ്യുകയാണ്
കാറ്റിന്റെ കരങ്ങൾ പുണർന്നകലുന്നു.
എങ്കിലും ..............
ചിതറി പോകുന്ന ഓരോ തുള്ളിയിലും
നമ്മുടെ സ്വപ്നങ്ങളുറങ്ങുന്നു.
ഇളം കാറ്റിന്റെ കരങ്ങളിൽ
കഴിഞ്ഞ കാലത്തിന്റെ സുഗന്ധമുണ്ട്.
മിഴികളൊന്നടച്ചു തുറക്കുമ്പോൾ നീ
എന്റെ മടിത്തട്ടിൽ ചാഞ്ഞുറങ്ങുന്നു.
കൈകോർത്തു നടന്ന കടൽക്കരകൾ
നമുക്കിന്നന്യമാവുന്നു.
മരത്തണലുകളും, കൽബഞ്ചുകളും
നമ്മളില്ലാതെ അർത്ഥശൂന്യമാവുന്നു.
പക്ഷിയുടെ ചിറകടി ശബ്ദത്തിനൊപ്പം
നമ്മുടെ മനസ്സും പിടയുകയാണ്...............

# കുരുക്ഷേത്രം

തോമസ് ജേക്കബ്
രണ്ടാംവർഷ ഇംഗ്ലീഷ് ബിരുദം



ദ്രൗണി, നീ തൊടുത്ത ബ്രഹ്മാസ്ത്രമോ
പാരിന്നാസന്നമീ നാശാർബുദം
മന്നിതിൽ തൂമണം തൂകുന്നൊരു മലർ വർഷമില്ല,
കാരിരുമ്പിൻ കൂരമ്പു മെത്തമാത്രം.
ജനവും ജനപദ സൗഹാർദ്ദവും
സമൂലേ ഭവിക്കുന്നു മൃത്യുരാഗമായ്
ചാപല്യം ചുരത്തുന്നൊരു കാലകാമധേനു പോലും
കത്തും വാഗ്വാദ വേദിയിൽ സമയകോകിലം ചിലയ്ക്കാതെ
പറന്നു പോം നിൽക്കെ,
മഹാ പൃഥ്വിതന്നസ്ഥിശേഷങ്ങളിൽ
സ്ഫുരിക്കുമീയഗ്നി സ്ഫുലിംഗങ്ങൾ
കാവിയിൽ പൊതിയും വൈരാഗ്യവും,
പർദ്ദയിട്ട രോഷവും
കുരിശിൻ പ്രത്യയശാസ്ത്രവുമണി ചേരുമൊരി-
തിഹാസ യുദ്ധത്തിൻ ഭേരി മുഴങ്ങവേ,
വീണ്ടും ജനിക്കും ധർമ്മാധർമ്മ
കുരുക്ഷേത്രങ്ങളീ മണ്ണിലാരുണ്ടു പാണ്ഡവൻ.

---

# വേനൽ മഴ

സോയ Y. N.
ഒന്നാംവർഷ ഇംഗ്ലീഷ് ബിരുദം

ജാലകച്ചില്ലിൽ ചിത്രം വരച്ച്,
തണുപ്പാർന്നൊരിളം കാറ്റിനെ ആവാഹിച്ച്,
എന്റെയുള്ളിലും വേനൽ മഴ............
പുതുമണ്ണിന്റെ സുഗന്ധം........
മഴത്തുള്ളികൾ വീണ നന്ത്യാർവട്ടപ്പൂവുകളിലൂടെ
എന്റെ പെരുവിരലിൽ നിന്ന് നെറുകയിലേയ്ക്ക്!
കുളിരുമായുയരുന്ന വേനൽ മഴ..........
ഞാനേറെനാൾ കാത്തിരുന്നതും
ഓർത്തിരുന്നതുമെല്ലാം ഈ മഴയെയായിരുന്നോ?
എന്റെ ഏകാന്തതയുടെ ഇലച്ചാർത്തുകളിൽ
സാന്ത്വനവും സംഗീതവുമെല്ലാം ഇതേമഴയായിരുന്നോ?
കൽപ്പടവിൽ പതുങ്ങി നടന്നകലുന്ന ബാല്യകാലസഖിയുടെ-
വെള്ളിക്കൊലുസു കിലുങ്ങുംപോലെ,
കണ്ണീരിലും ചിരിയലിയിക്കുന്ന അവളുടെ,
കവിതകൾ പോലെ..................മഴ...............
എന്റെ മനസ്സിന്റെ ഇടനാഴികളിലും
നനുത്ത ചാറ്റൽ മഴ.................. മഴ............



# ബിജു - ഒരു ഓർമ്മക്കുറിപ്പ്......


**വിനീഷ് സി.വി**
രണ്ടാംവർഷ സൈക്കോളജി ബിരുദം


നേരം പുലരുന്നതേയുള്ളൂ. മഴ അതിന്റെ രൗദ്രഭാവത്തിൽ ആർത്തിരമ്പി പെയ്തുകൊണ്ടിരുന്നു. നല്ല തണുപ്പുണ്ട്. നാളെ ബിജുവിനെ കാണാൻ അട്ടപ്പാടി വരെ പോകണമെന്ന് തീരുമാനിച്ചതിന് ശേഷം മനസ്സ് ആനന്ദം കൊണ്ട് തുള്ളിച്ചാടുകയാണ്. എങ്കിലും ഈ നശിച്ച മഴ കാരണം യാത്ര ക്ലേശകരമാകുമോ എന്ന് ചെറിയ ഭയം മനസ്സിൽ ഇല്ലാതില്ല. മനസ്സിൽ മൊത്തം ബിജുവിനെ കുറിച്ചും അവന്റെ ഗ്രാമത്തിന്റെ പ്രകൃതിഭംഗിയെക്കുറിച്ചും ചിന്തിച്ചുകൊണ്ട് ഞാൻ വീണ്ടും ഉറക്കത്തിലേക്ക് പതിയെ മടങ്ങി. കണ്ണു തുറന്നു നോക്കിയപ്പോൾ നേരം വെളുത്തിരുന്നു. വേഗം പ്രഭാതകൃത്യങ്ങളെല്ലാം കഴിഞ്ഞ് ഞാൻ കോളേജിലേക്ക് തോൾസഞ്ചിയും തൂക്കി ധൃതിയിൽ നടന്നു. സഞ്ചിയിൽ, ബിജുവിന്റെ വീട്ടിലെത്തിയാൽ ധരിക്കേണ്ട വസ്ത്രങ്ങളും, പിന്നെ സൈക്കോളജിയുടെ ഒരു ബുക്കും മാത്രമേ ഉണ്ടായിരുന്നുള്ളൂ. കോളേജിലെത്തിയപ്പോൾ അല്ലൂലയും ജോബിനും സജിത്തും എന്നെ കാത്ത് അവിടെ നിൽപ്പുണ്ടായിരുന്നു. ഞങ്ങൾ നാലു പേരും വേഗത്തിൽ റെയിൽവേ സ്റ്റേഷനിൽ എത്തിയപ്പോഴേക്കും ട്രെയിൻ പോയിക്കഴിഞ്ഞിരുന്നു. ഒരു മണിക്കൂറോളം കാത്തിരുന്ന ശേഷം ഷൊർണ്ണൂരിലേയ്ക്കുള്ള ട്രെയിൻ എത്തി.

ഞങ്ങൾ ആ ട്രെയിനിലെ ആളൊഴിഞ്ഞ ഒരു കമ്പാർട്ടുമെന്റിൽ കയറി ഇരിപ്പുറപ്പിച്ചു. പിന്നീട് തമാശകളും ട്രെയിനിന്റെ ശബ്ദത്തിനേക്കാൾ ഉച്ചത്തിലുള്ള പൊട്ടിച്ചിരികളും കൊണ്ട് നിറഞ്ഞു. മണ്ണാർക്കാട്ട് നിന്ന് പിന്നീടുള്ള യാത്ര മുഴുവനും ബസ്സിലായിരുന്നു. അട്ടപ്പാടിയിലേക്കുള്ള അവസാനത്തെ ബസ്സാണ് ഞങ്ങൾക്കു കിട്ടിയത്. അതാവട്ടെ രാത്രി ഏഴുമണിക്കും. പ്രകൃതിഭംഗികണ്ട് രസിച്ച് യാത്രചെയ്യാമെന്നുള്ള എന്റെ മോഹം അങ്ങനെ പൊലിഞ്ഞു. എങ്കിലും മങ്ങിയ വെളിച്ചത്തിൽ നീലഗിരി കുന്നുകളുടെ അസാധാരണമായ തലയെടുപ്പ് ഞാൻ അത്ഭുതപൂർവ്വം നോക്കിക്കണ്ടു. ബസ്സ് വളരെ സാവധാനമാണ് നീങ്ങിക്കൊണ്ടിരുന്നത്. കൊടും വളവുകളും കയറ്റങ്ങളുമാണ്. ഡ്രൈവറുടെ കൃത്യതയാർന്ന ഡ്രൈവിംഗ് എന്നെ ആശ്ചര്യപ്പെടുത്തുന്ന വിധമായിരുന്നു. കണ്ണൊന്നു തെറ്റിയാൽ ആ നിമിഷം അഗാധമായ കൊക്കയിലേക്ക് ബസ്സ് പതിക്കും. അത്രക്ക് ഇടുങ്ങിയതാണ് റോഡ്.

അവസാനം ഞങ്ങൾക്ക് ഇറങ്ങേണ്ട സ്ഥലം എത്തി. സ്ഥലത്തിന്റെ പേര് ഗുളിക്കടവ് എന്നായിരുന്നു. സമയം രാത്രി 9.30 ആയിരിക്കുന്നു. വഴിയിലാണെങ്കിൽ രണ്ടോ മൂന്നോ ജീപ്പുകൾ മാത്രം പാർക്കുചെയ്തിരിക്കുന്നു. ഒരു ചെറിയ ബേക്കറിയും. അതിനോടു ചേർന്നുള്ള ഒരു STD ബൂത്തിൽ കയറി ഞങ്ങൾ ബിജുവിന്റെ വീട്ടിലേക്കു ഫോൺ ചെയ്തു. ബിജുവിന്റെ അച്ഛൻ അവിടെ വന്ന് ഞങ്ങളെ വീട്ടിലേയ്ക്ക് വിളിച്ചുകൊണ്ടു പോയി.

യാത്രാമദ്ധ്യേ ബിജുവിന്റെ അച്ഛൻ വാചാലനായി. മൂന്നുമാസമായി ബിജു കിടപ്പിലായിട്ട്. രക്തത്തിലെ പ്ലേറ്റ്‌ലെറ്റ് കുറഞ്ഞിട്ട് കോയമ്പത്തൂരിലെ ഒരു വലിയ ഹോസ്പിറ്റലിൽ ചികിത്സക്കായി കൊണ്ടുപോയതായിരുന്നു. പക്ഷേ അവിടെനിന്ന് അവന് കൊടുത്ത മരുന്ന് അവന്റെ ആരോഗ്യ സ്ഥിതിയെ തകിടം മറിച്ചുകളഞ്ഞു. ബിജുവിന്റെ അച്ഛൻ ഇത്രയും പറഞ്ഞ് സംസാരം നിർത്തി.

ഞങ്ങൾ അവന്റെ വീട്ടിലെത്തിയ സമയത്ത് അവന്റെ ചേച്ചി അവനെ ധാര ഉഴിയുകയായിരുന്നു. അവന്റെ വേദനകൊണ്ടുള്ള നിലവിളി ഞങ്ങൾ പുറത്തിരുന്ന് കേട്ടു. അവൻ ഇപ്പോൾ പരസഹായമില്ലാതെ ഒന്നു തിരിഞ്ഞുകിടക്കുവാൻ പോലും പറ്റാത്ത അവസ്ഥയിലാണെന്ന് അവന്റെ അമ്മ പറഞ്ഞു. അവന്റെ വേദന കൊണ്ടുള്ള കരച്ചിൽ കേട്ടപ്പോൾ എന്റെ കണ്ണുകളിൽ കണ്ണീർ പൊടിഞ്ഞു. എങ്കിലും അത് മറയ്ക്കാൻ ശ്രമിച്ച് ഞാൻ കൂട്ടുകാരോടൊത്ത് തമാശകൾ പങ്കിട്ടുകൊണ്ടിരുന്നു.

അരമണിക്കൂറിനു ശേഷം അവന്റെ ചേച്ചി വാതിൽ തുറന്നു തന്നിട്ട് കയറിക്കോളൂ എന്നു പറഞ്ഞപ്പോൾ എന്റെ മനസ്സിൽ ബിജുവിന്റെ അവസ്ഥ എന്തായിരിക്കും എന്നുള്ള ചിന്ത മാത്രമേ ഉണ്ടായിരുന്നുള്ളൂ.

അവനെ കാണുവാൻ ഞങ്ങൾ നാലുപേരും അവന്റെ മുറിയിൽ കയറി. മുറിയിലെ മണ്ണെണ്ണവിളക്കിന്റെ അരണ്ട വെളിച്ചത്തിൽ ഏവരുടേയും ഹൃദയത്തിൽ ഒരു നൊമ്പരത്തിന്റെ വേലിയേറ്റമുണ്ടാക്കുന്ന ആ കാഴ്ച ഞങ്ങൾ നാലുപേരും ഞെട്ടലോടെ കണ്ടു. മുൻവശത്തെ തലമുടിയെല്ലാം കൊഴിഞ്ഞ്, ദേഹത്താകെ വ്യണങ്ങളുമായി ശരീരമാകെ ക്ഷീണിച്ച് വളരെയധികം ശോചനീയമായ ഒരവസ്ഥയിലായിരുന്നു അവൻ. ഞങ്ങളിൽ ഉണ്ടായ സങ്കടം മറച്ചുവച്ച് ഞങ്ങൾ അവനോടു ചോദിച്ചു: "അറിയുമോ നിനക്ക് ഞങ്ങളെ? അതോ മറന്നോ?" ഇതുകേട്ടപ്പോൾ അവൻ ചിരിച്ചുകൊണ്ടു പറഞ്ഞു. 'ഇല്ലല്ലോ'. പിന്നീട് ഞങ്ങൾ സംസാരിച്ചതു മുഴുവൻ കോളേജിലെ വിശേഷങ്ങളെ കുറിച്ചാണ്. അലൂല അവനെ ആശ്വസിപ്പിക്കാൻ ഓരോരോ കാര്യങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. കോളേജിൽ നിന്റെ വരവും കാത്ത് എല്ലാവരും നിൽക്കുന്നുണ്ടെന്നും ഉടൻ തന്നെ നിനക്ക് പൂർണ്ണ ആരോഗ്യം കൈവരുമെന്നും ഞങ്ങൾ അവനോട് പറഞ്ഞു. അങ്ങനെ രാത്രി 11 മണിയോളം ഞങ്ങൾ ഒരുമിച്ച് സംസാരിച്ചുകൊണ്ടിരുന്നു. അതിനിടയിൽ ഞാൻ അവന്റെ തലയിൽ മെല്ലെ തലോടിയപ്പോൾ അവൻ ചോദിച്ചു : "വിനീഷേ, എന്റെ മുടിയെല്ലാം കൊഴിഞ്ഞുവോ? എന്നെ കാണാൻ പഴയതു പോലെ തന്നെയല്ലേ?"

"മുറിയിലെ മണ്ണെണ്ണ വിളക്കിന്റെ അരണ്ട വെളിച്ചത്തിൽ ഏവരുടേയും ഹൃദയത്തിൽ ഒരു നൊമ്പരത്തിന്റെ വേലിയേറ്റമുണ്ടാക്കുന്ന ആ കാഴ്ച ഞങ്ങൾ നാലുപേരും ഞെട്ടലോടെ കണ്ടു. മുൻവശത്തെ തലമുടിയെല്ലാം കൊഴിഞ്ഞ്, ദേഹത്താകെ വ്യണങ്ങളുമായി ശരീരമാകെ ക്ഷീണിച്ച് വളരെയധികം ശോചനീയമായ ഒരവസ്ഥയിലായിരുന്നു അവൻ."

"ആരുപറഞ്ഞു? നീ ഇപ്പോഴും ആ പഴയ ബിജുവാണ്, പിന്നെ കുറച്ച് മുടിമാത്രം കൊഴിഞ്ഞിട്ടുണ്ട്, അത് വേഗത്തിൽ വരും" അലൂല പറഞ്ഞു.

ഞങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ ബിജുവിന്റെ അച്ഛൻ വന്ന് ലോഡ്ജിൽ കിടന്നാൽ മതിയെന്നും ലോഡ്ജിൽ ഒരു മുറി തരപ്പെടുത്തിയിട്ടുണ്ടെന്നും പറഞ്ഞു. ഞങ്ങൾ ബിജുവിനോട് നാളെകാണാം എന്നു പറഞ്ഞ് ലോഡ്ജിലേക്കു പോയി. ബിജുവിന്റെ ഈ അവസ്ഥ കണ്ടപ്പോൾ അത് ഞങ്ങളിൽ ഏൽപ്പിച്ച ആഘാതം ചെറുതൊന്നുമായിരുന്നില്ല. ആരും അത് പരസ്പരം പറഞ്ഞില്ല. ഞങ്ങൾ പരസ്പരം ഓരോരോ തമാശകൾ പറഞ്ഞും വഴക്കുകൂടിയും രാത്രി രണ്ടുമണിയോളം ഉറങ്ങാതെ കിടന്നു. പിന്നീടെപ്പോഴോ ഉറക്കത്തിലേക്കു വഴുതി.

രാവിലെ ബിജുവിന്റെ വീട്ടിൽ ചെന്നപ്പോൾ അവന്റെ ചേച്ചിയും ചേട്ടനും അമ്മയും ഉണ്ടായിരുന്നു. ഞാൻ ബിജുവിന്റെ മുറിയിലേയ്ക്ക് ജനലിലൂടെ എത്തിനോക്കി. അപ്പോൾ ബിജു കണ്ണുകൊണ്ട് ആംഗ്യഭാഷയിൽ അകത്തുവരാൻ പറഞ്ഞു. ഞങ്ങൾ നാലുപേരും അവന്റെ അരികിൽ പോയിരുന്നു. എനിക്ക് ഒത്തിരി കാര്യങ്ങൾ അവനോട് സംസാരിക്കണമെന്നുണ്ടായിരുന്നു. പക്ഷേ പറഞ്ഞറിയിക്കാനാവാത്ത വികാരങ്ങൾ മനസ്സിൽ നിറഞ്ഞിരുന്നതിനാലാവണം എന്റെ വാക്കുകൾ തൊണ്ടയിൽ ഉടക്കി. ഞാൻ ഒന്നും മിണ്ടിയില്ല. തിരികെ പോരാൻ നേരം അവനായി കരുതിയ സൈക്കോളജി നോട്ട് ബുക്ക് ഞാൻ അവനു നൽകി. പടിയിറങ്ങിയപ്പോൾ തിരികെ ഒരിക്കൽ കൂടി അവന്റെ ജനലിലേക്കു നോക്കി. അപ്പോൾ മനസ്സിൽ വെറുതെ പറഞ്ഞു, ഞങ്ങൾ ഇനിയും നിന്നെ കാണാൻ വരും. അതും രണ്ടുമാസത്തിനുള്ളിൽ തന്നെ.

ഇന്നലെ വരെ ഇതിലേ പാറിപ്പറന്നു നടന്നിരുന്ന ഒരു ചിത്രശലഭമാണ് ഇന്ന് ആ മുറിയിൽ ചിറകറ്റു കിടക്കുന്നത്. ബിജുവിനെ കുറിച്ചുള്ള ഓർമ്മകളിൽ ഇങ്ങനെ ഒരു ചിത്രം പതിപ്പിക്കാൻ എന്റെ മനസ്സ് അനുവദിക്കുമായിരുന്നില്ല. അതുകൊണ്ട്, ക്ഷീണിച്ച് അവശമായ ബിജുവിന്റെ മുഖം മനസ്സിൽ നിന്നു മായ്ച്ച്, പഴയ ഊർജ്ജസ്വലതയുള്ള, നിഷ്കളങ്കത പ്രതിഫലിപ്പിക്കുന്ന ചിരിയും ശുഭാപ്തി വിശ്വാസവുമുള്ള ബിജുവിന്റെ മുഖം എന്റെ മനസ്സിൽ പതിപ്പിക്കാൻ ഞാൻ ശ്രമിച്ചു. തളർന്ന, പതിഞ്ഞ ശബ്ദത്തിനു പകരം നിശ്ചയദാർഢ്യം തുളുമ്പുന്ന ഉറച്ച ശബ്ദത്തെ പുനഃസ്ഥാപിക്കാൻ ഞാൻ ഇഷ്ടപ്പെട്ടു. അവൻ ഞങ്ങളുടെ ഇടയിലേക്ക് വീണ്ടും തിരിച്ചുവരുമെന്ന സ്വപ്നത്തെ മനസ്സിലേറ്റു വാങ്ങിക്കൊണ്ട് ആ പടിയിറങ്ങിയപ്പോൾ, ബിജു ഏറ്റവും കൂടുതൽ തവണ കോളേജിൽ വച്ചു പാടിയിട്ടുള്ള അവന്റെ പ്രിയ കവിത, ജീവിതം ഒരു അശ്വമേധം പോലെ കരുതി, തോൽക്കാൻ മനസ്സില്ലാതെ മുന്നേറിയ, അവന്റെ, ശബ്ദത്തിൽ തന്നെ എന്റെ മനസ്സിനുള്ളിൽ പ്രതിധ്വനിച്ചു കൊണ്ടിരുന്നു.

**ആരൊരാളെൻ കുതിരയെകെട്ടുവാൻ.........**
**ആരൊരാളതിൻ മാർഗ്ഗം മുടക്കുവാൻ...........**


(ബിജു നമ്മളെ വിട്ടുപിരിഞ്ഞിട്ട് രണ്ടുവർഷം തികയുന്നു. ഈ നിമിഷത്തിലും, കൂട്ടുകാരാ, നീ ഞങ്ങളുടെ ഓർമ്മകളിൽ ഇന്നും ജീവിക്കുന്നു.)

കവിത

# ചിരി

**ലിൻസി കെ. എ.**
രണ്ടാംവർഷ എം.എ. മലയാളം

**ചി**രിക്കാൻ
എനിക്കു ഭയമാണ്
ചിരിയിൽ
ഒളിഞ്ഞിരിക്കുന്ന
കണ്ണുനീരിന്റെ
ഉപ്പ്
ഞാനറിയുന്നു.
പക്ഷേ,
ഒരു ദുഃഖ പുത്രിയാകാൻ
ഞാനാഗ്രഹിക്കുന്നില്ല.
അതുകൊണ്ടുമാത്രം
ഞാൻ,
ചിരിക്കുന്നു.
നിന്റെ സ്വാർത്ഥത
എന്റെ
ചിരികളെ
വരിഞ്ഞു മുറുക്കുന്നു
ഒടുവിൽ,
ചിരിക്കാതെ,
കരയാതെ,
ഞാനും
സീതയായ്
മാതൃഗർത്തത്തിൽ
മറയുന്നു.



# പ്രിയപ്പെട്ട മാർച്ച്.....

**മാ**ർച്ച്,
ഞാനിപ്പോൾ ഏപ്രിലിൽ നിന്നാണ്.
ഏപ്രിൽ ഒരു ക്രൂരതയാണ്,
എന്തെന്നാൽ,
അത്, നമ്മുടെ മഹാഗണിച്ചില്ലകളെ ഏകാന്തതയുടെ
തടവിലിടുന്നു.
അതിന്റെ ചില്ലകളിൽ നിന്നും കിളികൾ
കൂടു വിട്ടു പോയിരിക്കുന്നു.
ഇവിടെ, ഈ ആകാശത്തിനു കീഴിൽ
ഒന്നിനും നിറമില്ലാതായിരിക്കുന്നു.
പക്ഷേ,
മഹാഗണികൾ പുതിയ നിറങ്ങളും, ആഘോഷ
ങ്ങളും സ്വപ്നം കാണുന്നുണ്ടാകും....

**സ്റ്റെഫിൻ കെ. ആർ.**
രണ്ടാംവർഷ ഇക്കണോമിക്സ് ബിരുദം

# ശവമഞ്ചം

**മെറിൻ രാജു**
മൂന്നാംവർഷ കെമിസ്ട്രി ബിരുദം

മനോഹരമായ റീത്തുകൾക്കിടയിൽ, ഒരു ജീവനറ്റ ശരീരമായ്, അലങ്കരിച്ച ശവമഞ്ചത്തിൽ ഈ വീടിന്റെ ഉമ്മറത്ത് ഞാൻ വിശ്രമിക്കാൻ തുടങ്ങിയിട്ട് മണിക്കൂറുകൾ ഏറെയായി. ജീവനറ്റ എന്റെ ശരീരത്തിനുള്ളിൽ ജീവസ്സുറ്റ ഒരു ആത്മാവുള്ള കാര്യം എന്തുകൊണ്ട് ആരും മനസ്സിലാക്കുന്നില്ല? എന്നും ബഹളങ്ങളിൽ നിന്നൊഴിഞ്ഞ് ജീവിച്ച എന്നെ ഈ ബഹളങ്ങൾക്കിടയിലേക്ക് ഇങ്ങനെ വലിച്ചിഴക്കുന്നത്, എന്തൊരു വിരോധാഭാസം!

ഞാൻ പോലും അറിയാത്ത എത്രയോ പേർ, എന്നെ സ്നേഹിക്കുന്നവർ, എന്നെ കാണാൻ വന്നുകൊണ്ടിരിക്കുന്നു. ജീവിച്ചിരിക്കുമ്പോൾ എന്നെ എന്നും വേദനിപ്പിച്ച ചിലർ, മരിച്ച ശേഷവും എനിക്ക് യാതൊരു സ്വൈര്യവും തരാതെ എന്റെ ശരീരത്തിലേക്ക് ആർത്തലച്ചു വീഴുന്നതും കള്ളക്കണ്ണീർ ഒഴുക്കുന്നതുമായ കാഴ്ചകൾ എന്നെ അസ്വസ്ഥനാക്കി. ഈ കപടനാട്യങ്ങളിൽ നിന്നൊഴിവായി എത്രയും പെട്ടെന്ന് ശവപ്പറമ്പിലേയ്ക്ക്, ഈ റീത്തുകൾക്കിടയിൽ നിന്ന് എന്നെ കൊണ്ടുപോയിരുന്നെങ്കിൽ എന്ന് ഞാൻ ആശിച്ചു.

വളരെ അത്ഭുതകരമായ ഒരു കാര്യം ഇതിനിടയിൽ എനിക്ക് അറിയാൻ സാധിച്ചു. മരിച്ചു കിടക്കുന്ന വ്യക്തിക്ക് മറ്റുള്ളവർ മനസ്സിൽ ചിന്തിക്കുന്ന കാര്യങ്ങൾ അതേപടി അറിയാൻ കഴിയും. പക്ഷെ പ്രതികരിക്കാൻ പറ്റില്ലാത്ത ഇവർക്ക് എന്നും അത് വെറും ഒരു സ്വപ്നമായി മാറും.

അങ്ങനെ ഒരു പ്രതിമയെപ്പോലെ കിടക്കുമ്പോൾ ഇതാ ഒരു വലിയ നിലവിളി. "മോനേ എന്തിന് നീ ഇതു ചെയ്തു". ആ നിലവിളി എന്നെ അലോസരപ്പെടുത്തി. പെട്ടെന്ന് ആ സ്ത്രീ മനസ്സിൽ വിചാരിച്ചത് എനിക്ക് ആരോ മന്ത്രിച്ചുതന്നു. അത് ഇങ്ങനെ ആയിരുന്നു. "ഇനി എനിക്ക് ആരു പണം തരും." പെട്ടെന്ന് ഞാനാകെ തകർന്നു പോയി. ഒന്നും പ്രതികരിക്കാൻ കഴിയാത്ത അശക്തനായിപ്പോയി ഞാൻ എന്ന ബോധം എന്നിൽ വീർപ്പുമുട്ടലുണ്ടാക്കി. മനുഷ്യരുടെ മനസ്സ് മനസ്സിലാക്കാൻ ഇപ്പോഴെങ്കിലും കഴിഞ്ഞല്ലോ എന്നോർത്ത് ഞാനാശ്വസിച്ചു.

എന്നെ ശല്യപ്പെടുത്താൻ കുറേപ്പേർ വീണ്ടും എന്റെ ചുറ്റും കൂടുന്നു. അതിൽ ഒരാൾ ഇങ്ങനെ മനസ്സിൽ വിചാരിക്കുന്നു. ഓ! നാശം ! മരിക്കാൻ കണ്ട ഒരു സമയം. ഇന്ന് ഒരു സ്ഥലത്ത് പോകാനിരുന്നതാണ്. അത് നടന്നില്ല. മനസ്സിന്റെ ഒരു കോണിൽ മൂർച്ചയുള്ള ഒരു വാളുകൊണ്ട് കുത്തിയിറക്കുന്ന വേദന പെട്ടെന്ന് എനിക്ക് തോന്നി. കാരണം ഞാൻ ഒരുപാടു സ്നേഹിച്ച ഒരു സുഹൃത്തിന്റെ മനസ്സിൽ വിചാരിച്ച കാര്യമാണിത്.

പിന്നെയും എന്നെ കാണുവാൻ ഒരുപാട് ആളുകൾ വന്നുകൊണ്ടിരുന്നു. എന്റെ ദേഹം മുഴുവൻ റീത്തുകൾ കൊണ്ടു നിറഞ്ഞു. പിന്നെ എന്നെത്തന്നെ നോക്കി പരാതി പറയുകയും കണ്ണുനീർ വാർക്കുകയും ചെയ്യുന്ന അച്ഛനും അമ്മയും, "എന്തിനാണ് നീ ഇങ്ങനെയൊരു കടുംകൈ ചെയ്തത്. ആത്മഹത്യ മാത്രമായിരുന്നോ നിന്റെ മുന്നിൽ." കരയുന്ന എന്റെ മാതാപിതാക്കളെ സമാധാനിപ്പിക്കാൻ കഴിയില്ലല്ലോ, എന്നോർത്ത് ഞാൻ മൗനമായി കരഞ്ഞു.

എന്റെ മനസ്സിൽ എല്ലാവരോടും സ്നേഹം മാത്രമായിരുന്നു. എന്നാൽ തിരിച്ചു കിട്ടിയത് ഒരുപിടി അവഗണന മാത്രം. എനിക്കറിയില്ല, 'എന്തിനു ഞാനിതു ചെയ്തു'. ഒരു നിമിഷം തോന്നിയ ഒരു മണ്ടത്തരം. ജീവിതം അർത്ഥശൂന്യമാണെന്നു തോന്നിയ നിമിഷത്തിൽ ചെയ്തുപോയ അബദ്ധം. ഇനി അതോർക്കുന്നതിൽ ഒരു കാര്യവുമില്ല.

പെട്ടെന്ന്, ബഹളങ്ങൾക്കിടയിൽ നിന്നും, വേറിട്ട ഒരു സ്വരം എന്റെ കാതിലെത്തുന്നു. ആർദ്രമായ ഒരു മനസ്സിന്റെ മന്ത്രണം ഒരു മന്ദമാരുതനിലൂടെ ഒഴുകി എന്റെ കാതുകളെ ഉണർത്തുന്നു.ഞാൻ നിന്നെ എത്ര മാത്രം സ്നേഹിച്ചിരുന്നു. ഞാൻ നിന്നെ എന്റെ ഏറ്റവും അടുത്ത സുഹൃത്തായി കരുതി. എന്നിട്ടും എത്രവട്ടം നീ എന്നോടു പിണങ്ങി. എത്രവട്ടം എന്നെ ശകാരിച്ചു. അറിയുന്നുവോ നീ, പിണങ്ങിയിരുന്ന ഓരോ നിമിഷവും ഞാൻ നിന്നെ ഓർത്തിരുന്നു............. സ്നേഹിച്ചിരുന്നു.......... ആരാണ് എന്നെനോക്കി വേദനയോടെ മന്ദഹസിക്കാൻ ശ്രമിക്കുന്നത്.? മൃദുവായി എന്റെ കൈകളെ തലോടിക്കൊണ്ട് തേങ്ങലുകൾ അടക്കാൻ ശ്രമിക്കുന്നത്.? ഓ! എന്റെ കൂട്ടുകാരനായ ശാരോൺ- പെട്ടെന്ന് ചാടിയെഴുന്നേറ്റ് അവനെ കെട്ടിപ്പിടിച്ച് ഉമ്മവയ്ക്കാൻ എന്റെ ഹൃദയം തുടിച്ചു. പക്ഷെ എനിക്കതിന് കഴിയില്ലല്ലോ. ആ നിസ്സഹായതയിൽ, മരിക്കാൻ തോന്നിയ നിമിഷത്തെ ഞാൻ ശപിച്ചു. എന്നെ സ്നേഹിച്ചവരെ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ലല്ലോ. മനസ്സിലാക്കിയ നേരത്ത് അവനു വേണ്ടി ഒന്നും ചെയ്യുവാൻ എനിക്ക് സാധിക്കുന്നില്ലല്ലോ.

മരിച്ചു കിടക്കുന്ന നേരത്തെങ്കിലും എന്നെ സ്നേഹിച്ചവരേയും കപടനാട്യം അഭിനയിച്ചവരേയും വേർതിരിച്ചറിയാൻ കഴിഞ്ഞുവെന്ന സംതൃപ്തി മാത്രം എന്നിൽ ശേഷിച്ചു. എല്ലാം മറക്കാൻ ശ്രമിച്ച് റീത്തുകൾക്കിടയിൽക്കിടന്ന് ഞാൻ സുഖമായി പതിയെ ഉറങ്ങി. പിന്നീട്, ആരോ ചുമക്കുന്ന ശവമഞ്ചത്തിലേറി എവിടേക്കോ യാത്രതിരിച്ചു.

# വയനാട് : പുതുക്കപ്പെട്ട അറിവുകൾ



## ഫോക്‌ലോർ ഡിപ്പാർട്ടുമെന്റ് റിപ്പോർട്ട്

**(രണ്ടാംവർഷ എം.എ. മലയാളം വിദ്യാർത്ഥികൾ വയനാട്ടിലേക്ക് നടത്തിയ യാത്രയുടെ അനുഭവക്കുറിപ്പ്)**

**ദൈ**വത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന കേരളത്തിന്റെ പ്രകൃതി മനോഹാരിത മുഴുവൻ ഒന്നിച്ചു ചേർന്നിരിക്കുന്ന പ്രദേശമാണ് വയനാട്. വയലുകളുടെ നാട് അതിന്റെ ഹരിത ഭംഗിയാലും മലനിരകളാലും സഞ്ചാരികളുടെ ഹൃദയത്തെ ആകർഷിക്കുന്നു. വിവിധ തരത്തിലുള്ള ആദിവാസി സംസ്ക്കാരങ്ങളാലും ഗോത്രവിഭാഗങ്ങളാലും സമൃദ്ധമായിരിക്കുന്ന വയനാട് കേരളത്തിന്റെ പുരാതന സംസ്കൃതിയെ തേടി ചെല്ലുന്നവരെ ഇരു കൈയ്യും നീട്ടി സ്വീകരിക്കുന്നുണ്ട്. പരിഷ്കൃത ജനതയ്ക്ക് ആദിവാസി എന്നു കേൾക്കുമ്പോൾ തോന്നുന്ന വികാരങ്ങളെ അതേപടി പൂരിപ്പിച്ചു നൽകുന്നില്ല, അവിടത്തെ ആദിവാസി സംസ്കാരങ്ങൾ. ഓരോ യാത്രയും ഒരുപാട് അനുഭവങ്ങളുമായി യാത്രികരെ കാത്തിരിക്കുന്നതു പോലെ വയനാട്ടിലേയ്ക്കുള്ള ഈ യാത്രയും അറിവുകളാലും തിരിച്ചറിവുകളാലും ഞങ്ങളെ സമ്പന്നമാക്കി.

മുടിയും ജടയും നീട്ടി വളർത്തി, അൽപ്പ വസ്ത്രധാരികളായി കുന്തവുമേന്തി, വേട്ടയാടി കിട്ടിയ മൃഗത്തിനു ചുറ്റും നൃത്തം വയ്ക്കുന്നവരാണ് ആദിവാസികളെന്ന പരിമിതമായ അറിവുമായി നൂൽപുഴയിൽ എത്തിച്ചേർന്ന ഞങ്ങൾ അത്ഭുതപ്പെട്ടു പോയത് കുറുമ കോളനിയിലേയ്ക്ക് പോയപ്പോഴാണ്. മുളക്കുടിലുകൾക്കു പകരം കോൺക്രീറ്റു വീടുകളും, വീട്ടിനുള്ളിൽ എല്ലാ ആധുനിക സംവിധാനങ്ങളും അവരും ഉപയോഗിച്ചു തുടങ്ങിയിരിക്കുന്നു. സർക്കാർ ജോലിയിൽ പ്രവേശിച്ചവരും ഉന്നത വിദ്യാഭ്യാസത്തിനായി പുറത്തു പോയിരിക്കുന്നവരും അവർക്കിടയിലുണ്ടായിരുന്നു. പരിഷ്ക്കാരങ്ങൾ കടന്നു വരുമ്പോഴും തങ്ങളുടെ പഴമകളെ ഒന്നടങ്കം അവർ ഉപേക്ഷിക്കുന്നില്ല. മൂപ്പനും ദൈവപ്പുരയുമെല്ലാം അവർക്കിപ്പോഴും പ്രിയപ്പെട്ട വിശ്വാസങ്ങളാണ്. വേരുകൾ നഷ്ടമാകാൻ ആഗ്രഹിക്കുന്ന ഒരു ജനതയല്ല കുറുമർ എന്ന് അവരുടെ പെരുമാറ്റങ്ങളും സംസാര രീതികളും നമ്മളെ ഓർമ്മിപ്പിക്കുന്നു. തങ്ങളുടെ സംസ്ക്കാരത്തെ മുറുകെ പിടിക്കുന്നതിനോടൊപ്പം ആധുനീകതയെ സ്വീകരിക്കുന്നതിനും അവർ മടികാണിക്കുന്നില്ല.

നഗരങ്ങളിൽ നാം ഒരിക്കലും പ്രതീക്ഷിക്കാത്തതും, പ്രതീക്ഷിച്ചാൽ തന്നെ ലഭിക്കാത്തതുമായ ആതിഥ്യ സ്വീകരണമായിരുന്നു ഞങ്ങൾക്കിവിടെ നിന്നും ലഭിച്ചത്. അതിഥി ദേവോ ഭവഃ എന്ന ആർഷ സംസ്ക്കാരം സംസ്ക്കാര പഠനത്തിൽ മാത്രം നമ്മുടെ ഓർമ്മയിലെത്തുന്ന ഈ കാലത്ത് അതിഥിയെ ദേവനായി കാണുന്ന ദ്രാവിഡ സംസ്ക്കാരവും ഞങ്ങളിവിടെ കണ്ടു. ഏറ്റവും സ്നേഹത്തോടെയും ബഹുമാനത്തോടെയും മറ്റുള്ളവരോട് പെരുമാറുക എന്ന മാനവികവശം ആധുനിക ലോകത്തിന് ആവശ്യമില്ലാത്ത ഒരുപചാരമാകുമ്പോൾ അപ്രകാരം ചെയ്യുന്ന ഒരുകൂട്ടം മനുഷ്യർ മറന്നു പോയതെന്തൊക്കെയോ ഞങ്ങളെ വീണ്ടും ഓർമ്മിപ്പിച്ചു.

പട്ടിണിമരണങ്ങൾ മാധ്യമങ്ങൾ പ്രചാരത്തിനുവേണ്ടി സൃഷ്ടിക്കുന്ന വെറും വാർത്തയല്ല, അത് സംഭവിക്കുന്നതു തന്നെ എന്നു ഞങ്ങൾക്കു തോന്നിയത് കാട്ടുനായ്ക്കർ കോളനിയിലും പണിയക്കുടിലുകളിലും എത്തിയപ്പോഴാണ്. ഒരുനേരത്തെ ഭക്ഷണംകൂടി കഴിക്കാനില്ലാതെ വിശന്നു കരയുന്ന പിഞ്ചുകുട്ടികളും അവരെ നോക്കി നെടുവീർപ്പിടുന്ന അച്ഛനമ്മമാരും. കേരളമെന്നത് ഇവരും കൂടി ഉൾപ്പെടുന്ന കേരളത്തിലെ ഉപരി വർഗ്ഗ ജനതയ്ക്കും മാറിമാറി വരുന്ന ഭരണ കൂടങ്ങൾക്കും ഇവർ വേണ്ടാത്തവരാകുന്നതെന്തുകൊണ്ട് എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

ജീവിതത്തെക്കുറിച്ചും പ്രകൃതിയെക്കുറിച്ചും മനുഷ്യരെക്കുറിച്ചും എല്ലാമുള്ള അറിവുകളുടെ പുതുക്കപ്പെടലായിരുന്ന ഈ യാത്ര തന്ന അനുഭവങ്ങൾ. ഏറ്റവും നല്ല അധ്യാപകൻ അനുഭവമാകുന്നതുപോലെ വയനാടിന്റെ തണുത്ത

മൂന്നു രാപ്പകലുകൾ ഞങ്ങൾക്ക് പാഠപുസ്തകങ്ങൾ തന്നെയായിരുന്നു. ആദിവാസി സംസ്ക്കാരത്തേയും ആദിവാസികളേയും അവരുടെ സ്നേഹത്തേയും ഹൃദയത്തിലൊരിടത്ത് കുടിയിരിത്തിക്കൊണ്ടാണ് ഞങ്ങൾ വയനാടൻ ചുരമിറങ്ങിയത്. അവരെ നമ്മിലൊരാൾ പോലെ ഓർമ്മിക്കാനും സ്നേഹിക്കാനും കഴിയും എന്ന അറിവായിരുന്നു വയനാട് യാത്രാനുഭവം നൽകിയ ഏറ്റവും വലിയ പാഠം.

### വ്യത്യസ്ത അനുഭവങ്ങൾ

വിവിധ തരത്തിൽ, മനസ്സിൽ തട്ടുന്നതായിരുന്നു വയനാടൻ യാത്രയിലെ ഓരോ അനുഭവവും. കുറുമരുടെ കോളനിയായ മന്ധമൂല കോളനിയിലെ ദൈവപ്പുരയ്ക്ക് മുന്നിലായിരുന്നു ഞങ്ങളുടെ പഠനയാത്രയുടെ ആദ്യത്തെ പകൽ. അവിടെ ആദിവാസികളെ കുറിച്ചും കുറുമ ഗോത്രത്തെകുറിച്ചും വിശദമാക്കിതരാൻ കുറുമരുടെ മൂപ്പൻ ഞങ്ങൾക്കൊപ്പമുണ്ടായിരുന്നു. പണ്ടുകാലത്തെ, കാട്ടിനകത്തെ ജീവിതവും വേട്ടയാടലും ആഘോഷാവസരങ്ങളും മൂപ്പൻ വിവരിച്ചു തന്നത് രസകരമായ അനുഭവമായിരുന്നു. അവിടെ നിന്നും തിരിച്ചു വരുന്ന വഴിയിലാണ് ഒഴുകിയെത്തുന്ന ഒരു സംഗീതം ഞങ്ങളെ ആകർഷിച്ചത്. കോളനിയിലെ കുഞ്ചിയൻ എന്ന വൃദ്ധനായിരുന്നു ആ വാദ്യോപകരണം വായിച്ചുകൊണ്ടിരുന്നത്. ഞങ്ങളെ കണ്ടപ്പോഴേ അദ്ദേഹം പാട്ടു നിർത്തി എന്തൊക്കയോ പണികളിൽ ഏർപ്പെടാൻ തുടങ്ങി. ആറെ സമയം കാത്തിരുന്നിട്ടും അദ്ദേഹം പിന്നീട് ആ ഉപകരണം വായിച്ചില്ല.

മുത്തങ്ങാ വനത്തിൽ കൂടിയുള്ള സഞ്ചാരം മറ്റൊരു അനുഭവമായിരുന്നു. തലേന്നാൾ ആനയിറങ്ങിയ വഴികളിലൂടെ ജീപ്പിന്റെ സുരക്ഷിതത്വത്തിലായിരുന്നു ആ യാത്ര. ഒരു കൂട്ടം ആളുകളെ ഞങ്ങൾ അവിടെ കണ്ടു. മൃഗശാലയ്ക്കു പുറത്ത് മാൻകൂട്ടങ്ങളുടെ ആ കാഴ്ച കൗതുകകരമായിരുന്നു. പണിയക്കുടിയിലേയ്ക്കുള്ള യാത്രയിലാണ് 'നഞ്ച' എന്ന സ്ത്രീയെ ഞങ്ങൾ കണ്ടത്. മേക്കട്ടിയുടുത്ത്, കയ്യിൽ, ചെമ്പുവളകളണിഞ്ഞ് കാതോല ധരിച്ചിരിക്കുന്ന ഒരു സ്ത്രീ. ഉച്ചയ്ക്കു വയ്ക്കാനുള്ള അരിവാങ്ങാനായി ഒരു മത്തങ്ങയും കയ്യിൽ പിടിച്ച് പോവുകയായിരുന്നു അവർ. ഞങ്ങളുടെ കൂടെ ഉണ്ടായിരുന്ന ശശീന്ദ്രൻ ചേട്ടനെ കണ്ട് അവർ അവിടെ നിന്നു. ശശീന്ദ്രൻ ചേട്ടനോട് ഉറക്കെ സംസാരിച്ചു. ഉച്ചത്തിൽ പൊട്ടിച്ചിരിച്ചു. പിന്നീട് ഞങ്ങളവരുടെ കുടിലിൽ കയറി അവരുമായി സംസാരിച്ചു. പുറത്തു നിന്നുള്ളവരെ കാണുന്നതിനുള്ള ഒരു പരിഭ്രമം അവരുടെ മുഖത്തു കാണാമായിരുന്നു. ജീവിതം നൽകിയ കരുത്തുമായി നിൽക്കുന്ന ആ സ്ത്രീ ഞങ്ങൾക്കൊരത്ഭുതമായിരുന്നു.

യാത്രക്കിടയിൽ ഞങ്ങളെ സഹായിച്ച ഒരുപാടു പേരുണ്ടായിരുന്നു. അവരിൽ നിന്നും വയനാടിന്റെ ചരിത്രവും ഐതിഹ്യങ്ങളും ഞങ്ങളറിഞ്ഞു. ഐതിഹ്യങ്ങൾ പ്രകാരം നൂൽപ്പുഴയുടെ ചരിത്രത്തിന് രാമായണ കാലത്തോളം പഴക്കമുണ്ട്. പരിത്യജിക്കപ്പെട്ട സീതാദേവി പൊൻകുഴിയിൽ പാർത്തതായും ദേവിയുടെ കണ്ണീർ നിറഞ്ഞ് ഉണ്ടായതാണ് പൊൻകുഴികണ്ണീർ തടാകമെന്നതായിരുന്നു ഒരു ഐതിഹ്യം. പൊൻകുഴിക്കടുത്ത് സ്ഥിതിചെയ്യുന്ന ആലിൻകളത്തിലെ ലവകുശ ക്ഷേത്രവും ഈ ഐതിഹ്യത്തിന്റെ തുടർച്ചയാണ്.

കാട്ടുനായ്ക്കരുടേയും പണിയരുടേയും കുടിലുകളിലെ സന്ദർശനം മറക്കാനാവാത്തതായിരുന്നു. ഉച്ചനേരത്ത് ഞങ്ങൾ ചെന്ന ഒരു കുടിലിലും ആഹാരം പാകം ചെയ്ത് തുടങ്ങിയിട്ടുണ്ടായിരുന്നില്ല. വേട്ടയാടലൊക്കെ സർക്കാർ നിരോധിച്ചപ്പോൾ ഞങ്ങൾക്ക് മറ്റു പണിയില്ലാതെയായി, പട്ടിണിയാണ് എന്നാണവർക്ക് പറയുവാനുണ്ടായിരുന്നത്. സർക്കാർ അനുവദിക്കുന്ന സഹായങ്ങളൊന്നും ലഭിക്കാറില്ലെന്ന് അവർ പരാതി പറഞ്ഞു. കൂടുതൽ സംസാരിക്കും തോറും അവരനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഓരോന്നും പുറത്തു വന്നു. സുഖസൗകര്യങ്ങളിൽ, ജീവിതം അടിപൊളിയാക്കുന്ന നാഗരികർക്ക് മുന്നിൽ ഒരു ചോദ്യചിഹ്നമായി ഈ സാധാരണ മനുഷ്യർ ജീവിക്കുന്നു.

കുറുമരുടെ മറ്റൊരു മൂപ്പനെ കാണാനായി സന്ധ്യാനേരത്ത് വയൽവരമ്പിലൂടെ ഞങ്ങൾ നടന്നു. മൂപ്പനെ കാണാനായില്ലെങ്കിലും എല്ലാവരും ഒരുമിച്ചുള്ള ആ യാത്ര മറ്റൊരനുഭവമായിരുന്നു. കണ്ണെത്താദൂരത്തോളം പരന്നു കിടക്കുന്ന പച്ചപ്പും അതു നൽകുന്ന ആനന്ദവും, നൂൽപ്പുഴ കലങ്ങിമറഞ്ഞ് ഒഴുകുന്നത് കണ്ടപ്പോൾ എല്ലാം തകർത്തെറിയാനുള്ള പ്രകൃതിയുടെ അസുരശക്തിയും ഓർമ്മയിലെത്തി. അല്പസമയം പുഴക്കരികെ ചെലവഴിച്ചു. കുറുമ ദ്വീപിലേയ്ക്കുള്ള യാത്രയും എടയ്ക്കൽ ഗുഹയിലേയ്ക്കുള്ള കയറ്റവും മറക്കാനാവാത്ത മറ്റ് അനുഭവങ്ങളായിരുന്നു.

വയനാടിലെ മ്യൂസിയം ആകർഷണീയമാണ്. ജീവനുള്ളവ എന്നു തോന്നിക്കുന്ന കടുവയും പുലിയും കരടിയും എല്ലാം ഞങ്ങൾക്കു മുന്നിൽ നിരന്നിരിക്കുന്നു. അവയുടെ കാഴ്ച മറ്റൊരനുഭവമായിരുന്നു. നിരവധി മനുഷ്യരെ കൊന്നു കൊലവിളിച്ച ഒരു ഒറ്റയാന്റെ അഞ്ച് നഖങ്ങളുള്ള കാൽപാദങ്ങൾ ഭയത്തോടൊപ്പം അത്ഭുതവും ജനിപ്പിക്കുന്നു. പ്രകൃതിയുടെ സസ്യജന്തുജാലങ്ങളിലെ വൈവിദ്ധ്യങ്ങൾ വിചിത്രമായി തോന്നി. ആ കൊമ്പൻ നടത്തിയ വീരകൃത്യങ്ങൾ അവിടത്തെ ഉദ്യോഗസ്ഥർ ഞങ്ങൾക്ക് വിവരിച്ചു തന്നു.

ഈ യാത്രയുടെ പ്രധാന സമ്പത്ത് അതു നൽകുന്ന വ്യത്യസ്താനുഭവങ്ങൾ തന്നെയെന്ന് നിസംശയം പറയാം.

### യാത്ര തരുന്ന പാഠങ്ങൾ

അതിവിശാലമായ ലോകത്തിൽ വൈവിദ്ധ്യങ്ങ

ളോടെ ജീവിക്കുന്ന പരശതം മനുഷ്യനും കാടും മേടും അവയിലെ നിരവധി ജീവജാലങ്ങളും. പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് ഇവയുടെയൊക്കെ നിലനിൽപ്പ് ആവശ്യമാണ്. എന്നാൽ യഥാർത്ഥത്തിൽ മനുഷ്യന്റെ ആർത്തിമൂലം അവൻ എല്ലാ പ്രകൃതി വിഭവങ്ങളും ലാഭമാക്കി മാറ്റാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അത് എത്ര മാത്രം നീതിവിരുദ്ധമാണെന്ന ഒന്നാം പാഠമായിരുന്നു ഈ യാത്ര നൽകുന്ന ശക്തമായ അനുഭവപാഠം.

ആദിവാസി ജീവിതവും അവരുടെ സംസ്കാരവും നമ്മുടെ ജീവിതത്തിന്റെ ഒരംശമാണെന്നും അവരെ മാറ്റി നിർത്തിക്കൊണ്ട് ഒരു പുരോഗമനമോ സൈബർ വിപ്ലവമോ ശതമാനത്തിൽ കുറഞ്ഞ ഒരു ജനവിഭാഗത്തിനു മാത്രമായി നൽകുന്നത് ശരിയല്ലെന്നും തോന്നി, കാരണം ഈ ജനത ഒരുനേരത്തെ ആഹാരത്തിനായി പോലും കഷ്ടപ്പെടുന്നവരാണ്. ഏറ്റവും വലിയ ദുഃഖം ദാരിദ്ര ദുഃഖമാകുമ്പോൾ അതുമാറ്റുവാൻ സഹായിക്കുക എന്നതായിരിക്കണം നമ്മുടെ ഒന്നാമത്തെ ലക്ഷ്യം.

പ്രകൃതി നൽകുന്ന ഒരു സാന്ത്വനം ജീവിതത്തിന്റെ തിരക്കുകളിൽ നിന്നോടി ചെല്ലുന്ന നമുക്ക് ഏറെ ആശ്വാസമാണ്. മനുഷ്യനാദ്യം പിറന്ന വീട് തന്റെ മക്കളെ സ്വീകരിക്കുന്നതുപോലെ കാട് നമ്മെ വിളിക്കുന്നു. നിറഞ്ഞു നിൽക്കുന്ന പച്ചപ്പിനു പുഴയൊഴുകുന്ന കളകളാരവങ്ങൾക്കും മദ്ധ്യേ നിൽക്കുമ്പോൾ ആദിവാസി ജീവിതത്തോട് നമുക്ക് ആദരവ് തോന്നുന്നു. കോൺക്രീറ്റ് സൗധങ്ങൾക്കിടയിൽ ഓടി തീർക്കുന്ന യന്ത്രങ്ങളായി അവർക്ക് മാറേണ്ടി വരുന്നില്ലല്ലോ എന്നതോർത്ത് ഞങ്ങൾ ആശ്വസിക്കുന്നു.

അധ്യാപകരും വിദ്യാർത്ഥികളും ഒന്നുചേർന്ന് നടത്തിയ ഈ യാത്ര ഒരനുഭവം തന്നെയായിരുന്നു. ക്ലാസ്സ് മുറിയിലെ നാലു ചുവരുകൾക്കുള്ളിൽ നിന്ന് മാറി വിശാലമായ കാടിന്റെ നന്മയിൽ കൂടി ഒരു യാത്ര. കുറുമരുടേയും കാട്ടുനായ്ക്കരുടേയും പണിയരുടേയും കോളനികളിലെ സന്ദർശനം അധികം പേരും ഏറെ സ്നേഹത്തോടെ ഞങ്ങളെ സ്വീകരിച്ചപ്പോൾ മുഖത്തേയ്ക്കു നോക്കാൻ കൂടി ഇഷ്ടപ്പെടാത്തവരും അവിടെ ഉണ്ടായിരുന്നു. പരിഷ്കൃത ജനതയെ കണ്ട ജാള്യതയെങ്കിൽ ഈ ജനത അവരോടു ചെയ്ത ക്രൂരതകളാണ് ആ മുഖം തിരിക്കലിനു പിന്നിൽ എന്ന് ഞങ്ങൾക്ക് എളുപ്പത്തിൽ മനസ്സിലായി. ചോദിക്കാനും പറയാനും ആരും ഇല്ലാത്തവന്റെ നിസ്സഹായത അതിനാൽ തന്നെ അവർ നാഗരികരെ വെറുക്കുന്നു.

വയനാടൻ യാത്രയിൽ ഞങ്ങളെ ആകർഷിച്ച മറ്റൊരു സവിശേഷത അവിടത്തെ ജനങ്ങളുടെ ആതിഥ്യ മര്യാദയായിരുന്നു. ആദിവാസി കോളനികളിലേയ്ക്ക് ഞങ്ങളെ കൊണ്ടുപോയ ഓമനച്ചേച്ചിയും, ശശീന്ദ്രൻ ചേട്ടനും നൂൽപ്പുഴ പഞ്ചായത്ത് പ്രസിഡന്റും അദ്ദേഹത്തിന്റെ കുടുംബവും കേരളത്തിന്റെ വടക്കൻ ജില്ല നിവാസികളുടെ സവിശേഷമായ സ്നേഹം ഞങ്ങൾക്കു നൽകി.

---

# ആമയും ഞാനും

ഒരിക്കൽ,
വഴിയിൽവച്ച് ഒരു ആമയെ
കണ്ടുമുട്ടി
അതു പറഞ്ഞു
"എത്രയോ കാലം അലഞ്ഞു
എത്രയോ കാലം പ്രയാണം തുടർന്നു
എന്നിട്ടും, എന്റെ
പുറന്തോടിനപ്പുറം പോകാൻ
എനിക്ക് കഴിഞ്ഞില്ല"
ഞാൻ പറഞ്ഞു
"അതുതന്നെയാണ് എന്റേയും ദുഃഖം"

**തോമസ് ഫിവിൻ**
മൂന്നാംവർഷ സുവോളജി ബിരുദം

# രൂപാന്തരം

ദിവ്യ ശീവൊള്ളി
രണ്ടാംവർഷ എം. എ. മലയാളം.



**രാ**വിൻ നനുത്ത സ്പർശത്തിൽ;
പെയ്തു തോരുന്ന നീഹാര കണികയായ്,
ഒരു നേർത്ത തുള്ളിയായ്  മാറുവാൻ
എൻമനം കൊതിക്കുന്നു!

അന്തരേന്ദ്രിയങ്ങളെ തകർക്കുന്ന
ഘോരാരവങ്ങളിൽ നിന്ന്,
അന്ധകാരത്തിന്റെ കനംതൂങ്ങുന്ന കറുത്ത പേടകത്തിൽ നിന്ന്
ഒരു നിമിഷമെങ്കിലും വിടുതി??

മുറിഞ്ഞ വചനങ്ങൾ,
വിതുമ്പുന്ന നോവുകൾ,
ഇടറുന്ന പാദങ്ങൾ,
അന്തമില്ലാത്തപ്രയാണം.......

എവിടേയ്ക്ക്? എന്തിന്?
ഉത്തരം തേടുന്ന ചോദ്യങ്ങൾ തൻ
ബന്ധനമുപേക്ഷിച്ചു പോകാൻ കഴിഞ്ഞെങ്കിൽ!!
ജ്വലിക്കുന്ന നിന്റെ കൃഷ്ണമണികളിൽ

ഞാൻ കണ്ടു; പ്രണയത്തിന്റെ ആർദ്രത
പറയാൻ കൊതിച്ചതു, പറയുവാനാകാതെ,
കേൾക്കാനാശിച്ചതു കേൾക്കുവാൻ കഴിയാതെ
നാം നിന്നു; നിശ്ചലബിന്ദുക്കളായ്.

ഇന്നു നീ എവിടെയാണ്?
ആരെയും തുറക്കാൻഅനുവദിക്കാത്തൊരാത്മാവുമായ്
ഇന്നും ഞാൻ യാത്രതുടരുകയാണ്.....
ഏകാന്ത പഥികയായ്,

*With best compliments from :*

**K.R.BAKES**

KR GROUP Since 1969

***Baked with love Since 1969***

*A unit of* **K.R BAKES Pvt Ltd.**
GURUDEVAN BUILDINGS, BANK Jn., **ALUVA**
Ph: 0484 - 2627363



# വിഷൻ യൂ.സി.

**2005–06** വർഷത്തെ കോളേജ് യൂണിയൻ യു.സി. കോളേജിനെക്കുറിച്ചുള്ള തങ്ങളുടെ വിഷൻ രൂപീകരിക്കുന്നതിന്റെ ഭാഗമായി ഫെബ്രുവരി 9-ാം തീയതി വിപുലമായ ഒരു ചർച്ച സംഘടിപ്പിക്കുകയുണ്ടായി. മിത്രപുരം ഹാളിൽ വച്ച് വിഷൻ യു.സി. എന്ന പേരിൽ നടത്തിയ പ്രസ്തുത ചർച്ച യു.സി.കോളേജിന്റെ ചരിത്രത്തിലെ ഒരു നാഴികകല്ലായി മാറി. വിദ്യാഭ്യാസ സങ്കൽപ്പങ്ങളും രീതികളും വലിയൊരു മാറ്റത്തെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് സാമൂഹ്യ പ്രതിബദ്ധതയുള്ള, മൂല്യങ്ങളെ കാത്തുസൂക്ഷിക്കുന്ന നമ്മുടെ കോളേജിന് എങ്ങനെ ഈ വിദ്യാഭ്യാസ കച്ചവട സംസ്കാരത്തിൽ നിന്ന് മാറി നിൽക്കാം അഥവാ വിദ്യാഭ്യാസ കുത്തൊഴുക്കിൽ പെട്ടുപോകാതെ നമ്മുടെ കോളേജിന് ആശയപരമായി എങ്ങനെ ഉൾക്കാഴ്ച നൽകാം എന്നതായിരുന്നു ചർച്ചയുടെ കാതലായ വിഷയം. കോളേജിലെ അദ്ധ്യാപകർ, മുൻ അദ്ധ്യാപകർ, പ്രിൻസിപ്പാൾ, മാനേജ്മെന്റ് പ്രതിനിധികൾ, അദ്ധ്യാപകേതര ജീവനക്കാർ, വിദ്യാർത്ഥികൾ തുടങ്ങിയവർ ചർച്ചയിൽ സജീവമായി പങ്കെടുത്തു. ചർച്ചയിൽ ഉയർന്നുവന്ന കാര്യങ്ങളും മറ്റ് വ്യക്തികളുടെ നിർദ്ദേശങ്ങളും ക്രോഡീകരിച്ചുകൊണ്ട് കോളേജിന് ഒരു റിപ്പോർട്ട് സമർപ്പിക്കുകയായിരുന്നു വിഷൻ യു.സി.യുടെ ലക്ഷ്യം.

നിർദ്ദേശങ്ങളുടേയും അഭിപ്രായങ്ങളുടേയും സാക്ഷിപ്തരൂപം ഇവിടെ ചേർക്കുകയാണ്.

1. എന്തായിരിക്കണം വിദ്യാഭ്യാസം
2. കോളേജിന്റെ പാരമ്പര്യം
3. സമകാലിക പരിസരം
4. വിഷൻ യു.സി. മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങൾ

## എന്തായിരിക്കണം വിദ്യാഭ്യാസം

വിദ്യാഭ്യാസം പുതുസമൂഹ സൃഷ്ടിക്കുള്ള ആശയവും ലക്ഷ്യവുമാണെന്ന പൗലോഫ്രെയറിന്റെ ചിന്താഗതിയോട് യോജിക്കുന്ന രീതിയിലാണ് അഭിപ്രായങ്ങൾ ഉയർന്നു വന്നത്. ഒരു വ്യക്തി ആരാണ് എന്നതിനേക്കാൾ ആരായി തീരണം എന്നതാണ് വിദ്യാഭ്യാസം ലക്ഷ്യം വയ്ക്കുന്ന പ്രധാന കാര്യം എന്ന് ഫ്രെയർ പറയുന്നുണ്ട്. വിദ്യാഭ്യാസത്തെക്കുറിച്ചുള്ള വിഷൻ യു.സി.യുടെ അഭിപ്രായം ഇവിടെ ക്രോഡീകരിക്കുകയാണ്.

1. വിദ്യാഭ്യാസ പ്രക്രിയ ഒരു രാഷ്ട്രീയ പ്രവർത്തനം തന്നെയാണ്. സാമൂഹ്യ പ്രതിബദ്ധതയും സാംസ്ക്കാരികാവബോധവുമുള്ള സവിശേഷ വ്യക്തിത്വങ്ങളെ സൃഷ്ടിക്കലാകണം വിദ്യാഭ്യാസം ചെയ്യേണ്ടത്.
2. വിദ്യാഭ്യാസം എന്നത് വ്യക്തിയുടെ ആവശ്യമല്ല ; സാമൂഹിക ആവശ്യമാണ്. അതുകൊണ്ട് തന്നെ വിദ്യാഭ്യാസം സാമൂഹിക സമ്പത്തായി പരിഗണിക്കണം.
3. എല്ലാത്തരത്തിലുമുള്ള ആധിപത്യ രൂപങ്ങൾക്കെതിരെ ചെറുത്തുനിൽപ്പ് നടത്താൻ കഴിവുള്ള വിദ്യാർത്ഥികളെ സൃഷ്ടിക്കുന്ന തരത്തിലായിരിക്കണം വിദ്യാഭ്യാസ പ്രക്രിയ.
4. വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധത്തെ ഊട്ടിഉറപ്പിക്കുന്ന തരത്തിലുള്ളതായിരിക്കണം വിദ്യാഭ്യാസം.
5. സമൂഹത്തിലേയ്ക്ക് ഇറങ്ങി ചെല്ലുന്ന വിദ്യാഭ്യാസ രീതികൾക്ക് പ്രാധാന്യം നൽകി വിദ്യാർത്ഥികളുടെ അറിവിന് അനുഭവത്തിന്റെ കരുത്ത് പകരുന്നതായിരിക്കണം വിദ്യാഭ്യാസ പ്രക്രിയ.

6. 'The truth shall make you free' എന്ന എന്ന നമ്മുടെ കോളേജിന്റെ മോട്ടോ ലക്ഷ്യമാക്കുന്ന വിധം വിദ്യാർത്ഥികളിൽ ജനാധിപത്യബോധവും അതുവഴി സ്വാതന്ത്ര്യ ബോധവും ഉള്ളവരാക്കി മാറ്റാൻ വിദ്യാഭ്യാസ പ്രക്രിയ പ്രയോജനപ്പെടണം.

## കോളേജിന്റെ പാരമ്പര്യം

വിദ്യാഭ്യാസ കച്ചവടത്തിന്റെ കുത്തൊഴുക്കിൽപ്പെടാതെ യു.സി.കോളേജ് എന്നും വേറിട്ടു നിൽക്കുന്നത് അതിന്റെ സാമൂഹ്യ പ്രതിബദ്ധതയും, ജനാധിപത്യ സ്വഭാവവും ഉള്ള, പൈതൃകം കൈമുതലായുള്ളതുകൊണ്ടാണ്. മതേതര സ്വഭാവവും ജനാധിപത്യ സ്വഭാവവും നിലനിർത്താൻ നമ്മുടെ കോളേജ് എന്നും പ്രതിജ്ഞാബദ്ധമായി നിലനിന്നിട്ടുണ്ട്. വിദേശ നടത്തിപ്പിൻ കീഴിലല്ലാതെ തുടങ്ങിയ, ഇന്ത്യൻ സംസ്കാരം ഉൾക്കൊള്ളുന്ന ഉന്നത വിദ്യാഭ്യാസ രംഗത്തെ ആദ്യത്തെ ക്രിസ്ത്യൻ സ്ഥാപനം യു.സി. കോളേജാണ്. നമ്മുടെ കോളേജിന്റെ സ്ഥാപകർ ക്രിസ്ത്യൻ മിഷിനറികളുമായി ചേർന്ന് കോളേജ് നടത്തിക്കൊണ്ടു പോകാൻ വിസമ്മതിച്ചവരാണ്. ഒരു എക്യുമിനിക്കൽ സ്ഥാപനമായി നിലനിൽക്കുന്നതും അതുകൊണ്ടു തന്നെയാണ്. കോളേജിന്റെ തുടക്കക്കാലത്ത് മത പഠനം നിർബന്ധമാക്കിയാൽ ധനസഹായം നൽകാമെന്ന് വാഗ്ദാനം ചെയ്ത മിഷിനറിമാരോട് വിസമ്മതിച്ച് മതപഠനം നിർബന്ധമല്ലെങ്കിൽ ധനസഹായം നൽകാമെന്ന സർക്കാരിന്റെ നിർദ്ദേശത്തോടാണ് താത്പര്യമെന്ന് നമ്മുടെ കോളേജ് സ്ഥാപകർ പറഞ്ഞത് കോളേജിന്റെ മതേതര പാരമ്പര്യം വെളിവാക്കുന്നു. വിദ്യാർത്ഥി പ്രവേശനത്തിലും അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങളിലും ഗുണമേന്മയും അർഹതയും മാത്രം മാനദണ്ഡമാക്കുന്ന നമ്മുടെ കോളേജ് മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്ന് വ്യത്യസ്തമായി നിലനിൽക്കുന്നു. പണമല്ല, മൂല്യങ്ങളാണ് വലുതെന്ന ഈ ഒരു സമീപനവും സമൂഹത്തിലേയ്ക്കിറങ്ങി ചെന്നുകൊണ്ടുള്ള കോളേജ് നടത്തിപ്പും കേരളീയ സമൂഹത്തിനാകെ മാതൃകയാണ്; അതുതന്നെയാണ് നമ്മുടെ കോളേജിന്റെ കരുത്തും.

## സമകാലിക പരിസരം

ഇന്ന് ഉന്നത വിദ്യാഭ്യാസ രംഗം ആശങ്കകളുടെ നടുവിലാണ്. നമ്മുടെ കോളേജിലും വിദ്യാഭ്യാസത്തിന്റെ കച്ചവട താത്പര്യങ്ങൾ വന്നുചേർന്നുകൊണ്ടിരിക്കുന്നു. ഉന്നത വിദ്യാഭ്യാസ രംഗം പണമുള്ളവന് മാത്രമാണെന്നും അത് തികച്ചും വ്യക്തിപരമായ സ്വത്താണെന്നുമുള്ള കാഴ്ചപ്പാടുകൾ നമ്മുടെ കോളേജിലും ഉയർന്നു വരുന്നുണ്ട്. കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്ത് ആർട്സ് ആന്റ് സയൻസ് മേഖലയിലെ വേറിട്ട ശബ്ദമായ യു.സി. കോളേജിലും കച്ചവട താത്പര്യമുള്ള കോഴ്സുകൾ നടത്താനുള്ള ശ്രമങ്ങളും വിദ്യാർത്ഥികളുടെ ജനാധിപത്യ അവകാശങ്ങൾ നിഷേധിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളും (യൂണിയൻ ഇലക്ഷൻ നടത്താതിരിക്കൽ പോലുള്ളവ) നടന്നുവെന്നുള്ളത് അപലപനീയമാണ്.

**വിഷൻ യു.സി മുന്നോട്ടു വയ്ക്കുന്ന നിർദ്ദേശങ്ങൾ**

**നിർദ്ദേശങ്ങളെ മൂന്നായി തരം തിരിക്കുന്നു:**

1. അക്കാദമിക് രംഗം
2. ക്യാമ്പസ് ലൈഫ്
3. കോളേജിന്റെ ഭൗതിക സാഹചര്യങ്ങൾ

## 1. അക്കാദമിക് രംഗം

1. കോളേജിലെ മുഴുവൻ കോഴ്സുകളേയും എയ്ഡഡ് കോഴ്സുകളായി നിലനിർത്താനും നിലവിലുള്ള സ്വാശ്രയ കോഴ്സുകളെ എയ്ഡഡ് മേഖലയിലേയ്ക്ക് മാറ്റാനുമുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുക. ഇതിനുവേണ്ടി ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതോടൊപ്പം കോടതി മുഖേനയും ഇടപെടലുകൾ നടത്തേണ്ടതാണ്.
2. നിലവിലുള്ള സ്വാശ്രയ കോഴ്സുകളെ കുറിച്ച് സമഗ്രമായ ഭാവിസാധ്യതാ പഠനം നടത്തുകയും കോളേജിൽ പുതിയ കോഴ്സുകൾ തുടങ്ങുമ്പോൾ അതിന്റെ സാധ്യതകളെ കുറിച്ച് വിശദമായ പഠനം നടത്തിയ ശേഷം മാത്രം കോഴ്സുകൾ ആരംഭിക്കുകയും ചെയ്യുക.
3. നമ്മുടെ കോളേജിനെ ആർട്സ് ആന്റ് സയൻസ് മേഖലയിൽ കേരളത്തിൽ ഏറ്റവും ഉയർന്ന സ്ഥാപനമായി ഉയർത്താനുള്ള കാര്യക്ഷമമായ കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കുക.
4. ഓരോ കോഴ്സിനേയും കോളേജിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പരിഷ്കരിക്കുകയും അതിനായി അക്കാദമിക് കൗൺസിലുകളിലും മറ്റ് യൂണിവേഴ്സിറ്റി-സർക്കാർ വേദികളിലും സമ്മർദ്ദം ചെലുത്തുകയും ചെയ്യുക. ഇതിനായി കോളേജിലെ മുഴുവൻ ഡിപ്പാർട്ടുമെന്റുകളും രൂപരേഖകൾ തയ്യാറാക്കുകയും അതിനു വേണ്ടി പദ്ധതികൾ തയ്യാറാക്കുകയും ചെയ്യുക.
5. കോളേജിലെ ഓരോ കോഴ്സിനേയും സമൂഹത്തോട് ഇടപെടുന്ന രീതിയിൽ മാറ്റിയെടുക്കാനുള്ള ബോധപൂർവ്വമായ ഇടപെടൽ ഡിപ്പാർട്ടുമെന്റുകളുടെ ഭാഗത്തുനിന്ന് ഉണ്ടാവുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിവിധ എൻ.ജി.ഒ.കൾ, പരിഷത്ത് (ഉദാ: ശാസ്ത്ര സാഹിത്യ പരിഷത്ത്), സർക്കാർ-സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുമായി ഒത്തുചേർന്ന് പദ്ധതികൾ തയ്യാറാക്കുക. ഇതിനായി

എക്സ്റ്റൻഷൻ പ്രോഗ്രാമുകൾ ഓരോ ഡിപ്പാർട്ടുമെന്റും നടത്തുക. ഉദാഹരണത്തിന് :

(എ) സൈക്കോളജി ഡിപ്പാർട്ട്മെന്റ് കമ്യൂണിറ്റി ഇന്റർവെൻഷൻ പ്രോഗ്രാമുകൾ നടത്തുക; മാനസിക ആരോഗ്യത്തെ കുറിച്ച് പൊതുജന സമ്പർക്ക പരിപാടകൾ ആസൂത്രണം ചെയ്യുക, കൗൺസിലിങ്ങ് സെന്റർ തുടങ്ങുക.

(ബി) ബയോടെക്നോളജിയും BT & SP കോഴ്സുകളും ഉൾപ്പെടുന്ന സുവോളജി ഡിപ്പാർട്ട്മെന്റ് ആരോഗ്യമേഖലയിലെ പ്രശ്നങ്ങളെ കുറിച്ച് പഠിക്കുകയും സർവ്വെകളും പഠനങ്ങളും നടത്തുകയും ചെയ്യുക, ആരോഗ്യ കാര്യങ്ങളെ കുറിച്ച് പൊതുജന സമ്പർക്ക പരിപാടികൾ നടത്തുക...

6. ഓരോ ഡിപ്പാർട്ടുമെന്റും അതാതു വിഷയങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സർട്ടിഫിക്കറ്റ് കോഴ്സുകൾ തുടങ്ങുക.

ഉദാഹരണത്തിന്-

(എ) ജേർണലിസം ആന്റ് മാസ് കമ്യൂണിക്കേഷൻ കോഴ്സുകൾ

(ബി) ആർക്കിയോളജി കോഴ്സ്

(സി) ഫോട്ടോഗ്രാഫി

(ഡി) കമ്പ്യൂട്ടർ കോഴ്സുകൾ

(ഇ) കമ്യൂണിക്കേഷൻ സ്കിൽ വർദ്ധിപ്പിക്കാനുള്ള കോഴ്സുകൾ

(എഫ്) പരിസ്ഥിതി പഠനങ്ങൾ

(ജി) ബാങ്കിംഗ് കോഴ്സുകൾ

(എച്ച്) ഫോക്‌ലോർ കോഴ്സുകൾ

(ഐ) അന്യഭാഷകൾ പഠിക്കുവാനുള്ള സൗകര്യം

7. അതാതു കോഴ്സുകളിലെ വിഷയങ്ങളെ കുറിച്ചും ആ വിഷയങ്ങളുമായി ബന്ധപ്പടുന്ന കാര്യങ്ങളെ കുറിച്ചും സ്ഥിരമായി സെമിനാറുകൾ നടത്തുകയും പ്രഗത്ഭ വ്യക്തികളെ ക്ഷണിച്ചു വരുത്തുകയും ചെയ്യുക.

8. ഇന്റർ ഡിസിപ്ലിനറി ബന്ധങ്ങൾ വർദ്ധിപ്പിക്കുകയും വിവിധ മേഖലകളിലെ അറിവുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാനുള്ള സൗകര്യം ഓരോ ഡിപ്പാർട്ടുമെന്റും ഒരുക്കുകയും ചെയ്യുക. ഇതിനായി ഓരോ ഡിപ്പാർട്ട്മെന്റും കർമ്മ പദ്ധതികൾ തയ്യാറാക്കുക. സെമിനാറുകൾ പൊതു സദസ്സുകൾ മുതലായവ നടത്തുക.

9. കാലഘട്ടത്തിന്റെ മാറ്റങ്ങൾ ഉൾക്കൊണ്ട് വിദ്യാർത്ഥികളെ അന്വേഷണത്തിന്റെ ലോകത്തിലേയ്ക്ക് നയിക്കാവുന്ന തരത്തിൽ അദ്ധ്യാപകരെ സജ്ജരാക്കുന്നതിന് റിഫ്രഷർ കോഴ്സുകൾ നടത്തുക. പ്രഗത്ഭ വ്യക്തികളെ ഈ കോഴ്സുകളിൽ പങ്കെടുപ്പിക്കുക.

10. വിദേശ യൂണിവേഴ്സിറ്റികളുമായി ചേർന്ന് വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും എക്സ്ചേഞ്ച് പ്രോഗ്രാമുകൾ നടത്തുക. ഇതിന്റെ മാനദണ്ഡം കഴിവും അർഹതയും മാത്രമായിരിക്കണം. ഈ പ്രോഗ്രാമുകൾ മതേതര സ്വഭാവം നിലനിർത്തേണ്ടതും ആവശ്യമെങ്കിൽ അതിനുള്ള ചെലവ് കോളേജുതന്നെ വഹിക്കേണ്ടതുമാണ്.

11. ലോകത്തിന്റെ ഏതുകോണിലുമുള്ള വൈജ്ഞാനിക മണ്ഡലങ്ങളേയും, തൊഴിൽ സാദ്ധ്യതകളേയുംക്കുറിച്ച് വിദ്യാർത്ഥികൾക്ക് വിവരങ്ങൾ ലഭിക്കാൻ പ്രാപ്തമായ രീതിയിൽ ഗൈഡൻസ് ബ്യൂറോയും, പ്ലേസ്മെന്റ് സെല്ലും സജ്ജീകരിക്കുക.

## 2. ക്യാമ്പസ് ലൈഫ്

ക്യാമ്പസിനുള്ളിൽ ഒരു വിദ്യാർത്ഥിക്ക് അവന്റെ കഴിവുകൾ പൂർണ്ണമായി പ്രകടിപ്പിക്കാവുന്ന തരത്തിൽ സ്വതന്ത്രനായിരിക്കുക എന്നതാണ് വിഷൻ യു.സി ക്യാമ്പസ് ലൈഫ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

1. **വിദ്യാർത്ഥികളുടെ സംഘടനാ പ്രവർത്തനങ്ങളും ജനാധിപത്യ വേദികളും:**

വിദ്യാർത്ഥികളുടെ സംഘടനാ പ്രവർത്തനങ്ങൾക്ക് പൂർണ്ണ സ്വാതന്ത്ര്യം നൽകുകയും കോളേജ് യൂണിയനും മറ്റ് സാംസ്കാരിക വേദികളും ശക്തിപ്പെടുത്താനുള്ള ബോധപൂർവ്വമായ നീക്കങ്ങൾ നടത്തുകയും വേണം. സമൂഹത്തിലെ മാറ്റങ്ങളിൽ ഇടപെടാനും പ്രതികരിക്കാനുമുള്ള സാമൂഹ്യ ബോധം വിദ്യാർത്ഥികളിൽ ഉണ്ടാക്കി എടുക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഇത്തരം ജനാധിപത്യ വേദികളുടെ പ്രവർത്തനങ്ങൾക്ക് കോളേജ് പൂർണ്ണ പിന്തുണ നൽകുക. അരാഷ്ട്രീയ ചിന്തകളും മതതീവ്രവാദ സംഘടനകളുടെ പ്രവർത്തനങ്ങളും യുവതലമുറയെ ബാധിക്കാതിരിക്കാൻ കാര്യക്ഷമമായ വിദ്യാർത്ഥി സംഘടനാ പ്രവർത്തനങ്ങളും ജനാധിപത്യ വേദികളും സഹായിക്കും.

2. **കലാസാംസ്കാരിക രംഗം:**

വിദ്യാർത്ഥികളുടെ കലാസാംസ്കാരിക രംഗത്തെ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള സ്ഥിരം വേദികളും ക്ലാസ്സുകളും ഉണ്ടാക്കാനുള്ള ശ്രമം നടത്തുക. കോളേജ് യൂണിയനുമായി ചേർന്ന് ഈ വേദികൾ കോളേജിനു ചുറ്റുമുള്ള ജനങ്ങളും സ്ഥാപനങ്ങളുമായും ഇടപെടുന്ന രീതിയിൽ കോളേജിനു പുറത്ത് പരിപാടികൾ നടത്താനുള്ള വേദികൾ സൃഷ്ടിക്കുക.

(എ) ഡ്രാമാക്ലബ്ബ്

(ബി) മ്യൂസിക് ക്ലബ്ബ്

(സി) പുസ്തക ക്ലബ്ബുകൾ രൂപീകരിക്കുകയും പ്രദർശനങ്ങൾ നടത്തുകയും ചെയ്യുക.

(ഡി) സോഷ്യൽ ഫോറങ്ങൾ രൂപീകരിക്കുക.

(ഇ) സിനിമാ ക്ലബ്ബ്.

(എഫ്) നാടൻപാട്ടുകളുടേയും നാടൻ കലാരൂപങ്ങളുടേയും കൂട്ടായ്മകൾ സംഘടിപ്പിക്കുക.

(ജി) കോളേജിലേയും പരിസരത്തേയും ആളുകളുടെ സൃഷ്ടികൾ ശേഖരിക്കുകയും കരകൗശല ചിത്ര പ്രദർശനത്തിന് ഒരു സ്ഥിരം ആർട്ട് ഗാലറി കോളേജിൽ സ്ഥാപിക്കുകയും ചെയ്യുക.

ഈ വേദികൾ വർഷത്തിലൊരിക്കൽ ഒരു പരിപാടി എന്ന നിലയിൽ പ്രവർത്തിക്കാതെ വർഷം മുഴുവൻ പ്രവർത്തന സജ്ജമായ വേദികളാക്കി മാറ്റുക. മാസത്തിലൊരിക്കൽ ഒരു പരിപാടിയെങ്കിലും ഓരോ വേദിയിലും സംഘടിപ്പിക്കുക. ഉദാഹരണത്തിന് സ്ഥിരമായി നാടകപ്രവർത്തനങ്ങൾ നടത്തുകയും മാസത്തിലൊരിക്കൽ ഒരു നാടകം നടത്തുകയും ചെയ്യുക. അതുപോലെ തന്നെ ഷോർട്ട് ഫിലിമുകൾ ചിത്രീകരിക്കുകയും മാസംതോറും മികവുറ്റ ചിത്രങ്ങളുടെ പ്രദർശനം ഒരുക്കുകയും ചെയ്യുക. കലാസാംസ്കാരിക രംഗത്തെ പ്രമുഖരെ വിദ്യാർത്ഥികളുമായി ഇന്ററാക്ട് ചെയ്യുവാനുള്ള അവസരങ്ങൾ കോളേജ് യൂണിയനും കലാസാംസ്ക്കാരിക വേദികളും ഒരുക്കുക.

### 3. സ്പോർട്സ് രംഗം :

(എ) കോളേജിന്റെ മഹത്തായ സ്പോർട്സ് പാരമ്പര്യത്തെ വീണ്ടെടുക്കാനുള്ള പ്രവർത്തനങ്ങൾക്ക് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക

(ബി) സിന്തറ്റിക് ട്രാക്ക്, ജിംനേഷ്യം തുടങ്ങി ആധുനിക സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക. കോളേജ് ടീമുകൾക്ക് മികച്ച പരിശീലകരെ ഏർപ്പെടുത്തുക.

(സി) കേരളത്തിലെ മികച്ച വിദ്യാർത്ഥികളെ കണ്ടെത്തി യു.സി. കോളേജിലേയ്ക്ക് കൊണ്ടുവരാനുള്ള ബോധപൂർവ്വമായ ശ്രമം നടത്തണം.

(ഡി) സ്പോർട്സ് ഹോസ്റ്റൽ സ്ഥാപിക്കുക.

(ഇ) പൊതുജനങ്ങളുടേയും പൂർവ്വ വിദ്യാർത്ഥികളുടേയും സഹകരണത്തോടെ എല്ലാ ഇനങ്ങളിലും വിപുലമായ ഒരുക്കത്തോടെ ചാമ്പ്യൻഷിപ്പുകൾ സംഘടിപ്പിച്ച് സ്പോർട്സിന്റെ പ്രാധാന്യം വിദ്യാർത്ഥികളിൽ എത്തിക്കുക.

(എഫ്) സ്പോർട്സിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് കാര്യക്ഷമമായി അതിൽ പ്രവർത്തിക്കാനുതകുന്ന രീതികളിൽ സ്കോളർഷിപ്പുകളും അലവൻസുകളും അനുവദിക്കുക.

(ജി) കേരളത്തിലെ മികച്ച സ്പോർട്സ് താരങ്ങൾക്ക് നമ്മുടെ കോളേജിന്റെ പേരിൽ അവാർഡുകൾ ഏർപ്പെടുത്തുക.

### 4. അദ്ധ്യാപക വിദ്യാർത്ഥി ബന്ധം :

ശക്തമായ അദ്ധ്യാപക വിദ്യാർത്ഥി ബന്ധം നിലനിൽക്കുന്ന നമ്മുടെ കോളേജിൽ കുറച്ചു കൂടി കാര്യക്ഷമമായ രീതിയിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള ഇടപെടലുകൾ വർദ്ധിപ്പിച്ച് കോളേജിന്റെ മഹത്തായ പാരമ്പര്യം കാത്തുസൂക്ഷിക്കാൻ അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സജ്ജരാക്കുക. ഇതിനായി കോളേജിന്റെ മുഴുവൻ പ്രവർത്തനങ്ങളിലും എല്ലാ അദ്ധ്യാപകരും വിദ്യാർത്ഥികളും ഇടപെടാനുള്ള ബോധപൂർവ്വമായ നീക്കങ്ങൾ നടത്തണം. കോളേജിൽ വിദ്യാർത്ഥികൾക്കുണ്ടാകുന്ന പ്രശ്നങ്ങളിൽ ഇടപെടാൻ നിലവിലുള്ള ഗ്രീവൻസ് സെൽ എന്ന സംവിധാനത്തെ കാര്യക്ഷമമാക്കുക.

### 5. വിദ്യാർത്ഥിനി പങ്കാളിത്തം :

കോളേജിലെ ഭൂരിപക്ഷം വരുന്ന വിദ്യാർത്ഥിനികൾ കോളേജിലെ പൊതുവേദികൾ ഉപയോഗപ്പെടുത്തുന്ന രീതിയിൽ വിദ്യാർത്ഥി സംഘടനകൾ, കോളേജ് യൂണിയൻ, വുമൺ സെൽ, മറ്റ് വനിതാ കൂട്ടായ്മകൾ തുടങ്ങിയവ കാര്യക്ഷമമായ ഇടപെടലുകൾ നടത്തുക.

### 6. മറ്റ് കോളേജ് സംഘടനകൾ :

എൻ.എസ്.എസ്, എൻ.സി.സി. തുടങ്ങിയവ സമൂഹത്തിൽ സ്ഥിരമായി ഇടപെടലുകൾ നടത്തുകയും സാമൂഹ്യബാധ്യതകൾ ഏറ്റെടുക്കാൻ തയ്യാറാവുകയും വേണം. നേച്ചർ ക്ലബ്ബുകളും സാഹസിക ക്ലബ്ബുകളും തുടങ്ങുകയും വിദ്യാർത്ഥികളെ അതിലേയ്ക്ക് ആകർഷിക്കുകയും ചെയ്യുക. ലോകമാറ്റങ്ങൾക്ക് അനുസരിച്ച് പുതിയ മേഖലകളിൽ പൊതുവേദികൾ തുടങ്ങി വിദ്യാർത്ഥികൾക്ക് ആ മേഖലകളെ പരിചയപ്പെടാനുള്ള അവസരങ്ങൾ നൽകുക. പ്രത്യേകിച്ച് പരിസ്ഥിതിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വേദികൾക്ക് കോളേജ് മുൻകൈ എടുത്ത് അവസരങ്ങൾ സൃഷ്ടിക്കുക.

## കോളേജിന്റെ ഭൗതിക സാഹചര്യങ്ങൾ

### 1. റസിഡൻഷ്യൽ സിസ്റ്റം :

കോളേജിന്റെ സ്ഥാപകർ വിഭാവനം ചെയ്തതുപോലെ ഭൂരിഭാഗം അദ്ധ്യാപകരും വിദ്യാർത്ഥികളും ക്യാമ്പസിൽ തന്നെ താമസിക്കുന്ന സാഹചര്യം ഉണ്ടാക്കുക. ഇതിനായി അദ്ധ്യാപകർക്ക് ക്വാർട്ടേഴ്സ് സൗകര്യം മെച്ചപ്പെടുത്തുക. ഹോസ്റ്റലുകളിൽ കൂടുതൽ അഡ്മിഷനുകൾ കൊടുക്കുകയും മികച്ച ജീവിത സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യുക. ഹോസ്റ്റലുകളിൽ ഗൃഹാന്തരീക്ഷം നിലനിർത്തുവാനുള്ള നടപടികൾ സ്വീകരിക്കുക.

2. **ലൈബ്രറി :**

കോളേജ് ലൈബ്രറിയെ ആധുനികമായി സജ്ജീകരിക്കുകയും അത് അറിവിന്റെ ഒരു കേന്ദ്രമാക്കി മാറ്റുകയും വേണം. രാത്രികളിലും ലൈബ്രറി ഉപയോഗിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തുക. ഓരോ ഡിപ്പാർട്ട്മെന്റ് ലൈബ്രറിയും ആവശ്യത്തിന് പുസ്തകങ്ങളും മികച്ച സൗകര്യങ്ങളും ഉള്ളവയാക്കി മാറ്റേണ്ടതാണ്. കോളേജ് ലൈബ്രറിയും ഡിപ്പാർട്ട്മെന്റ് ലൈബ്രറികളും ഇന്റർനെറ്റ് സൗകര്യം ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങൾ കൊണ്ട് ഫലപ്രദമായി സജ്ജമാക്കേണ്ടതുണ്ട്.

3. **ലാബ് സൗകര്യങ്ങൾ :**

ലാബ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ഏറ്റവും ആധുനികമായ സംവിധാനങ്ങളുമായി വിദ്യാർത്ഥികൾ ഇടപെഴകാനുള്ള സൗകര്യമുണ്ടാക്കുകയും ചെയ്യണം. കോളേജിനു പുറത്തുള്ള ശാസ്ത്രകുതുകികളായ ആളുകൾക്ക് ഉപയോഗപ്പെടുത്താവുന്ന രീതിയിൽ ലാബുകൾ തുറന്നു കൊടുക്കണം. ഉദാഹരണത്തിന് :-

(എ) ഫിസിക്സ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ആധുനിക ദൂരദർശിനികളുടെ സഹായത്തോടെ ആകാശ കാഴ്ചകൾ കാണാനുള്ള സൗകര്യം കോളേജിലെ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഒരുക്കി കൊടുക്കുക.

(ബി) സൈക്കോളജി ലാബിലെ സംവിധാനങ്ങൾ പൊതുസമൂഹത്തിനായി പ്രയോജനപ്പെടുത്തുക.

(സി) ബോട്ടണി, സുവോളജി ലാബുകളിൽ ആധുനിക സാഹചര്യങ്ങൾക്കനുസൃതമായി ഉപകരണങ്ങൾ ഒരുക്കുക.

(ഡി) രാസമലിനീകരണത്തെ കുറിച്ചുള്ള വിശദ പഠനങ്ങൾക്ക് കെമിസ്ട്രി ലാബ് സജ്ജീകരിക്കുക.

4. **നിർമ്മാണ പ്രവർത്തനങ്ങൾ :**

ക്യാമ്പസിലെ വൃക്ഷങ്ങൾ വെട്ടാതെയും ഇപ്പോഴുള്ള പൊതുസ്ഥലങ്ങൾ കളയാതെയും ആവണം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടത്. ഇപ്പോഴുള്ള കളിസ്ഥലങ്ങൾ, വിദ്യാർത്ഥികൾ ഇരിക്കുന്ന സ്ഥലങ്ങൾ തുടങ്ങിയവ നഷ്ടപ്പെടുന്ന രീതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തരുത്. പുതിയതായി നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങൾ ക്യാമ്പസിന്റെ തനതായ അന്തരീക്ഷത്തിനോട് യോജിക്കുന്ന രീതിയിലായിരിക്കണം.

5. **ക്യാമ്പസിലെ വൃക്ഷങ്ങൾ:**

ബോധപൂർവ്വമായി വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കണം. അതിന് ഒരു അദ്ധ്യാപകന്റെ നേതൃത്വത്തിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കി ഇക്കോ ഫ്രണ്ട്ലി ആയ ഒരു ക്യാമ്പസ് അന്തരീക്ഷം നിലനിർത്താനുള്ള കർമ്മ പദ്ധതി രൂപീകരിക്കുക.

## ഉപസംഹാരം

ഓർമ്മയിൽ വെക്കൽ എന്ന യാന്ത്രിക പ്രവർത്തനത്തിൽനിന്ന് പഠിക്കുക എന്ന അർത്ഥവത്തായ ജീവിത രീതിയിലേയ്ക്ക് പുതുതലമുറയെ നമുക്ക് മാറ്റേണ്ടതുണ്ട്. അതിനായി വിദ്യാഭ്യാസ പ്രക്രിയ ഒരു കച്ചവടം എന്ന ചിന്തയിൽ നിന്ന് സമൂഹത്തിനോടുള്ള നമ്മുടെ കരുതൽ എന്ന നിലയിലേയ്ക്ക് മാറുന്ന സാഹചര്യം യു.സി.കോളേജിൽ നിലനിർത്തേണ്ടതുണ്ട്.

നമ്മുടെ കോളേജ് ലോകസമൂഹത്തിനു മുഴുവൻ മാതൃകയാകത്തക്കവിധം ഒരു പൊതുവിദ്യാഭ്യാസ സ്ഥാപനമായി നിലനിൽക്കണമെന്ന ഇച്ഛയാണ് ഈ വിഷൻ യു.സി. യുടെ പിന്നിലുള്ളത്. ഇവിടെ പ്രകാശിപ്പിക്കപ്പെട്ട ആശയങ്ങൾ വിമർശനാതീതമാണെന്ന് ഞങ്ങൾ കരുതുന്നില്ല. ഈ നിർദ്ദേശങ്ങളെ കോളേജ് അധികൃതരും കോളേജ് സമൂഹവും അനുഭാവപൂർവ്വം പരിഗണിക്കുമെന്ന വിശ്വാസത്തോടെ ഈ റിപ്പോർട്ട് കോളേജ് സമൂഹത്തിനു മുമ്പിൽ സവിനയം സമർപ്പിക്കുന്നു.

(ഈ രൂപരേഖ തയ്യാറാക്കുന്നതിന് ഞങ്ങളോട് സഹകരിച്ച എല്ലാവർക്കും നന്ദി.....)

വിഷൻ യു.സി.യുടെ ഈ റിപ്പോർട്ട് കോളേജ് യൂണിയനുവേണ്ടി ചെയർമാൻ ജെയ്സിൽ ജേക്കബ് പ്രിൻസിപ്പാൾ ഡോ. വർഗ്ഗീസ് ജോണിന് സമർപ്പിച്ചു.

*With best compliments from :*



**ZAIN RESTAURANT**

NEAR U.C. COLLEGE, **ALWAYE**

# *College Union Inauguration*




കോളേജ് യൂണിയൻ ഉദ്ഘാടനം
ശ്രീ കടമ്മനിട്ട രാമകൃഷ്ണനനും,
ആർട്സ് ക്ലബ്ബിന്റെ ഉദ്ഘാടനം
ശ്രീ വിനയനും നിർവ്വഹിക്കുന്നു.




സദസ്സിൽവച്ച് ശ്രീ കടമ്മനിട്ട
രാമകൃഷ്ണൻ ആലുവാപ്പുഴയെക്കുറിച്ചുള്ള
തന്റെ കവിത ചൊല്ലുന്നു.




ശ്രീ കടമ്മനിട്ട രാമകൃഷ്ണന് ചെയർമാൻ
ജെയ്സിൽ ജേക്കബ് ഉപഹാരം നൽകുന്നു.



ആശംസകൾ നേർന്നുകൊണ്ട്
പ്രിൻസിപ്പാൾ ഡോ. വർഗ്ഗീസ് ജോൺ
സംസാരിക്കുന്നു.



അദ്ധ്യക്ഷ പ്രസംഗം
ചെയർമാൻ ജെയ്സിൽ ജേക്കബ്
"നിർവ്വഹിക്കുന്നു.



നന്ദി രേഖപ്പെടുത്തിക്കൊണ്ട്
ജനറൽ സെക്രട്ടറി
സുരാജ് കെ. എസ്. സംസാരിക്കുന്നു.



സദസ്സിൽനിന്ന്
ഒരു ദൃശ്യം

# A Search in Secret India
## SIDHA PROJECT

**എ** സെർച്ച് ഇൻ സീക്രട്ട് ഇന്ത്യ എന്ന മഹത് ഗ്രന്ഥം എഴുതിയ പോൾ ബ്രണ്ടനു ശേഷം ഈ രംഗത്ത് ആദ്യമായി ശാസ്ത്രീയമായ ഗവേഷണങ്ങൾക്കു വേണ്ടി ആലുവ യു.സി. കോളേജിൽ യു.ജി.സി. ധനസഹായത്തോടെ ആരംഭിച്ച മേജർ റിസർച്ച് പ്രൊജക്ടിന്റെ രണ്ടാംഘട്ട പ്രവർത്തനോദ്ഘാടനം കാലടി സംസ്കൃത സർവ്വകലാശാല വൈസ് ചാൻസലർ ഡോ. കെ.എസ്. രാധാകൃഷ്ണൻ നിർവ്വഹിച്ചു. ചടങ്ങിൽ പ്രൊഫ. എ.എം. ഗീവർഗ്ഗീസ് അദ്ധ്യക്ഷത വഹിച്ചു.



ഭാരതത്തിന്റെ അറിവിന്റെ അന്തർ ധാരകളായ 18 സിദ്ധൻമാരുടെ മൂവായിരത്തിലേറെ വർഷങ്ങൾക്കു മുമ്പ് എഴുതപ്പെട്ട സിദ്ധഗ്രന്ഥങ്ങളിൽ പരാമർശിക്കപ്പെട്ട ഇതുവരെ കണ്ടെത്താൻ കഴിയാത്ത 64 ഇനം നിഗൂഢ സസ്യങ്ങളെ നേരിൽ കണ്ടെത്തുകയും 18 സിദ്ധപരമ്പരകളിലെ ഇന്നു ജീവിച്ചിരിക്കുന്ന കണ്ണികളായ സിദ്ധ അവധൂതൻമാരെ കണ്ടെത്തി അവരുടെ സഹായത്തോടെ ഈ നിഗൂഢ സസ്യങ്ങളെ തിരിച്ചറിഞ്ഞ് ശാസ്ത്രീയമായ അപഗ്രഥനം ഇവയെക്കുറിച്ച് നടത്തുകയും ശാസ്ത്രനാമങ്ങൾ നൽകി മനുഷ്യരാശിക്ക് ഉപകാരപ്രദമായി പരിണാമപ്പെടുത്തുകയും ചെയ്യുകയെന്നതാണ് ഈ യു.ജി.സി. പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യം.

ഇംഗ്ലണ്ടിൽ നിന്ന് നിഗൂഢ യോഗികളെ തേടി ഇന്ത്യയിൽ വരികയും അനവധി വർഷം ഇവിടെ താമസിച്ച് പുസ്തകങ്ങൾ രചിക്കുകയും ചെയ്ത പോൾ ബ്രണ്ടനു ശേഷം ഭാരതത്തിൽ ആദ്യമായിട്ടാണ് അക്കാദമിക് തലത്തിൽ ഇത്തരമൊരു ഗവേഷണ പരമ്പര യു.ജി.സി. നടപ്പിലാക്കുന്നത് എന്ന് ഈ പദ്ധതി ഉദ്ഘാടനത്തിനു ശേഷം ഡോ. കെ.എസ്. രാധാകൃഷ്ണൻ പറഞ്ഞു. കേരളത്തിലും, തമിഴ്നാട്ടിലുമുള്ള ജൈവ വൈവിദ്ധ്യ സമ്പന്നതയിൽ അധിഷ്ഠിതമായ ഗവേഷണങ്ങളിൽ കൂടി മാത്രമേ ഈ സംസ്ഥാനങ്ങളെ ലോകരാജ്യങ്ങളുടെ മുൻനിരയിലേക്ക് കൊണ്ടുവരാൻ കഴിയുകയുള്ളു എന്ന് വി.സി. അഭിപ്രായപ്പെട്ടു.

അഗസ്ത്യർ, തിരുമൂലർ, ഭോഗർ, കാലാങ്കിനാഥർ, കോരക്കർമുനി, പുലിപ്പാണി, മായാസിദ്ധസ്വാമി തുടങ്ങിയ സിദ്ധൻമാരുടെ താളിയോലകളിൽ പറഞ്ഞിട്ടുള്ള 64 ഇനം അപൂർവ്വ സസ്യങ്ങളെ തേടിയുള്ള ശാസ്ത്രപഠനത്തിൽ, ഈ പരമ്പരയിൽ പെട്ട ഇന്നു ജീവിക്കുന്ന അവധൂത സിദ്ധൻമാരുടെ അന്വേഷണം തമിഴ്നാട്, കേരളം എന്നിവിടങ്ങളിലെ അത്രിമല, പഴനിമല, ചാമുണ്ഡിമല, മരുത്വാമല, ചതുരഗിരി, കൊല്ലിമല, എന്നിവിടങ്ങളിൽ പൂർത്തിയായി. ഇപ്പോഴും മനുഷ്യരിൽ നിന്നും മറഞ്ഞ് ഇലകൾ ഭക്ഷിച്ച് സൂക്ഷ്മസാധനാ തപസ്സുകൾ ചെയ്യുന്ന അനേകം സിദ്ധൻമാരെ കണ്ടെത്തികഴിഞ്ഞതോടെ പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയായി.

വൃക്ഷത്തിനടുത്ത് ചെല്ലുമ്പോൾ മൃഗങ്ങൾ കരയുന്നതുപോലെ കരയുന്ന കണഎരുമ വൃക്ഷം, അത്രിമലകളിൽ കൊല്ലത്തിലൊരിക്കൽ കറുത്തവാവുനാളിൽ ഇലകൾ മുഴുവൻ സ്വർണ്ണനക്ഷത്ര പ്രകാശം വിരിയുന്ന ജ്യോതിവൃക്ഷം, കരിനെല്ലി, ജഡൈവൃക്ഷം, ഭസ്മകർപ്പൂരവിലം, മൂവിലകുരുന്ന്, പേയ്തേറ്റാൻമരം, ചെങ്കുമരി തുടങ്ങി 64 ഇനം അപൂർവ്വനിഗൂഢ ഔഷധസസ്യങ്ങളെ കണ്ടെത്തുകവഴി ഔഷധ വിജ്ഞാനീയത്തിനും സയൻസിനും പുതിയ സാദ്ധ്യതകളാണ് തുറക്കുന്നത്.

120 വയസ്സിന് മുകളിൽ ജരാനരകളില്ലാതെ മനുഷ്യശരീരം നിലനിർത്തുന്ന പുനീർ ജലത്തിൽനിന്നും സിദ്ധൻമാർ കെട്ടിയെടുക്കുന്ന ബദ്ധലവണത്തിന്റെ സങ്കീർണ്ണമായ നിർമ്മാണ പ്രക്രിയ പോലുള്ളവ സവിശേഷ പഠനം അർഹിക്കുന്ന മേഖലകളാണ്. ശങ്കരൻകോവിലിനും സേലത്തിനും സമീപമുള്ള ചുണ്ണാമ്പു മലകളിലാണ് പുനീർ വിളയുന്നത്. എല്ലാവർഷവും ഇടവമാസത്തിൽ പൗർണ്ണമിരാവിൽ അത്ഭുതകരമായി സംഭവിക്കുന്ന ഒരു പ്രതിഭാസമാണിത്. അർദ്ധരാത്രി വിരിയുന്ന ഈ ലവണം കൈവശപ്പെടുത്തുക എളുപ്പമല്ല. ലവണം വിരിയുന്നിടത്ത് സൂര്യൻ അസ്തമിച്ചാൽ അമരിക്കല്ലുകളിൽ ചെറുകുമിളകളിൽ നുരഞ്ഞുപൊങ്ങും. അതു കഴിഞ്ഞ് ഒരു ദ്രാവകം പുറത്തുവരും. അപ്പോൾ

ഉഗ്രവിഷമുള്ള പാമ്പുകൾ, തേളുകൾ, പലതരം ഈച്ചകൾ എന്നിവ ഈ ലവണം കഴിക്കുന്നതിന് തനിയെ അവിടെ എത്തും. അർദ്ധരാത്രിയിൽ പെട്ടെന്നാണ് ഈ പുനീർ പൊട്ടിവിരിയുന്നത്. അഞ്ചു മിനിറ്റ് നേരം ഉയരത്തിൽ പൊങ്ങുന്ന ഈ ലവണം പെട്ടെന്നുതന്നെ അന്തരീക്ഷത്തിൽ അലിഞ്ഞുപോകും. മനോബലവും, തപശക്തിയുമുള്ള അവധൂതസിദ്ധൻമാർക്കു മാത്രമേ ഈ നിമിഷം കാത്തുനിന്ന് കൈവശപ്പെടുത്തുവാൻ കഴിയുകയുള്ളൂ. അനേകം പേർ ഇത് കൈവശപ്പെടുത്തുന്നതിനിടയിൽ വിഷമേറ്റ് മരിച്ചുപോയിട്ടുണ്ട്.

ഹൃദയഭിത്തികളിലെ ഏത് തടസ്സവും പരിഹരിയ്ക്കാവുന്ന കരുംപൂതവൃക്ഷം, കുഷ്ഠരോഗത്തിനുള്ള സിദ്ധഔഷധമായ ചെങ്കൊടുവേലി, മാരകമായ പാണ്ഡുരോഗത്തിന് ഇല ഉതിരാവൃക്ഷം, കരിനാഗവേര് എന്നിവ കണ്ടെത്തപ്പെടേണ്ടതും സവിശേഷ പഠനം അർഹിക്കുന്നതുമാണ്.

കണ്ടെത്തപ്പെടുന്ന ചെടികൾ വിവിധ കലാശാലകളിൽ സൂക്ഷ്മ രാസപരിശോധനകൾ നടത്തി അതിസൂക്ഷ്മമൂലകങ്ങളും ഘടകങ്ങളും വേർതിരിച്ച് ഗവേഷണ പരീക്ഷണങ്ങൾ തുടരും.

ആലുവ യു.സി. കോളേജിൽ ഇംഗ്ലീഷ് വിഭാഗത്തിൻ കീഴിൽ പ്രൊഫ. വെട്ടത്ത് ജോണപ്പ, ഡോ. വർഗ്ഗീസ് ജോൺ, ഡോ.തോമസ്സ് മാത്യു എന്നിവരടങ്ങുന്ന സംഘമാണ് ഈ അപൂർവ്വ പദ്ധതിയുടെ ചുമതല വഹിക്കുന്നത്. മുഖ്യ അന്വേഷകനായ പ്രൊഫ: വെട്ടത്ത് ജോണപ്പ പുരാണനിഘണ്ടുകാരനായ ശ്രീ വെട്ടം മാണിയുടെ പുത്രനാണ്. കഴിഞ്ഞ 35 വർഷമായി ഈ രംഗത്ത് പഠന ഗവേഷണങ്ങൾ തുടരുന്ന ആളാണ് ഇദ്ദേഹം. വിവിധ ഗുഹകളിൽ അനേകം സമാധികൾ ഇദ്ദേഹം കണ്ടെത്തിയിട്ടുണ്ട്. പ്രൊഫ. വെട്ടത്ത് ജോണപ്പയുടെ കൂടെ പദ്ധതിയിൽ മുഴുവൻ സമയ ഗവേഷകരായി ഡോ. പി.പി. ഗോപാലൻ പീച്ചോളി, ചെന്തമിഴ് പണ്ഡിതനായ വലിയറത്തല പി.ശ്രീധരൻ നായർ, ഫുൾടൈം ഫീൽഡ് കോ-ഓർഡിനേറ്ററായ ശ്രീ. പി.വി. രാമചന്ദ്രൻ എന്നിവരാണ് ഈ പദ്ധതിയിൽ സജീവമായി പ്രവർത്തിക്കുന്നത്. ഈ യു.ജി.സി. പദ്ധതിയുടെ കാലാവധി 3 വർഷമാണ്.

സിദ്ധഔഷധ ചെടികളെക്കുറിച്ച് അറിവുള്ളവരും, സിദ്ധപരമ്പരകളെപ്പറ്റി മറ്റു വിവരങ്ങൾ നൽകാൻ കഴിവുള്ളവരും ആലുവ യു.സി. കോളേജിലെ പ്രോജക്ട് ഓഫീസുമായി ബന്ധപ്പെട്ട് വിവരങ്ങൾ നൽകുവാൻ താൽപ്പര്യപ്പെടുന്നു.


ICIT

# Institute of Communication and Information Technology

## Union Christian College

**Accredited by the Dept. of Electronics, Govt. of India**
**Regional Centre, Mahatma Gandhi University**

**U.C. COLLEGE P. O., ALWAYE - 683 102, KERALA**
Ph : 0484 - 604613, E-mail : uccicit@md2.vsnl.net.in

## Courses:

**FULL-TIME**

**B.C.A (3 year) - M.G. University**

**BLISc (1 year) - M.G. University**

**PGDCA & A Level (1 year) DOEACC, Govt. of India**

**DCA & O Level (1 year) DOEACC, Govt. of India**

**PART TIME**

**CCC (6 months) DOEACC**

**DCA & ADCA (1 year) - for College Students**

കവിത

**ലിജി എം. തങ്കച്ചൻ**
ഒന്നാംവർഷ
ഫിസിക്സ് ബിരുദം



# എന്റെ ഡിസംബർ

**ഡി**സംബർ എനിക്കൊരോർമ്മയായിരുന്നു
നനുനനുത്ത മഞ്ഞിൻ കണങ്ങളെൻ
ആത്മാവിന്റെ മുറിവുകളിൽ പറ്റിപിടിയ്ക്കുന്നു
അന്നെനിക്കറിയില്ലായിരുന്നു.........................
ഈ തണുത്ത കുളിർകാറ്റകലുമെന്ന്
ഈ താരാവൃതമാം മാനം വിടപറയുമെന്ന്.
ഡിസംബർ ഒരു പിറവിതൻ മംഗളമാസം
അന്നു നീയെന്നെ കാറ്റാൽ പുതപ്പിച്ച്
ഒരുമ്മയിൽ കിടത്തിയുറക്കിയിട്ട്
നിലാവകലുന്നതിലും നിശബ്ദമായി
എവിടെയോ പോയ്മറഞ്ഞു.......... നീ,
ഏതോ നിഗൂഢതയിൽ അദൃശ്യനായി
മണലാരണ്യങ്ങളിൽ ഏകനായി
എവിടെയോ പോയ് മറഞ്ഞു........
ഇവിടെ,
ഞാൻമാത്രം ഈ പൂക്കളോടൊപ്പം
ഈ പൂമ്പാറ്റകളോടൊപ്പം മൂകമായി.....
അവയെന്റെ കാതിൽ മന്ത്രിച്ചു
ഇവിടെയിനിയും കുളിർകാറ്റു വീശും
ഇവിടെയിനിയും പുഷ്പങ്ങൾ നൃത്തമാടും
ഒരു പൂവിതൾപോൽ പ്രണയം പൂക്കും
ഇതിനെല്ലാം സാക്ഷിയായി താരങ്ങൾ
മാനത്തുലാത്തും
പക്ഷേ,
ഇന്നും ഞാൻ നിന്നെ സ്നേഹിക്കുന്നു
പറയാൻ കൊതിക്കാത്ത ഒരു സ്വപ്നം പോലെ
നന്ദി,
ഈ നിലാവുള്ള രാവിൽ എന്നെ
തനിച്ചാക്കാത്തതിന്
കൂട്ടിനൊരായിരം ഓർമ്മകൾ തന്നതിന്............

# THE TOXIC TERROR OF e-WASTE

*As technology advances, the use and production of electronic /electrical equipments is increasing in leaps and bounds. Be it computers, mobiles or other electronic goods, people discard the old one and upgrade to the latest version. As a result, the waste stream of e-products-e waste-is growing at a faster rate posing threat to mankind.*

As per UNEP report (2005), every year 20-50 million tonnes of electronic /electrical waste are generated world wide which could pose serious risks to human health and environment. [ four million PCs are discarded per year in China alone]. The organization Green Peace has recently published a report on the rapidly increasing e-waste problem in India. According to this report, all stages in the processing of e-waste have the potential to release substantial amounts of toxic heavy metals and organic compounds into the surroundings posing threat to human health and environment.

It is quite astonishing to see that many advanced countries have chosen the easier way of exporting the problems of e-waste to Asian countries which lack proper legislation to ensure environmentally sustainable recycling and disposal methods. In such countries (including India ) the products are dismantled with some material recovered for reuse and the rest disposed of to land and water. In the absence of proper legislation in developing countries, e- waste is proving to be the largest source of environmental pollution.

### Why is e-waste toxic?

Waste from industry as well as indoor dust and river sediments were found to contain toxic heavy metals which are commonly used in electronic sectors. These materials have crept into soil and water either from the discarded electronic equipment or during their dismantling process. The toxic heavy metals found in e-waste are Lead, Tin, Copper, Cadmium, Antimony, Nickel etc.

Lead and tin arise from solder and lead and nickel from batteries and solder joints. Antimony occurs mainly in antimony trioxide which is used as a flame retardant additive in plastics and resins as well as from electrical solders. Many other metals are also associated with electronic industry. These include Barium, Nickel, Zinc, Mercury, Gold and Silver.

Antimony trioxide is a possible human carcinogen and exposure to high levels of antimony can lead to severe skin problems and other health hazards. High levels of Cadmium, Copper, Lead and Zinc are characteristic of ashes collected from e-waste burning operations- a method widely practiced in India and many other Asian countries. The e-waste incineration centers at Ibrahimpur and Shastri Park confirm this observation.

Repeated exposure to Lead leads to its build up in body and causes irreversible damage to the nervous system, particularly in children. Long term exposure to Cadmium damages kidneys and bone structure.

Soil and dust samples colleted from Kantinagar and BrijGanj in New Delhi where cathode ray tubes from television and computer monitors are stored demonstrated the presence of heavy metals. Cadmium, Zinc, Yttrium sulphides are used in the 'phosphor coatings' in cathode ray tubes. Lead oxide occurs in glass.

e-Waste samples often contain organic pollutants PCB (Poly chlorinated biphenyl) chemicals-which are widely employed in electronic applications. These chemicals are now banned throughout the world. Suppression of human immune system, liver damage, cancer promotion, nervous system damage, behavioral changes and damage to the reproductive system are the serious effects of PCBs. (PCBs, chlorinated benzenes and polycyclic aromatic hydrocarbons are being traced during incomplete combustion of e-waste at Ibrahimpur center!!) Dumping of e-waste on countries that do not have adequate legislation or knowledge about handling the waste goes against environmental ethics.

**IT boom every where!!**


Our state and Central governmental offer a large number of IT job opportunities every year. We consider IT as the major bread winner of our coming generations. It is to noted that most of this IT hands are expected to do major project owned by advanced countries. The so-called developed countries do not want to waste their human power for such IT jobs mainly due to two reasons. Firstly, they want to eliminate the growing e-waste problem in their countries by exporting the jobs to developing countries like India and secondly they want to use their emerging generation for more creative jobs. The net result is that, with growing IT job opportunities, the e-waste problem in India and other developing countries get their jobs done by us. This doesn't mean that we should turn our face against IT. We should be able to offer IT jobs of our interest to our people and make proper legislation to eliminate the terror of e-waste arising from this. In this context, the waste we produce will be controllable within the rules and regulations we impose. Why should we again pollute our environment for others' interest?

The government should open up new job opportunities in agricultural and industrial sectors. For our government (and the political leaders) whether state or central, development means only IT development. It is time to think how far this is true. With a shaky and flexible environmental legislation, and 'others' dumping their IT interests on us, how long can we hold on?

***Less waste, cleaner life, better world !***


**Centre for**
**Environmental Studies**
**U C college, Aluva**

With best compliments from :




**SAFA BAKERS**

**NEAR U. C. COLLEGE**
**ALWAYE**


Creative
GRAPHICS & COMMUNICATIONS
Near Municipal Office, N.Paravur
Ph : 9947244078, 0484 - 6943884
Hi speed
internet cafe
BROCHURES
PHOTO TO VCD
PROJECT WORKS
DIGITAL VISITING CARDS
INVITATION CARDS WITH PHOTO
PHOTOSTAT OFFSET PRINTING
DTP, SCANNING & LASER PRINT
FAX, LAMINATION, STD, ISD, SPIRAL BINDING
Digital Visiting Card
40 paise only

# ഹസ്തരേഖ

**ജെറിൻ ജോർജ്ജ്**
രണ്ടാംവർഷ **CM & E** ബിരുദം



സമയം :- വൈകുന്നേരം 5 മണി. സൂര്യൻ പാതി മയക്കത്തിലേയ്ക്ക് വീണു തുടങ്ങിയിരുന്നു.

അന്നും പതിവുപോലെ ഞങ്ങൾ നടക്കാനിറങ്ങി. സാധാരണ പോലെ തന്നെ പകുതി മൗനവും, പകുതി ഭാവിയെക്കുറിച്ചുള്ള സംസാരവും കലർന്ന ഒരു നടത്തം. നീണ്ട മൗനത്തിനു ശേഷം ഏതാനും വാക്കുകൾ പിന്നേയും മൗനം.

ആൽത്തറക്കു കീഴിലുള്ള ഒരു ജനക്കൂട്ടം കണ്ടിട്ടാണ് ഞങ്ങൾ അങ്ങോട്ടു ചെന്നത്. അവിടെ ഒരു പ്രവാചകൻ ഇരിപ്പുണ്ടായിരുന്നു. ഒരു ഭാവിപ്രവാചകൻ. അദ്ദേഹം തന്റെ വാക്ചാതുര്യം കൊണ്ട് ജനങ്ങളെ അങ്ങോട്ട് ആകർഷിച്ചുകൊണ്ടിരുന്നു. ഞങ്ങൾ അല്പ സമയം അതു ശ്രദ്ധിച്ചുകൊണ്ടു നിന്നു. എനിക്ക് വിശ്വാസമുണ്ടായിട്ടല്ല പക്ഷേ എന്തോ ഒരു ചന്തം. അദ്ദേഹം ഞങ്ങളുടെ 'ഭാവി' പറഞ്ഞുതരാൻ ക്ഷണിക്കാൻ തുടങ്ങിപ്പോൾ ഞാൻ പറഞ്ഞു, 'പോകാം'. പക്ഷേ അവൻ വരാൻ തയ്യാറല്ലായിരുന്നു. നീട്ടിയ കയ്യുമായി അവൻ അയാളുടെ മുൻപിൽ ചെന്നിരുന്നു. അയാൾ ആ കൈ തിരിച്ചും മറിച്ചും പരിശോധിക്കാൻ തുടങ്ങി. ഞാൻ കുറച്ചു ദൂരം മാറിനിന്ന് അവർ രണ്ടുപേരെയും ശ്രദ്ധിച്ചു. അയാളുടെ നെറ്റിയിൽ ചുളിവുകൾ വീണു. പിന്നെ അത് നിവർന്നു. മുഖത്തെ നവരസങ്ങൾ വിളയാടി. ശേഷം അയാൾ പറഞ്ഞു തുടങ്ങി. ഞാൻ അവന്റെ മുഖം ശ്രദ്ധിച്ചു. അതിൽ ആദ്യം അത്ഭുതവും പിന്നെ സന്തോഷവും അൽപം ഉത്കണ്ഠയുമെല്ലാം മാറി മാറി വരുന്നത് ഞാൻ വ്യക്തമായി കണ്ടു. അല്പം കഴിഞ്ഞ് ദക്ഷിണയും നൽകി അവൻ വന്നു. അവൻ സന്തോഷവാനായിരുന്നു. ഞങ്ങൾ നടത്തം തുടർന്നു.

ഞാൻ പോക്കറ്റിൽ തപ്പിനോക്കി, ഏതാനും തുട്ടുകൾ ഉണ്ടായിരുന്നു. അടുത്തുകണ്ട കടയിൽ നിന്ന് ഞാൻ രണ്ടുപൊതി കപ്പലണ്ടി വാങ്ങി. അതുകൊറിച്ചുകൊണ്ടു നടക്കുമ്പോൾ അവൻ സംസാരിക്കാൻ തുടങ്ങി. അവന്റെ വാക്കുകളിൽ ആവേശം തുളുമ്പി നിന്നു. അയാൾ പറഞ്ഞതെല്ലാം വളരെ ശരിയായിരുന്നത്രേ. വീട്ടിൽ ആടിന് ദീനം വന്ന് ചത്തതെല്ലാം അയാൾ കൃത്യമായി പറഞ്ഞത്രേ. പിന്നെയും അവൻ എന്തെല്ലാമോ പറഞ്ഞു. ഞാൻ ഒരു പുഞ്ചിരിയോടെ അതെല്ലാം കേട്ടു. പക്ഷേ ഞാൻ ശ്രദ്ധിക്കുന്നില്ലെന്ന് തോന്നിയിട്ടാകാം അവൻ പറഞ്ഞു : 'ഓ ഒരു അവിശ്വാസി'.

ഞാൻ പറഞ്ഞു, "ഞാൻ ശ്രദ്ധിക്കുന്നുണ്ട്, പിന്നെ എന്തെല്ലാം പറഞ്ഞു അദ്ദേഹം". ഞാൻ ശ്രദ്ധിക്കുന്നുണ്ടെന്ന് മനസ്സിലായപ്പോൾ അവന് സന്തോഷമായി. അവൻ വീണ്ടും വാചാലനായി. അവന് ഇപ്പോൾ രാജയോഗമാണത്രേ. സകലതും കാൽക്കീഴിൽ വരുന്ന രാജയോഗം. ഇനി അവന് വച്ചടി വച്ചടി കയറ്റമായിരിക്കുമത്രേ. ഞാൻ മനസ്സിൽ പറഞ്ഞു. നിന്റെ വിശ്വാസം നിന്നെ രക്ഷിക്കട്ടെ.

പെട്ടന്നാണ് അതു സംഭവിച്ചത്. കാലൻ ഒരു ലോറിയുടെ രൂപത്തിൽ ഞങ്ങളുടെ ഇടയിലേയ്ക്ക് കടന്നു വന്നു. അത് അവനേയും എടുത്തുകൊണ്ട് പാഞ്ഞു. ചോരത്തുള്ളികൾ എന്റെ മുഖത്തേയ്ക്കു തെറിച്ചു. അവന്റെ ദീനമായ നിലവിളി ഞാൻ കേട്ടു. ഞാൻ മരവിച്ചു പോയി. എന്താണ് സംഭവിച്ചതെന്ന് മനസ്സിലാക്കാൻ എനിക്ക് അല്പസമയം എടുക്കേണ്ടി വന്നു. ആ ലോറിയുടെ ടയറുകൾക്കിടയിൽ അവന്റെ ചതഞ്ഞരഞ്ഞ ശരീരം ഞാൻ കണ്ടു. ആ മരവിപ്പിനിടയിലും ഞാൻ ഒരു കാര്യം ശ്രദ്ധിച്ചു, പ്രാണന്റെ അവസാനത്തുടിപ്പുപോലെ പിടയ്ക്കുന്ന ഒരു വലതു കൈയ്യ്.

**"രാജയോഗത്തിന്റെ അവസാന ചലനം."**

സൂര്യൻ അസ്തമിച്ചു കഴിഞ്ഞിരുന്നു.

# ഇന്ത്യയിലെ സ്ത്രീ സമൂഹവും നീതിന്യായ വ്യവസ്ഥകളും


**കെംലിറ്റ് പി. ഡി.**
രണ്ടാം വർഷ സൈക്കോളജി ബിരുദം


**ആ**ർഷഭാരത സംസ്കാരത്തിൽ ദേവിയായും പ്രകൃതിയായും കരുതി ആദരിക്കപ്പെട്ടു പോന്ന സ്ത്രീ, കാർഷിക സംസ്കാരത്തിൽ വിടാക്കൂട്ടിൽ കുടുങ്ങും തത്തമ്മയായി മാറിയ അവസ്ഥയിൽ നിന്നും, താൻ പോരിമയും, വിചാര വീക്ഷണങ്ങളുമുള്ള വ്യക്തിയായി അവസ്ഥാന്തരം പ്രാപിക്കുന്നതാണ് കഴിഞ്ഞ നൂറ്റാണ്ടിന്റെ മധ്യഭാഗം മുതൽ നാം കാണുന്നത്.

സാമൂഹികമായും സാംസ്കാരികമായും സാമ്പത്തികമായും വളരെയേറെ മാറ്റങ്ങൾ നടക്കുന്ന ഈ കാലഘട്ടത്തിൽ ഇന്റർനെറ്റും, സൈബർ സ്പേയ്സും, ആഗോളവൽക്കരണവും നമ്മുടെ ജീവിതത്തെ മാറ്റി മറിക്കുമ്പോഴും, ഭാരതത്തിലെ ബഹുഭൂരിപക്ഷം വരുന്ന സ്ത്രീകൾ നേരിടേണ്ടി വരുന്ന വെല്ലുവിളികൾ വലുതാണ്. ഇതിന്റെ അർത്ഥം സാമൂഹ്യ ഘടനയിൽ വരുന്ന മാറ്റങ്ങളുടെ നന്മകൾ സ്ത്രീ ജീവിതത്തിൽ പ്രതിഫലിക്കാൻ താമസിക്കുന്നു എന്നാണ്.

അനുദിനം കച്ചവടവൽക്കരിക്കപ്പെടുന്ന നമ്മുടെ സമൂഹത്തിൽ സ്ത്രീ ഒരു ഉപഭോഗവസ്തു മാത്രമായി തരം താണിരിക്കുന്നു. സംസ്കാരവും സംരക്ഷണവുമായി യാതൊരു ബന്ധവുമില്ലെന്ന് അടിവരയിട്ടുകൊണ്ട്, സ്ത്രീപീഡന കേസുകളെക്കുറിച്ചുള്ള ഞെട്ടിപ്പിക്കുന്ന വാർത്തകളുമായാണ് ഓരോ ദിവസവും നമ്മുടെ പത്രങ്ങൾ പുറത്തിറങ്ങുന്നത്. ഇത്തരത്തിൽ പോയാൽ പെൺവാണിഭങ്ങൾ റിപ്പോർട്ടു ചെയ്യാൻ മാത്രം വേറെ പത്രങ്ങൾ തുടങ്ങേണ്ട അവസ്ഥയിലെത്തി നിൽക്കുന്നു കാര്യങ്ങൾ. എന്നിട്ടും കേരളീയർ പറയുന്നു, ഇവിടുത്തെ നില മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിലെ സ്ത്രീകളുടേതിനേക്കാൾ മെച്ചമാണെന്ന്. വടക്കേ ഇന്ത്യൻ ഗ്രാമങ്ങളിൽ പ്രത്യേകിച്ച്, രാജസ്ഥാൻ, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങളിൽ ജാതിസ്പർദ്ധയിലും കുടിപ്പകയിലും എരിഞ്ഞടങ്ങുന്നതിൽ കൂടുതൽ സ്ത്രീകളുടെ ചിതകളാണ്.

സ്ത്രീകളെ പൂജിച്ചിരുന്ന സംസ്കാരത്തിൽ നിന്നും വ്യത്യസ്ഥമായി ഇവിടെ ഓരോ നിമിഷവും സ്ത്രീത്വം ഹോമിക്കപ്പെടുകയാണ്. രൂപ്കൻവാർ, ഷാബാനു ബീഗം, മാനസദേവി, സാഥിബൻവാരി അപമാനിക്കപ്പെട്ട സ്ത്രീത്വത്തിന്റെ നീണ്ട നിര തന്നെ നമ്മുടെ മനസ്സിലുണ്ട്. അതിലൊന്നിൽ പോലും അർഹതപ്പെട്ട നീതി ലഭിച്ചില്ല എന്നത് മറ്റൊരു ദുഃഖ സത്യം. ഏഷ്യൻ ഏജ് റിപ്പോർട്ടു ചെയ്യുന്നതനുസരിച്ച്, ഇന്ത്യയിലെ സ്ത്രീകളുടെ പുരോഗതി ഇപ്രകാരമാണ്. ഇവിടെ ഓരോ 7 മിനിറ്റിലും സ്ത്രീക്കെതിരെ ഒരക്രമശ്രമം നടക്കുന്നു. ഓരോ 54 മിനിറ്റിലും ഒരു ബലാൽക്കാരം, ഓരോ 26 മിനിറ്റിലും ഒരു സ്ത്രീ ചൂഷണത്തിന് വിധേയമാവുന്നുവെങ്കിൽ ഓരോ 100 മിനിറ്റിലും ഒരു സ്ത്രീധന മരണം നടക്കുന്നു. ഈ കണക്കുകളുടെ നേരെ അനൗദ്യോഗികമെന്നു പറഞ്ഞ് മുഖം തിരിക്കുമ്പോഴും ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ പുലരിയിൽ നിൽക്കുന്ന ഭാരതത്തിന്റെ ആത്മാവിന്റെ വേദനയ്ക്ക് നേരെ നമുക്ക് കണ്ണടക്കാനൊക്കുമോ?


ഇന്ത്യാ ചരിത്രത്തിൽ തന്നെ കറുത്ത അദ്ധ്യായങ്ങൾ എഴുതിച്ചേർത്ത ഗോധ്രയിലും, മാറാടും അങ്ങനെ പലയിടത്തും ഉണ്ടായ കലാപങ്ങളിലൊക്കെ അപമാനിക്കപ്പെട്ടതും അനാഥമാക്കപ്പെട്ടതും ഏറെയും സ്ത്രീകളാണ്. അധികാരത്തിലിരിക്കുന്ന ഭരണകൂടങ്ങളിൽ നിന്നും നീതി ലഭിക്കാതെ വരുന്നവർ, അവസാനത്തെ അത്താണിയെന്ന നിലയിൽ, ഒരു ജനാധിപത്യ ഭരണ സംവിധാന ക്രമത്തിന്റെ നെടും തൂണുകളിലൊന്നായ നീതിന്യായ വ്യവസ്ഥയെ ആശ്രയിക്കും. എന്നിട്ട് അവർക്കൊക്കെ നീതി ലഭിച്ചോ. കേസിനാസ്പദമായ സംഭവം നടന്നിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും കോടതി നടപടികളിൽ ഒരു തീരുമാനവും ഉണ്ടാകാതെ നീണ്ടു പോകുന്നു. വൈകി ലഭിക്കുന്ന നീതി അത് കിട്ടാതെ പോകുന്നതിന് തുല്യമാണ്. ഈയടുത്ത കാലത്ത് ഏറെ ചർച്ച ചെയ്യപ്പെട്ട ഒരു വിഷയമാണ് ബലാത്സംഗകേസുകളിലെ പ്രതികൾക്ക് വധശിക്ഷ നൽകണമോ എന്നത്. നിയമത്തോടുള്ള ഭീതി കുറ്റകൃത്യങ്ങളിൽ നിന്ന് ജനങ്ങളെ പിന്തിരിപ്പിക്കുമെങ്കിൽ ഇത് നല്ലൊരാശയമാണ്. കൊലപാതകത്തിനും, ഇന്ത്യൻ ശിക്ഷാനിയമം നൽകുന്ന പരമാവധി ശിക്ഷ വധശിക്ഷയായതുകൊണ്ട് ബലാത്സംഗത്തിലെ ഇര വധിക്കപ്പെടാനുള്ള സാധ്യതയും തള്ളിക്കളയാനാവില്ല. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട സർക്കാരുകൾ വിചിന്തനങ്ങൾക്കും പൊതുജനാഭിപ്രായ രൂപീകരണത്തിനും ശേഷം മാത്രം എടുക്കേണ്ട ഒരു തീരുമാനമാണത്.

നിലവിലിരിക്കുന്ന ഭരണകൂടങ്ങൾക്കനുസരിച്ച് നീതിന്യായ പീഠത്തിനും നിറം മാറുന്നുവോ എന്ന് സംശയിക്കുന്ന തരത്തിലാണ് ഈയടുത്ത കാലത്ത്, വളരെയേറെ ചർച്ചചെയ്യപ്പെട്ട പല സ്ത്രീപീഡന കേസുകളിലും വിധിയുണ്ടായത്. വിശ്വാസ്യത നീതിന്യായ വ്യവസ്ഥിതിയുടെ ആധാരശിലയാണ്. അത് നിലനിർത്തേണ്ടത് ആവശ്യകതയും.

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം (13) സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണത്തിനും ഉന്നമനത്തിനുമായി നിയമങ്ങൾ നിർമ്മിക്കുവാനുള്ള അധികാരം സ്റ്റേറ്റിന് നൽകിയിട്ടുണ്ട്. ഈ അധികാരം നമ്മുടെ സ്റ്റേറ്റുകൾ എത്രമാത്രം വിനിയോഗിച്ചിട്ടുണ്ട്. എന്ന് ചിന്തിക്കുന്നത് നന്നായിരിക്കും. പാർലമെന്റിലും നിയമസഭയിലും വനിതകൾക്ക് 33% സംവരണം ഉറപ്പാക്കുന്ന ബിൽ പലവട്ടം ചർച്ച ചെയ്ത് പരാജയപ്പെട്ടത് ഈ അടുത്തകാലത്താണ്. ഇതേ ബില്ലിനെതിരെ നൂറു മുടന്തൻ ന്യായങ്ങളിറക്കിയവർ തന്നെ വീണ്ടും വീണ്ടും അവരുടെ പ്രകടന പത്രികകളിൽ ഇതിനെ അനുകൂലിക്കുന്നുവെങ്കിൽ, അത് സ്ത്രീകളെന്ന ഏണിപ്പടികളിലൂടെ അധികാരത്തിലെത്താൻ മാത്രമാണ്. അധികാരത്തിലേറാൻ വേണ്ടി, സ്ത്രീപീഢനകഥകളും അവർ കച്ചവടച്ചരക്കാക്കുന്നു. ഉപയോഗം കഴിഞ്ഞാൽ വലിച്ചെറിയാൻ പറ്റിയ ഡിസ്പോസബിൾ സാമ്പിളായി മാറിയിരിക്കുന്നു പെൺവാണിഭങ്ങൾ. നിർഭാഗ്യമെന്നു പറയട്ടെ ഇതിനെതിരെ സ്ത്രീകൾ തികച്ചും നിഷ്ക്രിയരാണ്.

ഇന്നത്തെ പെൺവാണിഭങ്ങളുടെ ആഴങ്ങളിലേയ്ക്കിറങ്ങി ചെന്നാൽ നമ്മുടെ നീതിന്യായ വ്യവസ്ഥയുടെ, സമൂഹത്തിന്റെ പല പൊള്ളത്തരങ്ങളും വെളിയിൽ വരും. എന്നാലും, ഇതിനൊക്കെ മുമ്പ് പറയേണ്ട ഒരു കാര്യമുണ്ട്. ഇത്രയേറെ അനുഭവങ്ങളുണ്ടായിട്ടും മോഹവലയങ്ങളിൽ പെട്ട് സ്ത്രീ പിന്നെയും ചൂഷണം ചെയ്യപ്പെടുന്നു എന്ന വസ്തുത വിരൽ ചൂണ്ടുന്നത് അവൾ നേടിയെടുത്തു എന്നഭിമാനിക്കുന്ന സമത്വത്തിലേയ്ക്കും സ്വാതന്ത്ര്യത്തിലേയ്ക്കും തന്നെയാണ്. നമ്മുടെ നാട്ടിൽ നട്ടുച്ചയ്ക്കു പോലും ഒരു പെൺകുട്ടിയ്ക്ക് ഒറ്റയ്ക്കു നടക്കാൻ വയ്യാത്ത അവസ്ഥ സംജാതമായിരിക്കുന്നു. സ്ത്രീ തന്റെ സ്വാതന്ത്ര്യം ഉപയോഗിക്കേണ്ടത്. ചൂഷണ വിധേയയാകാനല്ല, തന്നെ ചൂഷണം ചെയ്യുന്നവർക്കെതിരെ പ്രതികരിക്കാൻ വേണ്ടിയാണ്. യാഥാർത്ഥ്യത്തിൽ നിന്നും വളരെ അകലെ, ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ തീർത്ത മായാവലയത്തിൽ പെട്ട് ചിന്തിക്കാൻ മറന്നു പോകുന്ന പെൺകുട്ടികൾ, സീരിയൽ, സിനിമ ഭ്രമം മൂത്ത്, അവയിൽ നിന്നു ലഭിക്കുന്ന പ്രശസ്തിയും, പണവും സുഖസൗകര്യങ്ങളും മാത്രം മുന്നിൽ കണ്ട് വീടു വിട്ടിറങ്ങുന്നതും, ഇന്ന് നാം കേൾക്കുന്ന പല പെൺവാണിഭങ്ങൾക്കും കാരണമാണ്. ഇവിടെയാണ് ഒരു ബോധവൽക്കരണത്തിന്റെ പ്രസക്തിയും. താൽക്കാലിക ലാഭങ്ങൾക്കു വേണ്ടി ചെന്നു ചാടുന്ന ചതിക്കുഴികളിൽനിന്ന് അവർക്കൊരു മോചനം, ഇത്തരത്തിലല്ലാതെ സാദ്ധ്യമാവില്ല.

ഇങ്ങനെ ഗാഢമായി ചിന്തിച്ചാൽ ഒരു സ്ത്രീ ഇന്ന് നേരിടുന്ന പ്രശ്നങ്ങൾക്ക് ഏറെക്കുറെ ഉത്തരവാദി അവൾ തന്നെയാണെന്ന് കാണുവാൻ സാധിക്കും. ഇതിൽ നിന്നുള്ള മോചനവും അവളെക്കൊണ്ടു മാത്രമേ സാധ്യമാവുന്നുള്ളൂ. അത്തരമൊരു ഉയർത്തെഴുന്നേൽപ്പിന്, സ്ത്രീവിമോചനമെന്ന ലേബലിന്റേയോ, അതുമല്ലെങ്കിൽ ഭാരതീയ സംസ്ക്കാരത്തിന്റെ താക്കോൽ സൂക്ഷിപ്പുകാരുടെ പിൻബലമോ ആവശ്യമില്ല. വേണ്ടത് മനക്കരുത്തും, ശരിയായ ദിശാബോധമുള്ള പ്രവൃത്തികളും. അതിനവൾക്ക് കാവൽ നിൽക്കേണ്ടത് കറയറ്റ ഒരു നീതിന്യായ വ്യവസ്ഥിതിയും.

KURIAN'S Opticals

Since 1920

CATHOLIC CENTRE, ALUVA - 1

Tel : 0484 - 623911, Res. : 605991

www.kurianopticians.com mail@kuriansopticians.com

*Computerised Eye Testing & Contact Lens Centre*

# മഹാഗണി മുത്തശ്ശിയുടെ തണലിൽ




**സിന്ധു അനിൽകുമാർ**
മൂന്നാം വർഷ ഇക്കണോമിക്സ് ബിരുദം


**അ**റിവിന്റെ പുതിയ പുതിയ മേച്ചിൽപ്പുറങ്ങൾ തേടി പലയിടത്തുനിന്നും എത്തിയവർ ഇവർ.പല പല ചുറ്റുപാടിൽ, പല പല രീതികളിൽ, വ്യത്യസ്തമായ വിശ്വാസങ്ങളിൽ ജീവിച്ചവർ ഇവർ. അവർ ഒരുപാടുപേർ ചേർന്ന് ഒരു ചില്ലയിൽ ചേക്കേറുന്നു. ഒരു പുതിയ ആരംഭത്തിന്റെ, പുതിയ വെളിച്ചത്തിന്റെ പ്രതീക്ഷയുമായി. പ്രഭാത സൂര്യന്റെ കിരണങ്ങളെത്തൊട്ട് അവർ തങ്കളുടെ ബുദ്ധിയും കരുത്തും, വികാരവും വിവേകവും, സങ്കടങ്ങളും സന്തോഷങ്ങളും, ഇണക്കങ്ങളും പിണക്കങ്ങളും പങ്കുവയ്ക്കാനാരംഭിക്കുന്നു. ഉച്ചവെയിലിന്റെ തീക്ഷ്ണതകളേറ്റ് തളർന്ന് വാട്ടർ കൂളറിന്റെ ചുവട്ടിൽ അഭയം പ്രാപിക്കുമ്പോഴും അവിടേയും മുളയ്ക്കുന്നു പുതിയ ഓരോ സൗഹൃദങ്ങൾ. ഒടുവിൽ സായാഹ്ന സൂര്യന്റെ കിരണങ്ങൾ മൺതരികളെ പുൽകുവാനാരംഭിക്കുമ്പോൾ പിരിയുന്നു ഒറ്റയ്ക്കും കൂട്ടായും. ഒടുവിൽ ശൂന്യമാകുന്നു. വീണ്ടും പുതിയൊരു പ്രഭാതത്തിൽ മറ്റൊരു കൂടിച്ചേരൽ.

അതെ, അങ്ങനെ അനേക വർഷങ്ങളായി കുറെയേറെ കൂടിച്ചേരലിന്റേയും പിരിയലിന്റേയും സാക്ഷിയായി വസന്തവും, ഗ്രീഷ്മവും, ശിശിരവും, ശൈത്യവും ഏറ്റുവാങ്ങി ഒരു മുത്തശ്ശി. പഠനമുറിയുടെ മടുപ്പിക്കുന്ന അന്തരീക്ഷത്തിനിടയ്ക്ക് ഒരു ഫ്രീ ഹവർ കിട്ടുമ്പോൾ ക്ലാസ്സിൽ നിന്ന് ആശ്വാസത്തോടെ ഓടിയെത്തുന്ന ഒരു തണൽമേട്. സഫലീകരിക്കപ്പെട്ട പ്രണയബന്ധങ്ങൾക്കും, ഒടുവിൽ ഒരുതുള്ളി കണ്ണീരോടെ സുഹൃദ്ബന്ധം മാത്രമായിരുന്നു തങ്ങളുടേതെന്ന് സ്വയം വിശ്വസിച്ച് സഫലീകരിക്കാനാകാത്ത പ്രണയവുമായി പിരിഞ്ഞു പോയവർക്കായി അനേക വർഷങ്ങൾ ഒരു തണൽ വിരിച്ച് അവർക്ക് കൂട്ടിരുന്ന, കാത്തിരുന്ന ഒരു മുത്തശ്ശിയമ്മ- അതെ നമ്മുടെ മഹാഗണി മുത്തശ്ശി.

ഇന്ന് നൂറു വയസ്സായ ഒരു അമ്മൂമ്മയെപ്പോലെ തൊലിയെല്ലാം ചുക്കിച്ചുളിഞ്ഞ് മുടികൊഴിഞ്ഞ് നരച്ച് പല്ലുകൊഴിഞ്ഞ് ശിശിരത്തിൽ ഒരു മഹാഗണി മുത്തശ്ശി. ജൂൺമാസത്തിലെ പുതിയ കൂടിച്ചേരലുകൾ പോലെ അവളിൽ പച്ചിലകൾ കിളിർക്കുന്നു, അവളെ സുന്ദരിയാക്കി. ഒടുവിൽ ശിശിരത്തിന്റെ കൊടും മഞ്ഞിൽ പിരിയുന്നതിന്റെ വേദന തൊട്ടുണർത്തി ഇലയെല്ലാം പൊഴിഞ്ഞ് ശൂന്യമായി വീണ്ടും മാർച്ച് മാസത്തിലെ ഒരു മുതുമുത്തശ്ശി തന്നെ.


ഇതുപോലെയാണ് നമ്മുടെ കലാലയ ജീവിതം. പലയിടത്തുനിന്നും എത്തുന്നു. ആദ്യമായി ചേട്ടൻമാരുടേയും ചേച്ചിമാരുടേയും ഭയപ്പെടുത്തുന്ന റാഗിങ്ങിൽ തുടങ്ങി, പിന്നീട് സൗഹൃദം വളർന്നുവളർന്ന് ചിലപ്പോൾ അത് പ്രണയം വരെ, ഒരിക്കലും പിരിയാനാകാത്തവിധം. എന്നിട്ടും പിരിയുന്നു. വീണ്ടും കാണാമെന്ന പ്രതീക്ഷയോടെ, പ്രാർത്ഥനയോടെ, പ്രത്യാശയോടെ. അവിടെനിന്നും പുതിയ മേച്ചിൽപുറങ്ങൾ തേടി അലയുമ്പോൾ അവിടെയും മുളയ്ക്കുന്നു പുതിയ ബന്ധങ്ങൾ. പഴയവയെ ഒരു മൂലയിലേയ്ക്കു തള്ളിനീക്കി അവ പഴയതിന്റെ സ്ഥാനത്ത് ചേക്കേറുന്നു. കൊഴിയുന്ന ഓരോ ഇലയും തന്റെ സമീപമെത്തുന്ന കിളികളോട് മൗനമായ് പറയും. വീണ്ടും കാണാം എന്ന്. പക്ഷേയെങ്കിലും അടുത്ത വർഷം പുതിയ മുകുളങ്ങളും ഇലകളുമാണല്ലോ ഉണ്ടാവുക. അവയ്ക്കിടയിൽ സൗഹൃദം പങ്കിടാനെത്തുന്നതും പുതിയ കിളികൾ. അപ്പോൾ മഹാഗണി മുത്തശ്ശിയുടെ ചുറ്റും കിടക്കുന്ന പഴയ ഇലകൾക്കിടയിൽനിന്നും കൊഴിഞ്ഞുപോയ തൂവലുകൾ നോക്കി അവർ പറയും ഇതു നമുക്കു മുൻപ് ഇവിടെ ചേക്കേറിയവരുടേതെന്ന്. അവയിൽ ചിലത് ഇന്നും നിറം മങ്ങാതെ അവർക്കൊരു വഴികാട്ടിയായി മാറുന്നു.

ആ മുത്തശ്ശിയമ്മയുടെ തണലിലിരുന്ന് പഠിച്ചവർ വളർന്നവർ അങ്ങു ദൂരെ ദൂരെ ജീവിതത്തിന്റെ തീരങ്ങളിലേയ്ക്ക് പറന്നുയർന്നു. ഇന്നും പറക്കുന്നു, ലക്ഷ്യപ്രാപ്തിക്കായി. ഒന്നായ് തീർന്ന പ്രണയ കർത്താക്കൾക്ക് സ്വകാര്യ നിമിഷങ്ങളിൽ ഓർമ്മകളിൽ ഇന്നും ആ മുത്തശ്ശിയമ്മയുടെ സുഖം പകർന്ന ഓർമ്മ ഇന്നും

കുളിർമ്മയേകുന്നു. ഓരോ പുതുവർഷത്തിലും ഇവിടെയെത്തിയിരുന്ന പുതിയ കിളികൾക്ക് എത്രയേറെ ഉയരങ്ങളിൽ പറക്കേണ്ടി വന്നാലും മറക്കില്ല ഈ മുത്തുമുത്തശ്ശിയമ്മയെ. ഇന്നും വളരെയേറെ പുതുമുകുളങ്ങൾക്ക് തണലേകിയ സന്തോഷവും ആശ്വാസവും പകർന്നും വെയിലും മഴയും ഏറ്റുവാങ്ങി ഇനിയും വരാനുള്ള പുത്തൻ തലമുറകളെ വരവേൽക്കാൻ കാത്തുനിൽക്കുന്നു ആ മുത്തശ്ശിയമ്മ.ഈ കലാലയത്തിന്റെ ഏറ്റവും വലിയ ഓർമ്മയായി.

മറക്കുവാനും ഓർമ്മിക്കുവാനും ഒരു തണൽ. ഒന്നിക്കുവാനും പിരിയുവാനും ഒരു മരച്ചുവട്. അതിനെല്ലാം അപ്പുറത്തേയ്ക്ക് ജീവിതത്തിന്റെ സ്വപ്നങ്ങൾ മൊട്ടിട്ടു തുടങ്ങുന്ന യൗവ്വനാരംഭത്തിന്റെ മധുരിമയിൽ മനസ്സിൽ കോർത്തു വയ്ക്കാൻ, ഓർത്തുവെയ്ക്കാൻ ഒരു പൂൽമേട്. വീണ്ടും കാണാമെന്ന പ്രതീക്ഷയോടെ വീണ്ടും കാണാമെന്ന പ്രത്യാശയോടെ ഓർമ്മക്കുറിപ്പുകളിൽ ഓരോ താളിലും അവരെഴുതും.

അർത്ഥപൂർണ്ണമായ നിശബ്ദതയിൽ നിന്നും വരണ്ട മൗനത്തിലേയ്ക്ക് ഒരു മൗനയാത്ര. സ്വന്തമെന്നു കരുതി മനസ്സും കലയും ചില്ലുകൂട്ടിയ കൂടുകളിൽ നിന്നും സ്വന്തമല്ലാത്ത കൂടുകൾ തേടി ഇന്നീ യാത്ര. വീണ്ടും പുതിയ പുതിയ മേച്ചിൽ പുറങ്ങൾ തേടി നടന്ന് തളരുമ്പോൾ തിരിഞ്ഞുനോക്കുക. ഒരുപക്ഷേ ഓർമ്മകൾ സാന്ത്വനമായി കൂടെ വന്നേക്കാം.



# പരിപ്പുവട ഉണ്ടാക്കൽ (പ്രാക്ടിക്കൽ)

**വേണ്ട സാധനങ്ങൾ**

അടുക്കളയിൽ സ്റ്റോക്കുള്ളതൊക്കെ എടുക്കുക.

ഉണ്ടാക്കേണ്ട വിധം (ഒരു വിധം)

വീട്ടിൽ അമ്മയില്ലാത്ത സമയമാണ് ഉചിതം. കാന്റീൻ മനസ്സിൽ ധ്യാനിക്കുക, എന്നിട്ട് ആവശ്യമുള്ള സാധനങ്ങൾ നിരത്തി വയ്ക്കുക. മുൻകരുതലായി വാതിൽ, ജനൽ എന്നിവ തുറന്നിട്ടേക്കുക. മെയിൻ സ്വിച്ച് തീർച്ചയായും ഓഫാക്കുക.

ആദ്യം പരിപ്പ്. (പരിപ്പില്ലാതെന്ത് പരിപ്പുവട?) എന്നിട്ട് ചീനച്ചട്ടിയിൽ ഏതെങ്കിലും എണ്ണ (മണ്ണെണ്ണ ഒഴിക്കരുത്) ഒഴിച്ച് വറക്കുക. വലുപ്പം ഏകദേശം അറിയാമല്ലോ. ഇത് ഉണ്ടാക്കിക്കഴിയുമ്പോൾ ഇരുചെവി അറിയാതെ എവിടെയെങ്കിലും കുഴിച്ചിടുക. (അത്രക്ക്ണ്ടാവും കൈപ്പുണ്യേ!)

ശ്രമം തുടരുക......... ആദ്യ പരാജയത്തിൽ വിഷമം അരുത്. ആദ്യമാദ്യം ശരീരക്ഷതം, മാനഹാനി, ധനനഷ്ടം എന്നിവയുണ്ടാകും. ഏതു മഹത്കാര്യങ്ങൾക്കും പിന്നിൽ ഇത്തരം ത്യാഗങ്ങളുടെ കഥയുണ്ട്.

ഇങ്ങനെ രണ്ടു മൂന്നു ശ്രമങ്ങൾ കഴിയുമ്പോഴേക്കും പുരോഗതി ഉണ്ടായിക്കൊണ്ടിരിക്കും. അങ്ങിനെ ഒന്നു രണ്ടു മാസങ്ങൾക്കു ശേഷം, നിങ്ങൾ ഉണ്ടാക്കിയ പരിപ്പുവട, നിങ്ങളോട് വൈരാഗ്യമുള്ളയാൾക്ക് കൊടുക്കുക. അത് പ്രയാസപ്പെട്ട് തിന്നിട്ട് പ്രതിയോഗി പറയും,

"പുതിയ പലഹാരം, വനിതയിൽ നിന്നാണോ".

പിന്നേയും പരീക്ഷണങ്ങൾ തുടരുക.

അവസാനം നമ്മളുണ്ടാക്കിയത് ടെസ്റ്റു ചെയ്യാൻ ആളില്ലാതെ വിഷമിച്ചിരിക്കുമ്പോഴാണ് അതാ- നമുക്ക് പ്രത്യേകിച്ച് പരിചയമില്ലാത്ത ഒരാൾ. സൽക്കരിച്ചിരുത്തുക, കുടിക്കാൻ ചായയും, മേൽപ്പടി സാധനവും കൊടുക്കുക. എടുത്തു കഴിച്ചിട്ട് അയാൾ പറയും, "പരിപ്പുട ഇവിടെ ഉണ്ടാക്കിയതാണല്ലേ. ലേശം മുറുക്കം കൂടിപ്പോയി".

ഇങ്ങനെയാണ് പരിപ്പുവട ഉണ്ടാക്കുന്നത്.

**സുനിൽ**
കാന്റീൻ

# വിദ്യാഭ്യാസത്തിന്റെ സാമൂഹ്യതലം

**പ്രവീൺ കെ. വി.**
ഒന്നാംവർഷ മലയാള ബിരുദം

"വിദ്യാഭ്യാസം എന്നാൽ എന്താണ്?

ധാർമ്മിക മൂല്യങ്ങളുടെ വികാസമാണ് വിദ്യാഭ്യാസമെന്ന് ചിലർ പറയുന്നു.

പൗരബോധത്തിന്റെ വളർച്ചയാണ് വിദ്യാഭ്യാസമെന്ന് മറ്റു ചിലർ പറയാറുണ്ട്.

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം തൊഴിലാണ് എന്ന് വേറെ ചിലർ പറയുന്നു.

ജ്ഞാനോൽപാദനവും വിതരണവുമാണ് വിദ്യാഭ്യാസത്തിന്റെ കാതൽ എന്നും അഭിപ്രായമുണ്ട്.

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം മാനവിക മോചനമാണ് എന്നു പറയുന്നവരും ഉണ്ട്.

ഈ ഉത്തരങ്ങളിലെല്ലാം പ്രസക്തമായ വശങ്ങളുണ്ട്. മൂല്യബോധം, പൗരബോധം, തൊഴിൽ, ജ്ഞാനസമ്പാദനം, മനുഷ്യ സ്വാതന്ത്ര്യം, അവസരസമത്വം തുടങ്ങിയവയെല്ലാം വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം പ്രധാനമാണ്. മേൽ പറഞ്ഞവ നേടുന്നതിനുള്ള ഒരു ഘടകം മാത്രമാണ് വിദ്യാഭ്യാസം...... വിദ്യയെന്നാൽ കഴിവാണ്, ജ്ഞാനം അറിവും......

കഴിവുകളുടെ വളർച്ച പ്രകൃതിദത്തമായ ചുറ്റുപാടുകളെയും താൻ ജീവിക്കുന്ന, സാമൂഹ്യ സാംസ്കാരിക പരിസ്ഥിതികളെയും കുറിച്ചുള്ള അവബോധത്തിന്റെ വളർച്ചയാണ്. കഴിവുകളും അവബോധവും ചേർന്നാണ് സ്വന്തം ജീവിതം എന്താകണമെന്ന് തീരുമാനിക്കാൻ വ്യക്തിയെ സഹായിക്കുന്നത്. സാമൂഹ്യ സാഹചര്യങ്ങളിൽ നിന്ന് അകന്ന് വ്യക്തിക്ക് ഒരു ജീവിതമില്ല. അതേസമയം, ആ സാഹചര്യങ്ങളിൽ ഇടപെടാനും മാറ്റാനുമുള്ള പ്രവർത്തനം വ്യക്തിക്ക് നടത്താൻ സാധിക്കും ഇതിനുള്ള കഴിവാണ് വിദ്യാഭ്യാസം നൽകുന്നത്. ചുരുക്കത്തിൽ നിയതമായ സാമൂഹ്യസാഹചര്യങ്ങളിൽ സ്വന്തം ജീവിതം സൃഷ്ടിക്കുന്നതിനുള്ള കായികവും, മാനസികവുമായ കഴിവുകളും സാമൂഹ്യബോധവും നൽകുന്ന പ്രവർത്തനമാണ് വിദ്യാഭ്യാസം."

(ദേശീയ വിദ്യാഭ്യാസം അസംബ്ലി, വിദ്യാഭ്യാസത്തിന്റെ രാഷ്ട്രീയം)

സാമ്രാജ്യത്വത്തിന് അനുകൂല സാഹചര്യം ഒരുക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമത്തിന്റെ ഭാഗമായാണ് ഇന്ത്യയിൽ ആധുനിക വിദ്യാഭ്യാസ സംവിധാനത്തിന് തുടക്കം കുറിക്കുന്നത്. കൊളോണിയൻ ഭരണം സുഗമവും, ശക്തവുമാക്കാൻ തങ്ങൾ സാമ്രാജ്യത്വ വിടുപണി ചെയ്യുകയാണെന്ന തിരിച്ചറിവ് ഇന്ത്യൻ ജനതയിൽ ഉണ്ടാക്കുന്നതിന് കാരണമായത് ഇംഗ്ലീഷ് വിദ്യാഭ്യാസം ആർജ്ജിച്ചവരുടെ തന്നെ ഇടപെടലുകളാണെന്നത് ഒരു വിരോധാഭാസമായി തോന്നാം. ഒരേ ജനവിഭാഗത്തിന് വ്യത്യസ്ത കാലഘട്ടങ്ങളിൽ ഒരേ വിദ്യാഭ്യാസ രീതിയുടെ ഗുണദോഷങ്ങളെ അതായത് സാമ്രാജ്യത്വ അനുകൂലവും/ സാമ്രാജ്യത്വ വിരുദ്ധവുമായ നിലപാടെടുക്കാൻ പ്രേരിപ്പിച്ചത് എന്താണ്? അതിന് ചരിത്രപരവും, സാമ്പത്തികവും, രാഷ്ട്രീയവും, ചരിത്രപരവുമായ ഒട്ടേറെ കാരണങ്ങളുണ്ടെങ്കിലും ആദ്യഘട്ടത്തിൽ വിദ്യാഭ്യാസത്തിന്റെ തൊഴിൽ സാധ്യതയ്ക്ക് പ്രാമുഖ്യം കൊടുക്കാൻ ചരിത്രപരമായ കാരണങ്ങൾ കൊണ്ടുതന്നെ ഇന്ത്യൻ ജനത നിർബന്ധിതരായിരുന്നു. രണ്ടാം ഘട്ടത്തിൽ വിദ്യാഭ്യാസത്തിന്റെ വിമർശന സാധ്യതയെ സാമ്രാജ്യത്വവിരുദ്ധ ആശയ പ്രചാരണത്തിനുള്ള ഉപാധിയായി കാണുകയും ചെയ്തു എന്നതാണ് വ്യത്യാസം. സാമൂഹ്യ മാറ്റ

ത്തിന് ക്രിയാത്മക വിമർശനത്തിനുള്ള പ്രധാന്യം എടുത്തു പറയുന്നതിനും അതിന് വിദ്യാഭ്യാസത്തിനും വിദ്യാർത്ഥികൾക്കുമുള്ള പങ്കിനെ കുറിച്ചുള്ള എന്റെ അവ്യക്ത ധാരണകൾ പങ്കുവെയ്ക്കാനുള്ള ഒരു എളിയ ശ്രമമാണ് ഈ ലേഖനം.

അവ്യക്ത ധാരണകൾ എന്നു പറഞ്ഞത് ബോധപൂർവ്വം തന്നെയാണ്. നിലവിലുള്ള മത്സരാധിഷ്ഠിത മുതലാളിത്തത്തിന്റെ സാംസ്കാരിക സാമ്പത്തിക അധിനിവേശങ്ങളെ പ്രതിരോധിക്കുന്നതിനും അതിന്റെ സങ്കീർണ്ണതകളെ അഭിസംബോധന ചെയ്യുന്ന തരത്തിലുള്ള മൂർത്തമായ ആശയങ്ങളുടെ അഭാവം പുതിയ ഒരു ലോക ക്രമത്തിനുവേണ്ടി (അത് അന്യവത്കരണങ്ങളിൽനിന്നും അസമത്വങ്ങളിൽ നിന്നും മോചിതമായിരിക്കണം) വാദിക്കുന്ന വരേയും ആഗ്രഹിക്കുന്നവരേയും അലട്ടുന്ന പ്രധാന പ്രശ്നമാണ്. അപ്പോൾ സ്വാഭാവികമായി ഉയരാവുന്ന ഒരു ചോദ്യം

"എന്തുകൊണ്ട് മുതലാളിത്തം ശാശ്വതമായിക്കൂട? പ്രതിസന്ധികളെ നേരിടാനുള്ള മുതലാളിത്തത്തിന്റെ കഴിവ് കഴിഞ്ഞ ഒരു നൂറ്റാണ്ടിലധികമായി നാം കാണുന്നുണ്ട്.

സമൂഹത്തിലെ എല്ലാവരും ഏതാണ്ടൊക്കെ സംതൃപ്തരാണ്. ഒരു മാറ്റത്തിന്റെ അപകട സാധ്യത ആഗ്രഹിക്കുന്നില്ല പിന്നെന്തിന് അവർ ചരടു പൊട്ടിക്കണം."

(മാർക്സിനെ വീണ്ടും വായിക്കുമ്പോൾ, ജോനാഥൻ വോൾഫ്)

മുതലാളിത്തത്തിന്റെ ഏറ്റവും നല്ല വിമർശകനായി നാം കാണുന്നത് മാർക്സിനെയാണ് മുതലാളിത്തത്തിന്റെ കുഴപ്പങ്ങളെ മാർക്സ് തന്റെ മാസ്റ്റർ പീസ് ആയ മൂലധനത്തിലൂടെ ശാസ്ത്രീയമായി വിശദീകരിക്കാൻ ശ്രമിക്കുന്നുണ്ട്. മാർക്സിസമെന്നാൽ പരിപൂർണ്ണമായ സിദ്ധാന്തമാണെന്ന് ധരിക്കുന്നത് അബദ്ധമായിരിക്കും. ചരിത്രത്തിന്റെ ചുരുളുകൾ നിവരുമ്പോൾ മനുഷ്യൻ കൂടുതൽ കൂടുതൽ അനുഭവങ്ങൾ നേടുമ്പോൾ അതിനനുസരിച്ച് മാർക്സിസം തുടർച്ചയായി വളരുകയും പുതുതായി വെളിച്ചത്തുവന്ന വസതുതകളെ കൂടി ഉൾക്കൊള്ളുകയും ചെയ്യണം.

മുതലാളിത്തത്തിന്റെ ശാശ്വതവാദം ശുദ്ധഅസംബന്ധവും, അശാസ്ത്രീയവും, വിധിവാദവുമാണ്. കാരണം മുതലാളിത്തം പ്രകൃതി വിഭവങ്ങളുടെ പരിമിതിയെ കണ്ടില്ലെന്നു നടിക്കുകയും, നിലവിലുള്ള മുതലാളിത്ത വികസന സങ്കൽപ്പം സീമയറ്റ വിഭവങ്ങളുടെ ലഭ്യതയിലൂടെ മാത്രം സാധ്യമാകുന്നതുമാണ്. ഇത് മുതലാളിത്തത്തിന്റെ ശാശ്വതവാദത്തെ ഖണ്ഡിക്കാൻ പര്യാപ്തമാണ്. ഇതു കൂടാതെ മാർക്സ് കണ്ടെത്തിയ മുതലാളിത്തത്തിന്റെ സന്തതികളായ അന്യവത്കരണം (തൊഴിലിൽനിന്നുള്ള അന്യവൽകരണം, മനുഷ്യൻ മറ്റു മനുഷ്യരിൽ നിന്ന് അന്യവൽകരിക്കപ്പെടുന്നു.) സർഗ്ഗാത്മകത, യാന്ത്രികതയ്ക്ക് വഴിമാറുന്നതും. ലാഭനിരക്കിലുണ്ടാകുന്ന തുടർച്ചയായ കുറവ് മുതലാളിത്തത്തിന്റെ ആന്തരിക വൈരുദ്ധ്യത്തിനു കാരണമാകുകയും അങ്ങനെ വർഗ്ഗ സമരമെന്ന ചരിത്രപരമായ വിപ്ലവസാഹചര്യം ഉടലെടുക്കുകയും ചെയ്യും എന്ന മാർക്സിന്റെ നിരീക്ഷണം മുതലാളിത്തത്തിന്റെ അനിവാര്യ നാശത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. മാർക്സിന്റെ ഇത്തരം ആശയങ്ങളെ അംഗീകരിക്കുമ്പോൾ തന്നെ 20-ാം നൂറ്റാണ്ടിൽ നടന്ന സോഷ്യലിസ്റ്റ് പരീക്ഷണം പരാജയപ്പെടാനുള്ള കാരണങ്ങൾ അന്വേഷിക്കേണ്ടതും, അതിന് മൂർത്തവും, പ്രായോഗികവും, ശാസ്ത്രീയവുമായ ഉത്തരങ്ങൾ തേടേണ്ടതും മറ്റൊരു ലോകത്തിന്റെ സാധ്യത തിരയുന്നവരുടെ ഉത്തരവാദിത്വമാണ്.

വിദ്യാർത്ഥികൾക്കും, വിദ്യാഭ്യാസ പ്രക്രിയക്കും ഇത്തരം ഒരു ലോകക്രമത്തിൽ എന്ത് റോളാണ് വഹിക്കാനുള്ളത് എന്നതാണ് നമ്മുടെ അന്വേഷണ വിഷയം. സാംസ്കാരിക, സാമ്പത്തിക അധിനിവേശ ശ്രമങ്ങളെ പ്രതിരോധിക്കുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കേണ്ടത് കലാലയങ്ങളിൽ നിന്നു തന്നെയാണ്. നിർഭാഗ്യവശാൽ നമ്മുടെ വിദ്യാർത്ഥികളെ സാമൂഹ്യ, രാഷ്ട്രീയ പ്രശ്നങ്ങൾ അലട്ടുന്നേയില്ല. നിലവിലുള്ള എല്ലാ പ്രശ്നങ്ങളുടെയും പരിഹാരം കിടക്കുന്നത് രാഷ്ട്രീയവും, സാമൂഹ്യവുമാണെന്ന് തിരിച്ചറിയുന്നതിന് വിദ്യാർത്ഥികൾക്കും പൊതുസമൂഹത്തിനും സാധിക്കുന്നില്ല. വിദ്യാഭ്യാസ മേഖലയുടെ കച്ചവടവൽകരണ ഫലമായി വ്യക്തിഗത നേട്ടങ്ങൾക്കായുള്ള മത്സരങ്ങൾ വർദ്ധിക്കുകയും വിദ്യാഭ്യാസത്തിന്റെ സാമൂഹ്യതലം വിസ്മരിക്കപ്പെടുകയും ചെയ്യുന്നു. കൂടാതെ വിദ്യാർത്ഥികളെ ചിന്തിക്കുന്ന പൗരന്മാരാക്കാതെ വിപണിയുടെ ഉപകരണങ്ങളായി മാറ്റുന്നു.

ആഗോളവൽകരണ നയങ്ങൾ വിദ്യാഭ്യാസത്തെ വിപണിയുടെ തത്വശാസ്ത്രത്തിന് കീഴ്പ്പെടുത്തിയിരിക്കുകയാണ്. ഇതിന്റെയെല്ലാം ആകെ തുക ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ കൊളോണിയൽ ഭരണം, സുഗമവും ശക്തവുമാക്കാൻ ഗുമസ്തൻമാരും, വക്കീലൻമാരെയും, പട്ടാളക്കാരെയും, ക്ലാർക്കുമാരെയും ഉൽപാദിപ്പിക്കുന്ന അതേ വിദ്യാഭ്യാസ നയം തന്നെയാണ് ഇന്നും പഴയവീഞ്ഞ് പുതിയ കുപ്പിയിലാക്കി നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്.

ചരിത്രം ആവർത്തിക്കപ്പെട്ടു കൊണ്ടിരിക്കുന്നത് നാം നിസ്സംഗരായി നോക്കിയിരിക്കുന്നു. ഈ നിസ്സംഗത ചരിത്രബോധത്തിന്റെ അഭാവത്തിൽ നിന്ന് ഉണ്ടാകുന്നതാണ്.

ചരിത്രം വെറും ചരിത്രസംഭവങ്ങളുടെ പരമ്പരയല്ല. അത് വർത്തമാനകാലത്തെ ജാഗ്രത്താക്കേണ്ട, ഭാവിയെ രൂപപ്പെടുത്തേണ്ട ഒരു സമൂഹത്തിന്റെ ജീവത്തായ അനുഭവങ്ങളാണ്. ഒരു സമൂഹത്തെ ജാഗ്രത്താക്കുന്ന ഇത്തരം ചരിത്രാനുഭവങ്ങളെ ഇല്ലാതാക്കുക എന്നത് മുതലാളിത്തത്തിന്റെ ഹിഡൻ അജണ്ടകളിൽ ഒന്നാണ്. അതിന്റെ ഭാഗമായി നമ്മുടെ യൂണിവേഴ്സിറ്റികളിൽ നിന്നും മാനവിക വിഷയങ്ങൾ അപ്രത്യക്ഷമാകുന്നു. പകരം ടെക്നിക്കൽ പ്രാധാന്യമുള്ള കോഴ്സുകൾ വരുന്നു. മുതലാളിത്തത്തിന് ആവശ്യം ടെക്നീഷ്യൻമാരെയാണ്. നിലവിലുള്ള യന്ത്രങ്ങളുടെ കേടുപാടുകൾ തീർക്കേണ്ട ജോലിയാണ് നാം ചെയ്യേണ്ടതെന്ന് അവർ തീരുമാനിക്കുന്നു. അതുകൊണ്ടു തന്നെ നിലവിലുള്ള സംവിധാനത്തെ പൊളിച്ചു പണിയേണ്ട ആവശ്യം വരികയില്ല എന്നത് മുതലാളിത്തത്തിന്റെ സൗകര്യങ്ങളിൽ ഒന്നാണ്. നിലവിലുള്ള സംവിധാനത്തെ പൊളിച്ചു പണിയുന്നതിന് ആദ്യം നിലവിലുള്ള സംവിധാനത്തിന്റെ കുഴപ്പങ്ങൾ തിരിച്ചറിയേണ്ടതുണ്ട്. അതിന് നമ്മെ സഹായിക്കുന്നത് ചരിത്രബോധവും, ശാസ്ത്രീയ വീക്ഷണവുമാണ്. ഇതു രണ്ടും നമുക്ക് കൈമോശം വന്നിരിക്കയാണ്. പരീക്ഷാ കേന്ദ്രീകൃതമായ വിദ്യാഭ്യാസ രീതികൊണ്ട് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളായി പരിഗണിച്ചിരുന്ന മൂല്യബോധം, ചരിത്രബോധം, ശാസ്ത്രബോധം, സംഘബോധം എന്നിവ വിദ്യാർത്ഥികളിൽ ഉൽപാദിപ്പിക്കാൻ സാധിക്കുന്നില്ല എന്നത് ഗൗരവമായി പര്യാലോചിക്കേണ്ട വിഷയമാണ്. താൻ പഠിക്കുന്ന കാര്യങ്ങൾ തങ്ങളുടെ ജീവിത സാഹചര്യങ്ങളിൽ ഉപയോഗിക്കേണ്ടത് എങ്ങിനെയെന്ന് വിദ്യാർത്ഥികൾക്ക് അറിയാൻ കഴിയുന്നില്ല. പരിണാമസിദ്ധാന്തം ചെറിയ ക്ലാസുകളിൽ തുടങ്ങി വിദ്യാർത്ഥികൾ അല്ലെങ്കിൽ ശാസ്ത്രവിഷയം തന്നെ പഠിക്കുന്നവരും ഒരു ദിവസം ദൈവം പ്രപഞ്ചത്തേയും, മനുഷ്യനേയും സൃഷ്ടിച്ചു എന്ന മതപരമായ വാദത്തിന്റെ യുക്തിയെ ചോദ്യം ചെയ്യാതെ അംഗീകരിക്കുന്നു എന്നതും നമ്മുടെ വിദ്യാഭ്യാസ രീതിക്ക് കാര്യമായ എന്തോ കുഴപ്പമുണ്ടെന്ന അനുമാനത്തിലാണ് എത്തിച്ചേരുന്നത്. കൂടാതെ നല്ല ഒരു തൊഴിൽ നേടുന്നതിനു മാത്രമായി വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം പരിമിതപ്പെട്ടിരിക്കുന്നു. മുതലാളിത്ത വ്യവസ്ഥയിൽ തൊഴിലാകട്ടെ തീർത്തും യാന്ത്രികമായിരിക്കും എന്നതാണ് ഒരു ദുരവസ്ഥ. മുതലാളിത്തത്തിൽ തൊഴിലാളിയുടെ കഴിവുകളേയും സർഗ്ഗാത്മകതയേയും നശിപ്പിക്കുന്നു. ലളിതമായ ഒരു പ്രവർത്തനം അനന്തമായി ആവർത്തിക്കാൻ അയാൾ നിർബന്ധിതനാകുന്നു. ഒരു ചിന്തയും വേണ്ട മൊത്തം പ്രക്രിയയിൽ താൻ ചെയ്യുന്നതിന്റെ സ്ഥാനമെന്തെന്ന് അറിയുകയും വേണ്ട ഒരേ തരത്തിലുള്ള ചലനം എന്നും കാലത്ത് മുതൽ വൈകുന്നേരം വരെ ഒരു യന്ത്രത്തെപ്പോലെ (മാർക്സിനെ വീണ്ടും വായിക്കുമ്പോൾ).മുതലാളിത്തത്തിന്റെ സങ്കീർണ്ണതയെ അഭിസംബോധന ചെയ്യുന്ന തരത്തിലുള്ള മൂർത്തമായ അറിവ് നമ്മൾ ആയുധമാക്കുകയും ചരിത്രബോധവും, ശാസ്ത്രബോധവും നമ്മൾ പടച്ചട്ടയായി ധരിക്കുകയും വേണം എങ്കിൽ മാത്രമേ സമത്വസുന്ദരവും, അന്യവത്കരണം പരമാവധി കുറഞ്ഞ ഒരു ലോകത്തെ സൃഷ്ടിക്കാൻ നമുക്ക് സാധിക്കൂ. അതിന് വിദ്യാഭ്യാസത്തെ സാമൂഹ്യമാറ്റത്തിനുള്ള ചാലകശക്തിയായി മാറ്റണം. അത് ക്ലാസ് മുറികളെ വിപ്ലവകേന്ദ്രങ്ങളായി മാറ്റും. അപ്പോൾ വിദ്യാഭ്യാസം സർഗ്ഗാത്മകവും ക്രിയാത്മകവുമാകും.

നിലവിലുള്ള സാമൂഹ്യ സാഹചര്യങ്ങളിലുള്ള കടുത്ത അസംതൃപ്തിയും അതുണ്ടാക്കുന്ന ക്രിയാത്മക വിമർശനങ്ങളും ജനങ്ങളുടെ ആവശ്യവും ആവേശവുമായി മാറുന്നതോടെ സാമൂഹ്യമാറ്റത്തിനുള്ള സാധ്യത തെളിയുകയായി. ഇത് ആദ്യം മാധ്യമങ്ങളോ, രാഷ്ട്രീയക്കാരോ ഏറ്റെടുക്കില്ല. വിദ്യാർത്ഥികളായ നമ്മൾ തന്നെ ഏറ്റെടുക്കണം.

കവിത

# സ്വപ്നങ്ങൾ

**നീമ പി. എ.**
ഒന്നാം വർഷ ബോട്ടണി ബിരുദം



**എ**ന്‍ മനസ്സില്‍ വിരിഞ്ഞ വര്‍ണ്ണങ്ങള്‍ക്കു
സ്വപ്നമെന്ന പേര്‍ നല്‍കി ഞാന്‍
രാവിന്റെ തൂവല്‍ ശയ്യയില്‍ ശയിക്കുമ്പോള്‍
സ്വപ്നമെന്ന നാടകത്തെയോര്‍ത്തുഞാന്‍
മനസ്സിന്‍ ഭ്രാന്ത ജല്‍പനങ്ങളെയും
സ്വപ്നമെന്ന പേര്‍ നല്കിയെഴുതിത്തള്ളി
സ്വപ്നങ്ങള്‍ മേയുന്ന മേച്ചില്‍പ്പുറമെന്‍
മനമെന്നെന്‍ കൂട്ടുകാര്‍ കളിയായോതി
ഒരുനാള്‍ രാവിന്റെ പാതിരായാമത്തിലെപ്പൊഴോ-
ഞെട്ടിയുണര്‍ന്നപ്പോള്‍ ദുഃസ്വപ്നമെന്നോര്‍ത്തു
രാവിന്റെ കാലടിയൊച്ചകള്‍ ജനിപ്പിച്ച സംഭ്രമ-
മെന്നില്‍ ദുഃസ്വപ്നത്തെയൂട്ടി ഉറപ്പിച്ചു
നിന്റെ തോന്നലെന്നെന്നമ്മയോതി-
യാശ്വസിപ്പിച്ചപ്പോഴും സ്വപ്ന-
മെന്നില്‍ നിറഞ്ഞു നിന്നു
ഉറ്റവരുടയവര്‍ വിട്ടുപിരിഞ്ഞപ്പോള്‍
സ്വപ്നമെന്നാശ്വസിപ്പിച്ചു ചിലര്‍!!
കൂട്ടുകാര്‍ പിരിഞ്ഞ നിമിഷം മുതല്‍
സ്വപ്നമെന്‍ കൂട്ടുകാര്‍, സന്തതസഹചാരി!
ഈ ജീവിതയാത്രതന്‍ വഴിയരികില്‍ നിന്നു
ഞാന്‍ വിലപിച്ചു
"ഈ ഞാനുമൊരു സ്വപ്നമോ?"

Ph : (O) 2605090
(M) 9895479415

Color Scapes
DIGITAL STUDIO
T.T. CENTRE, PARAUR JUNCTION

Photography Videography Photo Developing
Digital Printing Negative to VCD Photo Lamination
One Minute Passport Size Photos

# ഇഷ്ടമാണ്, പക്ഷെ...


**കെ. ഒ. ഇടിക്കുള**
(മുൻ അദ്ധ്യാപകൻ)


സമയം ഏകദേശം 12 മണി കഴിഞ്ഞു. ഞാൻ ഊണു കഴിക്കുവാനായി വീട്ടിലേയ്ക്കു ചെല്ലുമ്പോൾ ശ്രീമതി വഴി കണ്ണുമായി ആരേയോ പ്രതീക്ഷിച്ച് നിൽപ്പുണ്ടായിരുന്നു. എന്നെ കണ്ട നിമിഷത്തിൽ, എന്നെ കണ്ടില്ലയെന്ന ഭാവത്തോടെ വീട്ടുടമസ്ഥനെ കണ്ട വാടക കുടിശ്ശിക്കാരനെപ്പോലെ അവൾ അകത്തേയ്ക്കു വലിഞ്ഞു. ഞാനും ശ്രീമതിയെ കണ്ടില്ലെന്ന ഭാവത്തോടെ വീട്ടിൽ ചെന്നപ്പോൾ അവൾ കട്ടിലിൽ കിടക്കുകയായിരുന്നു. ഞാൻ ചോദിച്ചു, "എന്താ ഈ സമയത്ത് പതിവില്ലാതെ കിടക്കുന്നത്?" ദേഷ്യഭാവത്തോടെ "എന്താ എനിയ്ക്ക് കിടക്കുവാൻ പാടില്ലേ?" എന്നു ചോദിച്ചുകൊണ്ട് യാത്രക്കാരൻ ടിക്കറ്റിന്റെ ബാക്കി പൈസ ചോദിച്ചപ്പോൾ ട്രാൻസ്പോർട്ടു കണ്ടക്ടർ നോക്കുന്നതു പോലെ എന്നെ തറപ്പിച്ച് ഒരു നോട്ടം. ഞാൻ അത് കണ്ടില്ലെന്നു നടിച്ചുകൊണ്ട് വല്ലാതെ വിശക്കുന്നു, ചോറു വിളമ്പ് എന്നു പറഞ്ഞു. ഒരു കാര്യം അറിഞ്ഞിട്ടേ, ഇനി ചോറുവിളമ്പുന്നുള്ളു എന്ന് അവൾ. ഞാൻ രാവിലെ കോളേജിൽ പോകുന്ന സമയത്ത് ഒരു കാര്യവും പറഞ്ഞില്ലല്ലോ. ഇപ്പോഴെന്താ കാര്യം. ഞാൻ അതിശയിച്ചു. കോളേജിൽ ഉണ്ടല്ലോ ഇഷ്ടമുള്ള ഒരാൾ. അവളുടെ അടുത്തേയ്ക്കു ചെല്ല്, ചോറോ മറ്റ് എന്തു വേണമെങ്കിലും അവൾ തരുമല്ലോ. ഞാൻ ചോദിച്ചു "ഇഷ്ടമുള്ള ഒരാളോ?" ഒന്നും അറിയാൻ പാടില്ലാത്ത ഒരു പാവം ! കാടേലും തലപ്പേലും തല്ലാതെ ഉള്ളകാര്യം തുറന്നു പറഞ്ഞ് തുലയ്ക്ക്, എന്നു ഞാനും തട്ടിവിട്ടു. ഈയിടെയായി പതിവില്ലാതെ ഒരുങ്ങിപ്പോവുന്നത് കണ്ടപ്പോഴേ ഞാൻ വിചാരിച്ചു. എന്തോ പന്തികേട് ഉണ്ടെന്ന്. അത് ഇപ്പോൾ ശരിയായി. ഒരു ലാബറട്ടറി പണിതു വച്ചിരിക്കുന്നു, ബാക്കിയുള്ളവരെ വെള്ളം കുടിപ്പിക്കുവാൻ. അവളെ എന്റെ കയ്യിൽ കിട്ടിയെങ്കിൽ, തുണ്ടം തുണ്ടമായി ഞാൻ അരിഞ്ഞേനെ. ശ്രീമതി ഗർജ്ജനം തുടർന്നു. ഞാൻ ചോദിച്ചു, ലാബറട്ടറിയിൽ എന്താ കുഴപ്പം? കുഴപ്പം ഇപ്പോൾ എനിക്കാണ്. ഇതു വായിച്ചാൽ ഏതു ഭാര്യക്കാണ് കുഴപ്പമുണ്ടാകാതിരിക്കുന്നത്; എന്നു പറഞ്ഞുകൊണ്ട് അവൾ ഒരു എഴുത്ത് ചുരുട്ടിക്കൂട്ടി കപിൽദേവിന്റെ ആദ്യത്തെ ഓവറിന്റെ ആദ്യത്തെ ഏറുപോലെ എന്റെ മുഖത്തേയ്ക്ക് എറിഞ്ഞു. ഞാൻ അസറുദ്ദീൻ ക്യാച്ചുചെയ്യുന്നതു പോലെ ചാടിപ്പിടിച്ചു. ഞാൻ അതു തുറന്നു നോക്കി. ഒന്നു രണ്ടു വരി വായിച്ചു. അപ്പോൾ തന്നെ കാര്യം മനസ്സിലായി. ഞാൻ അടുത്തിരുന്നുകൊണ്ടു പറഞ്ഞു ഈ എഴുത്ത് ഏതോ പെൺകുട്ടി അവളുടെ കാമുകന് എഴുതിയതാണ്. ആ കാമുകൻ ആരാണെന്ന് എനിക്കറിയണം. അവൾ മൊഴിഞ്ഞു. ഞാൻ പറഞ്ഞു നീ കാളപെറ്റെന്നു കേട്ട് കയറെടുത്തുകൊണ്ടോടിയതു പോലെയാണ്. കഴിഞ്ഞയാഴ്ചയിൽ ലാബിൽ പ്രാക്ടിക്കൽ ഇല്ലാതിരുന്ന സമയത്ത് ഒരു സിഗററ്റ് വലിക്കുവാൻ തീപ്പെട്ടി അന്വേഷിച്ച് സ്റ്റുഡൻസിന്റെ ടെസ്റ്റ്യൂബുകൾ വയ്ക്കുന്ന കപ്ബോർഡ് പരിശോധിച്ചപ്പോൾ അതിൽ നിന്നു കിട്ടിയതാണ് ഞാൻ അതു വായിച്ചുകൊണ്ടിരുന്നപ്പോൾ കോളേജിലെ പ്യൂൺ അയ്യപ്പൻ വന്ന് പറഞ്ഞു, എനിയ്ക്ക് ഒരു ഫോൺ കോൾ ഉണ്ടെന്ന്. പെട്ടന്നു പോകേണ്ട തിടുക്കംകൊണ്ട് പാന്റിന്റെ പോക്കറ്റിൽ എടുത്ത് ഇട്ടു. ഫോൺ അറ്റന്റു ചെയ്തുകഴിഞ്ഞ് അത്യാവശ്യമായി ഒരു സ്ഥലം വരെ പോകേണ്ടി വന്നു. പിന്നെ എഴുത്തിന്റെ കാര്യം മറന്നുപോയി. നീ പാന്റ് അലക്കുവാൻ എടുത്തപ്പോൾ കിട്ടിയതല്ലെ, അതേ എന്ന് അവൾ സമ്മതിച്ചു. എന്നാലും അവൾ എഴുതിയിരിക്കുന്നതു കണ്ടില്ലേ, ചേട്ടൻ പറഞ്ഞ കാര്യം എനിക്കും ഇഷ്ടമാണ്, പക്ഷെ!!!

(1970 ൽ യു.സി. കോളേജിൽ, കെമിസ്ട്രി ലാബിൽ നടന്ന ഒരു അനുഭവം)


**USMANIA**

**THE CARD SHOPPE**

An exclusive Showroom for Greeting Cards & Gift Articles
A Collection of Cards with An Exotic Falir

**R. S. ROAD, ALUVA** **BANK Jn., ALUVA**

# നിരർത്ഥക പ്രണയം......

കവിത

**രേഷ്മ സി. എച്ച്**
രണ്ടാംവർഷ എം. എ. മലയാളം

**ഞാ**നൊരു പുഴുവായി നിന്റെ-
സിരകളിലൂടെ അരിച്ചിറങ്ങും
നിന്റെ മസ്തിഷ്കത്തിൽ എന്റെ
ഓർമ്മകൾ നിറയ്ക്കും
എന്നെ മറന്ന നിന്റെ മസ്തിഷ്കം
എന്റെ ഓർമ്മയാൽ നിന്റെ ഉള്ളം നിറയ്ക്കും
പാതിയുറക്കത്തിൽ
നിന്റെ ചുണ്ടത്ത്
എന്റെ ചുംബനങ്ങൾ നിറയ്ക്കും
നിന്നിൽ ഞാനലിഞ്ഞു ചേരും
എന്റെ കർമ്മങ്ങൾക്ക്
നമ്മൾ സാക്ഷിയാകും

വരിക,
ഈ കടുത്ത മഞ്ഞിലും
പൊള്ളുന്ന വെയിലിലും
നനഞ്ഞ മാറിലെ
ചൂടൊന്നു ചേർക്കാൻ
പോവുക
എന്റെ സ്വപ്നങ്ങളിൽ നിന്ന്
ചിന്തകളിൽ നിന്ന്
വേദനകളെ പ്രസവിക്കുന്ന
എന്റെ മനസ്സിൽ നിന്ന്....



# കാത്തിരിപ്പ്

**വ**ഴിക്കണ്ണുനട്ടുഞാൻ പടിവാതിലിൽ
ചാരിയിന്നും തളർന്നിരിക്കുന്നു.
കാത്തിരിക്കാൻ ഞാൻ തുടങ്ങിയിട്ടേറെയായ്
എന്റെ സ്വപ്നങ്ങളും മങ്ങി.
അറിയുന്നു ഞാനെന്റെ കാത്തിരിപ്പിൻ
വിത്ത് മൂഢമാം സ്നേഹമാണെന്ന്.
എങ്കിലും ശൂന്യമാം ജീവിതപ്പാതയിൽ
നിന്നെയും കാത്തു ഞാൻ നിൽപ്പൂ.
ആരുമില്ലെങ്കിലും മൗനവും പിന്നെയെൻ
സ്മൃതികളും കൂട്ടിനായുണ്ട്.
നിന്റെ സ്നേഹത്തിനായി കൊതിക്കുമെൻ
കൂട്ടിനായ് പ്രത്യാശയുമുണ്ട്.

**ദീപ. ജി**
ഒന്നാം വർഷ ബോട്ടണി ബിരുദം

# Waiting to be stained in an Ivory tower...

Reena Cherian
Ist B.A. Psychology

"Every time a human being is hanged, the flag of human rights lies half mast" says retd. Justice Krishna Iyyer. In the present when individualism, human rights and similar ideas are being endorsed and advertised, the controversy pertaining to the death penalty is obvious. It is no doubt a blatant infringement of the universal declaration of human rights by UN. Also many states like Sweden, Russia, South Africa and same states of USA have banned it calling it an expression of violence rather than a legal constitutional enforcement. The simplest theory that goes here is that neither the state nor individual has the right to take one's life.

One of the justification given by the pro-executionist is that capital punishments prove as deterrent to expunge the mercurial rise of crimes. The constitution imposing a death penalty is an act of providing a negative reinforcement in which an individual learns to follow legal morns to avoid situations like death penalty or life imprisonment. But the reality is that execution hardly proves as a deterrence to future murders. According to William Bower, it only increases likelihood of murder. The Eleventh Commandment (As eminent lawyer Fali Nariman describes it), ie "Thou shall not be found out" captivates the criminal have the incidents of rapes in the country decreased after hanging Dhananjay Chatterjee? The answer is "no" because capital punishment doesn't discourage people from committing crimes. So what is the purpose of staying people without curtailing the crime? Here the Biblical saying "Hate Evil not evil doer" must be followed.

Returning to humanitarian terms no matter how heinous the crime is, there is a belief that no man is a born criminal. It is always the circumstances and upbringing that unleash the deviant in him. The motion of an eye for an eye & a life for a life only appeals to our basest passions and encourages the motive to kill, thus extending the chain of violence, thus creating a system of paybacks.

Statistics reveal that in 90% of the cases in which death penalty is imposed convicts belong to the lower socio-economic strata. Had Dhananjay Chatterjee been an influential politician's son or a strikingly rich industrialist's nephew, the case would have vanished into the dust-laden tables of the beaurocrats or vaporized into thin air as camphor. There is an imbalance in the advice traction of DP(Death Penalty). Economically and Socially backward are more likely to bear the brunt of prejudiced law. In the U.S. it has been found that more blacks are subjected to DP; more males are administered DP than females (seems even this area is male dominated)

Justice Krishna Iyyer says mere counting of the dead bodies will not provide accurate data regarding the ones victimized by this legal enforcement. There are hundreds like Dalits. Chalapathi Rao and Vijay Vardhana Rao of Andhra Pradesh who were subjected to 19 months of solitary confinement with the sword of execution hanging over them. Dhananjay chatterjee was imprisoned for a time equal to life imprisonment before being hanged to death. What can be more excruciating than waiting to be stained in an very tower for years.

The need of the hour is to realize that every individual has a desire for self growth which must be enhanced along with efforts for rehabilitation and moral reforestation of people languishing in jails. Safety in society can be ensured even without resorting to DP, through the application of psychiatric and spiritual techniques coupled with a period of genuine introspection to help him/her realize the wrong doings. Not even a single individual should be written off as lost, efforts should be made to realize and manifest the divinity in him/her. Government as well as the people must ensure that the temples of jurisdiction must not turn into legal slaughter houses, and there lies the success of the human rights warfare we are leading.

## ഗിൽജോ സഖറിയ



"നിനക്കെന്നെ കാണണമെന്നു തോന്നുമ്പോൾ
നീ, കണ്ണുകൾ മെല്ലെ അടയ്ക്കുക
ഒരു ഹൃദയമിടിപ്പിന്റെ ദൂരത്തിനപ്പുറം
ഞാൻ നിന്റെ അരികിലുണ്ടാകും."

# മൃതിയും പ്രണയവും

**ശാലിനി ശശി**
രണ്ടാം വർഷ മാത്തമാറ്റിക്സ് ബിരുദം



മൃതിയും പ്രണയവും എനിക്കൊന്നുപോലെ
ആപാദചൂഡം നിറയ്ക്കുന്നു സംഗീതം
അഴലിന്റെ ജാലകം തള്ളിത്തുറന്നു നീ
അറിയാതെ എൻമനം തൊട്ടുണർത്തി
നീയെൻ സ്മൃതിയിലുണരും നിമിഷം
സ്മൃതിയിൽ നുരയുന്നതന്യമാം രാഗം
നീയാം തമ്പുരുവെന്നിലുണർത്തും ശ്രുതിലയങ്ങൾ
എൻ ഹൃദയമറിയാതെയൊരിടക്കയായ്
പാടീ മൃദുവായൊരഷ്ടപദി
ഓർമ്മയിൽ പോലും മധുരമാം ഭീതി
നെഞ്ചിൻ നെരിപ്പോടിലാളുന്നത്
സ്വപ്നങ്ങൾ തൻ മയിൽപ്പീലിത്തുണ്ടുകൾ
ആശങ്കകളും ശുഭപ്രതീക്ഷകളും നിന്നെയെനിക്കന്യനാക്കി
എങ്കിലും ശ്മശാനത്തിലെ വെൺമയാം
പനിനീർപ്പൂവുകൾ ചുവന്നത്
എൻ ഹൃദയത്തിൽ നിന്നിറ്റുവീഴും
ചെന്നിണം കൊണ്ടത്രേ
മരണത്തിനും പ്രണയത്തിനും ഒരേ നിറം
ചെമ്പനീർ പൂവിൻ കടുംചുവപ്പ്
അതിൽ തെളിയുന്നതെൻ മോഹത്തിൻ
വർണ്ണത്തിളക്കം
ഉള്ളിലെരിയും ഹോമാഗ്നിയ്ക്കും
അസ്ഥിമരവിപ്പിക്കും കൊടും തണുപ്പ്
നീയാം നിലാക്കടലിൽ നീരാടിയാൽ
നിലയില്ലാക്കയത്തിൽ പെട്ടുപോം ഞാൻ
നീ നിൻ മൃദുവാം കരം നീട്ടിയെൻ
ശിരസ്സിൽ തലോടുമ്പോൾ
നഷ്ടമാകുന്നതെനിക്കെൻ ആത്മാവിനെ
ദേഹി ദേഹം വിട്ടകലുന്നു, ഒന്നെനിക്കറിയാം
എന്റെ യാത്ര നിന്നരികിലേക്കാണ്
ഒടുവിൽ നിൻ വരണമാല്യം
എൻ ഗളമണിയുമ്പോൾ
ഞാൻ നേടുന്നതെൻ സ്വപ്നസാഫല്യം
ഒന്നുമാത്രമാണെൻ ദുഖം
നീയേകുന്നയീ ദുസ്സഹമാം വിരഹം
ഇതാ ഇന്നു ഞാനറിയുന്നു
പ്രണയവും മൃതിയും എനിക്കൊന്നുപോലെ.

# ചില വിദ്യാഭ്യാസ ചിന്തകൾ

**പ്രദീപ് ജോസഫ്**
ഒന്നാംവർഷ എം.എ. ഹിസ്റ്ററി

**അ**ടിച്ചടിച്ച് കഴുതയെ കുതിരയാക്കാമെന്ന് കേട്ട് അങ്ങനെ ചെയ്യുവാൻ തുടങ്ങിയ ഒരു വ്യക്തിയെ പോലെയാണ് ഇന്നത്തെ നമ്മുടെ വിദ്യാഭ്യാസ രീതി. മാതാപിതാക്കളുടേയും അദ്ധ്യാപകരുടേയും അമിതമായ ശാസനയ്ക്ക് കുട്ടികൾ വിധേയരാകുന്നു. സിംഹമായി തീരുവാൻ കൊതിക്കുന്നവന് മനഃപൂർവ്വം തടഞ്ഞ് വച്ചാൽ അവൻ ഒരു കുറുക്കനായി തീരും. കുട്ടികൾക്ക് പ്രേരണാത്മകങ്ങളായ ആശയങ്ങൾ എപ്പോഴും നൽകിക്കൊണ്ടിരിക്കണം, പ്രോത്സാഹിപ്പിക്കണം. കുട്ടികളുടെ പ്രവണതയെ മാനിച്ചുകൊണ്ട് അതിനെ വളർത്തിക്കൊണ്ടു വരുവാനുള്ള ശ്രമങ്ങൾ ഉണ്ടാകണം.

മസ്തിഷ്കത്തിൽ കുറെ അറിവുകൾ കുത്തിചെലുത്തലല്ല വിദ്യാഭ്യാസം. ജീവൻ പ്രദാനം ചെയ്യുന്നതും സ്വഭാവത്തെ രൂപീകരിക്കുന്നതും മനുഷ്യത്വത്തെ സൃഷ്ടിക്കുന്നതുമായ ആശയങ്ങളുടെ സാത്മീകരണമാണ് നമുക്കു വേണ്ടത്. ഒരു വിദേശ ഭാഷയിൽ കൂടി മറ്റുള്ളവരുടെ ചില ആശയങ്ങൾ ഹൃദ്യസ്ഥമാക്കി കുറെ സർവ്വകലാശാല ബിരുദങ്ങളും നേടി കഴിഞ്ഞാൽ അഭ്യസ്തവിദ്യരാണെന്ന് നാം വിചാരിക്കുന്നു. ഭാരതത്തിന്റെ ആത്മീയാചാര്യൻ സ്വാമി വിവേകാനന്ദന്റെ വാക്കുകൾ ഇവിടെ വളരെ പ്രസക്തമാണ്, "നിങ്ങളുടെ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എന്താണ്? ഒരു ഗുമസ്തനോ, അഭിഭാഷകനോ, ഒരു ഡപ്യൂട്ടി മജിസ്ട്രേറ്റോ? ഇത്രയല്ലേ ഉള്ളൂ? ഇതു നിങ്ങൾക്കോ നിങ്ങളുടെ നാടിനോ പ്രത്യക്ഷത്തിൽ എന്തു ഗുണമാണ് ചെയ്യാൻ പോകുന്നത്. കണ്ണുതുറന്നു നോക്കൂ! സമൃദ്ധിയുടെ നാടെന്ന് പ്രസിദ്ധിയാർജ്ജിച്ച മഹത്തായ പാരമ്പര്യത്തിന്റേയും, പൗരാണിക സംസ്ക്കാരത്തിന്റേയും ജന്മഭൂമിയായ ഭാരതത്തിൽ നിന്ന് ഇന്ന് പട്ടിണിക്കാരുടെ ദീനരോദനങ്ങളല്ലേ കേൾക്കുന്നത്? നിങ്ങളുടെ വിദ്യാഭ്യാസം ഈ കുറവിനെ നികത്തുമോ? സാധാരണ ജനങ്ങൾക്ക് ജീവസന്ധാരണത്തിനുതകാത്ത വിദ്യാഭ്യാസം, സ്വഭാവ ദാർഢ്യത്തെ ഉണ്ടാക്കി തീർക്കാത്ത വിദ്യാഭ്യാസം, ജീവകാരുണ്യവും സിംഹതുല്യവുമായ വീര്യവും നമ്മളിൽ വളർത്തിക്കൊണ്ടു വരുവാൻ സാധിക്കാത്ത വിദ്യാഭ്യാസം ആ പേരിന് അർഹമാണോ? സ്വഭാവത്തെ രൂപവൽക്കരിച്ച്, മനോബലം വളർത്തി, ബുദ്ധിശക്തിയെ വികസിപ്പിച്ച് മനുഷ്യനെ സ്വാശ്രയ ശീലനാക്കി തീർക്കുന്ന വിദ്യാഭ്യാസമാണ് നമുക്കിന്നാവശ്യം. വിദേശ നിയന്ത്രണം കൂടാതെ തന്നെ ഭാരതീയ വിദ്യാഭ്യാസത്തിന്റെ ശാഖോപശാഖകളിൽ നാം പ്രാവീണ്യരാകണം. അതോടു കൂടി ഇംഗ്ലീഷ് ഭാഷയും, പാശ്ചാത്യ ശാസ്ത്രങ്ങളും നാം അറിഞ്ഞിരിക്കേണ്ടതുണ്ട്. നമ്മുടെ വ്യവസായങ്ങളെ പരിപോഷിപ്പിക്കുന്നതിന് വേണ്ട സാങ്കേതിക വിദ്യ നമുക്കുണ്ടായിരിക്കണം. എങ്കിൽ മാത്രമേ ഉദ്യോഗാർത്ഥം അലഞ്ഞ് തിരിയാതെ അവനവന് സുഭിക്ഷമായി കഴിഞ്ഞ്, മിച്ചംവയ്ക്കുവാൻ സാധിക്കുകയുള്ളൂ."

എല്ലാ പഠിപ്പുകളുടേയും ഉന്നം മനുഷ്യനെ ഉയർത്തുക എന്നുള്ളതാണ്. ഇച്ഛാശക്തിയിലൂടെ പ്രചോദനത്തേയും, പ്രകടനത്തേയും നിയന്ത്രിച്ച് അതിനെ ഫലവത്താക്കി തീർക്കാൻ കഴിയുന്ന പരിശ്രമമാണ് വിദ്യാഭ്യാസം. സ്വാമി വിവേകാനന്ദൻ ഭാരതത്തിലെ യുവാക്കളോട് ആഹ്വാനം ചെയ്യുന്നു. "നമ്മുടെ രാജ്യത്തിന് ഇന്നാവശ്യം - ഇരുമ്പുകൊണ്ടുള്ള മാംസപേശികളും, ഉരുക്കുകൊണ്ടുള്ള ഞരമ്പുകളുമാണ്."

ലോകത്തിന് ഇന്നാവശ്യം യാതൊന്നിനും തടയാൻ കഴിയാത്ത മാനുഷികമായ ഇച്ഛാശക്തി- വിശ്വമഹാരഹസ്യങ്ങളിലേയ്ക്ക് ആഴ്ന്നിറങ്ങുവാൻ കഴിയുന്ന മഹത്തായ ഇച്ഛാശക്തി- ആഴിയുടെ അടിത്തട്ടോളം പോകേണ്ടി വന്നാലും ലക്ഷ്യം നിറവേറ്റാതെ പിൻതിരിയാത്ത ഇച്ഛാശക്തി അതാണ് വിദ്യാഭ്യാസത്തിലൂടെ നാം നേടേണ്ടത്.

സ്വഭാവ രൂപവൽക്കരണത്തിനുള്ള വിദ്യാഭ്യാസം നൽകുവാൻ അദ്ധ്യാപകരും അത് നേടുവാൻ വിദ്യാർത്ഥികളും ശ്രദ്ധിക്കേണ്ടതുണ്ട്. ഒരു മനുഷ്യന്റെ സ്വഭാവം അവന്റെ വാസനകളുടെ ഒരു സമാഹാരം മാത്രമാണ് - അത് അവന്റെ മനോഭാവങ്ങളുടെ ആകെ തുകയാണ്. നമ്മുടെ ചിന്തകളുടെ സൃഷ്ടിയാണ് നാം, ആയതിനാൽ നല്ല ചിന്തകൾ കൊണ്ട് മനസ്സിനെ നിറയ്ക്കുവാൻ സ്വഭാവ രൂപവത്ക്കരണം ക്ലാസ്സ് മുറികളിൽ നിന്നും ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്.

ഒരിക്കൽ കോഴിക്കോട്ടുള്ള ഒരു പ്രശസ്ത കോളേജിലെ ഒരുകൂട്ടം വിദ്യാർത്ഥികളോട് അവർക്ക് ജീവിതത്തിൽ ആരായി തീരുവാൻ ആഗ്രഹിക്കുന്നു അഥവാ ജീവിതത്തിന്റെ ലക്ഷ്യമെന്താണ് എന്ന് ലേഖകൻ ചോദിക്കുകയുണ്ടായി. പല വിദ്യാർത്ഥികളും പരസ്പരം നോക്കുകയും വളരെ സമയം ആലോചിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. പല വിദ്യാർത്ഥി സുഹൃത്തുക്കൾക്കും വിദ്യാഭ്യാസത്തിന്റെ വലിയൊരു ഭാഗം പൂർത്തിയായിട്ടും ജീവിതത്തിൽ പ്രത്യേകിച്ച് ലക്ഷ്യങ്ങളോ, താൽപ്പര്യങ്ങളോ ഇല്ലാത്തത് അത്ഭുതം ഉളവാക്കുന്നതായിരുന്നു. സിലബസ് പ്രകാരം പാഠ്യഭാഗങ്ങൾ തീർക്കുവാൻ ബദ്ധപ്പെടുന്ന അദ്ധ്യാപകർക്ക് വിദ്യാർത്ഥികളുടെ അന്തഃരംഗത്തെ ഉണർത്തുവാനോ പ്രചോദനം നൽകുവാനോ സാധിക്കുന്നില്ല. ഒരു വിദ്യാർത്ഥി തന്റെ ജീവിതാഗ്രഹമായി എഴുതിതന്നത് പട്ടിപിടുത്തക്കാരൻ ആകണമെന്നുള്ളതാണ്. ഇതേ ചോദ്യത്തിന് മറ്റൊരു കോളേജിലെ വിദ്യാർത്ഥി എഴുതി തന്നത് കള്ളനാകണം എന്നാണ്. അത്ഭുതപ്പെടുത്തുന്ന ഈ സംഗതികൾ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ചില പുഴുക്കുത്തുകളെയാണ് എടുത്തു കാണിക്കുന്നത്.

> "നമ്മുടെ രാജ്യത്തിന് ഇന്നാവശ്യം - ഇരുമ്പുകൊണ്ടുള്ള മാംസപേശികളും, ഉരുക്കു കൊണ്ടുള്ള ഞരമ്പുകളുമാണ്."
>
> - സ്വാമി വിവേകാനന്ദൻ

ഒരു ശരാശരി മലയാളി വിദ്യാർത്ഥിയുടെ ഏറ്റവും വലിയ സ്വപ്നം പി.എസ്.സി. പരീക്ഷ എഴുതി ഗുമസ്ത പണിയാണ്. അവർക്ക് സമൂഹത്തോട് പ്രത്യേകിച്ച് ബാധ്യതയോ, ഉത്തരവാദിത്വമോ ഇല്ലാതാവുന്നു. അടുത്തകാലത്ത് നടത്തിയ ഒരു സർവ്വേ വ്യക്തമാക്കുന്നത് കേന്ദ്രസംസ്ഥാന വിദ്യാഭ്യാസ വകുപ്പുകൾ ഒരു വിദ്യാർത്ഥിയുടെ പ്രൈമറി തലം മുതൽ ബിരുദ തലം വരെയുള്ള വിദ്യാഭ്യാസത്തിന് വേണ്ടി ഏകദേശം 10 ലക്ഷം രൂപ വിവിധ പദ്ധതികളിലായി ചെലവഴിക്കുന്നു. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം കുട്ടികളെ ബോധ്യപ്പെടുത്തുന്നതിൽ ഗവൺമെന്റ് ഏജൻസികളും വിദ്യാഭ്യാസ സമ്പ്രദായങ്ങളും പരാജയപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസത്തെ നിർവ്വചിക്കുവാൻ പല അദ്ധ്യാപകർക്കും സാധിക്കുന്നില്ല. വിദ്യാഭ്യാസം പുസ്തക പാരായണത്തിനും, പരീക്ഷകൾക്കും, കമ്പ്യൂട്ടറുകൾക്കും, ബിരുദബിരുദാനന്തര സർട്ടിഫിക്കറ്റുകൾക്കും ഉയരത്തിലാണെന്ന വസ്തുത വിദ്യാഭ്യാസ സമൂഹം തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.


# ആച്ചൻ മാഞ്ഞൂരാൻസ്

CITY TOWERS, BANK Jn., ALWAYE

Ph : Shop 3234064, 4063959, Resi : 2608456

## മാഞ്ഞൂരാൻസിന്റെ അടിപൊളി ഓഫർ

| | | | | | |
|---|---|---|---|---|---|
| ബാബാസെറ്റ് | : | 18.00 | ചുരിദാർ മെറ്റീരിയൽസ് | : | 45.00 |
| സാരിപാവാട 3 എണ്ണം | : | 80.00 | നൈറ്റി | : | 35.00 |
| ബ്ലൗസ് പീസ് | : | 5.00 | ഷമ്മീസ് 3 എണ്ണം | : | 60.00 |
| ബ്രെയിസിയർ 5 എണ്ണം | : | 50.00 | പാന്റ് പീസ് (1.30) | : | 79.00 |
| ബെഡ്ഷീറ്റ് 2 എണ്ണം | : | 100.00 | ലുങ്കി 3 എണ്ണം | : | 100.00 |

# College Day Celebrations



കോളേജ് ഡേ ദിനാഘോഷങ്ങൾ പ്രശസ്ത സിനിമാതാരം ശ്രീ. ജയസൂര്യ നിർവ്വഹിക്കുന്നു.



ആശംസകൾ നേർന്നുകൊണ്ട് ശ്രീ. വി. പി. മാർക്കോസ്



കലാമത്സര വിജയികൾക്കുള്ള സമ്മാനദാനം ശ്രീ ജയസൂര്യ നിർവ്വഹിക്കുന്നു.



ശ്രീ ജയസൂര്യയ്ക്ക്
കോളേജ് യൂണിയൻ
ഉപഹാരം നൽകുന്നു.




ആശംസകൾ നേർന്നുകൊണ്ട്
യു.യു.സി.മാരായ
ആരമൻ ഇ.ആർ
അനൂപ് എം.എ.
എന്നിവർ സംസാരിക്കുന്നു.




നന്ദി രേഖപ്പെടുത്തിക്കൊണ്ട്
ആർട്സ് ക്ലബ്ബ് സെക്രട്ടറി
അരുൺ മാത്യു സംസാരിക്കുന്നു.

# ഒരു പ്രണയത്തിന്റെ ബാക്കിപത്രം

**രാജീവ്കുമാർ കെ. കെ.**
രണ്ടാം വർഷ ഇക്കണോമിക്സ് ബിരുദം

**ഓ**ർക്കുന്നോ? കറുകകൾ മുറ്റിത്തഴച്ചു നിന്ന വേനൽപാടങ്ങളിലായിരുന്നു നമ്മുടെ പ്രണയം മൊട്ടിട്ടത്. രാഗലോലമായ എന്റെ ഹൃദയത്തിൽ നീ മീട്ടിയ സ്വർഗ്ഗീയരാഗങ്ങൾ പോലെ, അനുഭൂതിദായകമായ കാറ്റ് മുളങ്കാടുകളോടു കൂടി കിന്നാരം പറഞ്ഞപ്പോൾ ആത്മാവിന്റെ ആഴങ്ങളിൽ നാമറിഞ്ഞ അനുരാഗവും നീ മറന്നുവോ? അടർന്നു വീഴാനാവാതെ തുളുമ്പി നിന്ന കണ്ണീർകണത്തോടെയുള്ള യാത്രാമൊഴി ഒരു തീക്കനലായി ഇന്നും മനസ്സിനുള്ളിൽ ജ്വലിച്ചു നിൽക്കുന്നു.

എന്തിനായിരുന്നു ഇങ്ങനെയൊരു വിടവാങ്ങൽ?! എന്റെ വഴികൾ ഇന്ന് ശൂന്യമാണ്. ഒരു കുടന്ന പുഞ്ചിരി പൂവുമായി വഴിയോരത്ത് എന്നെ കാത്തുനിൽക്കാൻ ഇന്നാരുമില്ല. ജീവിതത്തിലെ നുറുങ്ങു തമാശകളെ ഒരു



പൊട്ടിച്ചിരിയാക്കാൻ സന്തോഷം പങ്കുവെച്ച് ഒരുത്സവമാക്കാൻ, ഹൃദയത്തെ കടിച്ചുകീറുന്ന തീവ്രവേദനകളെ വീതംവെച്ച് ഇല്ലാതാക്കാൻ ഇന്നെനിക്കാരുമില്ല. ആഹ്ലാദത്തിന്റെ പുഞ്ചിരിയാലും പ്രണയത്തിന്റെ സുഖനൊമ്പരത്താലും പ്രശോഭിതമായ ദിനങ്ങൾ അന്യമായിരിക്കുന്നു. ഏകാന്തതയുടെ അന്ധകാരത്തിൽ സ്വപ്നങ്ങൾക്ക് നിറം നഷ്ടമായിരിക്കുന്നു. നീലവിരിപ്പിട്ട ആകാശത്ത് അമ്പിളിയില്ല, താരങ്ങളില്ല, മേഘശകലങ്ങൾ പോലുമില്ല.

എന്റെ ഹൃദയത്തിൽനിന്ന് നിന്നെ പറിച്ചെടുത്തപ്പോൾ ഇറ്റുവീണ ചോരത്തുള്ളികൾ നീ കണ്ടില്ല. പ്രാണൻ വേർപെടുമ്പോഴുള്ള ഹൃദയത്തിന്റെ പിടച്ചിൽ നീ അറിഞ്ഞില്ല. ഈ ഭൂമിയിൽ പെയ്തൊഴിയുന്ന ഓരോ മഴത്തുള്ളികൾക്കും പ്രണയത്തിന്റ സുഗന്ധമുണ്ടായിരുന്നെങ്കിൽ, അവയോരോന്നും ഞാൻ നിനക്കു വേണ്ടി കൂട്ടിവെയ്ക്കുമായിരുന്നു, ഈ ഭൂമിയിൽ പതിച്ചുടയുന്ന ഹിമകണങ്ങൾക്ക് സ്നേഹത്തിന്റെ ആർദ്രതയുണ്ടായിരുന്നെങ്കിൽ അവയെല്ലാം ഞാൻ നിനക്കു വേണ്ടി പെറുക്കിയെടുക്കുമായിരുന്നു. ഇളം തണലിൽ ഒഴുകിയെത്തുന്ന മുല്ലപ്പൂമണം പോലെ ഒരദൃശ്യസാന്നിദ്ധ്യമായി എന്നെ വലയം ചെയ്തിരുന്ന നീ അകന്നുമാഞ്ഞപ്പോൾ എന്റെ പകലുകളിൽ അന്ധകാരം മാത്രമായി.

പ്രിയപ്പെട്ടവളെ, നിന്നെ ഞാൻ ക്ഷണിച്ചത് അനുസരണയുള്ള ഭാര്യയായി എന്റെ പിറകെ നടക്കാനായിരുന്നില്ല. എനിക്ക് താങ്ങും തണലുമായി നിന്റെ നന്മയുടെ, സ്നേഹത്തിന്റെ, ആത്മാർത്ഥതയുടെ ആ ദിവ്യതേജസുമായി നമ്മുടെ പാതകളിൽ വെളിച്ചം വിതറി എന്നോടൊപ്പം നടക്കാനായിരുന്നു. പക്ഷേ, നീ ആത്മനേത്രങ്ങളടച്ച് ഏതോ അസത്യങ്ങളായ കാരണങ്ങൾക്കു മറവിൽ ഒളിക്കുകയായിരുന്നു........!

ഓർക്കാപ്പുറത്ത് അന്ന് നിനക്കു കിട്ടിയ ഒരുമ്മ കൊണ്ട് നീ പൂമരമായില്ലെങ്കിലും, പ്രണയത്തിന്റെ ഊഷ്മാവ് കൊണ്ട് നിന്റെ കവിൾതടത്തിലെ മഞ്ഞുതുള്ളി ഉരുകിപ്പോയി. സാർഥകമായ പ്രണയത്തിന്റെ ഊഷ്മാവിൽ അലിഞ്ഞുചേർന്ന ആ മകരമഞ്ഞ് ഇനി എവിടെ കാണാനാവും? യാഥാർത്ഥ്യങ്ങളെ നേരിടാനുള്ള ധൈര്യക്കുറവോ; അതോ ധനദ്രവ്യങ്ങളാണ് ആത്മവികാരങ്ങളേക്കാൾ ജീവിക്കാനാവശ്യം എന്ന പുത്തൻ പ്രായോഗിക സത്യത്തിന്റെ തിരിച്ചറിവോ, എന്തായിരുന്നു ആ വിടവാങ്ങലിനാധാരം..........?

എന്നെ ഇത്രയധികം വേദനിപ്പിച്ചിട്ടും, എന്റെ ആത്മാർത്ഥത തീർത്തുമവഗണിച്ച് കൂട്ടുകാരുമൊത്ത് പുതിയ ജീവിതം തേടിപ്പോകുമ്പോഴും നിന്നെ വെറുക്കാനാവുന്നില്ലല്ലോ.......

# അധീശവൽക്കരണത്തിന്റെ അടയാളങ്ങൾ

**-വിമൽ വിൻസന്റ്**
രണ്ടാംവർഷ ഇക്കണോമിക്സ് ബിരുദം

**അ**മേരിക്കയും, അതിന്റെ അനുഭാവികളായ സാമ്രാജ്യത്ത, അധിനിവേശ രാഷ്ട്രങ്ങളുടെ കൊടും ക്രൂരതയ്ക്കുള്ള ഏറ്റവും വലിയ ഉദാഹരണമാണ് ഇസ്രായേൽ സേന ലെബനനൻ എന്ന കൊച്ചു രാഷ്ട്രത്തിന് നേരെ നടത്തിയ ആക്രമണം.

ഇസ്രായേൽ ആക്രമണത്തെ അമേരിക്ക കണ്ടില്ലെന്നു നടിക്കുകയാണ്. ഇസ്രായേൽ ആക്രമണത്തെ എതിർക്കാനോ, വിമർശിക്കാനോ അമേരിക്ക തയ്യാറാവുന്നില്ല. നൂറുകണക്കിന് ആയുധങ്ങളും, വെടിക്കോപ്പുകളുമാണ് അമേരിക്ക ഇസ്രായേലിന് അനുദിനം കൈമാറിക്കൊണ്ടിരിക്കുന്നത്. ഇതിനകം തന്നെ യുദ്ധം എന്തെന്നോ അധിനിവേശം എന്തെന്നോ അറിയാത്ത നൂറുകണക്കിന് കുട്ടികളടക്കം ആയിരങ്ങളാണ് മരണമടഞ്ഞത്. ബൈബിളിൽ പറയുന്ന കാനായിലെ കല്യാണവിരുന്നു നടന്ന പുണ്യസ്ഥലമെല്ലാം വെറും ശവപ്പറമ്പായി മാറുകയാണ്. ഹിസ്ബുള്ള നടത്തുന്ന ആശുപത്രികളിലും അഭയാർത്ഥി ക്യാമ്പുകളിൽ പോലും ക്രൂരമായ മിസൈൽ ആക്രമണങ്ങൾക്കാണ് ഇസ്രായേൽ നേതൃത്വം നൽകുന്നത്.

ഇസ്രായേലിന്റെ ലെബനൻ ആക്രമണത്തെ "ഒരു മധ്യപൂർവ്വ ദേശത്തിന്റെ പ്രസവവേദന" എന്നാണ് കോണ്ടലിസ റൈസ് പ്രസ്താവിച്ചത്. ഇസ്രായേലിന്റെ പ്രധാന ലക്ഷ്യം ഹിസ്ബുള്ളയെ തകർക്കുകയോ നിർവ്വീര്യമാക്കുകയോ ആണ്. എന്നാൽ അമേരിക്കയെ സംബന്ധിച്ചിടത്തോളം ഭീകരതയ്ക്കെതിരെ ബുഷ് അഞ്ചു വർഷം മുൻപ് ആരംഭിച്ച യുദ്ധത്തിന്റെ ഭാഗമാണിത്. എന്നാൽ അതിനെ വെല്ലുന്ന ഒരു അജൻഡ അമേരിക്കയ്ക്ക് ഉണ്ടെന്നതാണ് വാസ്തവം. പുതിയ മദ്ധ്യപൂർവ്വ ദേശം എന്നാൽ അമേരിക്കയുടേയും, ഇസ്രായേലിന്റേയും താൽപര്യങ്ങൾ സംരക്ഷിക്കുന്ന മധ്യപൂർവ്വ ദേശം എന്നർത്ഥം. ഇതിൽ നിന്നെല്ലാം അമേരിക്കയുടെ ലക്ഷ്യങ്ങൾ വ്യക്തമാണ്. ഹിസ്ബുല്ലയ്ക്കൊപ്പം പാലസ്തീൻ തീവ്രവാദികളേയും ഒതുക്കുന്നതിന് ഈ ആഗോള ഭീമൻ ലക്ഷ്യമിടുന്നു.

അറബ് രാജ്യങ്ങളിൽ, സിറിയ മാത്രമാണ് ഇപ്പോഴും അമേരിക്കയുമായി ഇടഞ്ഞു മാറിനിൽക്കുന്നത്. ഇത് സിറിയയേയും ഒതുക്കാൻ അവസരമാകും. അതിനാലാണ് അമേരിക്ക ഇസ്രായേലിനെ വിമർശിക്കാൻ തയ്യാറാവാത്തത്. എന്നാൽ ഇസ്രായേലിന്റെ ഇത്രയും കനത്ത ആക്രമണത്തിനു മുന്നിൽ ഹിസ്ബുളള കീഴടങ്ങില്ല എന്നാണ് ചെറുത്തു നിൽപ്പ് സൂചിപ്പിക്കുന്നത്. എന്നാൽ ഹിസ്ബുളളയ്ക്ക് പരാജയം സംഭവിച്ചില്ലെങ്കിൽ അതിന്റെ നാണക്കേട് ഇസ്രായേലിനു മാത്രമല്ല, അത് അമേരിക്കക്കായിരിക്കും എന്നതാണ് ഇതു നൽകുന്ന പാഠം.

ഒരു സ്വതന്ത്ര പരമാധികാര രാഷ്ട്രമായ ഇറാഖിൽ, അവിടുത്തെ ഭരണാധികാരിയായിരുന്ന സദ്ദാംഹുസൈനേയും അദ്ദേഹത്തിന്റെ ഗവൺമെന്റിനേയും അധികാര ഭ്രഷ്ടമാക്കുന്നതിനും, എണ്ണ വിഭവങ്ങളുടെ മേൽ നിയന്ത്രണം സ്ഥാപിച്ചെടുക്കുന്നതിനും വേണ്ടിയാണ് ബുഷ്, ഇറാഖിൽ അധിനിവേശം സ്ഥാപിച്ചത്. എന്നാൽ ഇപ്പോൾ മൂന്നു വർഷം കഴിഞ്ഞു. യുദ്ധവും അധിനിവേശവും ഒരു ലക്ഷം ഇറാഖി പൗരൻമാരുടേയും, പട്ടാളക്കാരുടേയും ജീവൻ അപഹരിച്ചു. ഇറാഖി ഭരണ കൂടത്തിന്റെ പശ്ചാത്തല സൗകര്യങ്ങളാകെ തകർത്തു. ജനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കി കൊടുക്കാൻ ഗവൺമെന്റിന് ഇന്നുവരെ കഴിഞ്ഞിട്ടില്ല. തൊഴിലില്ലായ്മ നിരക്ക് 50% ത്തിന് അടുത്തെത്തി നിൽക്കുകയാണ്. ഇതാണ് ബുഷ് വാഗ്ദാനം ചെയ്ത സ്വാതന്ത്ര്യവും ജനാധിപത്യവും.

ഇറാഖിന്റെ പാത തന്നെ ഇറാനിലും പിൻതുടരാനാണ് ബുഷ് ശ്രമിക്കുന്നത്. ഇറാനെതിരെ യു.എസ്. ന്റെ സൈനികാക്രമണം ഇതിനു മുമ്പ് നടക്കാതെ പോയത് രാഷ്ട്രാന്തര തലത്തിൽ ഉയർന്ന എതിർപ്പിനെ തുടർന്നാണ്. ഇറാനെതിരെ ആക്രമണം അരുതെന്ന നിലപാടാണ് റഷ്യയും, ചൈനയും സ്വീകരിച്ചത്.

ഭീകരതയ്ക്കെതിരെ ബുഷ് യുദ്ധം പ്രഖ്യാപിക്കുകയും, തിൻമയുടെ രാഷ്ട്രങ്ങൾ എന്ന് താൻ വിശേഷിപ്പിക്കുന്ന ഇറാഖ്, ഇറാൻ, ഉത്തര കൊറിയ എന്നീ രാജ്യങ്ങളെ അപലപിക്കുകയും ചെയ്തു. ഈ രാഷ്ട്രങ്ങൾക്കെതിരെ ബുഷ് ആണവ പ്രശ്നം ഉപയോഗിക്കുകയാണ്. പതിനായിരത്തിലധികം ആണവ വാർഹെഡുകൾ അമേരിക്ക വിന്യസിച്ചിട്ടുണ്ട്. ആണവ കരാറുകൾ വെട്ടി കുറയ്ക്കാൻ തങ്ങളോട് ആവശ്യപ്പെടുന്ന പ്രധാനപ്പെട്ട എല്ലാ ആണവോർജ്ജ കരാറുകളേയും അമേരിക്കൻ ഗവൺമെന്റ് എതിർക്കുന്നു.

200 തരം അണുവായുധങ്ങളുള്ള ഇസ്രായേലിനെ ബുഷ് ഭരണ കൂടം സംരക്ഷിക്കുന്നു. പാലസ്തീനിയൻ ജനതയ്ക്കെതിരായി ഇസ്രായേൽ നടത്തുന്ന സൈനി

കാക്രമണത്തിൽ ആക്രമണ രാഷ്ട്രത്തിന് ബുഷ് ഭരണ കൂടം പൂർണ്ണമായ പിന്തുണ നൽകുന്നു. യു.എൻ. പ്രമേയങ്ങളെ ലംഘിച്ചു കൊണ്ട് വെസ്റ്റ് ബാങ്കിന്റെ ഏറെക്കുറെ ഭാഗങ്ങളും തങ്ങളുടെ രാജ്യത്തോട് കൂട്ടിച്ചേർക്കാനുള്ള ഇസ്രായേലിന്റെ ശ്രമങ്ങൾക്ക് ബുഷ് അംഗീകാരം നൽകി. അറബികളുടെ ഭൂമിയിലുള്ള അധിനിവേശം ഇസ്രായേൽ തുടരുന്നു. അതിന് അമേരിക്കൻ ഐക്യനാടുകളുടെ സൈനിക സഹായവും സാമ്പത്തിക പിന്തുണയുമുണ്ട്.

അമേരിക്കയിൽ കുറച്ചു ദിവസങ്ങളായി ഒരു ഉത്സവ പ്രതീതിയാണ്. പ്രസിഡന്റ് ബുഷിന്റെ സഹോദരൻ ജെബ് ബുഷ് ഗവർണ്ണറായിരിക്കുന്ന പ്രദേശത്താണ് ക്യൂബൻ അഭയാർത്ഥികൾ ഏറെയുള്ളത്. ഏകദേശം ആറുലക്ഷം പേർ. ക്യൂബ 47 വർഷമായി ഭരിച്ചുകൊണ്ടിരിക്കുന്ന ഫിദൽകാസ്ട്രോ പ്രസിഡന്റ് പദം ഒഴിഞ്ഞത് ആഘോഷിക്കുകയാണവർ. വളരെ കാലം കാസ്ട്രോയെ അട്ടിമറിക്കാൻ കാത്തിരുന്ന ബുഷും കൂട്ടരും ജാഗരൂകരാണ്. ഫിദൽ മരിച്ചു എന്നു വരെയാണ് അമേരിക്കൻ മാധ്യമങ്ങളുടെ ചിലറിപ്പോർട്ടുകൾ.

*അമേരിക്കൻ സേനയ്ക്കും അതിന്റെ സഖ്യ കക്ഷികൾക്കും വെടിവെയ്പിലൂടെയോ ബോംബെറിഞ്ഞോ ആരെയും കൊല്ലാൻ അധികാരമുണ്ടെന്ന നയമാണ് ഉണ്ടാക്കിയിട്ടുള്ളത്. ഏത് രാഷ്ട്രത്തെ വേണമെങ്കിലും ആക്രമിച്ച് കീഴ്പെടുത്താം, ഏതു വ്യക്തിയേയും വകവരുത്താം, ആരേയും ഭീഷണിപ്പെടുത്താം എന്ന സ്ഥിതിയാണ് ഇവർക്കു മുന്നിലുള്ളത്.*

അമേരിക്കയുടെ കാസ്ട്രോ വിരോധം 1959 ൽ അദ്ദേഹം ക്യൂബയിലെ യു.എസ്. അനുകൂലിയായ സ്വേഛാധിപതി ഫുൾജൻസിയോ ബാറ്റിസ്റ്റയെ അട്ടിമറിച്ചത് മുതൽക്ക് തുടങ്ങിയതാണ്. റൗളും, ഏണസ്റ്റോ ചെ-ഗുവേരയുമായിരുന്നു അദ്ദേഹത്തിന്റെ ഇരു കൈകൾ. പിന്നീട് ചെ ലോകമെമ്പാടും വിപ്ലവകാരി എന്ന നിലയിൽ പ്രശസ്തനായി. 1967 ൽ ബെളീവിയയിൽ ഗറില്ലാ പോരാട്ടത്തിൽ ചെ കൊല്ലപ്പെട്ടു.

അധികാരമേറ്റശേഷം സ്വകാര്യ-വാണിജ്യ-വ്യവസായ സ്ഥാപനങ്ങളോട് കാസ്ട്രോയുടെ നിലപാട് അമേരിക്കയെ ചൊടിപ്പിച്ചു. നയതന്ത്ര ബന്ധം ഉപേക്ഷിച്ച് സാമ്പത്തിക ഉപരോധം ഏർപ്പെടുത്തിയിട്ട് 45 വർഷമായി. അമേരിക്കയുടെ ചാരസംഘടനയായ C I I നടത്തിയ കൊലപാതക ശ്രമങ്ങൾ ഒന്നിനൊന്നായി കാസ്ട്രോ അതിജീവിച്ചു. ബുഷ് വന്ന ശേഷം പ്രതികാര നടപടികൾ ശക്തമായി.

അമേരിക്കയിൽ നിന്ന് തൊണ്ണൂറ് നാഴിക മാത്രം അകലെ കിടക്കുന്ന ക്യൂബ എന്ന ചെറിയ രാഷ്ട്രം 45 വർഷമായി അമേരിക്കൻ അധിനിവേശത്തിന് കീഴിലാണ്. യഥാർത്ഥത്തിൽ ക്യൂബ ചെയ്ത കുറ്റമെന്താണ്? സോഷ്യലിസത്തിന്റെ പാത സ്വീകരിച്ചതോ! ക്യൂബക്കെതിരെയുള്ള ഉപരോധത്തെ ചൊല്ലിയുള്ള പ്രമേയത്തിന് 187 രാഷ്ട്രങ്ങളുടെ പിന്തുണ കിട്ടി, എന്നാൽ അമേരിക്കയും മറ്റ് മൂന്നു സഖ്യകക്ഷികളുമാണ് പ്രമേയത്തിനെതിരെ വോട്ടു ചെയ്തത്. ഗവൺമെന്റിനെതിരായ പ്രവർത്തനങ്ങൾക്കും, ഗവൺമെന്റിനെതിരെ പ്രചാരണം നടത്തുന്ന പത്ര, മാധ്യമങ്ങൾക്കും സഹായം നൽകുക, അമേരിക്കയിലെ കുടിയേറ്റക്കാർക്കിടയിൽ ഭീകരൻമാർക്കും ക്രിമിനലുകൾക്കും അഭയം നൽകുക, ഇതൊക്കെയാണ് അമേരിക്ക നടത്തുന്ന പ്രവർത്തനങ്ങൾ.

ഫ്യൂഗോ ഷാവോസിന്റെ നേതൃത്വത്തിൽ സ്വതന്ത്രവും, പരമാധികാരവും ഊട്ടി ഉറപ്പിക്കുന്നതിന് വെനിസ്വലൻ ജനങ്ങൾ തീരുമാനിച്ചു. ഷാവോസിനെതിരെ വലതു പക്ഷ പിൻതിരിപ്പൻമാരെ സഹായിക്കാൻ അമേരിക്ക പണം ഒഴുക്കുകയാണ്. ബൊളീവിയയിൽ വിപ്ലവത്തെയും വെനിസ്വലയിലെ ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റിനേയും അട്ടിമറിക്കാൻ അമേരിക്ക ശ്രമിക്കുകയാണ്. കൊളംബിയയിലെ വലതുപക്ഷ ഗവൺമെന്റിന് പിന്തുണ കൊടുക്കാനും അവിടെയുള്ള വിപ്ലവ പ്രസ്ഥാനത്തെ അടിച്ചമർത്താനും 'പ്ലാൻ കൊളംബിയ'ക്കു വേണ്ടി കോടിക്കണക്കിനു ഡോളറുകളാണ് അമേരിക്ക ചെലവഴിക്കുന്നത്.

രണ്ടാംലോക മഹായുദ്ധത്തിന്റെ അവസാനം ഫാസിസ്റ്റ് ശക്തികൾ കീഴടങ്ങിയതിനു ശേഷമാണല്ലോ അമേരിക്ക നാഗസാക്കിയയിലും ഹിരോഷിമയിലും ആറ്റംബോംബിട്ട് നിരപരാധികളെ കൊന്നൊടുക്കിയത്. ഇവിടെ കൊല്ലപ്പെട്ടവർ കുറ്റമൊന്നും ചെയ്തിരുന്നില്ലല്ലോ. പിന്നീട് വിയറ്റ്നാമിൽ ദീർഘകാലം വിമോചന പോരാളികളെ കൂട്ടക്കൊല ചെയ്തു. ഇറാഖിനെ രണ്ടാം വിയറ്റ്നാം എന്നാണ് വിശേഷിപ്പിക്കുന്നത്.

അമേരിക്കൻ സേനയ്ക്കും അതിന്റെ സഖ്യ കക്ഷികൾക്കും വെടിവെയ്പ്പിലൂടെയോ ബോംബെറിഞ്ഞോ ആരെയും കൊല്ലാൻ അധികാരമുണ്ടെന്ന നയമാണ് ഉണ്ടാക്കിയിട്ടുള്ളത്. ഏത് രാഷ്ട്രത്തെ വേണമെങ്കിലും ആക്രമിച്ച് കീഴ്പ്പെടുത്താം, ഏതു വ്യക്തിയേയും വകവരുത്താം, ആരേയും ഭീഷണിപ്പെടുത്താം എന്ന സ്ഥിതിയാണ് ഇവർക്കു മുന്നിലുള്ളത്. ഈ ലോക ക്രമത്തിനാണ് ജനാധിപത്യം എന്നു പറയുന്നതെങ്കിൽ അമേരിക്ക ജനാധിപത്യ മൂല്യങ്ങളിൽ വിശ്വസിക്കുന്ന ഏറ്റവും വലിയ രാഷ്ട്രം എന്നു പറയാം. എന്നാൽ ഈ വിളിപ്പേര് ഒഴിവാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. മനുഷ്യാവകാശങ്ങളിൽ വിശ്വസിക്കാനാവാത്ത കാടൻ രാഷ്ട്രം എന്ന് അമേരിക്കൻ ഐക്യനാടുകളെ വിളിക്കുന്ന നില ഉണ്ടാകണം.


# ആത്മരോദനങ്ങൾ

കവിത

**രശ്മി ബാലചന്ദ്രൻ**
രണ്ടാം വർഷ മാത്തമാറ്റിക്സ് ബിരുദം



ഭൂതകാലമാകുന്ന ഓർമ്മതൻ ഭാണ്ഡക്കെട്ടുകൾ
പേറി അലയുന്നു ഞാനൊരു ഭിക്ഷാടകയായ്
വെയിലെനിക്കില്ല കത്തുന്ന തീയെനിക്കില്ല
ദു:ഖമെനിക്കില്ല ഒരു തുള്ളി കണ്ണുനീരും
ഒരു നാൾ സംഹാരരൂപിണിയായ്, അഗ്നിയാൽ
വരിച്ചു നിന്നെ ഞാനെൻ ഹൃദയത്തിലേക്കു മാത്രമായ്
ഇന്നെൻ ഹൃദയത്തിൽ അവശേഷിക്കുന്നു
അഗ്നിതൻ ചാരവും അവശിഷ്ടങ്ങളും
ആശതൻ അവസാന നീരുറവയും
വറ്റുന്നു എന്നിലേക്കെന്നെന്നേക്കുമായ്
കൊല്ലുന്നു മുറിവേൽപ്പിക്കുന്നു ഈയോർമ്മക-
ളെന്റെ ആത്മാവിനെ കഠോരമായി
കേഴുന്നു ഞാൻ അവസാനമായി
കേൾക്കാൻ ആരുമേ ഇല്ലതാനും
മരിക്കും വരെ എന്റെ മനസ്സിന്റെ
ആഴങ്ങളിൽ വിരിഞ്ഞ മൃതിപുഷ്പമേ....



# PRINCIPAL'S REPORT 2005-06

## UNION CHRISTIAN COLLEGE, ALUVA

Let me begin this report with the names of students of the college who secured first, second and third positions in the Mahatma Gandhi University examinations of April/May, 2005.

**The rank holders were:**

| | | |
|---|---|---|
| **Ann Xavier Choolakkal** | BA. Psychology | I Rank |
| **Linsa.U** | BSc Poly Chemistry | I Rank |
| **Dhanya Sebastian** | BSc Poly Chemistry | II Rank |
| **Saritha k. Nair** | BSc Physics | II Rank |
| **Anupama.H.L** | BSc Zoology | III Rank |
| **Shincy Aniyankunju** | BSc BT & SP | I Rank |
| **Sithara Thomas** | BSc BT & SP | II Rank |
| **Jithesh.G** | BSc CM & E | I Rank |
| **Shejeena K.A** | MA History | III Rank |
| **Minna Mathew** | MA Psychology | I Rank |
| **Divya K. Thomas** | MA Psychology | II Rank |
| **Linu Poly** | MA Psychology | II Rank |
| **Namitha T. Ashokan** | MSc Physics | III Rank |

**Result of the Final Year BA/BSc. and MA/MSc examinations 2005, at a glance:**

| Subject | No.of students | I Class | II Class | III Class | Total Pass | Percentage |
|---|---|---|---|---|---|---|
| **BA/BSc.** | | | | | | |
| History | 28 | 6 | 14 | 7 | 27 | 96.42 |
| Economics | 46 | 24 | 10 | 12 | 46 | 98.33 |
| English | 45 | 16 | 11 | 8 | 35 | 77.77 |
| Psychology | 27 | 19 | 7 | Nil | 26 | 96.29 |
| Malayalam | 35 | 23 | 7 | 4 | 34 | 97.14 |
| Archeology | 26 | 19 | 3 | 0 | 22 | 84.61 |
| Mathematics | 36 | 29 | 3 | 1 | 33 | 91.67 |
| Physics | 34 | 26 | 5 | 0 | 31 | 91.18 |
| Chemistry | 44 | 39 | 2 | 0 | 41 | 93.18 |
| Botany | 21 | 15 | 4 | 2 | 21 | 100 |
| Zoology | 24 | 20 | 3 | 0 | 23 | 95.83 |
| BT&SP | 24 | 23 | Nil | Nil | 23 | 95.83 |
| Comp Science | 23 | 13 | 0 | 0 | 13 | 56.52 |
| C.M.E | 26 | 23 | 2 | 0 | 25 | 96 |

| Subject | No.of students | I Class | II Class | III Class | Total Pass | Percentage |
|---|---|---|---|---|---|---|
| | | | MA/MSc | | | |
| Mathematics | 17 | 13 | 0 | 0 | 13 | 76.47 |
| Physics | 15 | 12 | 0 | 0 | 12 | 80 |
| Chemistry | 11 | 7 | 0 | 0 | 7 | 63.63 |
| Botany | 12 | 12 | 0 | 0 | 12 | 100 |
| Biotechnology | 19 | 5 | 6 | 0 | 11 | 57.89 |
| History | 14 | 8 | 1 | 0 | 9 | 76 |
| Economics | 16 | 7 | 1 | 0 | 8 | 50 |
| English | 17 | 11 | 2 | 0 | 13 | 76 |
| Malayalam | 16 | 15 | 0 | 0 | 15 | 94 |
| Psychology | 11 | 5 | 1 | 0 | 0 | 55 |

We also had 100% pass in the semester examinations of the MCA course.

## Award of Ph.D.Degrees

1) Dr. Benny Cherian of the Chemistry Department has been awarded Ph D by the Cochin University of Science and Technology.
2) Dr. K.P. Lissy, research scholar in botany has been awarded Ph D by the M.G University under the guidance of Dr. Thara K. Simon.

## Retirements

The following members of staff have retired from service in the college.

a) Teaching Staff

| | | |
|---|---|---|
| 1. **Dr. A. Gopinathan** | Malayalam | 31-03-2006 |
| 2. **Sri. N.I. Thomas** | Physics | 31-03-2006 |
| 3. **Sri. A.N. Muraleedhara Shenoi** | Physics | 31-03-2006 |
| 4. **Smt. Annie George** | Zoology | 31-03-2006 |
| 5. **Dr. C.J. Varghese** | History | 31-03-2006 |
| 6. **Sri. Abraham Joseph** | Historty | 31-03-2006 |
| 7. **Sri. E. Mukundan** | Economics | 31-03-2006 |
| 8. **Smt. Rani Varghese** | Botany | 30-04-2006 |

b) Non Teaching Staff

| | | |
|---|---|---|
| 1. **Sri. T.M. Paily** | L.D.Clerk | 30-11-2005 |
| 2. **Smt. K.V. Rajamma** | Lab Assistant | 31-03-2006 |

The college community places on record its appreciation and gratitude for their services in different capacities

## Guest Lectures

More than thirty guest lectures served in the different departments of the college. The college could not have functioned without their service

## Folow up on NAAC

The college has been re-accreditated by the National Assessment and Accreditation Council(NAAC) with B++ grade on a nine-point scale of rating.

An Internal Quality Assurance Cell(IQAC) has been formed in the college. Department Development Committees for monitoring the strengths, weaknesses and needs of each Department, have been formed in several departments, with the scope of including experts in the respective field from outside.

## New courses, opportunities, activities

1. The MSc course in Bio Informatics has been started
2. The College has applied for autonomous status
3. Establishment of an Alumni Development Office with plans for further enhancement of facility and activity.
4. Plans for a new International House and Development Center are in Progress.
5. The college has applied for MSc. Material Science course in the aided stream.

## Infrastructure

The construction of a new hostel for women, named after the late Prof. T.B. Thomas, was completed. The newly constructed Women's Hostel and the extension of the ICIT building have been opened. The foundation stone for the new academic block to house the MCA and other courses was laid on August 19. The modification work of the rooms for the Major Research Projects of Dr. K.I. Mani Varghese and Prof. V.M. Johnappa has been completed. A room (formerly NR 10) has been set apart and modified for audiovisusl and reading facility for the English Department. The renovation of the AB building with UGC assistance was completed in June.

## Website

The college has launched a new official website, www.uccollege.edu.in.

## Scholarships

The Thevarthundiyil family has instituted four scholarships to be given from the academic year 2004-2005 onwards.

The amount of the *Alexanander Marthoma Evdowment Scholarship* prizes for English and Mathematics have been raised from Rs. 100 to Rs. 300.

Four scholarships, each of Rs 2000, are to be given to a second year BA student, a second year Bsc student, a third year B.A. student and a third year BSc student from the amount contributed by Dr. Abraham C. Kulangara.

## Placement Cell

The formal opening of the new Guidance Bureau cum Placement Cell was held on 2nd October 2005. Steps have been taken to appoint a fully qualified placement officer.

## Center for Environmental Studies

A Center for Environmental Studies was established for spreading environmental knowledge, and for moulding ethical positions that uphold environmental justice

Mr. K.P Unnikrishan, Dept of Chemistry, is the co-ordinator

The Department of Chemistry, Botany and Zoology arranged an Environment Awareness Programme for the plus two students on 23rd June 2005. They also arranged a national seminar on Reconfiguring Environmental Studies on 24th and 25th June 2005.

## Service Learning Center

A Service Learning Center has been inaugurated in the college to prepare students for lives of active citizenship. The main objective of this center is to mould students to perform meaningful service to their communities and to society. Dr. A Sunny Kuriakose, Dept of Mathematics, is the co-ordinator.

## Activities of NCC

Besides the regular activities, an AIDS Awareness Rally in association with the Aluva Municipality was held on 1st January 2006. Cpl. Rejitha R, III BA English, attended the Republic Day Parade in New Delhi on 26th January 2006. A blood donation camp was held in the college on 15th October 2005. Four cadets attended the National Integration Camp held in Ranchi; three cadets attended in National Integration Camp held in Sikkim. Two cadets took part in a trekking camp held in Maharashtra. Cpl. Muhsina Lubaiba of II BA Psychology attended a camp in Andamans.

Mr. K.S. Narayanan continues to be the NCC officer for the Boy's division. Ms Muse Mary George serves as caretaker in place of Ms E.I. Anila, NCC officer of the Girls' division.

## NSS

Dr. Benny Cherian, Mr. V.P Markose and Ms. A.S Smitha took up responsibility as NSS Officers. Ms. Arya S. of first BSc Physics participated in National Integration Camp held in New Delhi.

### College Union

Elections to the College Union Executive Committee were held on 9th December 2005. The College Union Inauguration was held on 3rd January 2006. The activities of the College Union came to a close with the College Day Celebration on February 27th, 2006. Mr. V. P. Markose and Mr. K. S. Narayanan served as staff advisors of the College Union and the College Arts Club respectively.

I heartily congratulate the members of the College Union for their efforts in organizing a variety of commendable programmes within a period of less than two months. I also congratulate all other students, teachers and non-teaching staff who lent support and co-operation to these activities.

### Other Programmes

The classes on issues and ethical responses were restarted this year with some generally accepted syllabus.

A programme on "preparaion for Autonomy and Re-configuring Academic Disciplines" with UBCHEA funding was conducted.

### Orientation Programme

An orientation programme for the first year B.A./B.Sc. students was held on 9th July 2005.

### Farewell to outgoing students

A Farewell party for the outgoing B.A./B.Sc. Degree students was held on 14th February 2006.

### Some Additional Responsibilities of Staff

| | |
|---|---|
| 1. Bursar | Prof. Anu Oommen |
| 2. Dean, Administration | Prof. Santha M. Mathew |
| 3. Dean, Academic | Prof. P. M. Varkey |
| 4. Works Superintendent | Mr. Anil Thomas Koshy |
| 5. Secretary of the P.T.A. | Dr. P. Thomas Mathew |
| 6. Secretary of the Staff Council | Prof. A. M. Gee Varghese |
| 7. Secretary of the Staff Association | Dr. A Sunny Kuriakose |
| 8. Staff Advisor of the Placement cell/Guidance Bureau | Dr. Molina Susan Thomas |
| 9. Secretary of the Interchurch Fellowship | Smt. Muse Mary George |
| 10. Staff Advisor, Women's cell | Dr. K. E. Leelamma |
| 11. Chief Superintendent, University Examinations | Prof. N. Geethakumari |

### College Chaplain

Rev. John John, formerly Vicar of St. Peter's Marthoma Church, U.C. College, has joined the college has Chaplain from July 2005.

### Faculty at Programmes Abroad

1. Mr. Cherian K. George, Librarian, completed two training programmes abroad, one in the U.S. and the other in Belgium.
2. Dr. P. M. Kuriachen of the Dept. of Botany completed his training at Macquarie University in Australia (April to July 2005) and in Gonzaga University in the U.S. as part of the Freeman Fellowship Programme of the UBCHEA. He also attended two leadership seminars at Delasalle Universtiy, Manila and at Asian Christian Institute, Hongkong. Dr. P. Thomas Mathew has been selected for the next UB Fellowship Programme for the years 2006-08.
3. Dr. K. E. Leelamma visited Austin College, Texax as an exchange scholar for three months from October 20, 2005 to December 19, 2005.
4. Principal Dr. Varghese John attended the Asian University Leadership Programme, conducted by UBCHEA in Macau, China, from 17th to 21st January 2006. Earlier he attended at the Triennial Conference of the colleges and Universities of the Anglican Communion (CUAC) held in Canterbury and York, U.K. in June 2005.

## International Linkages

Dr. Janet Lowry of Austin College, Texax, U.S.A. spent part of heart sabbatical at the college from November 2004 to April 2005.

Miss. Marie Kikuchi, a student from the International Christian University, Tokyo, spent 6 weeks as the guest of the college in the neighboring Chacko Homes during July - August for the part of an Academic Programme in Service Learning.

Miss. Charlotte Erickson from the Evangelical Lutheran Church in America arrived in Septemer to serve as a young volunteer in the college for one year. She helped the college in several activities, was the part of the college Choir, and gave leadership in community service.

A three member UBCHEA team, consisting of Dr. Patricia Stranahan (President Designate), Dr. Betty Abregana (South Asia Programme Director) and Santhi Manuel (United Board Trustee and Former Principal, Lady Doak College, Madurai) Visited the college during September 28 - 30, 2005

## Founders Day and Alumni Re-union Day

Dr. Micheal Tharakan, a well known Social Scientist, delivered this year's founder's day address on 11th November 2005.

The Old Students and Friends Re-union Day was celebrated on Saturday, November 12, 2005. Dr. Abdul Aziz, Vice Chancellor, Cochin University, was the Chief Guest of the function in which Dr. A. M. Chacko delivered the keynote address. A large number of Alumni as well as present and retired staff of the college participated.

## Bereavement

Rev. Fr. T. K. Elias (Elias Thombra) formerly of the Dept. of History, passed away on 25th June 2005.

Sri P. K. Vasudevan Nair, former Chief Minister of Kerala and the distinguished old student of the college, passed away on 13th July 2005.

Mr. Biju T. R. IInd BA Psychology student inmate of Chacko Hostel, passed away on 4th August 2005, after a prolonged struggle with illness.

Smt. Kunjamma Philip, Matron of the Women's Hostel for nearly 25 years upto the early 1970's, passed away on 9th October 2005.

## Conclusion

I congratulate all the students who made commendable achievements in academic and other activities. It is my hope that with the right combination of enthusiasm and understanding, and mutual support among students, teachers and members of the non-teaching staff, Union Christian College can do well, and keep doing well, in all areas of activity.


ആശംസകളോടെ.....

പ്രണവം സ്കൂൾ ഓഫ് ആർട്ട്സ്
& ഓർക്കസ്ട്ര

P. J. SQUARE BUILDING (GROUND FLOOR)
K.M.K JUNCTION, N. PARAVUR

Classical Music (Vocal), all instruments
Classical Dance and Drawing
Director :- Sreeranga Rajan
Ph : 9249416136, Res: 0484 - 5504489



# ആധുനിക ലോകത്തിൽ വഴിതെറ്റുന്ന യുവതലമുറ

**റിനോദ് റഹ്മാൻ**
രണ്ടാംവർഷ ഹിസ്റ്ററി ബിരുദം

**യൗ**വ്വനം ജീവിതത്തിന്റെ വസന്തകാലമാണ്. ഒട്ടേറെ പ്രത്യേകതകളാർന്ന ഇക്കാലഘട്ടം ഏറെ വെല്ലുവിളികൾ നിറഞ്ഞതുമാണ്. ഓജസ്സും തേജസ്സുമാർന്ന കർമ്മശേഷിയുടേയും സർഗ്ഗസിദ്ധിയുടേയും യൗവനഘട്ടം ആകർഷകമെങ്കിലും അഗ്രാഹ്യമായ പ്രതിഭാസം തന്നെ. ഇന്നത്തെ നമ്മുടെ യുവത അലമാലകളുയരുന്ന ലോകക്കടലിലെ ഓളങ്ങളാണ്. തങ്ങളുടെ ശക്തികളും ദൗർബല്യങ്ങളും സാദ്ധ്യതകളും പരിമിതികളും ചുറ്റും കാണുന്ന ലോകത്തിന്റെ സങ്കീർണ്ണതകളും അറിഞ്ഞാൽ മാത്രമേ ജീവിത ലക്ഷ്യം കൈവരിക്കാനാവൂ.

**കുടുംബം : മൂല്യബോധത്തിന്റെ കളരി**

നമ്മുടെ കുടുംബങ്ങളിലാണ് മൂല്യങ്ങളുടെ ആദ്യപാഠങ്ങൾ നാം പഠിക്കുക. സ്നേഹവും, കരുതലും, മാതാപിതാക്കളും കുഞ്ഞുങ്ങളും തമ്മിലുള്ള ഉറ്റ ബന്ധവുമാണ് കുഞ്ഞുങ്ങൾ ഏറ്റവും വിലപ്പെട്ടതായി കരുതുന്ന സമ്പാദ്യം. മാതാപിതാക്കൾ നൽകുന്ന പണമോ, ആഢംബര ജീവിത സൗകര്യമോ അല്ല, അവരുടെ മാതൃകാപരമായ ജീവിതമാണ് കുട്ടികൾക്ക് മുഖ്യമായും വേണ്ടത്. നല്ല കുടുംബത്തിൽ നിന്ന് ചീത്തകുട്ടികൾ പുറത്തുവരുന്നതിനെ കുറിച്ച് പരിതപിക്കുന്നവരെ ഇന്ന് ധാരാളം കാണാം. തെറ്റിദ്ധാരണ മൂലമുള്ള പരിതാപമാണത്. കാരണം ഒരു നല്ല കുടുംബത്തിൽ നിന്ന് ഒരു ചീത്ത കുട്ടിയും പുറത്തുവരാറില്ല. മാതാപിതാക്കൾ എങ്ങനെയോ അങ്ങനെയായിരിക്കും അവരുടെ മക്കളും.

**മാതാപിതാക്കളും യുവതലമുറയും**

കുടുംബത്തിന് ഭാരവും സമൂഹത്തിന് ബാദ്ധ്യതയുമായി വളർന്നു വരുന്ന ഇളം പ്രായക്കാരുടെ വികലമായ ജീവിതവീക്ഷണത്തിന് പിന്നിൽ മാതാപിതാക്കൾ തന്നെയാണ് ഒരു പ്രധാനകാരണം. വ്യക്തിബന്ധ അപഗ്രഥനം എന്ന നൂതന മനോരോഗ ചികിത്സാ സമ്പ്രദായത്തിന്റെ ഉപജ്ഞാതാവായ ഡോ. ഐറിക് ബേൺ പറയുന്നത് ഓരോ കുഞ്ഞും ജനിക്കുന്നത് രാജകുമാരനോ, രാജകുമാരിയോ ആയിട്ടാണ്. മാതാപിതാക്കൾ അവരെ തവളകളാക്കി മാറ്റുന്നു എന്നാണ്. മാതാപിതാക്കൾ മക്കൾക്കു കൊടുക്കാവുന്ന ഏറ്റവും വലിയ സമ്പാദ്യം പോരായ്മകൾക്കും ബലഹീനതകൾക്കുമതീതമായ അവരുടെ പരസ്പര സ്നേഹവും പൊരുത്തവുമാണ്. സ്നേഹത്തിന്റേയും, സന്തോഷത്തിന്റേയും അലയടികൾ കുടുംബാന്തരീക്ഷത്തിൽ ഇല്ലാതാകുമ്പോൾ മക്കൾ വെറും തവളകളായില്ലെങ്കിലേ അത്ഭുതമുള്ളു. മക്കൾ അവരുടെ പൂർണ്ണതയിലെത്തണമെങ്കിൽ അമ്മയുടേയും അച്ഛന്റേയും സ്നേഹനിർഭരമായ ഇടപെടൽ അനിവാര്യമാണ്. ഒരാളുടെ മാത്രമല്ല, രണ്ടു പേരുടേയും കരുതലും സ്നേഹവും യുവതലമുറയ്ക്കു ലഭിക്കണം.

ഇന്നത്തെ തലമുറ ലക്ഷ്യബോധം നഷ്ടപ്പെട്ട് മൂല്യങ്ങൾ കൈമോശം വന്ന ഒരു കൂട്ടമായി അവശേഷിക്കുന്നുവെങ്കിൽ അതിൽ മാതാപിതാക്കൾക്കുള്ള ഗണ്യമായ പങ്ക് ആർക്കാണ് നിഷേധിക്കാനാവുക? കുടുംബ ജീവിതത്തിൽ പണസമ്പാദനത്തിന് പരമപ്രാധാന്യം കൈവന്നപ്പോൾ മക്കൾക്ക് ധാർമ്മിക ബോധവും വിശ്വാസപരിശീലനവും കൊടുക്കുന്ന കർത്തവ്യം മാതാപിതാക്കളുടെ മുൻഗണനാ ലിസ്റ്റിൽ ഇല്ലാതെ പോയി. ഈ ജോലി മതാദ്ധ്യാപകർക്കും സ്ക്കൂൾ അദ്ധ്യാപകർക്കും മാത്രമായി വിട്ടുകൊടുത്തപ്പോൾ ഒത്തൊരുമിച്ച് പ്രാർത്ഥിക്കുകയും സംസാരിക്കുകയും തിരുത്തുകയും പരസ്പരം ദുഃഖങ്ങൾ പങ്കിടുകയും ചെയ്യുന്ന സമയം വിഢിപ്പെട്ടി കവർന്നെടുത്തതോടെ മനസ്സുകൾ തമ്മിൽ വീണ്ടും അകന്നു. ഒരുമിച്ചു താമസിക്കുന്ന അപരിചിതരുടെ കൂട്ടമെന്ന (സത്രം) വിശേഷണമാണ്ഇന്നത്തെ കുടുംബത്തിന് ഏറെ യോജിക്കുക. അതിനാൽ മാതാപിതാക്കൾ യുവതലമുറയിലെ മക്കൾക്ക് എങ്ങനെ ഒരു ജീവിതമാർഗ്ഗം കണ്ടെത്താം എന്നു കാണിച്ചു കൊടുക്കുന്നതിനേക്കാൾ എങ്ങനെ നന്നായി ജീവിക്കണം എന്നു കാണിച്ചു കൊടുക്കാൻ പഠിക്കണം. അല്ലെങ്കിൽ നമ്മുടെ മക്കൾക്ക് നന്മയുടെ വഴി അന്യമാകും.

**നമ്മുടെ യുവതലമുറയ്ക്ക് താളം പിഴക്കുന്നുവോ**

ആഗോള വാതായനം തുറന്നു കിട്ടിയതോടെ ഉത്തമജോലി, ഒത്തശരീരം, 'ചെത്ത്' വേഷം തുടങ്ങിയവയോടുള്ള അഭിനിവേശം........ മാത്സര്യവ്യഗ്രതമൂലം സ്വന്തം സഹപാഠികളേയും, സഹപ്രവർത്തരേയും പിന്നിലാക്കി പരാജയപ്പെടുത്തേണ്ട എതിരാളികളായി കാണാനുള്ള പ്രലോഭനം..... കടിഞ്ഞാണില്ലാത്ത അതിമോഹങ്ങൾക്ക് യുവത്വം ഇന്ന് വശംവദരായിരിക്കുന്നു.

മറുവശത്തോ? സംതൃപ്തിക്കുവേണ്ടിയുള്ള അടങ്ങാത്ത ദാഹം..... മാറ്റത്തിന്റെ വക്താവും കാലഘട്ടത്തിന്റെ 'മനസാക്ഷി'യുമാകാനുള്ള ഉൾവിളി...... മൂല്യാധിഷ്ഠിത മുന്നേറ്റത്തിനായുള്ള വ്യഗ്രത..... സമൂഹത്തിന്റെ

ഓജസ്സും തേജസ്സുമാകാനുള്ള ശ്രമം.

ആഗ്രഹങ്ങളും സ്വപ്നങ്ങളുമാണ് ജീവിതത്തിൽ നിന്നും വിമുഖതയും വിരക്തിയും നിഷ്കാസനം ചെയ്യുന്നത്. പക്ഷേ 'അത്യാഗ്രഹങ്ങളെ' 'ആഗ്രഹ'ങ്ങളാക്കുമ്പോൾ 'അനാവശ്യ'ങ്ങളെ 'ആവശ്യ'ങ്ങളാക്കുമ്പോൾ..... 'ആകാശക്കോട്ട'കളെ സ്വപ്നങ്ങളാക്കുമ്പോൾ, ശ്രീബുദ്ധൻ നൂറ്റാണ്ടുകൾക്കു മുൻപ് നൽകിയ മുന്നറിയിപ്പ് സ്ഥിരീകരിക്കപ്പെടുന്നു. "തൃഷ്ണയാണ് ദുഃഖത്തിനു നിദാനം". ഡോ.ആൽഫ്രഡ് അഡ്ലർ എന്ന പ്രശസ്ത മനഃശാസ്ത്രജ്ഞൻ പറയുന്നതുതന്നെയാണ് "ഇന്നത്തെ തലമുറയുടെ മാനസിക സംഘർഷത്തിനും വൈകാരിക താളം തെറ്റലുകൾക്കും മുഖ്യകാരണം അധികാരത്തിനും സ്ഥാനമാനങ്ങൾക്കുമുള്ള ദുരയാണ്".

**രൂക്ഷമാകുന്ന തൊഴിലില്ലായ്മ**

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് തൊഴിലിനായി കാത്തിരിക്കുന്നവരുടെ എണ്ണം 37.9 ലക്ഷമാണ്. ഇന്ത്യയിലാകെ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരുടെ 10 ശതമാനത്തോളം കേരളത്തിലാണെന്നുള്ളതാണ് ഭയപ്പെടുത്തുന്ന യാഥാർത്ഥ്യം. വ്യവസായ സംരംഭങ്ങളെ തന്നെ നിരുത്സാഹപ്പെടുത്തുന്ന നിയമക്കുടുക്കുകളും, ഒച്ചിഴയുന്ന വേഗത്തിൽ നീങ്ങുന്ന നടപടിക്രമങ്ങളുമുള്ള നമ്മുടെ കേരളത്തിൽ നൂതന സംരംഭങ്ങൾ ആരംഭിക്കുവാൻ ആരും ധൈര്യപ്പെടില്ല. ട്രേഡ് യൂണിയനിസത്തിന്റെ അതിപ്രസരവും, വ്യവസായവൽക്കരണത്തെ തടസ്സപ്പെടുത്തുന്ന വസ്തുതയാണ്. അതിനാൽ ഉന്നത ബിരുദങ്ങളും പേറി തകർന്നടിഞ്ഞ സ്വപ്നങ്ങളും അകംനിറയെ കനലുമായി മുന്നോട്ടുള്ള വഴിയറിയാതെ നാൽക്കവലകളിൽ എന്തു "തരംതാണ" പണിക്കും തയ്യാറായി നിൽക്കുകയാണ് നമ്മുടെ യുവതലമുറ.

**ടെലിവിഷൻ എന്ന വിഷം**

1973 സെപ്റ്റംബറിൽ ഒരു യുവാവ് അമേരിക്കയിലെ സാൻഫ്രാൻസിസ്ക്കോ ടെലിവിഷൻ സെന്ററിൽ അതിക്രമിച്ചു കടക്കുകയും തുരുതുരാ വെടിയുതിർക്കുയും ചെയ്തു. പോലീസുമായുള്ള ഏറ്റുമുട്ടലിൽ കൊല്ലപ്പെടുന്നതിനു മുൻപ് അയാൾ ഒരു പരസ്യനിർമ്മാതാവിനെ വകവരുത്തിയിരുന്നു.

മനോരോഗിയായിരുന്ന അയാളെ പ്രകോപിപ്പിച്ചത് ഒരു റിസീവർ തന്റെ ശരീരത്തിലിരുന്ന് ടി.വി.കേന്ദ്രത്തിൽ നിന്നുള്ളതുപോലെ നിർദ്ദേശങ്ങൾ തരുന്നു എന്ന തോന്നലായിരുന്നുവത്രേ. വെറുതെയല്ല, ടെലിവിഷനെ 'ടെലിവിഷ'മെന്ന് കടമ്മനിട്ടയും 'തലവിഷ'മെന്ന് കുഞ്ഞുണ്ണിമാഷും വിശേഷിപ്പിച്ചത്.

ടെലിവിഷന്റെ ബന്ധനത്തിൽ ഇന്ന് ബന്ധങ്ങൾ വിസ്മരിക്കപ്പെടുന്നു.

**ഇന്റർനെറ്റ് എന്ന വില്ലൻ**

ഇന്നത്തെ യുവതലമുറയെ വഴിതെറ്റിക്കുന്നതിൽ ഏറ്റവും പ്രസക്തമായൊരു പങ്ക് ഇന്റർനെറ്റിന്റേതാണ്. ഈ മാന്ത്രികവല ശരിക്കും നമ്മുടെ യുവതലമുറയെ കുരുക്കിലാക്കി കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ ഒരുലക്ഷത്തിലേറെ രതി വെബ്സൈറ്റുകൾ ഇന്റർനെറ്റിലുണ്ട്. പോർണോ സൈറ്റുകളിലേയ്ക്ക് വൻ ഇടിച്ചുകയറ്റമാണിന്നിപ്പോൾ. ഇന്റർനെറ്റ് ചാറ്റിംങ്ങിലൂടെ ചീറ്റുചെയ്യപ്പെടുന്ന കോളേജുകുമാരിമാരുടെ എണ്ണം ദിനംപ്രതി കൂടി വരുന്നു. ഒക്ടോബർ 2004 ലക്കം ഇന്ത്യ ടുഡെ മാഗസിനിൽ അശ്ലീല വെബ്സൈറ്റുകളെ പറ്റി ഒരു പഠനം നടത്തിയിരുന്നു. അവയിൽ ചില സൈറ്റുകൾ ഇങ്ങനെ പറയുന്നു. Watch the Indian girls having sex with their partners. A site that brings back the real Indian woman as she is meant to be.

**മാധ്യമങ്ങളും പടരുന്ന ലൈംഗീകരാജകത്വം**

ലൈംഗികതയെ പറ്റിയുള്ള ജിജ്ഞാസയും സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള അടങ്ങാത്ത ദാഹവും യുവത്വത്തിന്റെ പ്രത്യേകതകളാണ്. ലൈംഗിക അരാജകത്വം ലൈംഗിക അതിപ്രസരവും നിറഞ്ഞ ആധുനിക ലോകത്ത് വളരുന്ന തലമുറ ഒട്ടേറെ പ്രതിസന്ധികളിൽ കുടുങ്ങി തകർച്ചയിലേയ്ക്കു നീങ്ങുകയാണ്. ദൃശ്യശ്രാവ്യമാധ്യമങ്ങൾ ലൈംഗികതയെക്കുറിച്ച് വളരെ വികലമായ ധാരണകളാണ് യുവജനങ്ങൾക്കിടയിൽ ഇന്ന് അവതരിപ്പിക്കുന്നത്.

ലൈംഗികപീഢനങ്ങളും സ്വവർഗ്ഗ ലൈംഗികവേഴ്ചകളും ഏറിവരുന്ന ഇക്കാലത്ത്, മാധ്യമങ്ങൾ ലൈംഗികതയെ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നത് പ്രധാന ചിന്താവിഷയം തന്നെ. മനുഷ്യന്റെ, പ്രത്യേകിച്ച് യുവതലമുറയുടെ വികാരങ്ങളെ ചൂഷണം ചെയ്യുന്ന രീതിയിലാണ് വാർത്തകളും വിനോദപരിപാടികളും പരസ്യങ്ങളും ഇന്ന് അവതരിപ്പിക്കപ്പെടുക. ഇത് കപടസദാചാരം വളർത്താൻ മാത്രമേ ഉപകരിക്കുകയുള്ളൂ.

**ലൈംഗികവിജ്ഞാനത്തിന്റെ തെറ്റായ ഉറവിടങ്ങൾ**

നമ്മുടെ മാതാപിതാക്കളും, വിദ്യാഭ്യാസ സ്ഥാപനങ്ങളുംഇന്നത്തെ തലമുറയ്ക്ക് ശരിയായ ലൈംഗിക അറിവ് നൽകുന്നതിൽ ആവശ്യമായ താല്പര്യം കാണിക്കാത്തത് അവരെ പുതിയ ഉറവിടങ്ങൾ തേടിപ്പോകുന്നതിന് പ്രേരിപ്പിക്കുന്നു. 88% ടീനേജേഴ്സിനും മാതാപിതാക്കളുടെ അടുത്തുനിന്നും ലൈംഗികതയെ കുറിച്ചുള്ള ശരിയായ അറിവ് ലഭിക്കുന്നില്ലത്രേ.

സൗന്ദര്യം ആസ്വദിക്കപ്പെടേണ്ടതും ശ്രേഷ്ഠവുമാണ്. എന്നാൽ ഇന്നത്തെ നമ്മുടെ ഉപഭോഗ ഭൗതിക സംസ്കാരം നമ്മെ ഇക്കാര്യത്തിൽ എവിടെയാണ് കൊണ്ടെത്തിച്ചിരിക്കുക? ഈ ജീവിതത്തിന് ലക്ഷ്യവും

അർത്ഥവുമില്ലെന്നും, ഒരു ശൂന്യതയിൽനിന്ന് മറ്റൊരു ശൂന്യതയിലേയ്ക്കുള്ള ഒരു ഹ്രസ്വയാത്ര മാത്രമാണിതെന്നും പഠിപ്പിച്ച ഇരുപതാം നൂറ്റാണ്ടിന്റെ ചേതനയാണ് ഈ ദുഃസ്ഥിതിയുടെ ഉറവിടം ഈ സംസ്കാരത്തിന്റെ മുഖ്യോൽപ്പന്നങ്ങളിലൊന്നാണ് സൗന്ദര്യ മത്സരം. ഈ ദൃശ്യ തെറ്റുകൾ യുവാക്കളും ആവർത്തിക്കുന്നു. അഗാധവും വിപുലവുമായ ആന്തരിക സൗന്ദര്യത്തിന്റെ അർത്ഥവും മഹത്വവും അറിയാത്തതുകൊണ്ടാണിങ്ങനെയൊക്കെ സംഭവിക്കുന്നത്.


*വസ്ത്ര സങ്കൽപ്പങ്ങളുടെ വിസ്മയ ലോകം...*

**വിസ്മയ സിൽക്സ്**

കച്ചേരിപ്പടി, എൻ. പറവൂർ

ഫോൺ : 2449967

കല്ല്യാണ സാരികൾ, ഫാഷൻ സാരികൾ, റെഡിമെയ്ഡ് ഡ്രസ്സുകൾ, ഷർട്ടിങ്ങ്, സ്യൂട്ടിങ്ങ്, മറ്റെല്ലാ തുണിത്തരങ്ങളും വമ്പിച്ച വിലക്കുറവിൽ യഥേഷ്ടം തിരഞ്ഞെടുക്കുവാൻ ഒരു വിശ്വസ്ത സ്ഥാപനം.

100 YEARS OF MAKING DREAMS COME TRUE

**Bank of India**

*The Bank that cares....*

*1006 branches including Alangad (U.C. College) Branch Under network (CBS)*

OTHER FACILITIES

ATM
TELE BANKING
REMITTANCE THRO RTGS
CREDIT CARDS

LOAN FACILITIES

★ STAR HOME LOAN
★ STAR MORTGAGE LOAN
★ STAR HOLIDAY LOAN
★ STAR EDUCATION LOAN, Etc.....

Relationship beyond banking

**Bank of India**


Alangad (U.C. College) Branch, Aluva - 2
E-mail :boi.alangad@gmail.com

# നാഷണൽ സർവ്വീസ് സ്കീം 2005-06

## പ്രോഗ്രാം ഓഫീസേഴ്സ്

ഡോ: ബെന്നി ചെറിയാൻ
മിസ്റ്റർ : മാർക്കോസ് വി.പി
മിസ്: സ്മിത എ.എസ്

## വാളണ്ടിയർ സെക്രട്ടറിമാർ


ജെറിൻ ജോർജ്


തോമസ് ജേക്കബ്


ഷിജി. വി. എസ്.

ഓർമ്മച്ചെപ്പുകളിൽ ഒരു പിടി നല്ല ഓർമ്മകൾ സമ്മാനിച്ചുകൊണ്ട്, പ്രവർത്തനനിരതമായ ഒരു വർഷം കൂടി N.S.S. കുടുംബാംഗങ്ങൾ പിന്നിട്ടു. 'Youth for swachta' എന്ന ആശയത്തെ മുൻനിർത്തിക്കൊണ്ടായിരുന്നു ഈ വർഷത്തെ പ്രധാന പ്രവർത്തനങ്ങൾ. യുവജനവിഭവശേഷി, ഗ്രാമീണവികസനത്തിനും, രാഷ്ട്രീയപുരോഗതിക്കും അതുവഴി വ്യക്തിത്വ വികസനത്തിനും വഴിയൊരുക്കുന്നതിന് N.S.S. ക്യാംപുകൾ ഏറെ പ്രയോജനപ്പെട്ടു. എം.ജി. സർവ്വകലാശാലയുടെ 2005-2006 വർഷത്തെ ഏറ്റവും നല്ല N.S.S. യൂണിറ്റുകളിലൊന്നായി യു.സി. കോളേജ് യൂണിറ്റിനെ തിരഞ്ഞെടുത്തു. ഡോ. ബെന്നി ചെറിയാൻ മികച്ച പ്രോഗ്രാം ഓഫീസറായി തിരഞ്ഞെടുക്കപ്പെട്ടു.

### സെമിനാർ (13-06-2005)

മയക്കുമരുന്നിന്റെ ഉപയോഗം, പുകവലി, മദ്യപാനം എന്നിവയുടെ ദുഷ്യഫലങ്ങളെക്കുറിച്ച് അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, കൊച്ചിൻ ഡിപ്പാർട്ട്മെന്റ് ഓഫ് കമ്മ്യൂണിറ്റി മെഡിസിൻ കോളേജിൽ N.S.S. യൂണിറ്റിന്റെ സഹകരണത്തോടെ ഒരു ക്ലാസ് സംഘടിപ്പിക്കുകയുണ്ടായി.

### N.S.S. ഉദ്ഘാടനം

2005-06 വർഷത്തെ N.S.S.-ന്റെ ഉദ്ഘാടനം 29-07-2005, കോളേജ് പ്രിൻസിപ്പാൾ ഡോ: വർഗ്ഗീസ് ജോൺ ഔദ്യോഗികമായി നിർവ്വഹിച്ചു.

### നിയമ ബോധവൽകരണ ക്ലാസ്

കേരള സംസ്ഥാന നിയമ സേവന വകുപ്പിന്റെ (KELSA), സഹകരണത്തോടെ 06-08-2005, ശനിയാഴ്ച രണ്ടാം വർഷ ബിരുദ വിദ്യാർത്ഥികൾക്കായി ഒരു നിയമ ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കുകയുണ്ടായി. ജില്ലാ കോടതി ജഡ്ജിയായ മിസ്റ്റർ വി. ശരത് ചന്ദ്രൻ സെമിനാർ ഉദ്ഘാടനം ചെയ്തു.

### സ്വാതന്ത്ര്യദിനാഘോഷം

ആഗസ്റ്റ് 15-08-2005 ന് N.S.S. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യദിനാഘോഷം നടത്തി. കോളേജ് പ്രിൻസിപ്പൽ ഡോ: വർഗ്ഗീസ് ജോൺ പതാക ഉയർത്തുകയും, സ്വാതന്ത്ര്യദിന സന്ദേശവും നൽകുകയുണ്ടായി. സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് N.S.S. വോളണ്ടിയേഴ്സ് കോളേജ് പരിസരം വൃത്തിയാക്കുകയും ചെയ്തു.

### ത്രിദിന ക്യാമ്പ്

ആഗസ്റ്റ് 19, 20, 21 തിയതികളിൽ, യു.സി.കോളേജിൽ വച്ചു തന്നെ N.S.S. ത്രിദിന ക്യാമ്പ് സംഘടിപ്പിച്ചു. പ്രിൻസിപ്പൽ ഡോ: വർഗ്ഗീസ് ജോൺ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. കോളേജിലെ ഹെർബൽ ഗാർഡൻ നിർമ്മാണം, വിവിധ ബോധവൽകരണ ക്ലാസുകൾ

എന്നിവ സംഘടിപ്പിക്കുകയുണ്ടായി.

2005-06 വർഷത്തിൽ, D.B. കോളേജ് (തലയോലപ്പറമ്പ്), ജാമിയമില്യ ഇസ്ലാമിക് യൂണിവേഴ്സിറ്റി (ഡൽഹി) യിലും, വച്ചു നടത്തപ്പെട്ട വിവിധ ക്യാമ്പുകളിൽ യു.സി.കോളേജിലെ N.S.S. യൂണിറ്റംഗങ്ങൾ പങ്കെടുക്കുകയുണ്ടായി.

## രക്തദാനക്യാമ്പ്

അമ്പതിൽ പ്പരം രോഗികൾ ക്ക് ജില്ലയിലെ വിവിധ ആശുപത്രികളിൽ രക്തം നൽകി സഹായിക്കാൻ N.S.S.ന് സാധിച്ചു.

### N.S.S. ഭവൻ പദ്ധതി

N.S.S. ഭവൻ പദ്ധതിയുടെ കീഴിൽ, വെളിയത്തുനാട് കോളനിയിൽ 73 വയസ്സുള്ള കണ്ടൻ ചക്കി എന്ന വിധവയ്ക്ക് വീടു നിർമ്മിച്ചു നൽകി. വെളിയത്തുനാട് ഹരിജൻ കോളനിയിലെ കൃഷ്ണൻകുട്ടിയുടേയും, ലളിതാമ്മയുടേയും മകൾ അശ്വതിക്കായി 'സൗഹൃദം' എന്ന വീട് നിർമ്മിച്ചു നൽകി. കോളേജിലെ അനദ്ധ്യാപക വിഭാഗം തൊഴി ലാളി അയ്യപ്പൻകുട്ടിക്ക് വീട് നിർമ്മിച്ചു നൽകി. ഈ വീടുകളുടെ താക്കോൽദാനം N.S.S. യൂണിവേഴ്സിറ്റി കോ-ഓർഡിനേറ്റർ പ്രൊഫ:കെ സാബുക്കുട്ടൻ നിർവ്വഹിച്ചു.



N.S.S. U.C. Unit വെളിയത്തുനാട് ഹരിജൻ കോളനിയിൽ 73 വയസ്സുള്ള കണ്ടൻചക്കി എന്ന വിധവയ്ക്ക് പണിതുകൊടുത്ത വീട്

## AIDS DAY

എയ്ഡ്സ് ദിനത്തിൽ, കോളേജിലെ നാടക ക്ലബ്ബുമായി സഹകരിച്ച് "AIDS ഒരു രോഗമല്ല" എന്ന ബോധവൽകരണ നാടകം അവതരിപ്പിക്കാൻ N.S.S. ന് സാധിച്ചു.

## ആണവ വിരുദ്ധദിനം

ആണവ വിരുദ്ധ ദിനത്തിൽ N.S.S. കുടുംബാംഗങ്ങൾ സമാധാന റാലി നടത്തി.

## ദശദിന ക്യാമ്പ്

N.S.S. ന്റെ ദശദിന ക്യാമ്പ് പുളിയനം ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ കേന്ദ്രമായി 2005 ഡിസംബർ 23 മുതൽ 2006 ജനുവരി 1-ാം തിയതി വരെ നടത്തുകയുണ്ടായി.

ഗ്രാമീണ നവോദ്ധാനവും, സാമൂഹിക ബോധവൽക്കരണവും, വ്യക്തിത്വവികസനവും ആയിരുന്നു ക്യാമ്പിന്റെ പ്രധാന ലക്ഷ്യങ്ങൾ. പാറക്കടവ് പഞ്ചായത്ത് 16-ാം വാർഡിലെ എൽ.പി. സ്കൂൾ- മില്ലുപടി റോഡ് പണിയാണ് ഈ വർഷത്തെ ശ്രമദാനമായി N.S.S. ഏറ്റെടുത്തത്.

വിവിധ ഗ്രാമീണ വികസന പ്രവർത്തനങ്ങൾ, ജനസമ്പർക്ക പരിപാടികൾ, കോളേജിലെ അനദ്ധ്യാപക വിഭാഗം നടത്തിയ പ്രത്യേക പരിപാടികൾ എന്നിവ ക്യാമ്പിനോടനുബന്ധിച്ചു നടത്തി.


## ക്യാമ്പേഴ്സ് ഡേ

N.S.S. പ്രവർത്തനങ്ങളുടെ ഈ വർഷത്തെ പ്രവർത്തനാവലോകനവും, ഇനി വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും, അടുത്ത വർഷത്തെ ഭാരവാഹികളേയും അവിടെ വച്ച് തിരഞ്ഞെടുക്കുകയുണ്ടായി.



പുളിയനം ഗവൺമെന്റ് ഹയർസെക്കണ്ടറി സ്ക്കൂളിൽനടന്ന N.S.S. ദശദിനക്യാമ്പിൽനിന്ന്

# ഓർമ്മയിൽ ഒരു നക്ഷത്രം



**നീതു മുരളി**
ഒന്നാംവർഷ സുവോളജി ബിരുദം

**പു**റത്ത് മഴ തിമിർത്തു പെയ്യുകയാണ്. മഴയുടെ സംഗീതം ഒരു നേർത്ത രാഗം പോലെ മനസ്സിലെവിടെയോ തട്ടി പ്രതിധ്വനിച്ചു. ഗായത്രി ഇനി ഒരിക്കലും തിരിച്ചു വരാത്ത ദുഃഖസ്വപ്നമായി അന്തരാത്മാവിൽ നിറയുന്നു. അവൾ എന്റെ എല്ലാമായിരുന്നു. സ്വകാര്യ ദുഃഖങ്ങളിലേയ്ക്ക് ഒരു സാന്ത്വനം പോലെ അവളുടെ വാക്കുകൾ ഒഴുകിയെത്തുമ്പോൾ അറിയാതെ കണ്ണുകൾ നിറയുന്നു.

ഇന്നലെകളിൽ നിന്നും ഇന്നിലേയ്ക്കുള്ള യാത്രയിലെ ഇടവേളകളെ ഇത്രയും സന്തുഷ്ടമാക്കിയത് നീയായിരുന്നല്ലോ. എവിടെയായിരുന്നു നിനക്കു തെറ്റിയത്. ഒരിക്കൽ നീ എന്നോടു പറഞ്ഞു. ജീവിതത്തിന്റെ കടുത്ത നൈരാശ്യങ്ങൾക്കിടയിലും വരാനിരിക്കുന്ന പ്രത്യാശയുടെ നേർത്ത കിരണങ്ങൾ മനസ്സിൽ പ്രതിജ്വലിക്കുമെന്ന്. എന്നിട്ടും..

ഒരു നെരിപ്പോടു പോലെ സ്വയം കത്തിയുരുകുമ്പോഴും എന്റെ സ്വകാര്യ ദുഖങ്ങളിലേയ്ക്ക് ആശ്വാസമായി വന്നതെന്തിന്. മഴ തോർന്നിരിക്കുന്നു...

മഴയില്ലാത്ത രാത്രികളിൽ ആകാശത്തിലേയ്ക്ക് നോക്കിയിരിക്കുമ്പോൾ നീ പറയാറുണ്ട് മരിച്ചു പോയവർ നക്ഷത്രങ്ങളായി പ്രത്യക്ഷപ്പെടുമെന്ന്. എന്റെ സ്വകാര്യതകളിൽ കിന്നാരം ചൊല്ലാൻ ദുഃഖങ്ങളിൽ സമാശ്വസിപ്പിക്കാൻ നീ പുനർജ്ജനിക്കുമോ. ആകാശത്തിലെ ഇരുട്ടിൽ ഒരു നക്ഷത്രം മാത്രം മിന്നുന്നു. അതു നീയാണോ ..... എന്റെ കൂട്ടുകാരീ....

വർത്തമാന കാലത്തിന്റെ യാന്ത്രികതയിൽ വിരസതയുടെ നീണ്ട അധ്യായങ്ങളിലൂടെ ഇനിയും ഞാനൊറ്റയ്ക്കു പൊരുതണോ. എന്നെ തനിച്ചാക്കി അനശ്വരതയിലേക്കാണോ നിന്റെ യാത്ര.

കാലത്തിന്റെ ഓളപാത്തികളിലൂടെ ഒഴുകിയൊഴുകി ശൂന്യതയിൽ ലയിക്കാത്തവയാണ് നിന്റെ വാക്കുകളെന്ന് ഞാൻ തിരിച്ചറിയുന്നു.

ഈ നിമിഷം ഞാൻ നിന്നെ വീണ്ടും സ്മരിക്കുന്നു. രാത്രിയുടെ കരിമ്പടത്തിനുള്ളിൽ ഒറ്റനക്ഷത്രമായി നീ തിളങ്ങുമ്പോഴും. നിനക്കു വിട, കൂട്ടുകാരി.

നിന്റെ സ്വന്തം,

..........................

# Achievements of Sports and Games for the Year 2005-2006

There has been considerable enhancement of student participation in sports, games and cultural activities. The M.G.University North Zone Inter-Collegiate Volleyball Tournament was held in the college on 24th &25th August 2005. The U.C.College Trophy Basketball Tournament was held from 25th to 29th October 2005. The Dr. A.K. Baby Memorial Hockey Tournament was held from 25th to 29th October 2005

The U.C.College Tennis (women) team secured first position in the M.G.University Table Tennis (Inter Collegiate) Championship. The college teams were the runners up in the Mar Kuriakose Kunnacherry Sacerdotal Golden Jubilee Memorial Inter Collegiate

Football (Men) Tournament at St.Stephens College Uzhavoor and runners up in the Swantons Hockey (men) Club Open Tournament at Palakkad. The College Annual Sports Meet was held on 18th January 2006.



Annual Athletic Meet of the College

In Athletics the Championship for Women:

**Ms. Kala. T.**

**Mrs. Deepna Mathai**

**Men : Mr. Fazal Muhammed**

**Mr. Sherief. S**

Students who represented the state soprts/games

| | | |
|---|---|---|
| **Viju Devassy** | II B.Sc. Computer Science | Baseball and Rugby |
| **Sidheesh Raj** | I B.Sc. CME | Rugby |
| **Sanjo E. Kuriakose** | II B.Sc.Physics | Judo |
| **Albymol Baby** | III B.A. Economics | Hockey |
| **Sreeja P.** | II M.Sc. Physics | Hockey |
| **Sajila B.** | I B.A. Malayalam | Hockey |

# M.G. University Players & College Teams




Varghese Jacob
(Softball)



Razin Mohammed
(Softball)




Vineeth E. V.
(Hockey)



Midhun Mohan
(Hockey)



Hockey Team



Rithesh R.
(Hockey)



Fazal Muhammed
(Hockey)



Basketball Team



Jijid K. J.
(Hockey)



Nisam K.
(Hockey)



Winners of U.C. College Basketball Tournament



Viju Devassy
(Baseball & Rugby)



Sidheesh Raj
(Rugby)



Albimol Baby
(Hockey)



Mary Joice
(Hockey & Football)



Sajila B.
(Hockey)




Litty George
(Hockey)



Sreeja P.
(Hockey)



Nisha N.
(Hockey)



Rincy Gomaz
(Hockey & Football)



Deepna Mathai
(Hockey)




Ambili R.
(Table Tennis)



Tina Thomas
(Table Tennis)



Divya S. R.
(Table Tennis)



Jerin P. C.
(Basketball)



Oathtaking by General Captian in Anuual Atheletic Meet of the College

## National Level (Kerala State Team Members) 2005-2006

1. **Viju Devassy** (Baseball & Rugby)
2. **Sidheesh Raj** (Rugby)
3. **Sanjo E. Kuriakose** (Judo)
4. **Albymol Baby** (Hockey - Women)
5. **Sreeja P.** (Hockey - Women)
6. **Sajila B.** (Hockey - Women)

## M.G. University Winners/Runnerup

| | | |
|---|---|---|
| 1. Hockey (Men) | - | **M.G. University Winners & Swantons Hockey Tournament at Palakkad - Runnersup** |
| 2. Football (Men) | - | **Runnersup in the Mar Kuriakose, Kunnancherry Golden Jubilee Memorial Tournament at Uzhavoor.** |
| 3. Table Tennis (Women) | - | **M.G. University Winners** |
| 4. Hockey (Women) | - | **M.G. University Runnerup.** |
| 5. Football (Women) | - | **M.G. University Runnerup.** |

# ദുരന്ത നായകൻ

വിനീത് ഇ. വി.
രണ്ടാംവർഷ ഫിസിക്സ് ബിരുദം

**ലോ**കഫുട്ബോളിലെ മഹാരഥന്മാരായ പെലെയ്ക്കും മാറഡോണയ്ക്കുമൊപ്പം സ്വന്തം സിംഹാസനം ഉറപ്പിക്കാനുള്ള അവസരമായിരുന്നു ഫ്രഞ്ച് ക്യാപ്റ്റൻ സിനദിൻ സിദാന് ലോകകപ്പ് ഫൈനൽ ഒരുക്കിയത്. 'വയസ്സൻ പടയെന്ന' വിശേഷണവുമായിറങ്ങിയ ഫ്രഞ്ച് ടീമിനെ ഒറ്റയ്ക്ക് ഫൈനൽ വരെ എത്തിച്ചപ്പോൾ തന്നെ ഫ്രഞ്ചുകാരുടെ പ്രിയപ്പെട്ട 'സിസു' ലോകകപ്പിലെ 'ഏകതാര'മായി ഉയർന്നു കഴിഞ്ഞിരുന്നു. ഫൈനലിൽ ഫ്രാൻസ് തോറ്റാലും അവസാന അന്താരാഷ്ട്രമത്സരം കളിച്ച സിദാന് തലയുയർത്തിത്തന്നെ മടങ്ങാമെന്ന അവസ്ഥ.



പക്ഷേ, ഒരു നിമിഷത്തെ വികാരവിക്ഷോഭത്തിൽ ചെയ്ത ഗുരുതരമായ ഫൗളിന് സിദാൻ ചുവപ്പുകാർഡ് കണ്ട് കളിക്കളം വിട്ടപ്പോൾ ഫുട്ബോളിലെ സുവർണ്ണ കാലഘട്ടത്തിന് കണ്ണീരിൽകുതിർന്ന മടക്കയാത്രയായി. ലോകകപ്പിലെ മികച്ച കളിക്കാരനായി പിന്നീട് സിദാൻ തിരഞ്ഞെടുക്കപ്പെട്ടെങ്കിലും ഫുട്ബോൾ പ്രേമികളുടെ മനസ്സിൽ ഒരു കറുത്ത പാടായി ബർലിനിലെ ദുരന്തം അവശേഷിക്കും. സിദാന്റെ സുവർണ്ണനേട്ടം ഫിഫയുടെ അന്വേഷണത്തിനൊടുവിൽ നഷ്ടപ്പെട്ടാലും ഈ താരത്തിന്റെ കരുത്ത് ചരിത്രത്തിൽ അവശേഷിക്കുക തന്നെ ചെയ്യും. ഗ്രീക്ക് ദുരന്തനാടകത്തിലെ നായകന്റെ അവസ്ഥയായിരുന്നു സിദാനും നേരിട്ടത്. എല്ലാ മഹത്ത്വങ്ങൾക്കും കുറവുകൾക്കുമൊപ്പം നായകനും ഒരു പച്ചമനുഷ്യനാണെന്നു വെളിപ്പെട്ടു.

ഇങ്ങനെയൊരു ദുരന്തം സിദാൻ ഏറ്റുവാങ്ങിയത് വിധിയുടെ ക്രൂരമായ തമാശകളിലൊന്നാകാം. ഫ്രാൻസിന് ഏകലോകകിരീടം സമ്മാനിച്ച ഫുട്ബോളർ, പുറമെ 2000-ത്തിലെ യൂറോ കിരീടവും. പ്രതിഭയുടെ സ്പർശം തെളിയിക്കുന്ന 3 ലോകഫുട്ബോളർ പട്ടങ്ങൾ, ഒരു തവണ യൂറോപ്യൻ ഫുട്ബോളറും. ക്ലബ്ബ് തലത്തിൽ ചാമ്പ്യൻഷിപ്പ് ലീഗ് കിരീടമുൾപ്പെടെ നിരവധി നേട്ടങ്ങൾ. ഫുട്ബോൾ താരങ്ങൾ സ്വപ്നം കാണുന്നതിനപ്പുറമുള്ള നേട്ടങ്ങളുമായാണ് സിദാൻ 2004-ൽ അന്താരാഷ്ട്ര ഫുട്ബോളിൽ നിന്നും വിടപറഞ്ഞത്. യൂറോകപ്പിൽ ഫ്രാൻസ് പുറത്തായതിനുശേഷമായിരുന്നു ക്യാപ്റ്റന്റെ വിടവാങ്ങൽ.

ലോകകപ്പ് യോഗ്യതാറൗണ്ടിൽ ഫ്രാൻസ് തപ്പിത്തടഞ്ഞപ്പോൾ വിരമിക്കൽ തീരുമാനം മാറ്റി കഴിഞ്ഞ ആഗസ്തിലാണ് സിദാൻ വീണ്ടും ബൂട്ടുകെട്ടിയത്. 1998-ൽ ഫ്രാൻസ് ലോകകപ്പ് നേടിയ അതേ ആവേശത്തിൽ ഫ്രഞ്ച് മാധ്യമങ്ങൾ സിദാന്റെ മടങ്ങിവരവ് ദേശീയ ആഘോഷമാക്കുകയും ചെയ്തു. മുന്നിൽനിന്ന് പടനയിച്ച ക്യാപ്റ്റൻ ആരാധകരെ നിരാശരാക്കിയുമില്ല. ഗ്രൂപ്പ് ചാമ്പ്യന്മാരായാണ് ഫ്രാൻസ് ലോകകപ്പിന് യോഗ്യത നേടിയത്.

ശരാശരി 30 വയസ്സിൽ അധികം പ്രായമുള്ള ഫ്രഞ്ച് ടീമിന് ജർമനിയിൽ ആരും സാധ്യതകൾ കല്പിച്ചിരുന്നില്ലെന്നതാണ് വാസ്തവം. പ്രാഥമിക റൗണ്ടിലെ ആദ്യ രണ്ടു മത്സരങ്ങളിൽ സ്വിറ്റ്സർലൻഡിനോടും ദക്ഷിണ കൊറിയയോടും സമനില വഴങ്ങിയതോടെ അവർ 2002-ൽ ആദ്യറൗണ്ടിൽ പുറത്തായതുപോലുള്ള ദുരന്തത്തിന്റെ വക്കിലുമെത്തി.

ടോഗോയുമായുള്ള നിർണ്ണായക മത്സരം 2-0 ന് ജയിച്ച ഫ്രഞ്ചുകാർ ക്യാപ്റ്റന് 34-ാം ജന്മദിന സമ്മാനവും ലോകകപ്പിലെ ആയുസ്സും നീട്ടി നൽകി. രണ്ടാം റൗണ്ട് മുതൽ ഫ്രാൻസ് അവിശ്വസനീയമായ കുതിപ്പു

നടത്തുന്നതാണ് പിന്നീട് കണ്ടത്. നമ്മൾ ഒരുമിച്ചു ജീവിക്കും അല്ലെങ്കിൽ ഒരുമിച്ചു മരിക്കും എന്ന മുദ്രാവാക്യത്തിലൂടെ ടീമംഗങ്ങളുടെ ആത്മവിശ്വാസവും പോരാട്ടവീര്യവും സിദാൻ വീണ്ടെടുത്തതിന്റെ പരിണതഫലമായിരുന്നു ഫ്രഞ്ച് നവോത്ഥാനത്തിനു പിന്നിലെ പ്രേരകശക്തി.

ലോകകപ്പിന്റെ താരമാകാൻ വന്ന റൊണാൾഡീന്യോയും വെയ്ൻ റൂണിയുമൊക്കെ പരാജയപ്പെട്ടപ്പോൾ മാന്ത്രിക പ്രകടനങ്ങളിലൂടെ താരചക്രവർത്തിപട്ടത്തിലേക്ക് നടന്നു കയറുകയായിരുന്നു. സ്പെയിനിനെതിരായ പ്രീ ക്വാർട്ടർ മത്സരത്തിൽ ഫ്രാൻസിന്റെ വിജയഗോളിനു വഴിയൊരുക്കുകയും വിജയമുറപ്പിച്ച ഗോൾ നേടുകയും ചെയ്തതോടെ സിസു ഫോമിലേക്ക് തിരികെയെത്തി.

കിരീടം നിലനിർത്താനെത്തിയ ബ്രസീലിനെ ക്വാർട്ടറിൽ സിദാൻ ഒറ്റയ്ക്കാണ് തകർത്തു കളഞ്ഞത്. തിയറി ഹെന്റിയുടെ നിർണ്ണായക ഗോളിനു വഴിയൊരുക്കുകയും മിഡ്ഫീൽഡിൽ കളി നിയന്ത്രിക്കുകയും ചെയ്ത് ഫ്രഞ്ച് ക്യാപ്റ്റൻ ബ്രസീലിന്റെ തുറുപ്പു ചീട്ടുകളെ നിഷ്പ്രഭരാക്കി. പോർച്ചുഗലിനെതിരായ സെമിയിലും സിദാൻ ടീമിന് പ്രചോദനമായി.

പന്തിനുമേൽ മാന്ത്രിക നിയന്ത്രണമുള്ള ഫ്രഞ്ച് ക്യാപ്റ്റന് ഒരു നിമിഷം മനസ്സിന്റെ നിയന്ത്രണം നഷ്ടമായപ്പോൾ ലോകകപ്പ് ചരിത്രത്തിലെ ദുരന്തനായകൻ പിറക്കുകയായിരുന്നു. ഒരു കാളക്കൂറ്റനെപ്പോലെ പാഞ്ഞു ചെന്ന് സിദാൻ ഇറ്റാലിയൻ ഡിഫൻഡർ മാർക്കോ മറ്റെരാസിയുടെ നെഞ്ചിനിടിച്ചു വീഴ്ത്തിയതോടെ ഫുട്ബോൾ പ്രേമികളുടെ മനസ്സിലെ വിഗ്രഹമാണ് വീണുടഞ്ഞത്.

മറ്റെരാസി വംശീയമായും വ്യക്തിപരമായും സിദാനെ ആക്ഷേപിച്ചതാണ് പ്രകോപനത്തിനു കാരണമെന്ന് പറയുന്നത്. ഇറ്റാലിയൻ താരം ആരോപണം നിഷേധിച്ചിട്ടുണ്ട്. കുറ്റക്കാരനാണെങ്കിൽ മറ്റെരാസി ശിക്ഷിക്കപ്പെടുകയും വേണം. പക്ഷേ, ഒരു നിമിഷത്തെ വികാരക്ഷോഭത്തിൽ സിദാൻ തട്ടിത്തെറിപ്പിച്ചത് ഫുട്ബോൾ ലോകത്തെ ചക്രവർത്തിപട്ടമാണ്.

വിവിധ വംശക്കാർ നിറഞ്ഞ ഫ്രാൻസിന്റെ ദേശീയതയുടെ ബിംബമാണ് സിദാൻ. കളിക്കളത്തിനകത്തും പുറത്തും ഒരുപോലെ മാന്യൻ. ചിലപ്പോഴൊക്കെ ഗ്രൗണ്ടിൽ അദ്ദേഹത്തിന് നില തെറ്റിയിട്ടുമുണ്ട്. ഫൗൾ ചെയ്യപ്പെടുമ്പോഴും അധിക്ഷേപിക്കപ്പെടുമ്പോഴുമാണ് ഫ്രഞ്ച് ക്യാപ്റ്റൻ പ്രതികാരത്തിനിറങ്ങിയിട്ടുള്ളത്. ആറു സീസണിൽ ഇറ്റാലിയൻ ലീഗിൽ കളിച്ച സിദാന്റെ സ്വഭാവം നന്നായറിയാവുന്ന ഇറ്റലിക്കാർ അവസരം മുതലെടുത്തു.

പതിനേഴുവർഷം നീണ്ട പ്രൊഫഷണൽ ഫുട്ബോൾ കരിയറിൽ എണ്ണൂറോളം മത്സരങ്ങളിൽ നിന്നായി 15 തവണയാണ് (ലോകകപ്പ് ഫൈനലടക്കം) സിദാൻ ചുവപ്പുകാർഡ് കണ്ട് പുറത്തു പോകുന്നത്. 1998 ലോകകപ്പിൽ സൗദി താരത്തെ ഫൗൾ ചെയ്തതിന് സിദാൻ ചുവപ്പുകാർഡ് കണ്ടിരുന്നു ഇറ്റാലിയൻ ക്ലബ്ബ് യുവന്റസിനുവേണ്ടി കളിച്ച അവസാന സീസണിൽ ചാമ്പ്യൻസ് ലീഗിലെ ഗ്രൂപ്പ് മത്സരങ്ങളിലൊന്നിൽ ഹാംബർഗ് താരം യോഷൻ കീൻസിനെ തലകൊണ്ടിടിച്ചതിന് സിദാൻ അഞ്ചു മത്സരങ്ങളിൽ നിന്നാണ് വിലക്കു കിട്ടിയത്. ഇത്തരം തിരിച്ചടികൾക്കിടയിലും ലോക ഫുട്ബോളിലെ പ്രതിഭകളിലൊരാളായി ആരാധകരുടെ മനസ്സിൽ സ്ഥാനം പിടിക്കാൻ ഫ്രഞ്ച് ക്യാപ്റ്റന് സാധിച്ചിട്ടുണ്ട്. ലോകകപ്പിലെ ദുരന്തം ഫ്രഞ്ച് ജനത മറന്നു കഴിഞ്ഞു. എങ്കിലും സിദാൻ എന്ന ഫുട്ബോളറുടെ കണക്കെടുപ്പുകൾ നടത്തുമ്പോൾ ചെറിയൊരു നീറ്റലായി ലോകകപ്പിലെ ദുരന്തം അവശേഷിക്കും.


*With best compliments from :*

**VIGILS**
*Digital Studio & Colour Lab*

CSI Shopping Complex, Pump Jn, Aluva.
Phone: 0484- 2623128



■ പാസ്പോർട്ട് സൈസ് ഫോട്ടോകൾ നിമിഷങ്ങൾക്കകം.
■ കല്യാണ ആൽബങ്ങൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ
Proposal Photos, Wedding Photos,
Out Door Photos, Modeling Photos..... Full/ Half etc..
Vigils Digital Studio
*With in* 1 hour !!

UC College Students ന് പ്രത്യേക ആനുകൂല്യം



കവിത

# മരിക്കാത്ത പുഴയ്ക്കായ് ഒരു കാത്തിരിപ്പ്

ഇനിയിവിടെ നിനക്കൊഴുകുവാൻ
എത്രയോ ചാലുകൾ
പക്ഷെ
നിന്നിലൂടെ, ഈ ചാലിലൂടെ
ഒഴുകുവാൻ വെള്ളമില്ല
മണൽക്കൊള്ളക്കാർ
പ്രകൃതിയെക്കൊല്ലികൾ
നിന്റെയുള്ളു മാന്തിപ്പൊളിക്കുന്നു
നിറഞ്ഞൊഴുകിയിരുന്ന പുഴകളേ
നിങ്ങൾ പോയിരുന്ന
നിങ്ങൾ ഒഴുകിയിരുന്ന
വഴികളൊക്കെയുമിന്ന്
ഒരിറ്റു വെള്ളത്തിനായ് കൊതിക്കുന്നു
ഒരു പുതു മഴയ്ക്കായ് കൊതിക്കുന്നു
വരണ്ടു വിണ്ടു കീറി, ഇന്ന്
നീ ഒഴുകിയ വഴികളെല്ലാം
വേനലിലെ പാടശേഖരങ്ങളെപ്പോലെ
നിന്റെയിന്നത്തെ നിലവിളി-
ആരുകേൾക്കും......?
നിന്റെ മാറിലീ ദുഷ്ടരേൽപ്പിച്ച
മുറിവിനിയെന്നുണങ്ങും.....?
ഓടി ഓടി നീ തളർന്ന
കാലമിന്നെത്രയകലെ...?
ഒഴുകി ഒഴുകി നീ ചെന്നുചേരും-
സാഗരമിന്നു നിന്നിൽ നിന്നെത്രയകലെ.....?
ദേഹങ്ങളൊരുപിടി ചാരമായ് മാറുമ്പോൾ
ഒഴുകുവാൻ പേരിനു പോലുമൊരു പുഴയില്ല....
ഇനി വീണ്ടും കാത്തിരിക്കാം.......
ഒരു പുതുമഴയ്ക്കായ്-
ഒരിക്കലും മരിക്കാത്ത പുഴയതിന്നായ്
കാത്തിരിക്കാം.........

**വബിൻ എം. ബി.**
രണ്ടാം വർഷ മലയാള ബിരുദം

# NCC Activities - 2005

**In charge**
Associate NCC Officer: **Lt. K.S. Narayanan**
Senior Under officer: **Anoop.A Thomas**
Junior Under Officer: **Arun Jacob, Eldhose A Jose**
C.Q.M.S: **Vinayak.R**




The National Cadet Corps (NCC) offers wonderful opportunities. The cadets if they work for it can gain exposure and training in a mind boggling array of skills for a cadet adventure is just round the corner. The NCC has two units in the college senior division for boys and senior wing for girls. There are 160 cadets in SD and 108 in SW. The cadets have been all over India this year.

Cpl Dijo George attended a mountaineering camp in Maharashtra. Sgt Rijas did ocean trucking in Goa. Cadet Vivek Krishnan and Cpl Prathyush parat attended a national integration camp in West Bengal. While in Bengal Vivek won a gold medal for English essay competition . Sgt Subhash attended an IMA attachment camp at Dehradun, while cadets were in an army attachment camp at Thiruvananthapuram. The NCC officer Lt. K.S Narayanan and four cadets, JUO Arun Jacob, JUO Eldhose A Jose, CQMS Vinayak.R and Sgt Rahul Raj attended a National Integration camp at Ranchi. Vinayak owned a gold medal for light music at the camp. Cpl Reshmi and Cpl Reshma attended a national integration camp in Orissa while cadets Savitha, Remya and Reshma Krishnan attended one in Sikkim. Cpl Basil Thomas and Cpl Sreelal K.S attended a trekking camp at Maharashtra Shivaji trekking trail. 18 cadets attended the annual training camp held at the Adi Sankara University. Eight SW cadets and 17 SD cadets attended the pre republic day camp at Mannuthy. From them, Rejitha, a SW cadet has been selected to represent Kerala in the 2006 RDC at New Delhi and Cpl Muhsina Lubaiba has been selected to attended a National Integration Camp at the Andaman and Nicobar Islands.

NCC cadets and teachers donated blood donation camp organized in the college in mid October. A herbal garden was planted in the college campus by joining hands with the Rotary Club. An anti AIDS rally was conducted on December 1st by the Aluva municipality and the cadets from Union Christian College participated in the rally in large numbers.

# RETIREMENTS



Dr. A. Gopinathan
(Malayalam)



Sri. N. I. Thomas
(Physics)




Sri. A. N. Muraleedhara Shenoi
(Physics)



Smt. Annie George
(Zoology)



Dr. C. J. Varghese
(History)




Sri. Abraham Joseph
(History)



Sri. E. Mukundan
(Economics)



Smt. Rani Varghese
(Botany)



Sri. T. M. Paily
(L.D. Clerk)



Smt. K. V. Rajamma
(Lab Assistant)

# ഒടുക്കം ഇങ്ങനെയായിരുന്നു



ഒരു രാഗം...
അത് തൊണ്ടയിൽ എവിടെയോ കുരുങ്ങി നിന്നു.
പിന്നെ ഒരു കവിത...
കെട്ടഴിഞ്ഞു വീണ കണ്ണുനീർ...
ഒരു മഴക്കാറ്റിന്റെ സ്പർശം.
ഞാൻ പെയ്തൊഴിയുകയായിരുന്നു.
പെയ്തു നിറയുകയായിരുന്നു
ഒടുവിൽ തിളക്കുന്ന വെയിലിലൂടെ-
തിരിഞ്ഞു നടക്കുമ്പോൾ തിരിച്ചറിഞ്ഞതോ..?
പ്രണയം ഒരു ഹൃദയ ശസ്ത്രക്രിയയാണെന്ന്.
മൃദുലമായ ചർമ്മത്തിന്റെ-/ഏഴാമത്തെ
വാതിലും തുറന്ന്
മൂർച്ചയുള്ള എന്തോ ഹൃദയത്തെ തൊടുന്നു.
കണ്ണുകളെ മയക്കം മൂടുമ്പോൾ
തിരിച്ചറിയപ്പെടാത്തത് വേദനയാകുന്നു.
ഓർമ്മിക്കുക...
ഉണരുമ്പോൾ ബാക്കിയാകുന്നത് വിങ്ങുന്ന ഒരു നോവും
നെഞ്ചിലെ ആ മുറിപ്പാടും മാത്രമായിരിക്കും.

**സുരാജ് കെ.എസ്**
മൂന്നാം വർഷ ഇക്കണോമിക്സ് ബിരുദം

VB.NET, ASP.NET, PHP, SQL, FLASH, DREAM WEAVER, ADOBE ILLUSTRATOR, ADOBE INDESIGN, 3D STUDIO MAX, PHOTOSHOP

*You Trust your Doctor with your life*
*Because he is a "Specialist"*
*Wouldn't you want a "Computer Specialist"*
*to educate your child.*

*if answer = "Yes"*

drop in
@
LCC™

N.B. : We Assist/Undertake Project Works of BCA, MCA, B.Sc. IT, M.Sc. IT Students

IRB COURT, K.M.K. Jn., N. PARAVUR

*11 Years of Professional Excellence*

HARDWARE & NETWORKING, ORACLE, JAVA, UNIX, VISUAL BASIC, HTML, MS OFFICE,
ADOBE PREMIER, ADOBE AFTEREFFECTS, SOUNDFORGE, CORELDRAW, C, C#, C++, VC++, AUTOCAD,
TALLY, DACEASY, PEACH TREE, TATA-EX, LINUX ADMINISTRATION, PAGEMAKER,

# A GLIMPSE INTO RESERVATION

**Jean Paul**
Ist B.A. Economics

Barely a month ago India saw another Desh bachat movement when HRD Minister Arjun Singh proposed on increase in the quota for OBCs to 49.5 percent from the current 22.5 percent reservation. An increase of 27%. Doctors who are known as life savers went on a 20 day strike which was called off by a supreme court order. But 20 days of agitation, strike and protests by upper caste students, doctors and faculty members of AIIMS and other medical colleges across the country ensured that the anti reservation campaign got a more than fair hearing. The protests were against the proposed hike, by a forum initiated by students of five medical colleges.

While the protests garnered hours of television coverage and miles of news print, they were not able to coherently put forward the reasons and their demands. Their charter remained as unclear as during the first days they clamoured for the deferral of the proposed hike. Just a few days before the strike was called off they put a new charter demanding that the percent of seats ie, 50.5 percent for the general category should not be cut down, thereby accepting the 27 percent hike. It left behind a few flummored students who participated in the agitation, unsure of what they were fighting and for what purpose.

Even though the protests were initiated by a vague sense of resentment and emotion they seemed a threat to the empowerment of backward sections, of the society which according to the survey of National Sample Survey Organization, number about 60 percent of the Indian population. Another survey projected what that OBC students hold 23% of university seats. But it is only a small percent considering the fact that a country with more than 65crores has got 23% reservation.

Arguments put forwarded by the pro reservation groups was that reservation should not be made into a political issue but a political view should be taken on the review of the whole reservation policy on the part of the government. But is it possible in a democratic country to put the political wing away from it. Even though its known that all these clamourings, by the politicians are mere gimmicks to deceive the gullible when these leaders send their children to foreign universities at the cost of the people.

Another major concern is that the reservation would go back to the "so-called" backward and not the truly backward. Truly backward cases have not even gained access to schools hence are unable to take up seats that are rightfully theirs. These seats are then taken up by the creamy layer , the so called backward classes some of whose annual income may amount to lakhs. The solution according to most, is affirmative action without reservation where the state invests in primary & secondary education to provide scholarships & assistance to outstanding students from under privileged students.

It is seen that reservation has increased caste-stigmatiation by drawing distinction between general and caste based entrants. Here the thinking is what should be improved. How can one call themselves upper caste when they practice such law mentally as to show discrimination to the underprivileged. The dropouts of the reserved students in this premier institution is not because of the lack of merit but because of the lack of support by the fellow students& sometimes teachers. I myself have seen it in a national law university where 25% seats were reserved to the truly backward & this was occupied by them too. But they were treated as a set of completely different people who are not worth noticing by the affluent majority. They were not CBSE educated. They couldn't speak and follow fluent English. Not even teachers bothered to address their grievances. Maximum the most brilliant one can score here is 23/50. whereas those from the general category got 46/50. it is not because of his lack of merit but because of his underprivileged background where he couldn't afford costly tuition and books and a private school education.

A question being asked to the anti-reservationists is "what will you tell students who have spent their whole lives battling prejudice, poverty and non existent schools only to lose out to private school educated, tuition-coached city kids. If falls on the face of merit dilution argument. Most entrances nowadays have syllabi going far beyond the school syllabus. How could a backward student afford such tension so as to get into it?


One should ask one's conscience to get answers to the reservation issue,than following. The media controlled by the elite uppercastes,as pointed out by a recent survey.

# ആരും അത് കേൾക്കാതിരിക്കട്ടെ



ഇവിടെ മരങ്ങൾ ഒരുപാടുണ്ടായിരുന്നു
യാത്ര പറയുന്ന നേരം ഇലകളത്രയും പൊഴിച്ച്
ചില്ലകൾ തല്ലിക്കരഞ്ഞ മഹാഗണിക്കൂടാരങ്ങൾ.
തഴുകിയെത്തുന്ന കാറ്റിൽ ചൂളം വിളിച്ചലഞ്ഞ-
കുന്നിൻ മുകളിലെ കാറ്റാടി മരങ്ങൾ
ഫെബ്രുവരിയുടെ ചില്ലകളിൽ  നക്ഷത്രങ്ങളെ വിരിയിച്ച
ചാപ്പലിനരികിലെ പേരറിയാ മരങ്ങൾ
എന്നിട്ടും നിങ്ങളെന്തിനായിരുന്നു എന്റെ തണലിൽ-
ഒരു കിനാവിലെന്നപോലെ ഒരുമിച്ചു വന്നത്.
ചിലർ അടക്കം പറഞ്ഞത് നിങ്ങൾ ഉറക്കെ പറഞ്ഞത്
ഞാനോർമ്മിക്കുന്നു.............
ഡിസംബറിലെ ആ സായന്തനത്തിൽ
എന്റെ വിരലിൽ നിങ്ങൾ തൂക്കിയിട്ട നക്ഷത്രം
ഒരു പുതിയ പുഞ്ചിരി
ആർക്കും എന്നെ പകുത്തുകൊടുക്കില്ലെന്നു പറഞ്ഞ
ചൂടുള്ള ഇലക്ഷൻ പകലുകൾ
എന്റെ നെഞ്ചിനു മുന്നിൽ നിങ്ങൾ തടുത്തിട്ട
പ്രസ്ഥാനങ്ങളുടെ ഇരുമ്പാണികൾ
ഒരു പുലരിയിൽ എന്റെ കാൽച്ചുവട്ടിൽ ജനിച്ച സർപ്പപ്പുറ്റുകൾ
"തുടിച്ചു" നിന്ന സിസിയെ "കാവ്" എന്നു വിളിച്ച പകൽ
പൊന്നിൻ ചിങ്ങത്തിലെ പൂക്കളവും പുലികളിയും
മഹാബലി തമ്പുരാനും..........
മറു ചില്ലയിൽ ഒരു തുലാസ്
അതിൽ സൗഹൃദത്തിന്റെ താങ്ങാഭാരമുള്ള ഒരു തട്ട്
പ്രണയം എത്രയോ മുകളിലെന്നു പറഞ്ഞ്
നിങ്ങൾ ഉറക്കെ ചിരിക്കുന്നുണ്ടായിരുന്നു അപ്പോൾ
ചിരിച്ചു ചിരിച്ചു കണ്ണുനിറഞ്ഞപ്പോൾ ഒരു കാറ്റ്...
പിന്നെയും കാറ്റ്........
നിങ്ങൾ പഴുത്ത പ്ലാവിലകളിൽ നോക്കി ചിരിയാവർത്തിച്ചില്ല.
പകരം പച്ചിലകൾകൊണ്ടു കൂടൊരുക്കി ചേർത്തു പിടിച്ചു
നമ്മൾ ഒരുമിച്ചു പൊഴിയും എന്ന് കാതിൽ പറഞ്ഞു.
ഇനി.....
ഇനിയും ഒരു കാലം വരും
അവർ എനിക്ക് ചുവട്ടിലിരുന്നു എനിക്കപരിചിതമായ
ഏതോ ഭാഷയിൽ പരസ്പരം സംസാരിക്കും
ദയതോന്നിയാൽ അവർ ചിലപ്പോൾ
അവിടെ ഒരു പ്ലാവുണ്ട് എന്നു പറയും.
ഒരു പ്ലാവ്!!!
എന്നെ ചക്കമരം എന്നു വിളിച്ചവർ ആരും
അത് കേൾക്കാതിരിക്കട്ടെ.

**ബോബി വർഗ്ഗീസ്**
രണ്ടാംവർഷ എം.എ. സൈക്കോളജി


Make your loved one's life simpler.
Introduce them to Fed e-Pay.
Fed e-Pay
Pay BSNL telephone bills (landline & CellOne) in real time, just by pressing a few buttons on the telephone.
AutoPay facility available
visit: www.federalbank.co.in
THE FEDERAL BANK LIMITED
YOUR PERFECT BANKING PARTNER

# കോളേജ് യൂണിയൻ പ്രവർത്തനങ്ങൾ




കോളേജ് യൂണിയൻ നടത്തിയ
മാധ്യമ ശിൽപശാലയിൽ
ശ്രീ. പി. രാജീവ് സംസാരിക്കുന്നു.



നന്ദി രേഖപ്പെടുത്തിക്കൊണ്ട്
മാഗസിൻ എഡിറ്റർ രമേഷ് ആർ.
മേനോൻ സംസാരിക്കുന്നു.




2005-06-ൽ വിരമിച്ച അദ്ധ്യാപകർക്കും,
അനദ്ധ്യാപകർക്കും കോളേജ്
യൂണിയൻ നൽകിയ യാത്രയയപ്പിൽ,
മുഖ്യാതിഥിയായ
ശ്രീ. കെ. വി. കുഞ്ഞിക്കൃഷ്ണൻ
(കൊച്ചിൻ യൂണിവേഴ്സിറ്റി
മുൻ രജിസ്ട്രാർ) സംസാരിക്കുന്നു.

*With best compliments from :*

# Royal

**FOOD COURT**

**C.S.I Shopping Centre, Pump Junction, ALUVA, Ph : 5522789**

*We are undertaking all types of outdoor catering & Home Deliveries*

**കൊടുങ്ങല്ലൂരിലെയും, പറവൂരിലെയും**
**ചുരിദാറുകളുടെയും, ചുരിദാർ മെറ്റീരിയലുകളുടെയും**
**ഏറ്റവും വിപുലമായ ശേഖരം**



female fashion

Kbees Complex
North Nada, KODUNGALLUR
Thrissur (Dt.)
Kerala - 680 664
Tel : 0480 - 2803977

**ചുരിദാർ ഹൗസ്**

P.T.M.A. Shopping Complex
Chendamangalam Jn.
N. PARAVUR - 683 513
Tel : 0484 - 3293455

# മരിക്കുമോ ഈ ദുരന്തങ്ങൾ

**ശ്രീലാൽ ഒ. ബി.**
ഒന്നാം വർഷ ഹിസ്റ്ററി ബിരുദം

**ആ**യിരത്തി തൊള്ളായിരത്തി എൺപത്തിനാല് ഡിസംബർ മൂന്നും നാലും തീയതികളിലെ പത്രങ്ങൾ മുറ്റത്ത് വീണത് തണുത്ത മൃതദേഹങ്ങളുമായിട്ടാണ്. മരണസംഖ്യയും മരണത്തിലേയ്ക്ക് നീങ്ങുന്നവരുടെ കണക്കും വെറും ഊഹങ്ങളായിരുന്നു. ടി.വി. അക്കാലത്ത് കേരളത്തിൽ വ്യാപകമായിരുന്നില്ല; പത്രങ്ങളിലൂടെയാണ് ദുരന്തത്തിൻ ചിത്രങ്ങൾ തെളിഞ്ഞത്. തുടർന്നുള്ള ദിവസങ്ങളിൽ കേരളത്തിൽ മറ്റെവിടെയും പോലെ, തൃശ്ശൂരിലും പരിസ്ഥിതി ഗ്രൂപ്പും നഗരത്തിൽ പ്രകടനങ്ങളും ചെറിയ മീറ്റിങ്ങുകളും നടത്തി. പത്തുപന്ത്രണ്ടു പേരുടെ പ്രകടനങ്ങൾ, അത്രയും പേരുടെ മീറ്റിങ്ങുകൾ. ഭോപ്പാൽ ദുരന്തം വിളിച്ചു പറയുന്ന തെരുവു നാടകവും പ്രകടനവും അവിടെ നിന്നാണ് തുടങ്ങിയത്. ഭോപ്പാൽ ദുരന്തവും യൂണിയൻ കാർബൈഡും ഇന്ത്യയുടെ ഹരിത വിപ്ലവവും വികസനവും തുടർ ന്നുള്ള ദിവസങ്ങൾ ചർച്ചയായി. കോളേജ് മാഗസിനുകൾ ഭോപ്പാൽ ദുരന്തത്തിൽ മരിച്ച കുഞ്ഞിന്റെ കവർചിത്രവുമായി പുറത്തുവന്നു. ഭോപ്പാൽ ദുരന്തം കഴിഞ്ഞ് വർഷങ്ങൾക്കു ശേഷമാണ് മുഖ്യധാരാ മാധ്യമങ്ങളിൽ പരിസ്ഥിതി ഒരു വിഷയമാകുന്നത്. വർഷങ്ങൾ കഴിഞ്ഞു, യൂണിയൻ കാർബൈഡിനെതിരെ കേസ് നടന്നു. വിധികളുണ്ടായി. ചിലർക്കൊക്കെ നഷ്ടപരിഹാരങ്ങൾ കിട്ടി. അതിനു മുകളിൽ കേരളീയ വികസനത്തിന്റെ പുതിയ രാജപാതകൾ വന്നു.

ഈ അടുത്ത ദിവസങ്ങളിലാണ് വീണ്ടും ഭോപ്പാൽ ചില പത്രങ്ങളുടെയെങ്കിലും നാലോ അഞ്ചോ സെന്റീമീറ്റർ കോളങ്ങളിലെത്തുന്നത്. ഭോപ്പാൽ ദുരന്തം അതിജീവിച്ച 130 പേർ ഫെബ്രുവരി 20 ന് യൂണിയൻ കാർബൈഡ് ദുരന്തം വിതച്ച ഭോപ്പാലിൽ നിന്ന് ഡൽഹിയിലേയ്ക്ക് പദയാത്ര ചെയ്തെത്തി. ഡൽഹിയിൽ 39 പേർക്ക് എത്താനായുള്ളു. ഡൽഹിയിൽ വച്ച് വേറെ അഞ്ഞൂറുപേർ അവർക്കൊപ്പം കൂടി. പ്രധാനമന്ത്രിക്ക് തങ്ങളുടെ ആറ് ആവശ്യങ്ങൾ സമർപ്പിക്കാൻ വന്നതായിരുന്നു, ആ നിർദ്ധനർ. നർമ്മദ ബച്ചാവോ ആന്ദോളൻ പ്രവർത്തകർക്കൊപ്പം അവരേയും പതിവു പോലെ ഡൽഹി പോലീസ് മർദ്ദിച്ചു. 22 വർഷങ്ങൾക്കു ശേഷം, അവരുടെ ആവശ്യങ്ങൾ എന്തായിരുന്നു?

1. ഭോപ്പാൽ ദുരന്തത്തിലെ മനുഷ്യർക്ക് സാമൂഹികവും വൈദ്യസംബന്ധവുമായ പുനരധിവാസം. 2. യൂണിയൻ കാർബൈഡ് വിഷം കലർത്തിയ മണ്ണിൽ കുടിവെള്ളം മുട്ടിയവർക്ക് കുടിവെള്ളത്തിന് ഏർപ്പാടുണ്ടാക്കുക. 3. യൂണിയൻ കാർബൈഡിന്റേയും ചെയർമാന്റേയും കുറ്റവിചാരണം ത്വരിതപ്പെടുത്തുക. 4. പാരിസ്ഥിതികമായ പുനഃരുദ്ധാരണം 5. യൂണിയൻ കാർബൈഡിന്റേയും ഡൗ (DOW) വിന്റേയും ഉത്പ്പന്നങ്ങൾ ഇന്ത്യയിൽ നിരോധിക്കുക. 6. ദുരന്തത്തിന്റെ ചരിത്രം തയ്യാറാക്കുക; സ്ക്കൂളുകളിലും കോളേജുകളിലും അതിന്റെ ചരിത്രം പഠിപ്പിക്കുക. ദുരന്തത്തിൽ അതിജീവിച്ചവരുമായി ആലോചിച്ച് അനുയോജ്യമായ ഭോപ്പാൽ മെമ്മോറിയൽ ഉണ്ടാക്കുക.

യൂണിയൻ കാർബൈഡ് വിഷലിപ്തമാക്കിയ പതിനാറ് കോളനികളുണ്ട് ഭോപ്പാലിൽ. ഭോപ്പാലിൽ ഇപ്പോഴും വികൃതരൂപികളായി, കുട്ടികൾ ജനിക്കുന്നു. മനുഷ്യർ അർബുദവും ക്ഷയവും മൂലം മരിക്കുന്നു. ഭോപ്പാലിലെ അമ്മമാരുടെ കണ്ണീർ ഇനിയും വറ്റിയിട്ടില്ല.

ഇന്ത്യൻ സ്റ്റേറ്റ്, എല്ലാ ജനാധിപത്യ വ്യവസ്ഥകളും മൂല്യങ്ങളും ലംഘിച്ചുകൊണ്ട്, അമേരിക്കയുമായി, ദേശാന്തര കമ്പനികളുമായി എല്ലാ മേഖലകളിലും കൈകോർക്കുന്നു. ലോകത്തിലുണ്ടായിട്ടുള്ള ഏറ്റവും വലിയ വ്യാവസായിക ദുരന്തം, നാം നമ്മുടെ ഹരിത വിപ്ലവത്തിനു വേണ്ടി കൈനീട്ടി വാങ്ങിയതാണ്. ഈ ദുരന്തവും നമ്മുടെ ജനാധിപത്യ ബോധത്തേയും മനുഷ്യാവകാശത്തേയും ഒന്നും പഠിപ്പിച്ചില്ല. സ്റ്റേറ്റ് അതിന്റെ ഭീകര-മർദ്ദന ബുൾഡോസറുകളുമായി മുന്നേറുന്നു. അല്ലെങ്കിൽ കടുത്ത മൗനം പാലിക്കുന്നു. ഭോപ്പാലിലെ ജീവിക്കുന്ന രക്തസാക്ഷികൾ, ഇന്നു വാർത്തകൾ പോലുമാകുന്നില്ല. നിർധനരും നിരക്ഷരരുമായ മനുഷ്യർ, നിസ്സഹായരായി, നിരാലംബരായി ജനാധിപത്യം അടിച്ചേൽപ്പിക്കുന്ന വിധിക്കു മുൻപിൽ കീഴടങ്ങുന്നു. ഓരോ ദുരന്തവും രാഷ്ട്രീയക്കാരനും വോട്ടും ക്രൂരമായ മുതലാളിത്തത്തിനും അതിന്റെ കങ്കാണികൾക്കും പണം പിഴിഞ്ഞെടുക്കാനുള്ള മാംസവുമാണ്. ചരിത്രത്തിൽ ഏതു ദുരന്തമാണ്, ആർത്തിക്കുന്തമായ മനുഷ്യനെ എന്തെങ്കിലും പഠിപ്പിച്ചിട്ടുള്ളത്? ദുരന്തങ്ങളെ നാം മനുഷ്യർ അതിനിയും ആവർത്തിക്കാതിരിക്കാൻ ഏറ്റു പറയാറില്ല. സമൂഹം അത് ഓർമ്മിക്കാറുമില്ല.മറ്റൊരു ദുരന്തത്തിലെത്തുവോളം. ചരിത്രത്തിലെ ഓരോ ദുരന്തവും മറക്കാനുള്ള ഉത്തേജകങ്ങളും മയക്കുമരുന്നുമാണ്, ആധുനിക മനുഷ്യന്റെ ഓരോ നിമിഷവും.

# Journey yet to be Undertaken

**Abbey Kuriakose**
**IInd B.A. Psychology**

*Days gone by and time gone by;*
*The critical moment reached*
*To say good bye.*
*Oh! How wonderful and indescribable*
*Is that moment of life.*
*Infinite joy mixed with*
*Bubbles of exotic happiness*
*Mind thrilling journey*
*Bound to be undertaken*
*Understanding the position,*
*Although meaningless and thoughtless*
*Does the mind readily undertake*
*This journey*
*Fixed hopefully only for the aged*
*By destiny going against it*
*Is our dream hoping to fulfill it*

പുതിയ സ്ഥാപനം
NEW ESQUIRE

കൊച്ചു വിലയുടെ
വലിയ കട

ESQUIRE



NORTH PARAVUR, Hello: 2442635

DRESS MAKERS, CUT PIECE CENTRE & READYMADES

ചുരിദാർ, ചുരിദാർ മെറ്റീരിയൽസ്, കിഡ്സ് (Boys)
NB: ചുരിദാർ തയ്ച്ചുകൊടുക്കുന്നു

# ഡാവിഞ്ചികോഡിന്റെ മൂല്യം



ഹരം പകരുന്ന ഉദ്വേഗമാണ് 'ഡാവിഞ്ചി കോഡ്' എന്ന നോവൽ. ഇപ്പേരിലുള്ള സിനിമ നൽകുന്നതോ, അമിത പ്രതീക്ഷയിൽനിന്നുളവാകുന്ന നിരാശയും. എന്നിട്ടും ആ സിനിമ പണം കൊയ്തു. ചരിത്രം തിരുത്തിക്കൊണ്ട് ലോകമെങ്ങും തകർത്തോടി.

റിലീസ് ചെയ്ത ആദ്യ മൂന്നു ദിവസം കൊണ്ട് 'ഡാവിഞ്ചികോഡ്' കരസ്ഥമാക്കിയത് 22.4 കോടി ഡോളറാണ് (ആയിരം കോടിയിലേറെ രൂപ). ഇതിൽ 7.7 കോടി ഡോളർ അമേരിക്കയിൽ നിന്നുള്ള വരുമാനമാണ്. 14.7 കോടി മറ്റു രാജ്യങ്ങളിൽനിന്നും. വെള്ളിയാഴ്ച റിലീസ് ചെയ്യുന്ന സിനിമയ്ക്ക് ആ വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ കിട്ടുന്ന വരുമാനത്തെ ഓപ്പണിങ് വീക്കെൻഡ് കളക്ഷൻ എന്നാണ് വിളിക്കുന്നത്. സിനിമാ ചരിത്രത്തിൽ രണ്ടാമത്തെ ഏറ്റവുമുയർന്ന ഓപ്പണിങ് വീക്കെൻഡ് കളക്ഷനാണ് ഡാവിഞ്ചി കോഡിന്റേത്. 2002-ലെ 'സ്പൈഡർമാനാ'ണ് ഒന്നാം സ്ഥാനത്ത്. 24 കോടി ഡോളറായിരുന്നു (1100 കോടി രൂപ) 1997 -ലെ 'ടൈറ്റാനിക്ക്' തൊട്ടടുത്ത സ്ഥാനത്താണ്. 'ടൈറ്റാനിക്കി'ന്റെ നിർമ്മാണ ചെലവ് 24 കോടി ഡോളറായിരുന്നു. 'ഡാവിഞ്ചി കോഡി'ന്റെ ചെലവ് 12.5 കോടി ഡോളറും (560 കോടി രൂപ).

നാലുകോടിയിലേറെ കോപ്പി വിറ്റഴിഞ്ഞ നോവലിന്റെ ചലച്ചിത്രരൂപം വൻ വിവാദങ്ങളുടേയും പ്രതിഷേധങ്ങളുടേയും പശ്ചാത്തലത്തിൽ പ്രദർശനത്തിനെത്തുമ്പോൾ ജനം ഇടിച്ചു കയറിയതിൽ അത്ഭുതമില്ല. ചരിത്രവസ്തുതകളും വാദങ്ങളും ഭാവനയും നാടകീയമായി ഇടകലർത്തി ക്രൈസ്തവസഭയിൽ വലിയൊരു സംവാദത്തിനു വഴിയൊരുക്കിക്കൊണ്ട അവതരിപ്പിച്ച ഡാവിഞ്ചി കോഡ് നോവലായിറങ്ങിയപ്പോൾ തന്നെ വിശ്വാസികൾ എതിർപ്പുമായിറങ്ങിയിരുന്നു. പ്രസ്താവനകളിലും ലേഖനങ്ങളിലും വെബ്സൈറ്റുകളിലുമൊതുങ്ങിയിരുന്ന പ്രതിഷേധം സംഘടിതരൂപമാർജിച്ച് തെരുവിലെത്തിയത് സിനിമ വന്നപ്പോളാണ്. വലിയ ഒച്ചപ്പാടില്ലാതെ കിടന്ന പുസ്തകങ്ങൾപോലും സിനിമയും നാടകവുമാവുമ്പോൾ വിവാദമായി ആളിപ്പടരും. ദൃശ്യമാധ്യമങ്ങളുടെ ജനപ്രീതി തന്നെ കാരണം. സിനിമയ്ക്ക് സാധാരണക്കാരെ എളുപ്പത്തിൽ വഴിതെറ്റിക്കാനാകുമെന്നതാണ് വിശ്വാസികൾ എതിർപ്പിനുള്ള ന്യായമായി പറഞ്ഞത്.

ഇന്ത്യയിൽ 250-ഓളം ക്രൈസ്തവ സംഘടനകളാണ് ഡാവിഞ്ചി കോഡിന് പ്രദർശനാനുമതി നൽകരുതെന്ന ആവശ്യവുമായി സർക്കാരിനെ സമീപിച്ചത്. മെയ് 19ന് അമേരിക്കയിൽ റിലീസ് ചെയ്ത സിനിമ പ്രതിഷേധങ്ങൾ കാരണം ഒരാഴ്ച വൈകിയാണ് ഇന്ത്യയിൽ പ്രദർശനം തുടങ്ങിയത്. സഭാ പ്രതിനിധികളുടെ കൂടി അഭിപ്രായം പരിഗണിച്ചശേഷം പ്രായപൂർത്തിയായവർക്കു മാത്രമെന്ന സർട്ടിഫിക്കറ്റോടെ പ്രദർശനാനുമതി നൽകുകയായിരുന്നു. കേരളത്തിൽ മലയാളത്തിലേക്കു മൊഴി മാറ്റിയാണ് സിനിമ വന്നത്. സിനിമയ്ക്ക് അനുമതി നൽകുന്ന വിഷയത്തിൽ വാർത്താവിതരണ മന്ത്രി പ്രിയരഞ്ജൻ മുൻഷി ഇടപെട്ടതിനെതിരെ സെൻസർ ബോർഡ് അദ്ധ്യക്ഷ ശർമ്മിള ടാഗോർ രംഗത്തു വന്നത് മറ്റൊരു വിവാദത്തിനു വഴി തെളിയിച്ചിട്ടുമുണ്ട്.

ഉദ്വേഗജനകമായൊരു ത്രില്ലറായി തുടങ്ങി ക്രിസ്തുവിന്റെ വിശുദ്ധ ചഷകം തേടിയുള്ള അന്വേഷണത്തിലൂടെ മതചരിത്രത്തിലെ അധികമറിയപ്പെടാത്ത വിവാദങ്ങളിലേക്കു കടന്ന് ഒടുവിൽ വെറുമൊരു ത്രില്ലറായി അവസാനിക്കുന്ന നോവൽ യേശുവിനേയും മഗ്ദലനമറിയത്തേയും കുറിച്ചുള്ള വിശ്വാസങ്ങളെ ചോദ്യം

ചെയ്തതാണ് മത നേതൃത്വത്തെ ചൊടിപ്പിച്ചത്. യേശു മറിയത്തെ വിവാഹം കഴിച്ചിരുന്നെന്നും അവർക്കു കുട്ടികളുണ്ടായിരുന്നെന്നും അവരുടെ പിൻഗാമികൾ ഇപ്പോഴും നമുക്കിടയിൽ ജീവിച്ചിരിപ്പുണ്ടെന്നും ബൈബിളിലും സഭകളിലും മറിയത്തിനുള്ള സ്ഥാനം നിഷേധിക്കുന്നതിനാണ് മത മേധാവികൾ അവരെ അഭിസാരികയായി മുദ്രകുത്തിയതെന്നും ഡാൻ ബ്രൗൺ സ്ഥാപിക്കുന്നത് വായനക്കാരനെ ഉദ്വേഗത്തിന്റെ മുൾമുനയിൽ നിർത്തിക്കൊണ്ടുള്ള പരക്കം പാച്ചിലുകൾക്കിടയിലെ ദീർഘമായ സംവാദങ്ങളിലൂടെയാണ്. രണ്ടര മണിക്കൂർ സിനിമയിൽ അതേപടി ഒതുക്കി വയ്ക്കാൻ സംവിധായകൻ റോൺ ഹൊവാർഡിനും തിരക്കഥാകൃത്ത് അക്കിവാ ഗോൾഡ്സ്മാനും കഴിയാതെവന്നതിൽ അത്ഭുതമില്ല. ടോം ഹാങ്ക്സിന്റെ ചിഹ്നശാസ്ത്ര വിദഗ്ദ്ധൻ റോബർട്ട് ലാങ്ഡണും ഫ്രഞ്ച് നടി ഔഡ്രി റ്റാറ്റുവിന്റെ സോഫി നെവ്യൂവും അതുകൊണ്ട് ഒരു സാധാരണ ഹോളിവുഡ് ത്രില്ലറിലെ നായികാ നായകൻമാരായി ഒതുങ്ങി. എന്നാൽ ഒരു ഹോളിവുഡ് ത്രില്ലറിന്റെ പിരിമുറുക്കം അവസാനം വരെ കാത്തുസൂക്ഷിക്കാൻ ഡാവിഞ്ചി കോഡിനു കഴിഞ്ഞതുമില്ല.

എന്നിട്ടും ഡാവിഞ്ചി കോഡ് വൻ വിജയമായെങ്കിൽ അതിനു നന്ദി പറയേണ്ടത് പ്രതിഷേധമുയർത്തിയ മത സംഘടനകളോടാണ്. നാലു കോടിയിലേറെ കോപ്പി വിറ്റഴിഞ്ഞ നോവൽ സിനിമയാക്കിയപ്പോൾ എങ്ങനെയുണ്ട് എന്നറിയാൻ സ്വാഭാവികമായും വായനക്കാർ തിയറ്ററിലെത്തും. നോവലിലെ സംഭവങ്ങൾക്കു പശ്ചാത്തലമൊരുക്കിയ പ്രശസ്ത സ്ഥലങ്ങൾ തിരശ്ശീലയിൽ കാണാനും അവർക്കു താത്പര്യമുണ്ടാകും. എന്നാൽ നോവൽ വായിച്ചിട്ടില്ലാത്ത അതേക്കുറിച്ചു കേട്ടുകേൾവി മാത്രമുള്ള ലക്ഷക്കണക്കിനാളുകളെ തിയറ്ററിലെത്തിച്ചത് പ്രതിഷേധ കോലാഹലങ്ങളാണ്. വിവാദ സിനിമ പ്രദർശനത്തിനെത്തിയ വേളയിൽ നോവലിന്റെ മലയാള വിവർത്തനവുമിറങ്ങി. അതും വൻ വിജയമാണെന്നാണ് റിപ്പോർട്ട്.

(ശേഖരിച്ചത് : ഷാലറ്റ് കെ. ജെ.
രണ്ടാംവർഷ ഇക്കണോമിക്സ് ബിരുദം)


പുരുഷ സൗന്ദര്യത്തിന്റെ നൂതന പ്രതീകം!



**Body ine**

Take different step to fashion

Near Ammankovil Temple
Main Road, N. Paravur
Phone : 4062798

**Shirts, Jeans, Trousers**
**Track Suits, T-Shirts etc.**

ആശംസകളോടെ....

# ഏദൻ

**GENTS, BEAUTY CLINIC & HAIR DESIGNING**

AYYAPPA SHOPPING COMPLEX
NEAR DON BOSCO HOSPITAL
**N. PARAVUR**, Ph : 5528572



*Admission Started*



- Hard ware and Network Engineering
- 3ds max.7
- Auto cad 2006
- Flash
- PGDCA
- DCA
- DTP
- Ms Office
- Photoshop CS2
- Net

# Guideline
*Innovative Solutions Pvt. Ltd.*

EZHAVASAMAJAM COMPLEX
CHENDAMANGALAM Jn.
N.PARAVUR, Ph : 2447835

ആശംസകളോടെ.....

# FIT WELL BODY CARE CENTRE

OORAKATH BUILDING, GRAND JUNCTION, **ALUVA**
Phone : 9895323817, 3207146

**N.B. : സ്ത്രീകൾക്ക് പ്രത്യേക സൗകര്യം ഉണ്ടായിരിക്കുന്നതാണ്.**

# Old Students Association 2005-2006




*Office Bearers*

| | | |
|---|---|---|
| President | - | **Dr. Varghese John, Principal** |
| Vice Presidents | - | **Mr. Sasi J. Alex** |
| | - | **Adv. Ayubkhan** |
| Secretary | - | **Justice. Sundaram Govind** |
| Joint Secretary | - | **Dr. Sunny Kuriakose** |

**ALUMNI REUNION DAY CELEBRATIONS**

The Annual Alumni Day Meeting of the year 2005-06 was held on Saturday, 12th November 2005. The program started with the Thanks Giving service in the College Chapel. Dr. Sakhi Athyal gave the messege.

Dr. Abdul Aziz, an alumnus and the present Vice Chancellor of CUSAT, was the honoured guest for the day. Former Principal of U.C. College, Dr. A.M. Chacko gave the keynote address.

**ELOCUTION AND QUIZ COMPETITIONS**

The annual All Kerala Inter-Collegiate Elocution and Quiz competitions for the Professor E. Narayanan Nambiar ever rolling trophies and the Professor A.K. Abdul Kareem Memorial ever rolling trophy on were organized on 10th November 2005.

The winner of the English Elocution competition was Remya Menon of Government Law College, Ernakulam. She received one of the Professor E. Narayanan Nambiar ever rolling trophies and a cash prize of 2500 rupees. The second-place finisher was Alex Xavier of Union Christian College. He received a cash prize of 1500 rupees. George Vineeth of Aquinas College, Kochi, finished in third place. All three top finishers received a certificate of merit.

Phijo Joseph of Government Law Callege, Thrissur won the Malayalam Elocution Competition and received the second Professor E. Narayanan Nambiar ever rolling Trophy, as well as a cash prize of 2500 rupees. Finishing in second place was Haridas V.N. of Government Law College, Ernakulam. He received a cash prize of 1500 rupees. The third-place finisher was Rincy Mathew of St. Joseph's College, Moolamattom. All three top finishers received a certificate of merit.

Deepa Soman and S. Gopika Gopakumar of St. Theresa's College in Ernakulam, were the winners of the Quiz competition. They received the Professor A.K.Abdul Kareem Memorial ever rolling trophy and a cash prize of 3500 rupees. The second-place finishers were Rose Scaria and Serin Sara Jose of Alphonsa College, Pala. They received a cash prize of 2500 rupees. Santhy B. and Sankar V. of Union Christian College finished in third place. They, along with the other finalists, received certificates of merits.

Prizes were awarded during the public meeting of the Alumni Day Celebrations that were held at UCC on 12th November.


**Homage to Com. PKV**

Com. P.K. Vasudevan Nair member of Parliament and former Chief Minister of Kerala, and an outstanding old student of the College passed away. A condolence meeting was arranged and the Com.J.Chittaaranjan addressed the college community recalling his association with PKV.

# SUB EDITORS


Prasandh Chandran


Kemlit P. D.


Mithun Mohan


# COMMITTEE MEMBERS


Nibin Joseph


Stephin K. R.


Vimal Vincent



Sreelal O. B.


Shalat K. J.


Ajith T. S.


Nidhin K. B.


Varun H. Sivaram


Vabin M. B.

**acer**

*Empowering People*

**മൾട്ടി മീഡിയ കമ്പ്യൂട്ടർ വെറും 499 രൂപ**

***Free Britanica Encyclopedia***



*Bundle offer*

**LASER PRINTER/Printer + Scanner + Copier +
Photo Capture Centre + Computer Table + 600 VA UPS +
Webcam + Dust Cover + Head Phone + MIC + Speaker + Modem +
Internet Connection + 10 Games CD**

**@ 9,999/-**

**Live Demo @ Acer Exclusive Computer Showroom**

# RICH INFOTECH

Opp. Federal Bank Head Office, Noor Point
Bank Jn., Aluva
Phone : 3250639, 4063789

നിശ്ശബ്ദനാകാൻ വിസമ്മതിക്കുന്നവന്റെ
ശബ്ദം മൂർച്ഛയേറിയതായിരിക്കും.
മരിക്കുവാൻ വിസമ്മതിക്കുന്നവന്റെ
ഞരമ്പുകളിൽ ചോര തിളയ്ക്കുന്നുണ്ടാകും.
പോരാട്ടങ്ങൾ അവസാനിക്കുന്നില്ല.
ഇരുട്ടിനൊടുവിൽ, പുലരിയെത്തുന്നവരേയ്ക്കും
നമ്മുടെ കണ്ണുകൾ തുറന്നിരിക്കട്ടെ.

നന്ദി...
മഴയത്ത് കൂടെ നനഞ്ഞവർക്കും,
വെയിലത്ത് കുട പിടിച്ചുതന്നവർക്കും,
തണലത്ത് കൂട്ടിരുന്നവർക്കും.....






Aptech Computer Education, 2nd Floor, Mulavarikkal Building,
Opp. Private Bus stand, Market Road, Alwaye. Phone : 2623779, 2632192.